unicef
unite for children



ബാല സൗഹൃദ തദ്ദേശഭരണം

മാർഗ്ഗനിർദ്ദേശം

ചൈൽഡ് റിസോഴ്സ് സെന്റർ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ് പി.ഒ, തൃശ്ശൂർ-680581, കേരള, ഇന്ത്യ
ഫോൺ: ഓഫീസ്: 0487-2207000, ഫാക്സ്: 0487-2201062
ഇ-മെയിൽ: info@kila.ac.in വെബ്സൈറ്റ്: www.kila.ac.in

ചൈൽഡ് റിസോഴ്സ് സെന്റർ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ് പി. ഒ,
തൃശ്ശൂർ - 680 581, കേരള, ഇന്ത്യ
ഫോൺ : 0487-2207000
ഫാക്സ്: 0487-2201062
ഇമെയിൽ : info@kila.ac.in
http://www.kila.ac.in

unicef
unite for children

പോളിസി, പ്ലാനിംഗ്, ഇവാല്യുവേഷൻ വിഭാഗം
യൂണിസെഫ് ചെന്നൈ ഓഫീസ്
കസ്തൂർബ നഗർ, അഡയാർ, ചെന്നൈ-600020
ഫോൺ : +91-44-44-42891111
ഫാക്സ് : 91-44-24410760
www.unicef.org

ISBN-978-9384-557-72-0

Reprint
November
2017

ബാലസൗഹൃദ തദ്ദേശഭരണം

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ സദ്ഭരണത്തിലൂടെ എല്ലാ കുട്ടികൾക്കും അവരുടെ മുഴുവൻ അവകാശങ്ങളും യാഥാർത്ഥ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനായിട്ടാണ് ഈ മാർഗ്ഗനിർദ്ദേശം

ആസസ്സ്, 2016

ഡോ. പീറ്റർ എം രാജ് (അസോസിയേറ്റ് പ്രൊഫസർ, ചെയർ, ചൈൽഡ് റിസോഴ്സ് സെന്റർ - കില), ഡോ. അകില രാധാകൃഷ്ണൻ(പ്ലാനിംഗ് മോണിട്ടറിംഗ് & ഇവാല്യുവേഷൻ സ്പെഷലിസ്റ്റ് യൂണിസെഫ് ഓഫീസ് ഫോർ ചെന്നൈ & കേരള), ഡോ. കെ ആർ ആന്റണി & ശ്രീ. എം ജി കാളിദാസൻ(വിദഗ്ദർ)എന്നിവരാണ് ഈ പുസ്തകം തയ്യാറാക്കുന്നതിന് മുഖ്യനേതൃത്വം നൽകിയവർ

ഈ പുസ്തകരചനയിൽ ആദ്യാവസാനം വരെ വിലയേറിയ സംഭാവനകൾ നൽകിയ എല്ലാ വ്യക്തികളേയും ഹൃദയം നിറഞ്ഞ നന്ദിയോടെ ഈയവസരത്തിൽ ഞങ്ങൾ ഓർക്കുന്നു.

ബഹുമാന്യരായ ഡോ. പി പി ബാലൻ (മൂൻ ഡയറക്ടർ കില) & ശ്രീ. ജോബ് സക്കറിയ (ചീഫ്, യൂണിസെഫ് ഓഫീസ് ഫോർ തമിഴ്നാട് & കേരള) എന്നിവർ ഞങ്ങൾക്ക് നൽകിയ വിലയേറിയ നിർദ്ദേശങ്ങൾക്കും സഹകരണങ്ങൾക്കും നന്ദിയും കടപ്പാടും പ്രത്യേകം രേഖപ്പെടുത്തട്ടെ.

പ്രസാധകാവകാശം

ഈ പുസ്തകത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്രോതസ്സുകളിൽനിന്ന് ചില ചിത്രങ്ങളും, ഫോട്ടോകളും പുന:രുപയോഗം നടത്തിയിട്ടുണ്ട്. കച്ചവടമന:സ്ഥിതിയില്ലാതെ ജനനന്മക്കായി പുറത്തിറക്കുന്ന ഈ പുസ്തകത്തിന് ഇവർ നൽകിയ സംഭാവനകൾക്ക് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

സി ആർ സി കിലയുടേയും, യൂണിസെഫ് ചെന്നൈയുടേയും ഒരു കൂട്ടായ പ്രസിദ്ധീകരണമാണ് ഈ മാർഗ്ഗനിർദ്ദശം. ഈ മാന്വലിന്റെ പൂർണ്ണരൂപമോ, പ്രസക്തഭാഗങ്ങളോ വ്യാപാരേതര ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കാവൂ.

ഉള്ളടക്കം

അദ്ധ്യായങ്ങൾ

1	കുട്ടികളുടെ അതിജീവനം	.....	5
2	കുട്ടികളുടെ വികസനം	.....	45
3	കുട്ടികളുടെ സംരക്ഷണം	.....	91
4	കുട്ടികളുടെ പങ്കാളിത്തം	.....	140
പദസംഗ്രഹം		.....	169

അദ്ധ്യായം 1

കുട്ടികളുടെ അതിജീവനം

മേഖല
1

കുട്ടികളിലെ കുറഞ്ഞുവരുന്ന പെൺ ലിംഗാനുപാതം

മാർഗ്ഗനിർദ്ദേശം 1.1. പി.സി.പി.എൻ.ഡി.ടി (പ്രീ കൺസപ്ഷൻ & പ്രീ നേറ്റൽ ഡയഗ്നോസ്റ്റിക്ക് ടെസ്റ്റ്)

കുട്ടികളുടെ ലിംഗാനുപാതം എന്നാൽ കുട്ടികൾക്കിടയിൽ ആയിരം ആൺകുട്ടികൾക്ക് എത്ര പെൺകുട്ടിയുണ്ടെന്നുള്ള ആനുപാതമാണ്. ഇതിൽ തന്നെ പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളത് 0-6 വയസ് പ്രായത്തിലുള്ള കുട്ടികളുടെ ലിംഗാനുപാതത്തിനാണ്. കുട്ടികളുടെ ലിംഗാനുപാതത്തിൽ ഗണ്യമായ കുറവിനു കാരണമായി ചൂണ്ടി കാണിക്കുന്നത് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഗർഭസ്ഥശിശു പരിശോധന വഴി ഭ്രൂണത്തിന്റെ ലിംഗം തിരിച്ചറിഞ്ഞ് പെൺ കുഞ്ഞാണെങ്കിൽ ഗർഭഛിദ്രം നടത്തുന്ന ദുഷ്പ്രവണതയാണ്. ഇത്തരം ദുരുപയോഗം ഒഴിവാക്കുന്നതിനായി ഭാരത സർക്കാർ ഗർഭസ്ഥ ശിശു പരിശോധന നിയമം (വ്യവസ്ഥകളും നിയന്ത്രണങ്ങളും) 2003 ൽ (PCPNDT Act 2003) പാസാക്കി ഈ രംഗത്ത് വിപുലമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഏറ്റവും ഒടുവിലത്തെ ജനസംഖ്യാ കണക്കനുസരിച്ച് (2011) രാജ്യത്തിന്റെ പെൺ - ആൺ അനുപാതം എക്കാലത്തെയും താഴ്ന്ന നിലയായ 933/1000 എന്ന നിലയിലേക്ക് താഴ്ന്നിരിക്കുകയാണ്. പെൺകുഞ്ഞുങ്ങളുടെ ഹത്യയും പെൺഭ്രൂണഹത്യയും പല വിധേനയുമുള്ള പെൺകുഞ്ഞ് നശീകരണവും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ചില സംസ്ഥാനങ്ങളിൽ ഇത് വളരെ അമ്പരപ്പിക്കുന്നതാണ്.

ഇത്തരം പ്രവണതകളെ തടയുന്നതിന് വേണ്ടി ഭാരത സർക്കാർ ഗർഭാവസ്ഥയിലെ ലിംഗനിർണ്ണയ സമ്പ്രദായ നിയമം 1994 ൽ കൊണ്ടുവരികയും 2003ൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം :

1) ജനിതക (പാരമ്പര്യ) ഉപദേശക സെന്ററുകൾ, ജനിതക പരീക്ഷണ ശാലകൾ, ജനിതക ചികിത്സാലയങ്ങൾ എന്നിവ ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്താൽ മാത്രമേ ഇവർക്ക് ഗർഭാവസ്ഥയിലെ വിവിധ നിർണ്ണയ സമ്പ്രദായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനോ, സഹായകമായി പ്രവർത്തിക്കുന്നതിനോ, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനോ അനുമതിയുള്ളൂ

2) നിയമപ്രകാരം ഏതൊരു ജനിതക ഉപദേശക സെന്ററുകൾക്കോ, ജനിതക പരീക്ഷണ ശാലകൾക്കോ, ജനിതക ചികിത്സാലയങ്ങൾക്കോ, യോഗ്യതയില്ലാത്ത ജോലിക്കാരെയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരേയോ നിയമിക്കാൻ പാടുള്ളതല്ല.

3) ഒരു ജനിതക വിദഗ്ധനോ ഗൈനക്കോളജിസ്റ്റോ കുട്ടികളുടെ ഡോക്ടറോ അല്ലെങ്കിൽ ഏതൊരു തരത്തിലുള്ള ആളുകളോ സ്വയമായോ മറ്റുള്ളവർ മുഖേനയോ ഗർഭസ്ഥ ശിശുവിന്റെ ലിംഗം ഏതെന്നു വെളിപ്പെടുത്തുന്നത് ഈ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്.

4) അൾട്രാ സൗണ്ട് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്ന ബന്ധപ്പെട്ട സ്ഥാപനങ്ങൾ ജില്ലാതല അധികാരികൾ മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും കുഞ്ഞിന്റെ ലിംഗം ഏതാണെന്ന് രക്ഷിതാക്കളെയോ ബന്ധുക്കളെയോ അറിയിക്കാൻ പാടില്ല.

ജനിതക ചികിത്സാലയങ്ങളും പരീക്ഷണ ശാലകളും ഈ നിയമം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി എല്ലാ ജനിതക ഉപദേശക സെന്ററുകളും പരീക്ഷണ ശാലകളും ചികിത്സാലയങ്ങളും ഈ നിയമത്തിന് കീഴിൽ രേഖപ്പെടുത്തിയിരിക്കണം. ഈ സ്ഥാപനങ്ങളിൽ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കണം. ഇതിൽ ജനിതക ഉപദേശം തേടുന്ന സ്ത്രീകളുടേയും ഗർഭനിർണ്ണയ പരിശോധന നടത്തുന്ന സ്ത്രീകളുടേയും ക്രമനമ്പർ, പേര്, മേൽവിലാസം, അവരുടെ ഭർത്താവിന്റേയോ അച്ഛന്റേയോ പേര്, കൂടാതെ സന്ദർശന തീയതിയും രേഖപ്പെടുത്തിയിരിക്കണം. ഈ സ്ഥാപനങ്ങളിലെല്ലാം തന്നെ അവിടെ വരുന്ന ജനങ്ങൾ കാണത്തക്ക വിധത്തിൽ ഇംഗ്ലീഷിലും അവരുടെ മാതൃഭാഷയിലും ലിംഗനിർണ്ണയം നടത്തുന്നത് നിയമപരമായി കുറ്റകരമാണെന്ന് എഴുതി വെക്കണം. ഇത് കൂടാതെ ഈ നിയമപ്രകാരം എല്ലാ സ്കാൻ സെന്ററുകളും നിർബന്ധമായും മാസാവസാന റിപ്പോർട്ട് അടുത്തുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടതാണ്. ഏതെങ്കിലും തരത്തിൽ ലിംഗ നിർണ്ണയം, ഗർഭഛിദ്രം നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ശിക്ഷാ നടപടി എടുക്കാൻ ബന്ധപ്പെട്ട ജില്ലാ അധികാരികൾക്ക് അധികാരമുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ



- തങ്ങളുടെ പരിധിയിൽ, മുകളിൽ പറഞ്ഞ ഏതെങ്കിലും സ്ഥാപനമുണ്ടെങ്കിൽ അവ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും അവർ ഈ നിയമം പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുക
- പെൺഭ്രൂണഹത്യ തടയുന്നതിനുള്ള ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക
- പെൺകുഞ്ഞുങ്ങളുടെ പ്രാധാന്യവും മൂല്യവും ഉയർത്തികാണിക്കുകയും അവർക്കെതിരെയുള്ള എല്ലാ വിവേചനവും തടയുകയും ചെയ്യുക
- പെൺകുട്ടി സൗഹൃദപദ്ധതികളെ പ്രോത്സാഹിപ്പിക്കുക
- ആശുപത്രി അധികൃതരുടെയും ഡോക്ടർമാരുടെയും സ്റ്റാഫുകളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ തദ്ദേശഭരണസ്ഥാപനതല മീറ്റിംഗുകൾ സംഘടിപ്പിക്കുക

മാർഗ്ഗനിർദ്ദേശം 1.2. കുട്ടികൾക്കുള്ള പദ്ധതികൾ

a) ഏകപെൺകുട്ടി സ്കോളർഷിപ്പ്

രാജ്യത്ത് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഊന്നൽ കൊടുക്കുന്നതിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് ഒറ്റപെൺകുട്ടി വിഭാഗത്തിലുള്ളവർക്ക് 5 മുതൽ 12-ാം ക്ലാസ്സ് വരെ സൗജന്യ പഠനപദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. അതുപോലെ പെൺകുട്ടികൾ മാത്രമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കും 50% വരെ ഫീസ് ഇളവ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽപറഞ്ഞ ഇളവ് ട്യൂഷൻഫീസ്, മറ്റുഫീസുകൾ, ഭക്ഷണം, യാത്രാചെലവ് എന്നിവക്കും ലഭ്യമാണ്. സി.ബി.എസ്.ഇ, 10-ാം ക്ലാസ്സ് കഴിഞ്ഞ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനും അർഹതയുണ്ട്.

സ്കോളർഷിപ് ലഭ്യത	
6 മുതൽ 10 വരെ	ട്യൂഷൻ ഫീസ് ഒഴിവാക്കുന്നു
11 മുതൽ 12 വരെ	ട്യൂഷൻ ഫീസ് ഒഴിവാക്കുന്നു
ബിരുദത്തിന് താഴെ	550 രൂപ പ്രതിമാസം

കുട്ടികൾ സ്കോളർഷിപ്പിനായി അപേക്ഷിക്കേണ്ടത് ഓൺലൈൻ വഴിയായിരിക്കണം
(CBSE website : www.cbse.nic.in/scholarship)

b) രാഷ്ട്രീയ ബാല്യ സ്വാസ്ഥ്യ കാര്യക്രമം (RBSK)

ബാലചികിത്സാ രംഗത്ത് നിലവിലുള്ള അതിജീവനത്തിന് ഊന്നൽ കൊടുക്കുന്ന രീതി വികസിപ്പിച്ചു കൊണ്ട് കുട്ടികളുടെ സമഗ്ര വികസനവും ജീവിത നിലവാരവും ഉയർത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ ശിശുക്കൾക്കും സ്ക്രീനിംഗും കാലേകൂട്ടി ഇടപെടൽ സേവനങ്ങളും ഉറപ്പു വരുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള നൂതന ആരോഗ്യ പദ്ധതിയാണ് RBSK. ജനനാനുബന്ധമായി തന്നെ സ്ക്രീനിംഗ് ഏർപ്പെടുത്തുകയും വൈദ്യശാസ്ത്രപരമായി തിരിച്ചറിഞ്ഞ് കുറവുകൾ കണ്ടെത്തി കാലേകൂട്ടി ഇടപെടലുകൾ ഏർപ്പെടുത്തുക വഴി മരണങ്ങളും, രോഗാതുരതയും, ജീവിതകാലം മുഴുവനും നീണ്ടു നിൽക്കുന്ന വൈകല്യങ്ങളും കുറച്ച് കൊണ്ടുവരികയും നിയന്ത്രിക്കുകയുമാണ് ലക്ഷ്യം. രാജ്യത്തെമ്പാടുമുള്ള 0-18 വയസ്സുവരെ പ്രായപരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടെയും ജന്മനാലുള്ള വൈകല്യങ്ങൾ, രോഗങ്ങൾ, ന്യൂനതകൾ, വൈകല്യങ്ങളിലേക്ക് നയിക്കുന്ന വികസന വ്യതിയാനങ്ങൾ (4D's- Defects, Diseases, Deficiencies, Development delay leading to disability) കണ്ടെത്തുക എന്നതാണ് ഇത്കൊണ്ടുദ്ദേശിക്കുന്നത്. മുപ്പതോളം രോഗങ്ങളും അവസ്ഥകളും ഈ പരിപാടിയിൽ ഉൾപ്പെടുത്തി സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ചികിത്സാ ചെലവുകൾക്ക് ധനപരിധി നിശ്ചയിച്ചിട്ടില്ല.

രോഗം കണ്ടെത്തിയ കുട്ടികൾക്ക് സൗജന്യമായി ഓപ്പറേഷൻ ഉൾപ്പെടെ എല്ലാ ചികിത്സയും NHM പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നതാണ്. കുട്ടിയുടെ ജനനം തുടങ്ങിയുള്ള സ്ക്രീനിംഗും ഇടപെടൽ സംവിധാനവും വഴി വൈകല്യത്തിന്റെ തോത് കുറയ്ക്കാനും, ജീവിത നിലവാരം മെച്ചപ്പെടുത്താനും, ഇതിലൂടെ ഒരു വ്യക്തി തന്റെ സ്വതസിദ്ധമായ എല്ലാ കഴിവുകളും പരമാവധി നേടാൻ പ്രാപ്തരാകുന്നു. 0-18 വയസ്സു വരെയുള്ള കുട്ടികളുടെ വികാസ ഘട്ടങ്ങളിൽ അവർക്കാവശ്യമായ പരിചരണവും സേവനങ്ങളും ഇതിലൂടെ തുടർച്ചയായി ഉറപ്പു വരുത്തുന്നു.

വീടുകളിലോ പൊതു ആരോഗ്യ സ്ഥാപനങ്ങളിലോ നടത്തുന്ന നവജാത ശിശുക്കളുടെ സ്ക്രീനിംഗ് ഈ പദ്ധതിയിലെ അതീവ പ്രാധാന്യമുള്ള ഘടകമാണ്. 6 വയസ്സു വരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യ സ്ക്രീനിംഗ് നടത്തുക എന്നതാണ് അടുത്ത തന്ത്രം. 6 മുതൽ 18 വയസ്സു വരെയുള്ള സർക്കാർ-സർക്കാരിതര സ്കൂളുകളിലെ കുട്ടികൾക്കും തുടർച്ചയായി ആരോഗ്യ പരിശോധന ലഭ്യമാക്കുന്നു. ഇതിലേതെങ്കിലും കുട്ടിക്ക് 30 രോഗങ്ങളിലേതെങ്കിലും കണ്ടെത്തുകയാണെങ്കിൽ അവർക്ക് ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ ചികിത്സയും ആവശ്യമെങ്കിൽ ഉന്നത ആരോഗ്യ സ്ഥാപനങ്ങളിൽ പോലും സൗജന്യമായി ഈ പദ്ധതി വഴി നൽകപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് : http://www.unicef.org/india/7, Rashtriya Bal Swasthya Karyakaram. pdfnhm.gov.in/media menu/presentations.html

(ആരോഗ്യകിരണം - രാഷ്ട്രീയ ബാല സ്വസ്ഥ്യ കാര്യക്രമം അടിസ്ഥാനമാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യ നടപ്പിലാക്കിയ പുതിയ പദ്ധതി ആരോഗ്യകിരണം എന്ന പേരിലാണ് കേരളത്തിൽ അറിയപ്പെടുന്നത്)

c) താലോലം

18 വയസ്സിന് താഴെയുള്ള കുട്ടികൾ നേരിടുന്ന കിഡ്നി സംബന്ധമായ അസുഖങ്ങൾ, സെറിബ്രൽ പാൾസി, അസ്ഥി സംബന്ധമായ വൈകല്യങ്ങൾ, നാഡീ സംബന്ധമായ വൈകല്യങ്ങൾ, ഓട്ടിസം, സിക്കിൾ സെൽ അനീമിയ, എൻഡോസൾഫാൻ പ്രത്യാഘാതം എന്നീ രോഗങ്ങൾക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ താലോലം എന്ന പദ്ധതിക്ക് തുടക്കമിട്ടു. അമ്മയുടെ സ്നേഹതാരാട്ട് പോലെ ഈ പദ്ധതി വേദനാജനകമായ ജീവിതത്തിൽ കുട്ടികൾക്ക് ആശ്വാസം പകരുന്നു. ഇങ്ങനെ അപകടപരമായ അസുഖങ്ങൾ ഉള്ള കുട്ടികൾക്കായി 50,000 രൂപയുടെ സാമ്പത്തിക സഹായവും, ആവശ്യമെങ്കിൽ കൂടുതൽ സൗജന്യ സഹായവും ചികിത്സയും താലോലം പദ്ധതി ഒരുക്കുന്നു. ഈ പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, ഗവൺമെന്റ് ആശുപത്രികളിലും ലഭ്യമാണ്. പ്രതിവർഷം ഏകദേശം 1500 ആളുകൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്.

വിശദവിവരങ്ങൾക്ക് : www.keralagov.in/docs/publication/2013/kc/june/3/10pdf

d) കാരുണ്യ ബെനവലന്റ് ഫണ്ട്

കഠിനമായ അസുഖങ്ങളായ കാൻസർ, ഹീമോഫീലിയ, കിഡ്നി സംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം എന്നിവയുടെ ചികിത്സക്കായി സാമ്പത്തിക സഹായം നൽകുന്ന പ്രത്യേക പദ്ധതി

യാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. ഈ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി വേണ്ടി വരുന്ന തുക കേരള സർക്കാർ കാരുണ്യ ലോട്ടറി വഴിയാണ് സ്വരൂപിക്കുന്നത്.

അടിയന്തിര സാഹചര്യങ്ങളിൽ സഹായധനമനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് പുറമെ പത്ത് ലക്ഷം രൂപ കാരുണ്യഫണ്ടിൽ നിന്നും പ്രത്യേക ഫണ്ടായി അനുവദിക്കാറുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് പാവപ്പെട്ടവരായ രോഗികൾക്ക് ചികിത്സ നൽകുന്ന തിന് ഗവൺമെന്റ് 32 പൊതു/സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് അനുവാദം നൽകിയി ട്ടുണ്ട്. കൂടാതെ ഓരോ താലൂക്കിലും രണ്ട് ഗവൺമെന്റ് ആശുപത്രിയോ അല്ലെങ്കിൽ പ്രൈവറ്റ് ആശുപത്രിയോ കിഡ്നി രോഗികൾക്കായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം നൽകി വരുന്നു.

കൂടുതൽ വിവരങ്ങൾക്ക് : www.keralalotteries.com, www.karunya.kerala.gov.in.

e) രാഷ്ട്രീയ സ്വാസ്ത്യ ഭീമാ യോജന (RSBY)

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി കേന്ദ്ര തൊഴിൽകാര്യ മന്ത്രാലയം ഏർപ്പെ ടുത്തിയ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയാണ് RSBY. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബ ങ്ങളെ ആശുപത്രി ചെലവിന്റെ കെടുതികളിൽ നിന്നും സംരക്ഷിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമുള്ള ഭൂരിപക്ഷം രോഗങ്ങൾക്ക് ചികിത്സാ ചെലവിനായി വേണ്ടി വരുന്ന തുകയ്ക്ക് 30,000 രൂപ വരെ ഈ പദ്ധതിയിൽ നിന്ന് അനു വദിക്കുന്നതാണ്. ഗവൺമെന്റ് ഒരു നിശ്ചിത പാക്കേജ് തുക വിവിധ ആശുപത്രികളുടെ സേവ നങ്ങൾക്കായി നിശ്ചയിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ എല്ലാ ആനുകൂല്യങ്ങൾക്കുമായി ഒരു കുടും ബത്തിലെ അഞ്ച് അംഗങ്ങൾക്ക് (ഭർത്താവ്, ഭാര്യ, മൂന്ന് ആശ്രിതർ) പരിധി ഏർപ്പെടുത്തിയിട്ടു ണ്ട്. ഉപഭോക്താക്കൾ 30 രൂപ മാത്രം രജിസ്ട്രേഷൻ ഫീസായി അടച്ചാൽ ബാക്കി പ്രീമിയം തുക കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ അടയ്ക്കുന്നതാണ്. പ്രതിവർഷം 750 രൂപ അടയ്ക്കുകയാ ണെങ്കിൽ ദാരിദ്ര്യരേഖക്ക് മുകളിലുള്ള കുടുംബങ്ങൾക്കും ഈ പദ്ധതിയിൽ അംഗത്വം ലഭിക്കു ന്നതാണ്. ഈ പദ്ധതിയിൽ പേരു ചേർക്കപ്പെട്ടിട്ടുള്ള RSBYയുടെ ഗുണഭോക്താക്കൾക്ക് തുക ഉടനടി അടയ്ക്കാതെ തന്നെ ചികിത്സ ലഭിക്കുന്നതാണ്. പണം കൈയിൽ കൊണ്ട് നടക്കേണ്ട തില്ല. ഇതിന്റെ പരിശോധനയ്ക്ക് വേണ്ടി അനുവദിച്ച സ്മാർട്ട് കാർഡും വിരലടയാളവും മതിയാകും.

വിശദവിവരങ്ങൾക്ക് : http//www.rsby.gov.in/about rsby.aspx

f) നിരാമയ പദ്ധതി

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ വിധം ഭിന്നശേഷിയുള്ളവർക്കായി ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയാണ് നിരാമയ സ്കീം. ഭിന്നശേഷിയുള്ളവർക്ക് സ്വതന്ത്രജീവിതവും ശാക്തീകരണവും പരമാവധി സാധ്യമാക്കുന്നതിനായി ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേകമായ പങ്കുണ്ട്. നില വിൽ ആരോഗ്യ ഇൻഷൂറൻസ് സേവനങ്ങൾ ഭിന്നശേഷിയുള്ളവർക്ക് ലഭ്യമായിട്ടില്ല.

ലക്ഷ്യങ്ങൾ

- ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ എന്നീ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്ക് ആരോഗ്യ ഇൻഷൂറൻസ് ലഭ്യമാക്കുക
- ഭിന്നശേഷിയുള്ളവർ ആരോഗ്യ സേവനങ്ങൾ തേടുന്നതും ഉപയോഗിക്കുന്നതും പ്രോത്സാഹിപ്പിക്കുക
- വൈകല്യമുള്ളവരുടെ ജീവിത നിലവാരം ഉയർത്തുകയും, ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക

പദ്ധതിയും അതിന്റെ വ്യാപ്തിയും

- ഈ പദ്ധതിയുടെ കീഴിൽ പ്രായഭേദമന്യേ എല്ലാവർക്കും ഒരേ ഇൻഷൂറൻസ് പ്രീമിയം
- നാഷ്ണൽ ട്രസ്റ്റ് ആക്ടിൽ ഉൾപ്പെടുന്ന എല്ലാ ഭിന്നശേഷിക്കാർക്കും ഇൻഷൂറൻസ് പരിരക്ഷ
- മുൻകാല വൈകല്യമുള്ളവരുൾപ്പെടെ എല്ലാ ഭിന്നശേഷിക്കാരെയും യാതൊരു വിവേചനവുമില്ലാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്
- ഇൻഷൂറൻസ് കവറേജ് ഒരു ലക്ഷം രൂപ വരെ ലഭ്യമാണ്
- മെഡിക്കൽ പരിശോധന, ആശുപത്രിയിലെ കിടത്തി ചികിത്സ, കറക്ടീവ് സർജറി, യാത്രാചെലവ് തുടങ്ങി വിവിധ സേവനങ്ങൾ ലഭിക്കുന്നതാണ്
- ആവർത്തിച്ച് ആശുപത്രി പ്രവേശനവും ചികിത്സയും ആവശ്യമുള്ള രോഗികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും
- ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പും ഡിസ്ചാർജ്ജ് ചെയ്തതിനു ശേഷവുമുള്ള ബില്ലുകൾ നിയന്ത്രണ വിധേയമായി സൗജന്യമാക്കും
- സാധാരണയായി ഇൻഷൂറൻസിന് മുമ്പ് നടത്താറുള്ള ആരോഗ്യപരിശോധനകൾ ഈ സ്കീമിന് ആവശ്യമില്ല
- OPD സർവീസുകൾക്ക് ചെലവാക്കിയ പണം തിരിച്ചു കൊടുക്കുകയും ചികിത്സ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും ചെയ്യുക

ഗുണഭോക്താക്കൾക്കുള്ള അംഗത്വപ്രവേശനം

നാഷണൽ ട്രസ്റ്റ് പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള സംഘടന വഴി അർഹതയുള്ള വ്യക്തിക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകി നിരാമയയിൽ പ്രവേശനം നേടാവുന്നതാണ്. ശരിയായ രീതിയിൽ അപേക്ഷിച്ചവർക്ക് അംഗീകാരം ലഭിച്ചതിന് ശേഷം ഹെൽത്ത് കാർഡ് നൽകുന്നതാണ്. പ്രോസസിങ്ങ് ഫീ നാഷ്ണൽ ട്രസ്റ്റിന് നൽകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കും അംഗത്വ ഫോറത്തിനും അംഗീകൃത സംഘത്തിലോ വെബ്സൈറ്റിലോ അന്വേഷിക്കുക. www.thenationaltrust.gov.in

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- തദ്ദേശഭരണസ്ഥാപനങ്ങൾ കുട്ടികൾക്കും ഗർഭിണികൾക്കും ഉള്ള പദ്ധതികളെകുറിച്ച് അറിവുള്ളവരായിരിക്കണം
- യോഗ്യതയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത സ്റ്റാഫിന്റെ പ്രവർത്തനങ്ങളെ അതാത് പ്രദേശത്തുള്ള തദ്ദേശഭരണ പ്രതിനിധികൾ അവലോകനം ചെയ്യണം
- ഈ പദ്ധതിയിൽ പറയുന്ന എല്ലാ സേവനങ്ങളും തദ്ദേശഭരണ തലത്തിലുള്ള എല്ലാ ആരോഗ്യ പരിപാലന സംവിധാനത്തിനു കീഴിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രചരണ പരിപാടികളെ അവലോകനം ചെയ്ത് അവ ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക

മേഖല
2

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗുണമേന്മയുള്ള സേവനം ഉറപ്പു വരുത്തുക

മാർഗ്ഗനിർദ്ദേശം 1.3. തദ്ദേശഭരണസ്ഥാപന പ്രദേശത്തെ എല്ലാ ഗർഭിണികളെയും രജിസ്റ്റർ ചെയ്യുക

ഗർഭിണികളെ 100% രേഖപ്പെടുത്തുന്നതിനുള്ള പ്രവർത്തനം അടിസ്ഥാനമായും വേണ്ടത് കുടുംബക്ഷേമ ഉപകേന്ദ്രത്തിലും, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും, സാമൂഹ്യ (കമ്മ്യൂണിറ്റി) ആരോഗ്യ കേന്ദ്രത്തിലും, താലൂക്കാശുപത്രിയിലുമാണ്.

1. **കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ (സബ്സെന്റർ) ആസൂത്രണ രേഖ തയ്യാറാക്കൽ**

- സബ്സെന്ററിന്റെ പരിധിയുടെ ഭൂപടം തയ്യാറാക്കുക
- സമൂഹത്തിന്റെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് കണ്ടുപിടിക്കുന്ന പരിശോധന നടത്തണം (CNA). കുടുംബ വിവരപരിശോധനാപുസ്തകം സൂക്ഷിക്കണം(കുടുംബസർവേ രജിസ്റ്റർ). ഇതിൽ വിവാഹസമയത്തെ സ്ത്രീകളുടെ പ്രായം, ആദ്യത്തെ കുട്ടി പിറക്കുമ്പോഴുള്ള പ്രായം, കുട്ടികളുടെ എണ്ണം, കുട്ടികൾ തമ്മിലുള്ള പ്രായവ്യത്യാസം, പ്രസവം സർക്കാർ അല്ലെങ്കിൽ സർക്കാരിതര ആശുപത്രികളിലാണോ നടന്നത്, സ്ത്രീകളുടെ വിദ്യാഭ്യാസം, ജോലിയുണ്ടോ ഇല്ലയോ, അപായ സാധ്യത തുടങ്ങിയവ രേഖപ്പെടുത്തണം
- ജനപ്രതിനിധികൾ, സാമൂഹ്യസംഘടന ഭാരവാഹികൾ എന്നിവരുമായി കൂടിക്കാഴ്ചയും ആശയവിനിമയവും നടത്തി ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ വിപുലപ്പെടുത്തി ക്രോഡീകരിക്കുക
- ഗർഭിണികളെ സംബന്ധിച്ച വിവരങ്ങൾ അങ്കണവാടി ജീവനക്കാരിൽ നിന്നും ആശ പ്രവർത്തകരിൽ നിന്നും ശേഖരിച്ച് സമ്പൂർണ്ണമാക്കണം
- ഇതരസംസ്ഥാന കുടുംബങ്ങൾ, തെരുവ് കുട്ടികൾ, വിദേശത്തുള്ള പ്രസവത്തിനായി മാത്രം വീട്ടിലെത്തുന്ന ഗർഭിണികളുടെ വിവരങ്ങൾ, ജെ.പി.എച്ച്.എൻ, അങ്കണവാടി ജോലിക്കാർ എന്നിവരുടെ പുസ്തകങ്ങളിൽ രേഖപ്പെടുത്തണം
- ഈ പ്രദേശത്തെ എല്ലാ കല്ല്യാണങ്ങളും രേഖയിൽ ഉൾപ്പെടണം

2. പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ സബ്സെന്ററിന്റെ (കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ) പ്രവർത്തന രേഖയെ ക്രോഡീകരിക്കണം

- പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക്, ജില്ലാ എന്നീ തലങ്ങളിൽ ആശുപത്രി ഭരണ കമ്മിറ്റിയുടെ കീഴിൽ ഇത് വിശകലനം ചെയ്യുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യുക

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- ❖ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ ഗർഭിണികൾക്കും അർഹതപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- ❖ സാമൂഹിക ആരോഗ്യകേന്ദ്രം, താലൂക്ക്, ജില്ലാ ആശുപത്രികളിൽ പ്രസവം നടത്തുന്നതിനുള്ള സൗകര്യങ്ങൾ, സംവിധാനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ, ജോലിക്കാർ എന്നിവയുടെ എണ്ണവും ഗുണവും അവലോകനം ചെയ്യുക
- ❖ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാരണം ജനങ്ങൾ സർക്കാർ ആരോഗ്യ സംവിധാനത്തെ ഉപയോഗിക്കാതെ സ്വകാര്യ സംവിധാനത്തെ ആശ്രയിക്കുകയാണെങ്കിൽ ആ പോരായ്മകൾ കണ്ടെത്തി അവ നികത്തുക
- ❖ ഫീൽഡ് വിഭാഗം ജീവനക്കാർ ഗൃഹസന്ദർശനങ്ങൾ നടത്തി അവരുടെ രജിസ്റ്ററുകളും ഡയറികളും എഴുതുന്നുണ്ടെന്നും വിവരങ്ങൾ പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക

മാർഗ്ഗനിർദ്ദേശം 1.4. ഗർഭിണികൾക്കുള്ള നിർബന്ധ ഗൃഹസന്ദർക്കവും പരിശോധനയും

ചുരുങ്ങിയത് 5 തവണയെങ്കിലും പ്രസവപൂർവ്വ ആരോഗ്യ (എ.എൻ.സി) പരിശോധന ഉറപ്പുവരുത്തണം

- ആദ്യ പരിശോധന 12 ആഴ്ചക്കുള്ളിൽ
- രണ്ടാമത്തേതും മൂന്നാമത്തേതും 14 ഉം 26 ഉം ആഴ്ചക്കിടയിൽ
- 4 –മത്തേത് 28 ഉം 34 ഉം ആഴ്ചക്കിടയിൽ
- 5 –മത്തേത് 36 ഉം 40 ഉം (പൂർണ്ണ ഗർഭാവസ്ഥയിൽ) ആഴ്ചക്കിടയിൽ

ഈ സന്ദർശനത്തിൽ സ്ത്രീയുടെ ഉയരം, ഭാരം, രക്തസമ്മർദ്ദം, വിളർച്ച, വയർപരിശോധനാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുക. ഫോളിക് ആസിഡ് ഗുളിക ആദ്യത്തെ 12 ആഴ്ചക്കും, ഫോളിക്ക് ആസിഡ് അയേൺ ഗുളിക 12 ആഴ്ചക്ക് ശേഷവും കഴിക്കുന്നുവെന്നും ടെറ്റനസ് ഇൻജക്ഷൻ എടുത്തുവെന്നും ഉറപ്പുവരുത്തുക.

ഇതുകൂടാതെ ഗർഭാവസ്ഥ ഉറപ്പുവരുത്തുന്ന മൂത്ര പരിശോധന, രക്തത്തിലെ ഹീമോഗ്ലോബിൻ അളവ്, മൂത്രത്തിലെ ആൽബുമിൻ, ഗ്ലൂക്കോസ് എന്നിവയുടെ പരിശോധന, ഹെപ്പറ്റൈറ്റിസ് ബി, വി.ഡി.ആർ.എൽ, എച്ച്.ഐ.വി എന്നീ രക്ത പരിശോധനകളും പലഘട്ടങ്ങളിലായി നടത്തി ഫലം

രജിസ്റ്ററിൽ രേഖപ്പെടുത്തുക.

ദേശീയ മാർഗ്ഗരേഖയനുസരിച്ച് നിലവാരത്തിലുള്ള പോഷകാഹാര പരിപാടി

- അനുപൂരക പോഷകാഹാരത്തിന് 500 കലോറി ഊർജ്ജവും 15 മുതൽ 20 വരെ ഗ്രാം പ്രോട്ടീനും ഉണ്ടായിരിക്കണം
- അനുപൂരക പോഷകാഹാരം വർഷത്തിൽ 300 ദിവസമെങ്കിലും കഴിച്ചിരിക്കണം
- ഗർഭാവസ്ഥയിൽ അയേൺ, ഫോളിക് ആസിഡ് ഗുളികകൾ കഴിച്ചിരിക്കണം
- സാധാരണക്കാരിൽ നിന്നും 10 മുതൽ 12 കിലോഗ്രാം വർദ്ധനവ് ഉണ്ടാകണം
- MCP കാർഡ് സൂക്ഷിച്ചിരിക്കണം
- പ്രസവത്തിനു മുമ്പും ശേഷവുമുള്ള ആരോഗ്യസന്ദർശന / പരിശോധനാ വേളകളിൽ മുലയൂട്ടലിനെ സംബന്ധിച്ച് കൗൺസലിംഗ് നടത്തണം
-

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- ❖ ഫീൽഡ് വിഭാഗം ജീവനക്കാർ ഗൃഹസന്ദർശനം നടത്തി ഗർഭിണികളെ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- ❖ ഗർഭിണികൾ ആരെങ്കിലും ഈ സേവനം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അതെന്തുകൊണ്ടാണെന്ന് അറിയുക
- ❖ അത്യാവശ്യം വേണ്ട പരിശോധനകൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും കൂടുതൽ ഉയർന്ന പരിശോധനകൾ താലൂക്ക് ജില്ലാ കേന്ദ്രങ്ങളിലും നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- ❖ ഏതെങ്കിലും തരത്തിലുള്ള ജനന വൈകല്യങ്ങൾ ഉണ്ടെന്ന് സംശയം വരികയും ഏതെങ്കിലും പ്രദേശത്ത് ഇവ കൂടുതലായി കാണപ്പെടുന്നു എന്ന് തോന്നുമ്പോൾ അവ സ്ഥിരീകരിക്കുന്നതിനുള്ള പ്രത്യേക പരിശോധനകൾ ഏർപ്പെടുത്തുക
- ❖ എല്ലാ ഗർഭിണികളും ആശുപത്രിയിലാണ് പ്രസവിക്കുന്നതെന്ന് ഉറപ്പുവരുത്തുക

മാർഗ്ഗനിർദ്ദേശം 1.5. അപായസാധ്യതയുള്ള ഗർഭാവസ്ഥ

ഗർഭധാരണവും പ്രസവവും തികച്ചും പ്രകൃതിദത്തമായ സാധാരണ പ്രക്രിയയാണ്. എന്നാൽ ഏതൊരു ഗർഭിണിക്കും ഏത് തരത്തിലുള്ള ആപൽക്കരമായ വൈഷമ്യങ്ങൾക്കും ഏതു സമയവും ചെറിയൊരു സാധ്യതയുണ്ട്. ആയതിനാൽ താഴെപ്പറയുന്ന അവസ്ഥകൾ ഏതെങ്കിലും ഗർഭിണിക്ക് ഉണ്ടെങ്കിൽ അപായ സാധ്യത കൂടുതലായിരിക്കും. അവ അമ്മയുടേയും കുഞ്ഞിന്റേയും ജീവിതത്തിന് വെല്ലുവിളിയായി മാറുകയും ചെയ്യുന്നു. ഇത്തരം അവസ്ഥകളിലുള്ള ഗർഭാവസ്ഥയെ അപായ സാധ്യതയുള്ള ഗർഭാവസ്ഥ എന്ന് പറയുന്നു.

ഇവ താഴെപ്പറയുന്നവയാണ്.

- ആദ്യത്തെ 3 മാസം അമ്മയുടെ തൂക്കം 38 കിലോയിൽ കുറവ്
- ഉയരം 140 സെ.മീറ്ററിൽ കുറവ്
- 18 വയസിൽ കുറവോ 35 വയസിൽ കൂടുതലോ പ്രായമുള്ള ഗർഭിണി
- ആദ്യ പ്രസവത്തിൽ അപകടം ഉണ്ടായിട്ടുണ്ടെങ്കിൽ
- പ്രമേഹം, പ്രഷർ, ഹൃദയസംബന്ധമായ അസുഖം എന്നിവയുണ്ടെങ്കിൽ
- രോഗാണുബാധ, ക്ഷയം, മലമ്പനി എന്നിവ ബാധിച്ച ഗർഭിണി
- ഇപ്പോഴത്തെ ഗർഭത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ
- വിളർച്ച
- ഇരട്ട കുട്ടികൾ
- കുഞ്ഞ് സ്ഥാനം തെറ്റി കിടക്കുക
- ഗർഭം 40 ആഴ്ചയിൽ കൂടുതൽ ദീർഘിക്കുന്നത്
- മുൻപത്തെ പ്രസവം ഓപ്പറേഷൻ വഴിയോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങൾ ഉപയാഗിച്ചിട്ടോ ആണ് നടന്നതെങ്കിൽ

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- ❖ ഏതെങ്കിലും തരത്തിലുള്ള അപായ ഘടകങ്ങൾ, ഏതെങ്കിലും പ്രദേശത്ത് കൂടുതലായി സർവേയിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുക
- ❖ അപായ സാധ്യത കൂടുതലുള്ള ഗർഭിണികൾക്ക് കൂടുതൽ പരിചരണം ഉറപ്പുവരുത്തുന്നതിന് ആരോഗ്യ സ്ഥാപനങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക
- ❖ അടിയന്തിര ഘട്ടങ്ങളിൽ വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തുക

മാർഗ്ഗനിർദ്ദേശം 1.6. അമ്മമാർക്ക് അർഹതപ്പെട്ട പ്രസവകാല ആനുകൂല്യങ്ങൾ

ജനനി -ശിശു സുരക്ഷ കാര്യക്രമം (മാതൃ-ശിശു സുരക്ഷാ പദ്ധതി), ജെ.എസ്.എസ്.കെ

ആരോഗ്യ സ്ഥാപനങ്ങളിലെ പ്രസവത്തെ പ്രോത്സാഹിപ്പിച്ചുക്കൊണ്ട് അമ്മമാരുടേയും ജനിച്ച് 28 ദിവസത്തിനുള്ളിലുള്ള കുഞ്ഞുങ്ങളുടേയും മരണ സാധ്യത കുറക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്. ഗർഭിണികളോ, ജനിച്ച് അസുഖം ബാധിച്ച കുഞ്ഞുങ്ങളോ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോഴുള്ള സ്വന്തം ചെലവുകൾ ഈ പദ്ധതിയിലൂടെ ഇല്ലാതാക്കാം.

ഈ പദ്ധതിയിലൂടെ മരുന്നുകളും ഉപയോഗിക്കാവുന്ന വസ്തുക്കളും നൽകുന്നു. സുഖപ്രസവത്തിന് 3 ദിവസം വരെയും സിസേറിയൻ പ്രസവത്തിന് 7 ദിവസം വരെയും ഭക്ഷണം നൽകുന്നതാണ്. ആവശ്യമുള്ള പരിശോധനകളും രക്ത പരിശോധനയും ചെലവില്ലാതെ ചെയ്തുകൊടുക്കുന്നു. ഇതുകൂടാതെ വീട്ടിൽ നിന്നും ആശുപത്രിയിലേക്കും ആവശ്യമെങ്കിൽ വേറെ വലിയ ആശുപത്രിയിലേക്കും 48 മണിക്കൂറിന് ശേഷം തിരിച്ച് വീട്ടിലെത്തിക്കുന്നതിനുമുള്ള വാഹന സൗകര്യം നൽകുന്നു. ജനിച്ച് 30 ദിവസം വരെയുള്ള അസുഖബാധിതരായ കുഞ്ഞുങ്ങൾക്കും ഇതേ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം 1600/- രൂപ സാധാരണ പ്രസവത്തിനും 3300/- രൂപ സിസേറിയനിലൂടെയുള്ള പ്രസവത്തിനും നൽകുന്നതാണ്.

അത്യാഹിത ഘട്ടങ്ങളിൽ ആംബുലൻസിന്റെ സൗജന്യസേവനം ലഭ്യമാണ്. വാഹനത്തോടൊപ്പം ജീവൻ രക്ഷയ്ക്കായി പരിശീലനം ലഭിച്ച ജീവനക്കാരുടെ സാന്നിദ്ധ്യവും യാത്രാവേളയിൽ ലഭ്യമാക്കുന്നതാണ്. ഇതിനായി ഈ പദ്ധതിയിലൂടെ മറ്റ്പദ്ധതികളായ 108,104, എയ്ഞ്ചൽ, ആക്ട്സ് എന്നിവ സംയോജിപ്പിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും താമസം കൂടാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
- എല്ലാ ഗർഭിണികൾക്കും JSSK വഴി ലഭിക്കുന്ന സേവനങ്ങളെ കുറിച്ച് വിവരം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുക
- പട്ടികവർഗ്ഗ വിഭാഗങ്ങൾ, തീരദേശവാസികൾ,ഇതരസംസ്ഥാന തൊഴിലാളികൾ, മറ്റു പാർശ്വവൽകൃത കുടുംബങ്ങൾ തുടങ്ങിയവർക്കെല്ലാം ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക

മാർഗ്ഗനിർദ്ദേശം 1.7. നവജാത ശിശുവിന്റെ അതിജീവനത്തിന് വേണ്ടുന്ന പ്രധാന സന്ദേശങ്ങൾ

- അമ്മമാരുടെ ശാരീരകവും മാനസികവുമായ ആരോഗ്യം നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക
- ഗർഭിണികളുടെ ക്രമാനുസരണവും, ചിട്ടയായ പരിശോധനയും അപായ സാധ്യതയുള്ള ഘട്ടങ്ങളെ മുൻകൂട്ടി കണ്ടെത്താൻ സഹായിക്കുന്നു
- അനാവശ്യമായ യാത്രകൾ ഒഴിവാക്കുകയും വിശ്രമം, വ്യായാമം, ശരിയായ പരിചരണം, ഭക്ഷണം എന്നിവ ഉറപ്പു വരുത്തുക
- പ്രസവത്തിനും മുലയൂട്ടുന്നതിനും കുഞ്ഞിന്റെ പരിചരണത്തിനുമായി അമ്മയെ മുൻകൂട്ടി ഒരുക്കുക
- സുരക്ഷിതവും അപകടരഹിതവുമായ ശാരീരിക ചലനങ്ങളുടെ ആവശ്യകത ഗർഭിണികളെ ബോധ്യപ്പെടുത്തുക
- പ്രസവം നടക്കാൻ പോകുന്ന ഏകദേശതീയതി അറിയുകയും അതിന് വേണ്ടുന്ന യാത്രാ സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കുകയും ചെയ്യുക
- ഗർഭാവസ്ഥയിൽ ഭക്ഷണത്തിന്റേയും പോഷണത്തിന്റേയും പ്രാധാന്യം മനസ്സിലാക്കുക. പോഷകാരോഗ്യ പദ്ധതി ഉപയോഗപ്പെടുത്തുക
- പ്രസവ സമയങ്ങളിൽ എല്ലാ ആവശ്യമായ പരിചരണവും നൽകുക
- ജനിച്ച് കുഞ്ഞിനെ നന്നായി പൊതിഞ്ഞ് ശാരീരിക താപം നഷ്ടപ്പെടാതെ സംരക്ഷിക്കുക, ശുചിത്വത്തോടെ കൈകാര്യം ചെയ്യുക, ആദ്യമുലപാൽ (കൊളസ്ട്രം) നിർബന്ധമായും കുഞ്ഞിന് നൽകുക. ജനനഭാരം കുറഞ്ഞ ശിശുക്കൾക്ക് ആവശ്യാനുസരണം ഇടവിട്ട് പരസഹായത്തോടെ മുലപാൽ കൊടുക്കുവാൻ ശ്രദ്ധിക്കുക
- രോഗാണുബാധയുള്ള കുഞ്ഞുങ്ങളുടെ കരച്ചിൽ ശബ്ദം ക്രമേണ കുറഞ്ഞ്-കുറഞ്ഞ് വരിക, മുലപാൽ കുടിക്കാൻ ശക്തി കുറവും പിന്നീട് നിശേഷം കഴിയാതെയും വരിക, മാംസപേശികൾക്ക് ബലം കുറവും, ശരീരോഷ്മാവ് കൂടുതലോ കുറവോ ആയിരിക്കുക, ത്വക്കിന് നീലനിറമോ മഞ്ഞനിറമോ ബാധിക്കുക എന്നിവയാണ് നവജാതശിശുക്കളുടെ അപകടസൂചനകൾ
- ഇങ്ങിനെയുള്ള ലക്ഷണങ്ങൾ കാണിക്കുന്ന കുട്ടികളെ ഉടനടി വിദഗ്ദ്ധചികിത്സക്ക് വിധേയമാക്കുക

അപായ സാധ്യതയുള്ള കുഞ്ഞുങ്ങൾ

ശിശുമരണത്തിലെ ഏറിയ പങ്കും അപായ സാധ്യതയുള്ള കുഞ്ഞുങ്ങളുടേതാണ്. ചില സൂചകങ്ങൾ ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള കുട്ടികളെ മുൻകൂട്ടി കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന്:-

- ജനിക്കുന്ന ശിശുവിന്റെ ഭാരം 2.5 കി. ഗ്രാമിലും കുറവ്
- ഇരട്ട കുട്ടികൾ

- അഞ്ചാമതോ അത് കഴിഞ്ഞോ ജനിക്കുന്ന കുഞ്ഞ്
- അമ്മയുടെ മുലപ്പാലിന് പകരം മറ്റ് പാലോ ഭക്ഷണ പാനീയങ്ങളോ കൊടുക്കേണ്ടി വരിക
- സാധാരണ തൂക്കത്തിന്റെ 70% ത്തിലും താഴെ തൂക്കം ഉള്ളവർ
- വയറിളക്കം, പ്രോട്ടീൻ-ഊർജ്ജം, ന്യൂനപോഷണം എന്നിവയുള്ള കുട്ടികൾ
- ജോലിയുള്ള അമ്മമാർ/അല്ലെങ്കിൽ ഒരു രക്ഷിതാവ് മാത്രമുള്ള കുട്ടികൾ

നവഅമ്മമാരുടെ ക്ലബ്ബുകൾ

2 വർഷം വരെ മുലയൂട്ടുന്ന അമ്മമാരുടെ ക്ലബ്ബുകളെ നവഅമ്മമാരുടെ ക്ലബ്ബുകൾ എന്ന് പറയുന്നു

സ്റ്റെപ്പ്സ്

1. മുലയൂട്ടുന്ന അമ്മമാരുടെ വാർഡുതല പട്ടിക അങ്കണവാടിയിലെ വർക്കർ എടുക്കുകയും ഐ.സി.ഡി.എസ് സൂപ്പർവൈസർ അതിനെ ക്രോഡീകരിക്കുകയും ചെയ്യുക
2. മുലയൂട്ടുന്ന അമ്മമാരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും അവരുടെ ക്ലബ്ബിന് രൂപം നൽകുകയും അതിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്യുക
3. പഞ്ചായത്ത് തലത്തിൽ 3 മാസത്തിലൊരിക്കൽ അവരുടെ യോഗം സംഘടിപ്പിക്കുക
4. എല്ലാ അംഗങ്ങൾക്കും ഹെൽത്ത്കാർഡ് നൽകുക
5. ക്ലബ്ബിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി അമ്മമാരുടെയും കുട്ടികളുടെയും പ്രതിരോധ കുത്തിവെയ്പ്പുകളും സമ്പൂർണ്ണമുലയൂട്ടലും പോഷക നിലവാരവും അവലോകനം ചെയ്യുക
6. കുട്ടികളെ പരിചരിക്കുന്നതിനും ഭക്ഷണശീലങ്ങൾ സംബന്ധിച്ചും ഓഫീസറുടെ നേതൃത്വത്തിൽ ചർച്ചകൾ സംഘടിപ്പിക്കുക

മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ട എല്ലാ അർഹമായ സേവനങ്ങളും ക്ലബ്ബിന്റെ ഭാഗമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- ❖ ഫീൽഡ്തല ആരോഗ്യപ്രവർത്തകർ, അങ്കണവാടി-ആശാ വർക്കർമാർ തുടങ്ങിയവർ ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങളായ ആരോഗ്യവിദ്യാഭ്യാസം അനുപൂരകപോഷകാഹാരം എന്നിവ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുക
- ❖ ഫീൽഡ്തല പ്രവർത്തനങ്ങൾ ആവശ്യാനുസൃതവും സമയബന്ധിതവുമായി തദ്ദേശഭരണസ്ഥാപനത്തിന്റെ എല്ലാ പ്രദേശങ്ങളിലും തുല്യമായി നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുക
- ❖ ഗർഭണികൾക്കും, നവജാതശിശുവിനും ഉണ്ടാകുന്ന ഏത് അപായ സാഹചര്യത്തിനേയും ഫലപ്രദമായി നേരിടാൻ വീട്ടിലുള്ള എല്ലാ അംഗങ്ങൾക്കും ബോധവൽക്കരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുക

മാർഗ്ഗനിർദ്ദേശം 1.8. ഗുണനിലവാരമുള്ള സേവനം ഉറപ്പാക്കൽ

ഗുണനിലവാര സേവനം ലഭ്യമാവുന്നതിന് പ്രധാനമായും 3 പ്രക്രിയകൾ

1. പൗരാവകാശ രേഖ പ്രദർശിപ്പിക്കുക. ഇതു വഴി സേവനാവകാശങ്ങൾ സുതാര്യമായ രീതിയിൽ ഗുണഭോക്താവിന് ആരോഗ്യ ഉദ്യോഗസ്ഥർ യാഥാർത്ഥ്യമാക്കുന്നു
2. സേവനം പുഞ്ചിരിയോടെയും സദ്മനോഭാവത്തോടെയും ആരോഗ്യ ഉദ്യോഗസ്ഥർ അവരുടെ സേവനം പ്രദാനം ചെയ്യുന്നു
3. പരാതി ബോധിപ്പിക്കുന്നതിന് പരാതിപ്പെട്ടികളും, പരാതി കേൾക്കുന്നതിന് രഹസ്യ സ്വഭാവവും, പരാതി പരിശോധിച്ച് ആനുപാതികമായ പരിഹാര നടപടികളും സ്വീകരിക്കുക

ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഉപാധികൾ

ആന്തരിക മോണിറ്ററിംഗ്

- ആരോഗ്യ വകുപ്പ് നിർദ്ദേശങ്ങൾ, ഓഡിറ്റ്, റിപ്പോർട്ടിംഗ്, റിവ്യൂ
- ആശുപത്രി മാനേജ്മെന്റ് സമിതിയുടെ (എച്ച്എംസി) അവലോകനം, ശുപാർശ

ബാഹ്യ മോണിറ്ററിംഗ്

- എൻ..എച്ച്.എം. ന്റെ കീഴിൽ ജില്ലാതല അവലോകനം
- പ്രവർത്തന വിലയിരുത്തൽ - സ്വതന്ത്ര ഏജൻസിയിലൂടെ
- ഗുണനിലവാര നിർണ്ണയം- ലാബ്, എക്സ്റേ, മറ്റു സേവനങ്ങൾ
- സാമൂഹിക ഓഡിറ്റ്

മാർഗ്ഗനിർദ്ദേശം 1.9. ജനന രജിസ്ട്രേഷൻ ഉറപ്പു വരുത്തുക

നിർദ്ദേശങ്ങൾ

- എല്ലാ ജനനവും തദ്ദേശഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുക
- പെട്ടെന്നുതന്നെ ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി ഇലക്ട്രോണിക് സംവിധാനം വഴി രേഖപ്പെടുത്തൽ നടത്തേണ്ടതാണ്
- സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം ഒരു കുഞ്ഞും രജിസ്റ്റർ ചെയ്യപ്പെടാതിരിക്കുന്ന അവസ്ഥ കഴിയുന്നതും തടയുക

വിവാഹിതരാകാതെയുള്ളവരുടെ പ്രസവം, രജിസ്റ്റർ ചെയ്യാത്ത ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കുട്ടികളുടെ ജനനരജിസ്ട്രേഷന് സാധ്യതയില്ലാത്ത ഇടങ്ങളിൽ രജിസ്ട്രേഷൻ നടത്തുക

20
HOSPITAL KIOSK
BIRTH & DEATH REGISTRATION

മേഖല
3

പ്രതിരോധ ചികിത്സ, വൈറ്റമിൻ എ പൂരകപോഷണം, വിരയിളക്കൽ

മാർഗ്ഗനിർദ്ദേശം 1.10. സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് പദ്ധതിയുടെ നിർവ്വഹണ അജണ്ട

ശൈശവ ബാല മരണവും ബാല്യകാല രോഗങ്ങളും കുറയ്ക്കുക എന്നതാണ് പ്രതിരോധ കുത്തിവെയ്പ്പിന്റെ അടിസ്ഥാന ലക്ഷ്യം. കുട്ടിയുടെ അതിജീവനാവകാശം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടിയാണ് പ്രതിരോധ കുത്തിവെപ്പ്.

പ്രതിരോധ കുത്തിവെയ്പ്പ് സമ്പൂർണ്ണമാകണമെങ്കിൽ ലഭ്യമായ സേവനങ്ങളിൽനിന്നും ഒരു കുട്ടി പോലും ഒഴിവാക്കപ്പെടുന്നില്ലെന്നും, യഥാകാലങ്ങളിൽ കൃത്യമായ അളവിൽ പ്രധിരോധ ഔഷധങ്ങൾ പ്രധാനം ചെയ്യപ്പെടുന്നുവെന്നും പ്രതിരോധ ഔഷധങ്ങളുടെ വീര്യവും നിലവാരവും നഷ്ടപ്പെടാത്തവിധം പരിപാലിക്കുന്നുവെന്നും ഉറപ്പാക്കുന്ന വിധം ആസൂത്രണം ചെയ്യേണ്ടതാണ്.

സാർവ്വത്രിക പ്രതിരോധകുത്തിവെയ്പ്പ് പദ്ധതി (UIP)

1985 ൽ ഭാരത സർക്കാർ ആരംഭിച്ച പ്രതിരോധകുത്തിവെയ്പ്പ് പരിപാടിയാണ് UIP. ഇത് 1992ൽ 'കുട്ടികളുടെ അതിജീവനവും സുരക്ഷിത മാതൃത്വവും' എന്ന പരിപാടിയുടെ ഭാഗമാവുകയും തുടർന്ന് ഇത് 2005 ലെ ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ സുപ്രധാനഭാഗമാവുകയും ചെയ്തു. ഈ പരിപാടി പ്രകാരം ക്ഷയം, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, പോളിയോ, അഞ്ചാം പനി, ഹെപ്പറ്റൈറ്റീസ് ബി എന്നിങ്ങനെ ഏഴു തരം തടയാവുന്ന മാരകരോഗങ്ങൾക്ക് നിലവിൽ കുത്തിവെയ്പ്പ് നൽകി വരുന്നു. റൂബല്ല, ഹിമോഫീലിക്ക് ഇൻഫ്ളുവെൻസ, റൊട്ടാവൈറസ് തുടങ്ങിയവയും UIP യുടെ ഭാഗമാക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു.

പ്രതിരോധകുത്തിവെയ്പ്പ് ക്രമം

ആർക്ക്	എപ്പോൾ	കുത്തിവെയ്പ്പ് മരുന്ന്	ആവശ്യമുള്ള ഡോസ്	എന്തിനുവേണ്ടി
സ്ത്രീകൾക്ക്	ഗർഭാവസ്ഥയിൽ	ടി.ടി	രണ്ട് തവണ 1. ഗർഭിണിയാകുമ്പോൾ 2. ആദ്യത്തെ കുത്തിവെയ്പ്പിനു ശേഷം 6-8 ആഴ്ച കഴിഞ്ഞ്	അമ്മയേയും കുഞ്ഞിനേയും ടെറ്റനസ്സ് ബാധയിൽ നിന്നും സംരക്ഷിക്കാൻ

ശിശുക്കൾക്ക്	ജനിച്ചയുടനെ	BCG/പോളിയോ	ഒരു ഡോസ് പോളിയോ (0 ഡോസ്) വായിലൂടെ	ക്ഷയരോഗം, പോളിയോ എന്നിവയിൽ നിന്നും സംരക്ഷണം
	6 ആഴ്ച പ്രായത്തിൽ	D.P.T	ആദ്യഡോസ്	ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ് എന്നിവയിൽ നിന്നും സംരക്ഷണം
		O.P.V	ആദ്യഡോസ്	പോളിയോയിൽ നിന്നും രക്ഷനേടാൻ
		ഹെപ്പിറ്റൈറ്റീസ് ബി	ആദ്യഡോസ്	മഞ്ഞപിത്ത രോഗത്തിൽ നിന്നും രക്ഷനേടാൻ
	10-ാമത്തെ ആഴ്ചയിൽ	D.P.T ഹെപ്പിറ്റൈറ്റീസ് ബി O.P.V	രണ്ടാമത്തെ ഡോസ് രണ്ടാമത്തെ ഡോസ് രണ്ടാമത്തെ ഡോസ്	ഡിഫ്തീരിയ, വില്ലൻചുമ, പോളിയോ, ടെറ്റനസ്, മഞ്ഞപിത്തം എന്നിവയിൽ നിന്നും സംരക്ഷണം
	14-ാമത്തെ ആഴ്ചയിൽ	D.P.T ഹെപ്പിറ്റൈറ്റീസ് ബി O.P.V	മൂന്നാമത്തെഡോസ് മൂന്നാമത്തെഡോസ് മൂന്നാമത്തെഡോസ്	ഡിഫ്തീരിയ, വില്ലൻചുമ, പോളിയോ, ടെറ്റനസ്, മഞ്ഞപിത്തം എന്നിവയിൽ നിന്നും സംരക്ഷണം
	9-12 മാസത്തിനിടയിൽ	അഞ്ചാം പനി വിറ്റാമിൻ എ	ഒന്നാമത്തെ ഡോസ് ഒന്നാമത്തെ ഡോസ്	അഞ്ചാം പനി തടയാൻ അന്ധത തടയാൻ
കുട്ടികൾക്ക്	16-24 മാസത്തിനിടയിൽ	O.P.V D.P.T വിറ്റാമിൻ എ	ഒന്നാമത്തെ ബൂസ്റ്റർ രണ്ടാമത്തെ ഡോസ് രണ്ടാമത്തെ ഡോസ്	വില്ലൻ ചുമ, ടെറ്റനസ്സ്, തൊണ്ടവീക്കം എന്നിവയിൽ നിന്നും സംരക്ഷണം, അന്ധത തടയൽ
	2-5 വയസ്സു വരെ	വിറ്റമിൻ എ	6 മാസം ഇടവിട്ട് 7 ഡോസ്	അന്ധത തടയൽ
	5-6 വയസ്സു വരെ	D.T	2-ാംമത്തെ ബൂസ്റ്റർ	ടെറ്റനസ്, തൊണ്ടവീക്കം എന്നിവയിൽ നിന്നും സംരക്ഷണം
	10 വയസ്സ് വരെ	T.T		ടെറ്റനസ് ബാധയിൽ നിന്നും സംരക്ഷണം

	16 വയസ്സ് വരെ	T.T		ടെറ്റനസ് ബാധയിൽ നിന്നും സംരക്ഷണം
പെൺകുട്ടികൾക്ക്	10-16 വയസ്സ് വരെ	റൂബെല്ല	ഒറ്റഡോസ്	റൂബല്ലക്കെതിരെ (ജർമ്മൻ അഞ്ചാം പനി)
		വിഫ്സ് (WIFS) ആഴ്ചയിൽ അയേൺ ഫോളിക്ക് ആസിഡ്	ആഴ്ചയിൽ ഒരു തവണ	വിളർച്ചയിൽ നിന്ന് സുരക്ഷ

പ്രതിരോധകുത്തിവെയ്പ്പ് എല്ലാവർക്കും ലഭിക്കുന്നുണ്ടോ എന്ന നിരീക്ഷണം (മോണിട്ടറിംഗ്)

1. പ്രൈവറ്റ്, ഗവണ്മെന്റ് മെഡിക്കൽ സംവിധാനങ്ങളിലെ കുത്തിവെപ്പ് വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുക, കാലാനുസൃതമായി കൃത്യമാക്കുക
2. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളടക്കം, കുത്തിവെയ്പ്പ് എടുക്കാത്തതും കുത്തിവെയ്പ്പ് മുഴുവനാകാത്തുതുമായ (കൊഴിഞ്ഞുപോക്ക്) എല്ലാ കുട്ടികളേയും കണ്ട് പിടിക്കുക
3. ഡ്രോപ്പ് ഔട്ട് (കുത്തിവെയ്പ്പ് വീഴ്ച പറ്റിയ) കുട്ടികളുടെ വീട് മുൻഗണനാടിസ്ഥാനത്തിൽ സന്ദർശിച്ച് മുഴുവൻ കുത്തിവെയ്പ്പ് എടുക്കാൻ പ്രേരിപ്പിക്കുക
4. വളരെ വിജനവും വിദൂരവും ദുർഘടവുമായ സ്ഥലങ്ങളിലെ കുത്തിവെയ്പ്പിന് നേരിടുന്ന തടസ്സങ്ങൾ നീക്കുക - എത്തിപ്പെടാവുന്ന സ്ഥലത്തും സമയത്തും സൗകര്യപ്രദമായി സേവനം ഏർപ്പെടുത്തുക
5. കുത്തിവെയ്പ്പ് സ്വീകരിക്കാതിരിക്കുന്നതിന് ഇടയാക്കുന്ന കാരണങ്ങൾ ഒഴിവാക്കുക (മര്യാദയില്ലാത്ത പെരുമാറ്റം, തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണങ്ങൾ, കുത്തിവെയ്പ്പിനോടനുബന്ധിച്ചുണ്ടായേക്കാവുന്ന അലർജിയോടുള്ള ഭയം)
6. പ്രധിരോധകുത്തിവെയ്പ്പ് എടുക്കാൻ പ്രചോദനം സൃഷ്ടിക്കുന്നതിന് ആവശ്യമായ സാമൂഹ്യ പിൻതുണ ആർജ്ജിക്കുക (സാമൂഹ്യസംഘാടനം)

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- വാക്സിന്റെ (മരുന്നിന്റെ) ഗുണമേന്മ നിലനിർത്തുന്നതിനുള്ള ശീതശൃംഖല (കോൾഡ് ചെയിൻ) ഉറപ്പാക്കപ്പെടുന്നുവെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക
- കുത്തിവെയ്പ്പ് എടുക്കാത്തവരുടെ വീട് (ഡ്രോപ്പ്ഔട്ട്) സന്ദർശിച്ച് അവരെ കുത്തിവെപ്പ് എടുക്കാൻ പ്രേരിപ്പിക്കുക
- ജനങ്ങളിൽ കുത്തിവെയ്പ്പിന് പ്രചോദനം നൽകാൻ, കുത്തിവെയ്പ്പ് പ്രേരണ പ്രചരണ പ്രവർത്തന പരിപാടിയിൽ പങ്ക് ചേരുക

മാർഗ്ഗനിർദ്ദേശം 1.11. പ്രതിരോധകുത്തിവെപ്പിന് വേണ്ടിയുള്ള സൂക്ഷ്മമായ ആസൂത്രണം (മൈക്രോ പ്ലാനിംഗ്)

പ്രതിരോധ കുത്തിവെപ്പ് പദ്ധതി വളരെ നല്ല രീതിയിൽ ആസൂത്രണം ചെയ്താൽ മാത്രമേ ഈ പദ്ധതി എല്ലാ കുട്ടികളിലും എത്തിപ്പെടുകയുള്ളൂ. ഇതിന്റെ വിജയം ഇരിക്കുന്നത് എത്ര നല്ല രീതിയിൽ പ്രതിരോധകുത്തിവെപ്പ് പരിപാടിയുടെ ദിവസങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെയാണ്. ആസൂത്രണം, സാധാരണ താഴെ തട്ടിൽ നിന്നും മുകളിലേക്കാണ് ആരംഭിക്കേണ്ടത്. അതായത് ഒരു സമൂഹതല ആവശ്യകതാ കണക്കെടുപ്പിന് ശേഷം ഇത് ഗ്രാമതലത്തിലും കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ നിന്നുമാണ് തുടങ്ങേണ്ടത്. കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ വച്ച് ആരോഗ്യ പ്രവർത്തകർ പ്രതിരോധ കുത്തിവെപ്പിന്റെ സന്ദർശന ദിവസങ്ങൾ നിശ്ചയിച്ച്, ആ ദിവസം ഉണ്ടാകേണ്ട ഗുണഭോക്താക്കളുടെ പേരുവിവരങ്ങളും ഉണ്ടാക്കണം. ഇതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്, അങ്കണവാടി വർക്കർ, ആശ വർക്കർമാർ, പഞ്ചായത്ത് മെമ്പർമാർ എന്നിവരുടെ അഭിപ്രായങ്ങളും സ്വരൂപിക്കേണ്ടതാണ്. പ്രാഥമികാരോഗ്യകേന്ദ്രം, ബ്ലോക്ക് ആരോഗ്യ കേന്ദ്രം എന്നിവ മേൽനോട്ട ആസൂത്രണവും, കുത്തിവെപ്പ് മരുന്നുകൾ എത്തിച്ചുകൊടുക്കുന്നതിന്റെ ആസൂത്രണവും രൂപപ്പെടുത്തുന്നു. ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും ആസൂത്രണരേഖ ക്രോഡീകരിക്കുകയും അതിനാവശ്യമായ ബഡ്ജറ്റും, വാക്സിൻ, സിറിഞ്ച് എന്നീ സാമഗ്രികളും ആവശ്യപ്പെട്ട് കൊണ്ട് രൂപരേഖ സംസ്ഥാനത്തേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. സംസ്ഥാനതലത്തിൽ ഇതിനായുള്ള നയങ്ങളും തന്ത്രങ്ങളും ചട്ടകൂടും, പ്രവർത്തനമുറകളും, പണവും മറ്റു വിഭവങ്ങളും നൽകുന്നു. ഒരു മൈക്രോപ്ലാൻ (സൂക്ഷ്മ ആസൂത്രണം) രൂപപ്പെടുത്തുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ ഒന്നു പോലും ഒഴിവാക്കപ്പെടാത്ത വിധമായിരിക്കണം. ആയതുകൊണ്ട് ഒരു ആസൂത്രണ സഹായ രൂപരേഖയുടെ പ്രാരൂപം ഉയർന്ന തലത്തിൽ നിന്ന് അയച്ചു തരും. അങ്ങനെയാണെങ്കിൽ ഒരു ഭാഗവും നഷ്ടമാകാതെ ശ്രദ്ധിക്കുകയും, ആസൂത്രണത്തിന്റെ ആഴത്തിലുള്ള വിവിധ വശങ്ങൾ, അതായത് ആര്, എവിടെ, എപ്പോൾ എങ്ങിനെ സബ്സെന്റർ തലത്തിൽ (താഴത്തെ തലത്തിൽ) ചെയ്യണമെന്ന് വ്യക്തമാക്കാൻ കഴുയും. ഇതെല്ലാം ചെയ്തു കഴിഞ്ഞാൻ പിന്നെ ഏതെങ്കിലും ഭാഗത്ത് നേരിട്ടെത്തി പ്രവർത്തിക്കുന്ന മൊബൈൽ ടീം ആവശ്യമുണ്ടോ എന്ന് നിശ്ചയിക്കാൻ കഴിയും. അതിനുശേഷം പ്രതിരോധ മരുന്ന് വിതരണം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ ഐ.എൽ.ആർ തലത്തിലോ ആസൂത്രണം ചെയ്യണം.

സ്ഥിര സംവിധാനം (ഫിക്സഡ് ഫെസിലിറ്റി): ആഴ്ചയിൽ ഒരു പ്രത്യേക ദിവസം, പ്രത്യേക സമയത്ത്, കൃത്യമായി മുടക്കമില്ലാതെ പ്രതിരോധ കുത്തിവെപ്പ് നൽകുന്ന സംവിധാനം പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക്, ജില്ല ആശുപത്രി എന്നിവയിൽ പ്രവർത്തിച്ചു പോരുന്നു. പ്രതിരോധ മരുന്നുകൾ ഇവിടെ ഐ.എൽ.ആറിൽ (ഐസ്പാക്ക് വിരിച്ച റെഫ്രിജറേറ്റർ) സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ആയതു കൊണ്ട് മരുന്ന് എപ്പോൾ വേണമെങ്കിലും എടുത്ത് ഉപയോഗിക്കാം.

ഔട്ട് റീച്ച് (പുറത്തുപോയി): പുറത്തുപോയി എന്നുപറഞ്ഞാൽ നമ്മുടെ ആരോഗ്യസ്ഥാപനങ്ങളിൽ എത്തിപ്പെടാൻ പറ്റാത്ത വളരെ അകലെ താമസിക്കുന്ന ജനങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് അവരുടെ വീട്ടു പരിസരത്തോ അയൽക്കൂട്ട കേന്ദ്രങ്ങളിലോ നൽകുന്നതിനെയാണ്. അവിടെ മരുന്ന് സൂക്ഷിക്കാൻ സൗകര്യമില്ല, ആയതുകൊണ്ട് മരുന്നുകൊണ്ടുപോയി കുത്തി

വെപ്പ് പ്രക്രിയ കഴിഞ്ഞ് അവശേഷിച്ച മരുന്ന് അന്നേദിവസം തന്നെ തിരിച്ചു കൊണ്ടുവരേണ്ട താണ്. ഇന്ത്യയിൽ ഔട്ട് റീച്ച് സ്ഥലങ്ങൾ, സബ്സെന്റർ, അങ്കണവാടികൾ, വിദൂരമായ ഗ്രാമ ങ്ങൾ, നഗരചേരി പ്രദേശങ്ങളിലെ അർബൻ സെന്റർ തുടങ്ങിയവയാണ്.

മൊബൈൽ സ്ട്രാറ്റജി (സഞ്ചരിച്ചുകൊണ്ടുള്ള പ്രതിരോധ കുത്തിവെപ്പ് തന്ത്രം): വളരെ ദൂരെയുള്ള ഒറ്റപ്പെട്ട സ്ഥലങ്ങളോ, അല്ലെങ്കിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലേക്കോ പ്രത്യേക കുത്തിവെപ്പ് സംഘത്തെ ആവശ്യത്തിനു വേണ്ട സൗകര്യങ്ങളും സംഘടിപ്പിച്ചു വിടുന്ന പരിപാടിയാണ്. പോകേണ്ട സ്ഥലത്തിനനുസരിച്ചുള്ള വാഹനം തയ്യാറാക്കേണ്ടി വരും (ബോട്ട്, ട്രാക്റ്റർ, നാൽചക്രം, കുതിര, കഴുത, ചുമട്ടു തൊഴിലാളികൾ) ഈ സ്ഥലങ്ങളിൽ വർഷത്തിൽ ചില മാസങ്ങളിൽ മാത്രമേ പോകാൻ കഴിയുകയുള്ളു. അതുകൊണ്ട് നല്ല തയ്യാറെ ടുപ്പ് ആവശ്യമാണ്. ഇത്തരം സ്ഥലങ്ങളിലെ കുട്ടികളുടെ കുത്തിവെപ്പ് പൂർത്തിയാക്കുന്നതിന് നാലു സന്ദർശനങ്ങളെങ്കിലും ഒരു വർഷം ആസൂത്രണം ചെയ്യേണ്ടിവരും.

താഴെപറയുന്ന തത്വങ്ങൾ പാലിക്കുന്നത് ഒരു നല്ല പ്രതിരോധ കുത്തിവെപ്പിന്റെ ആസൂത്രണ ത്തിന് ആവശ്യമാണ്.

1. ഒരു ഭാഗവും, സ്ഥലവും കുത്തിവെപ്പ് സേവന ലഭ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്ന് ഉറപ്പുവരുത്തുക
2. ലഭ്യമായ വിവരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സമാനമായ രീതികളും തുല്യ മായ ചുമതലാ വിഭജനവും ബദൽരീതികളും കാര്യക്ഷമമായ രീതിയിൽ തയ്യാറെടുപ്പ് നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
3. കുത്തിവെപ്പ് ദിവസങ്ങൾ ക്രമപ്പെടുത്തി സമഗ്രമായ ഷെഡ്യൂൾ തയ്യാറാക്കണം. ഇതിൽ ആര്, എങ്ങനെ, എന്ത്, എവിടെവെച്ച് എപ്പോൾ എന്നിവ വരെ തീരുമാനിക്കണം

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- പ്രതിരോധ കുത്തിവെപ്പ് സംവിധാനം എല്ലാ ജനങ്ങളേയും ഉൾപ്പെടുത്തി എല്ലാവർക്കും ഉപകാരം ലഭിക്കുന്ന രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
- ദുർഘട വിദൂര പ്രദേശങ്ങളിലെ ജനങ്ങൾ എല്ലാവരും ഇതിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക (SC/ST, തീരപ്രദേശം, ഇതര സംസ്ഥാന ജനങ്ങൾ)
- പ്രതിരോധ കുത്തിവെപ്പ് എവിടെ വച്ചാണ് നടത്താൻ പോകുന്നത് എന്ന തീരുമാനം മുൻകൂട്ടി തന്നെ ജനങ്ങളെ അറിയിച്ചിരിക്കണം
- സ്വകാര്യ സ്ഥാപനങ്ങളിലും പ്രതിരോധ കുത്തിവെയ്പ്പുകൾ മാനദണ്ഡമനുസരിച്ച് നട ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കു കയും ചെയ്യുക
- JPHN/ASHA എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക, കുത്തിവെപ്പ് കൊഴി ഞ്ഞ്പോക്ക് കണ്ടു പിടിക്കുക, കുത്തിവെപ്പ് പരിപാടികൾ റദ്ദാക്കിയതിന് കാരണം കണ്ടു

പിടിക്കുക, കുത്തിവെയ്പ്പിനുള്ള വിവിധ മരുന്നുകളിലുള്ള കുറവുകൾ നികത്തുക, വിലയിരുത്തുക

- ❖ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള TT, Rubella കുത്തിവെയ്പുകൾ നൽകുന്നുണ്ടെന്ന് അറിയാൻ JPHN അധ്യാപകരുമായി ഇടപെടുന്നുണ്ടെന്ന് ഉറപ്പാക്കുക
- ❖ പകർച്ചവ്യാധികൾ പടരാതിരിക്കാനും, കുത്തിവെയ്പ്പ് കൊണ്ട് തടയാൻ കഴിവുള്ള രോഗങ്ങൾ പടരാതിരിക്കാനും വേണ്ടി ജാഗ്രത പാലിക്കുകയും ആരംഭത്തിൽ തന്നെ ഡോക്ടർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക

മാർഗ്ഗനിർദ്ദേശം 1.12. ശീതശൃംഖല (കോൾഡ് ചെയിൻ) കാര്യക്ഷമമായി നിലനിർത്തുക

ശീതശൃംഖല വഴിയുള്ള കുത്തിവെയ്പ്പ് മരുന്നിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം. കുത്തിവെയ്പ്പ് മരുന്ന് പുറത്തേക്ക് കൊണ്ടുപോകുന്ന വേളയിൽ ശീതീകരണ സംവിധാനം കുറ്റമറ്റതാക്കണം. എല്ലാ കുട്ടികൾക്കും കുത്തിവെയ്പ്പുകൾക്ക് ശീതീകരിച്ച സൂചികൾ ഉപയോഗിക്കുകയും വീണ്ടുമുള്ള ഉപയോഗം പാടില്ലാത്തതുമാണ്.

- കുത്തിവെപ്പിനുള്ള മരുന്ന് (വാക്സിൻ) ശേഖരിക്കേണ്ടതും, സൂക്ഷിക്കേണ്ടതും, കുത്തിവെപ്പിന് കൊണ്ട് പോകുന്നതും 2-8 ഡിഗ്രി സെന്റി ഗ്രേഡ് ഊഷ്മാവിലായിരിക്കണം
- കുത്തിവെപ്പ് നടത്തുന്ന സ്ഥലത്ത് മരുന്ന് ഒരു പ്ലാസ്റ്റിക് ഐസ് പാക്കിനു മുകളിലാണ് (ചെറിയ ഐസ് പെട്ടിക്കകത്ത് 4 ഐസ് പാക്കുണ്ടായിരിക്കും) സൂക്ഷിക്കേണ്ടത്
- കുത്തിവെപ്പിന് മുമ്പ് മരുന്നിന്റെ കാലാവധി തീരുന്ന തീയ്യതി എപ്പോഴും നിരീക്ഷിച്ചിരിക്കണം
- മരുന്നിന്റെ കുപ്പിയുടെ പുറത്ത് താപനിലയനുസരിച്ച് നിറവ്യതിയാനം വരുന്ന നിരീക്ഷണസംവിധാനം (Monitor) പതിപ്പിച്ചിട്ടുണ്ട്. അതിലെ നിറവ്യതിയാനം വാക്സിന്റെ കാര്യക്ഷമത വെളിപ്പെടുത്തുന്നു. കടുത്ത നീലനിറം വന്നിട്ടുണ്ടെങ്കിൽ വാക്സിൻ ഫലപ്രദമല്ല. ഉപേക്ഷിക്കണം.

മേഖല
4

സുരക്ഷിതമായ കുടിവെള്ളം, മാലിന്യനിർമ്മാർജ്ജനം, ശുചിത്വം

മാർഗ്ഗനിർദ്ദേശം 1.13. ശുദ്ധജല നിലവാരത്തിന്റെ റേറ്റിംഗ് – വെള്ളത്തിന്റെ വിശ്വാസ്യത

- വെള്ളത്തിന്റെ ഗുണനിലവാരം വിശകലനം ചെയ്യുന്ന സംവിധാനം കൊണ്ടുവരണം
- വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തണം
- അനുയോജ്യമായ രീതിയിൽ വെള്ളത്തിലെ അഴുക്ക് കളഞ്ഞ് ശേഖരിക്കുക
- വെള്ളം പരിശോധിക്കുന്നതിനുള്ള ചീട്ട് (വാട്ടർ സ്ക്കോർ കാർഡ്) കൊടുക്കുക
- ജലസ്രോതസുകൾക്കടുത്ത് ശ്മശാനങ്ങൾക്കോ, അറവുശാലയ്ക്കോ, ലൈസൻസ് (അനുവാദം) കൊടുക്കരുത്
- കക്കൂസുകൾക്ക് നിർബന്ധമായും സെപ്റ്റിക് ടാങ്ക് ഉറപ്പു വരുത്തുക
- കെട്ടിടനിർമ്മാണത്തിന്റെ ചട്ടങ്ങളും നിയമങ്ങളും പാലിച്ചു മാത്രം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുക
- D&O (Dangerous & Offensive) വ്യവസായ നിയമം നിർബന്ധമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
- നിർബന്ധമായും കൃഷിസ്ഥലങ്ങളിൽ ശുചിത്വം പാലിക്കുക, കൃഷിയിൽ കെമിക്കൽ കീടനാശിനിയുടെ ഉപയോഗം അനുവദനീയ പരിധിയിൽ നിർത്തുക

മാർഗ്ഗനിർദ്ദേശം 1.14. സാനിറ്റേഷൻ (പൊതുജനാരോഗ്യ സംരക്ഷണം)

- കക്കൂസിന് സെപ്റ്റിക് ടാങ്ക് പണിയുക
- കക്കൂസിനടുത്ത് ആവശ്യത്തിന് ജലലഭ്യത ഉറപ്പാക്കുക
- സുരക്ഷിതമായി മനുഷ്യ വിസർജനം (കുട്ടികളുടെയും)നിർമ്മാർജ്ജനം ചെയ്യുക
- ദ്രവ -ഖര രൂപത്തിലുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുക

- വ്യക്തിഗതമായ ശുചിത്വ പരിപാലനം,പൊതു ജനങ്ങളുടെ ശുചിത്വ പരിപാലനം, സ്ഥാപനങ്ങളുടെ ശുചിത്വ പരിപാലനം എന്നിവ ഉറപ്പ് വരുത്തുക
- സുരക്ഷിതമായ കുടിവെള്ള സംവിധാനം ഏർപ്പെടുത്തുക

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- ❖ ഭക്ഷണം കഴിക്കുന്ന സ്ഥലത്തിന്റെ, ഭക്ഷണശാലയുടെ, അറവുശാലയുടെ, ശവം മറവു ചെയ്യുന്ന ശ്മശാനത്തിന്റെയെല്ലാം ശുചിത്വ മാനദണ്ഡം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- ❖ കക്കൂസിൽ നിന്നും സെപ്റ്റിക്ടാങ്കിൽ നിന്നും നിയമപ്രകാരമുള്ള അകലം വെള്ളത്തിന്റെ ഉറവിടത്തിന് ഉണ്ടെന്ന് ഉറപ്പു വരുത്തുക
- ❖ കുടിവെള്ളത്തിനുവേണ്ട ഗുണനിലവാര മാനദണ്ഡം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും, ഇടവിട്ട് വെള്ളം സാമ്പിൾ പരിശോധന നടത്തുകയും ചെയ്യുക
- ❖ സ്കൂളുകളിൽ പെൺസൗഹൃദ കക്കൂസുകൾ സ്ഥാപിക്കുക
- ❖ ശുദ്ധജലം കുടിക്കുന്നതിനും, ഉപയോഗശൂന്യമായ മാലിന്യവസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക
- ❖ പൊതു സ്ഥലങ്ങളിൽ മതിയാം വണ്ണം കക്കൂസുകൾ സ്ഥാപിക്കുക
- ❖ തുറസ്സായ സ്ഥലങ്ങളിലെ ജലസ്രോതസ്സുകളെ അനധികൃത കയ്യേറ്റത്തിൽ നിന്നും സംരക്ഷിക്കുക
- ❖ നിശ്ചിത സമയപരിധിക്കുള്ളിൽ ക്രമമായി സാമ്പിളുകൾ ശേഖരിച്ച് വിലയിരുത്തുകയും നിലവാരം ക്രമപ്പെടുത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടിയെടുക്കുകയും ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്

മേഖല
5

നവജാതശിശുമരണങ്ങളും 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണങ്ങളും

മാർഗ്ഗനിർദ്ദേശം 1.15. 4 D - പരിശോധന

നാല് ഡി ആരോഗ്യ പരിശോധനകൾ ചെയ്യുന്നത് താഴെ പറയുന്ന നാല് ആരോഗ്യപ്രശ്നങ്ങൾ പ്രാരംഭ ദശയിൽ കണ്ടെത്തുവാനാണ്. ജനനവൈകല്യം, ശാരീരിക കുറവുകൾ, ഹോർമോൺ സംബന്ധമായ രോഗങ്ങൾ, വികാസ വ്യതിയാനങ്ങളും വൈകല്യങ്ങളും, രോഗാവസ്ഥയും കുറവുകളും എത്ര നേരത്തെ കണ്ടെത്തുന്നുവോ അത്രയും വേഗത്തിൽ പ്രതിവിധികൾ നൽകാനും പ്രശ്നങ്ങളുടെ കാഠിന്യവും അനന്തരഫലങ്ങളും ലഘൂകരിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാനും ജില്ലാതല സെന്ററുകളിലും തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലും ലഭ്യമാണ്. മൊത്തം 30 തരം രോഗങ്ങൾ RBSK യുടെ കീഴിലുണ്ട്. ഇത്തരം കേസുകൾ PHC, CHC കേന്ദ്രങ്ങളിൽ പരിഹരിക്കപ്പെടാവുന്നതാണ്. ജന്മനാലുള്ള വൈകല്യങ്ങളും പിന്നീട് കണ്ടെത്തുന്ന വൈകല്യങ്ങളും ചികിത്സിക്കുന്നതിനായി ജില്ലയിലെ ഇടപെടൽ കേന്ദ്രങ്ങളിലും തെരഞ്ഞെടുത്ത ചില സ്ഥാപനങ്ങളിലും ലഘൂകരിക്കാനോ ഇല്ലാതാക്കുവാനോ സാധിക്കും.

മാർഗ്ഗനിർദ്ദേശം 1.16. കുട്ടികളുടെ മരണ കാരണ ഓഡിറ്റ്

യഥാസമയം കുട്ടികളുടെ മരണം (0-5 മാസം) റിപ്പോർട്ട് ചെയ്യുന്നത് മരണ കാരണ പുന:പരിശോധനക്കും താഴെപറയുന്ന കാര്യങ്ങളിലേക്കും ഊന്നൽ നൽകുന്നതിന് സഹായകരമാകും

- ഈ അവലോകനവും അപഗ്രഥനവും എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സേവനപ്രദാന രംഗങ്ങളിൽ എവിടെയെല്ലാം കുറവുകൾ ഉണ്ടെന്ന് കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നതിനും അവസരം ലഭിക്കുന്നു
- നവജാത ശിശുക്കളുടെ മരണം (28 ദിവസത്തിന് താഴെയുള്ള കുട്ടികളുടെ മരണം) 5 വയസ്സ് വരെയുള്ള കുട്ടികളുടെ മരണം എന്നീ വിവരങ്ങൾ ആരോഗ്യമേഖലയിലെ ആസൂത്രകർ, അധികാരികൾ, ഡോക്ടർമാർ എന്നിവർ വിശകലനം ചെയ്താൽ കാലത്തിനനുസരിച്ച് മരണകാരണങ്ങൾക്കുള്ള മാറ്റങ്ങളുണ്ടോയെന്ന് വിലയിരുത്തുന്ന

തിനും ഇവയിൽ ആരോഗ്യ പദ്ധതികളുടെ സ്വാധീനം എത്രയുണ്ടെന്ന് മനസ്സിലാക്കുന്നതിനും വിവിധ തരത്തിലുള്ള പരിപാടികൾക്ക് എത്രയൊക്കെ വിഭവങ്ങൾ വകയിരുത്തണമെന്നും ഏതൊക്കെ തന്ത്രങ്ങൾ ആവിഷ്കരിക്കുമെന്നും മനസ്സിലാക്കാൻ സാധിക്കും. കുട്ടികളുടെ മരണം തടയുന്നതിനും രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ തീരുമാനമെടുക്കുന്നതിനും ഇത് സഹായിക്കുന്നു.

കുട്ടികളുടെ മരണത്തിന്റ പുന:പരിശോധനയിലെ പ്രധാനപ്പെട്ട ചുവടുകൾ

- 0-59 മാസം വരെ പ്രായമുള്ള എല്ലാ കുട്ടികളുടെ മരണവും രേഖപ്പെടുത്തി അയക്കുകയും അവ എവിടെ സംഭവിച്ചു എന്ന് കണക്കിലെടുക്കാതെ (ആശുപത്രി, വീട്, യാത്രാവേളയിൽ) പുന:പരിശോധനക്ക് വിധേയമാക്കേണ്ടതാണ്
- പുന:പരിശോധനാരീതി എല്ലാ കുട്ടികളെ സംബന്ധിച്ചും ഒരേ പോലെയാണ്. എന്നിരുന്നാലും 0-28 ദിവസത്തെ കുട്ടികൾക്കും 29-ാം ദിവസം മുതൽ 12 മാസം വരെയും അതിന് ശേഷം 59-ാം മാസം വരെയുള്ള കുട്ടികളെ സംബന്ധിച്ചും അന്വേഷിക്കേണ്ട വിവരങ്ങളിൽ വ്യത്യാസം ഉണ്ടായിരിക്കും
- കുട്ടികളുടെ മരണകാരണ പുന:പരിശോധന നടത്തുന്നത് രണ്ടു തലങ്ങളിലാണ്. ഒന്ന് സമൂഹ്യ തലത്തിലും, മറ്റൊന്ന് ആരോഗ്യ സംവിധാനത്തിന്റെ തലത്തിലും

സാമൂഹ്യാധിഷ്ഠിത ബാലമരണ വിശകലനം

സ്റ്റെപ്പ് 1 - കുട്ടിയുടെ മരണ റിപ്പോർട്ട്

- ആശ/അങ്കണവാടി വർക്കർ/ജെ.പി.എച്ച്.എൻ, പഞ്ചായത്ത് മെമ്പർ എന്നിവർ ആരെങ്കിലും ബ്ലോക്ക് മെഡിക്കൽ ഓഫീസറെ 24 മണിക്കൂറിനുള്ളിൽ ബാലമരണത്തെകുറിച്ച് വിവരം അറിയിക്കണം
- ബ്ലോക്ക് മെഡിക്കൽ ഓഫീസർ അവരുടെ പ്രദേശത്തെ എല്ലാ മരണത്തിന്റെ വിവരങ്ങളും വിശദമായി പട്ടികപ്പെടുത്തി സൂക്ഷിക്കണം

സ്റ്റെപ്പ് 2 -മരണത്തിന്റെ വിശദമായ പരിശോധന

I. പ്രാഥമികാന്വേഷണം

- പ്രദേശത്തെ എ.എൻ.എം/ ജെ.പി.എച്ച്.എൻ ആണ് പ്രാഥമികാന്വേഷണം നടത്തേണ്ടത്
- ജില്ലാതല മെഡിക്കൽ ഓഫീസറെയാണ് (DMO) ജില്ലയിലെ കുട്ടികളുടെ മരണത്തിന്റെ പുന:പരിശോധനയുടെയും ആസൂത്രണത്തിന്റെയും നടത്തിപ്പിന്റേയും ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നത്
- വിശദമായ പരിശോധനയ്ക്കുള്ള സംഘത്തിൽ രണ്ടുപേരുണ്ടായിരിക്കണം. ഒരാൾ മെഡിക്കൽ രംഗത്ത് നിന്നും (പി.എച്ച്.സി ഡോക്ടർ, ജെപിഎച്ച്എൻ, പബ്ലിക്ക് ഹെൽത്ത് നേഴ്സ്) മറ്റൊരാൾ മെഡിക്കൽ ഇതര സേവന പ്രവർത്തക (ബ്ലോക്ക് സൂപ്പർ വൈസർ, ആശ, എൻ.ജി.ഒ ഫെസിലിറ്റേറ്റർ)

II. ജില്ലാതല നോഡൽ ഓഫീസർ, എല്ലാ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ശേഖരിച്ച് സംസ്ഥാനതല നോഡൽ ഓഫീസർക്ക് ഓരോ മാസവും നിശ്ചിത ഫോർമാറ്റിൽ ക്രോഡീകരിച്ച് അയച്ചു കൊടുക്കണം

III. കുട്ടികളുടെ മരണകാരണറിപ്പോർട്ട് യഥാകാലയളവിൽ കമ്പ്യൂട്ടറിലൂടെ (HMIC ലൂടെ) സബ്സെന്റർ തലം മുതൽ മുകളിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്

IV. സംസ്ഥാനതല നോഡൽ ഓഫീസർ ഇത് ദേശീയാരോഗ്യപദ്ധതി മാനേജർക്ക് രണ്ട് മാസത്തിലൊരിക്കൽ അയച്ചുകൊടുക്കണം

സ്റ്റെപ്പ് 3 – പ്രതികരണ കുറിപ്പ് (ഫീഡ് ബാക്ക്)

കുട്ടികളുടെ മരണത്തിന്റെ പുന:പരിശോധന റിവ്യൂ മുഖേന പദ്ധതികൾ കൂടുതൽ നന്നായി ആസൂത്രണം ചെയ്യുന്നതിനും തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും സാധ്യമാകുന്നു.

സ്ഥാപനതല ശിശുമരണഅവലോകനം (ഫെസിലിറ്റി ബെയ്സ്ഡ് ചൈൽഡ് ഡെത്ത് റിവ്യൂ)

സ്റ്റെപ്പ് 1 – കുട്ടിയുടെ മരണത്തിന്റെ അറിയിപ്പ് (വിളംബരം)

എല്ലാ ആശുപത്രി മരണവും അപ്പോൾ ചുമതലയുള്ള ഡോക്ടർ/വിദഗ്ധ ഡോക്ടർ അറിയിപ്പുകൾ 24 മണിക്കൂറിനുള്ളിൽ സ്ഥാപനത്തിന്റെ നോഡൽ ഓഫീസർക്ക് കൊടുക്കുന്നു. അദ്ദേഹം 48 മണിക്കൂറിനുള്ളിൽ ജില്ലാതല നോഡൽ ഓഫീസറെ അറിയിക്കുന്നു. സ്ഥാപനങ്ങളെ ബന്ധപ്പെടുത്തിയുള്ള മരണത്തിന്റെ പുനപരിശോധന ഫോറം ഡ്യൂട്ടിയിലുള്ള ഡോക്ടറാണ് പൂരിപ്പിയ്ക്കുക.

സ്റ്റെപ്പ് 2 – അന്വേഷണാത്മകപരിശോധന

പ്രത്യേക സാമൂഹ്യഘടകം മരണകാരണമാണോയെന്നും മരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും താമസം നേരിട്ടുണ്ടോയെന്നും പരിശോധിക്കണം

സ്റ്റെപ്പ് 3 – വിവരശൃംഖലയും വിശകലനവും

ആശുപത്രിയിൽ നടക്കുന്ന എല്ലാ കുട്ടികളുടെ മരണവും FNO യുടെ ഓഫീസിൽ നിന്ന് നിശ്ചിത റിവ്യൂ ഫോർമാറ്റിൽ എല്ലാ മാസവും പൂരിപ്പിക്കേണ്ടതാണ്. എല്ലാ വിവരവും ജില്ലാ നോഡൽ ഓഫീസർക്ക് കൈമാറേണ്ടതാണ്. ഈ റിപ്പോർട്ട് ജില്ലാതലത്തിൽ വിശകലനം ചെയ്ത് കാരണം കണ്ടുപിടിച്ച് അത് തടയുന്നതിനുള്ള മാർഗ്ഗങ്ങളോട് കൂടി റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ബാലമരണ റിവ്യൂ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

മാർഗ്ഗനിർദ്ദേശം 1.17. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിലവാരങ്ങൾ

പി.എച്ച്.സി ക്ക് സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കണം. ചുറ്റുപാട് വൃത്തിയുള്ളതായിരിക്കണം. ഇത് എല്ലാവർക്കും എത്തിപ്പെടാവുന്ന വിധത്തിൽ ക്രമീകരിക്കണം. ഇവിടേക്ക് വരാൻ എല്ലാ

കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡ്. ആവശ്യത്തിന് വെള്ളം, ടെലഫോൺ സൗകര്യം, വൈദ്യുതി, വാർത്താവിനിമയ സൗകര്യം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. മാലിന്യ ശേഖരണ സ്ഥലം, കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങൾ എന്നിവയിൽ നിന്ന് അകലെയായിരിക്കണം പ്രാഥമികാരോഗ്യകേന്ദ്രം. ചുറ്റുമതിലും ഗേറ്റും നിർബന്ധമായും ഉണ്ടായിരിക്കണം.

കെട്ടിട വിസ്തൃതി

കെട്ടിടത്തിന് 375-450 ചതുരശ്രമീറ്റർ വിസ്തൃതി ഉണ്ടായിരിക്കണം. ഓപ്പറേഷൻ തിയറ്റർ ഏർപ്പെടുത്തുമ്പോൾ വിസ്തൃതിയിൽ മാറ്റം വരുത്തണം.

സൂചനാ ഫലകങ്ങൾ

കവാടത്തിൽ വലിയ ബോർഡ് പ്രാദേശിക ഭാഷയിൽ എഴുതി സ്ഥാപിക്കണം. ഹെൽത്ത് സെന്ററിൽ പി.എച്ച്.സി യുടെ സീമചിത്രവും, എല്ലാ ചികിത്സാ, പൊതുജനാരോഗ്യ വിഭാഗങ്ങളുടെ രേഖാചിത്രവും, അവയുടെ ദിശാ ഫലകങ്ങളും വരച്ചു വെക്കണം. കുടിവെള്ളം, കക്കൂസ് മൂത്രപ്പുര എന്നിവയും ദിശകാണിച്ചു ബോർഡ് സ്ഥാപിക്കണം.

സിറ്റിസൺ ചാർട്ട് (ജനങ്ങളുടെ അവകാശങ്ങൾ, അവരുടെ ഉത്തരവാദിത്വം എന്നിവ) ഒ.പി ഭാഗത്തും പ്രധാന കവാടത്തിലും പ്രാദേശിക ഭാഷയിൽ എഴുതി പ്രദർശിപ്പിക്കണം.

തസ്സെ വിമുക്ത പശ്ചാത്തല സൗകര്യം

രോഗിക്ക് എളുപ്പത്തിൽ നടക്കുന്നതിനുള്ള സാഹചര്യം, നടക്കാൻ കഴിയാത്തവർക്ക് മുച്ചക്രം, വീൽചെയർ, സ്ട്രക്ച്ചർ, സെമി ആംബുലൻസ് എന്നിവ ഉപയോഗിക്കാൻ കഴിയും വിധം പടികളും തടസ്സങ്ങളും ഒഴിവാക്കണം. കണ്ണുകാണാത്തവർക്കും വയസ്സായവർക്കും സൈനേജ്, കൈവരി എന്നിവ ഉണ്ടാകണം. പിടിച്ചു നടക്കാവുന്ന സൗകര്യവും മതിയാം വണ്ണം വെളിച്ചവും ഉണ്ടായിരിക്കണം. കയറി വരുന്ന ഭാഗത്ത് കൈവരിയോടു കൂടിയ റാംപ് വൃദ്ധർക്കും വികലാംഗർക്കും ഉപകാരപ്രദമായിരിക്കും.

അഗ്നിശമന ഉപകരണം

തീപിടിച്ചു കഴിഞ്ഞാൽ തീകെടുത്തുന്നതിനാവശ്യമായ ഫയർ എക്സ്റ്റിംഗ്വിഷർ, മണൽതൊട്ടി, വെള്ളം നിറച്ച ബക്കറ്റ് എന്നിവ സജ്ജീകരിക്കണം. അതിനോടനുബന്ധിച്ച ജീവനക്കാർക്ക് ഈ വിഷയത്തിൽ പരിശീലനം നൽകേണ്ടതാണ്.

കാത്തിരിപ്പിനുള്ള സ്ഥലം (വെയ്റ്റിംഗ് ഏരിയ)

- ആവശ്യമായ സ്ഥല സൗകര്യവും രോഗികൾക്കും സഹായികൾക്കും ഇരിപ്പിടങ്ങളും സജ്ജീകരിക്കണം
- ചുമരുകളിൽ ആരോഗ്യ വിദ്യാഭ്യാസത്തിനുതകുന്ന പോസ്റ്ററുകൾ, വരച്ച ചിത്രങ്ങൾ എന്നിവ ഉണ്ടായിരിക്കണം.
- ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനുതകുന്ന ലഘുലേഖകൾ പ്രാദേശിക ഭാഷയിൽ ഇവിടെ ലഭ്യമാക്കേണ്ടതാണ്

- കക്കൂസിലും മൂത്രപ്പുരയിലും ആവശ്യത്തിന് വെളിച്ചവും ജലലഭ്യതയും ഉണ്ടായിരിക്കണം. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക സജ്ജീകരിക്കണം
- രോഗികളുടെ കാത്തിരിപ്പ് സ്ഥലത്ത് കുടിവെള്ള സംവിധാനം ഉണ്ടായിരിക്കണം

വിവിധ വിഭാഗങ്ങൾ, വിവിധ സേവനങ്ങൾ, ഡോക്ടറുടെ പേരു വിവരങ്ങൾ, അത്യാഹിത സമയത്ത് വിളിക്കേണ്ട ഫോൺ നമ്പറുകൾ ആശുപത്രി കമ്മിറ്റിയിലെ അംഗങ്ങൾ തുടങ്ങിയവ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

എല്ലാ ആശുപത്രികളിലേയും കാത്തിരിപ്പു സ്ഥലത്ത് പൂട്ടിയ പരാതിപ്പെട്ടി വെയ്ക്കുകയും, പരാതികളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും പരിഹാരം കാണുകയും ചെയ്യേണ്ടതാണ്.

ഔട്ട് പേഷന്റ് (ഒ.പി.) വിഭാഗം

- ചികിത്സയ്ക്കെത്തുന്ന രോഗികളെ കാണുന്നതിനും പരിശോധിക്കുന്നതിനും ഒരു പ്രത്യേക മുറി ഉണ്ടായിരിക്കണം
- പരിശോധനാ മുറിയിൽ സ്വകാര്യത ഉറപ്പാക്കണം
- നല്ല വെളിച്ചവും, വായുസഞ്ചാരവും ഉണ്ടായിരിക്കണം. ജനൽ തുറന്നിടുന്നത് പുറത്തേക്കോ അല്ലെങ്കിൽ വരാന്തയിലേക്കോ ആയിരിക്കണം
- രോഗികളെ നിയന്ത്രിക്കുന്നതിന് ടോക്കൺ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്
- പ്രതിരോധ കുത്തിവെപ്പ്, കുടുംബാസൂത്രണം, കൗൺസലിംഗ് തുടങ്ങിയവയ്ക്ക് പ്രത്യേക മുറികൾ ഉണ്ടായിരിക്കണം

വാർഡ് (ഓരോന്നിനും 5.5മീ.x 3.5മീ.)

- സ്ത്രീകൾക്കും പുരുഷന്മാർക്കും ആവശ്യമായ സജ്ജീകരണങ്ങളോടു കൂടി വെവ്വേറെ വാർഡുകളായിരിക്കണം. ഓരോ വാർഡിലും 4-5 വരെ ബെഡുകളുണ്ടായിരിക്കണം
- അവർക്ക് പ്രത്യേകം കുടിവെള്ളവും കക്കൂസും ഉണ്ടായിരിക്കണം
- ഒ.പി. വിഭാഗവും വാർഡും എളുപ്പം എത്താൻ കഴിയുന്ന വിധമായിരിക്കണം
- ലേബർ റൂമിലേക്ക് എളുപ്പം എത്താൻ കഴിയുന്ന വിധത്തിലായിരിക്കണം നഴ്സിങ്ങ് സ്റ്റേഷൻ
- നഴ്സുമാർ ജോലി കഴിഞ്ഞുപോകുമ്പോൾ അടുത്തതായി വരുന്ന നഴ്സുമാർക്ക് രോഗിയുടെ അവസ്ഥ എഴുതി കൊടുക്കുക
- മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേക സംവിധാനമുണ്ടാക്കുക
- രോഗികളെ പ്രവേശിപ്പിച്ച വാർഡുകളിൽ പാചകം അനുവദിക്കരുത്

- വാർഡുകൾ, കക്കൂസുകൾ, ലേബർ റൂം ഇവയെല്ലാം കൃത്യസമയത്ത് വൃത്തിയാക്കുകയും ഇത് ആശുപത്രി സൂപ്രണ്ട് നിരീക്ഷിക്കുകയും ചെയ്യുക
- ആട്ടോക്ലേവ് കൈകാര്യം ചെയ്യുന്നതിനെ കുറിച്ച് പരിശീലനം ലഭിച്ച ഒരു സ്റ്റാഫ് നിർബന്ധമായും ഉണ്ടായിരിക്കണം
- ഓപ്പറേഷൻ തിയ്യറ്റർ ഉണ്ടെങ്കിൽ അതിൽ എല്ലാ നിലവാരത്തോടും കൂടിയതായിരിക്കണം
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രസവം നടക്കുന്നുണ്ടെങ്കിൽ ലേബർ റൂമുകളിൽ എല്ലാ നിലവാരവും ഉണ്ടായിരിക്കണം

ജനറൽ സ്റ്റോർ

മരുന്ന്, ഭക്ഷണവസ്തുക്കൾ, തുണിത്തരങ്ങൾ, മറ്റുപകരണങ്ങൾ എന്നിവ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സ്റ്റോർ മുറികൾ ഉണ്ടായിരിക്കണം

- മുറി അടച്ചുറപ്പുള്ളതും പൊടി കടക്കാത്ത തരത്തിലുമാകണം
- കാലാവധി തീരാറായ മരുന്ന് വേർതിരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനം ഉണ്ടായിരിക്കണം
- അത്യാവശ്യത്തിന് റാക്കുകൾ ഉണ്ടായിരിക്കണം
- ഉപയോഗശൂന്യമായതും പാഴ് വസ്തുക്കളും മാറ്റിയിടുന്നതിന് പ്രത്യേക സംവിധാനം വേണം

മരുന്ന് സൂക്ഷിപ്പ് വിതരണമുറി (3മീറ്റർ X3മീറ്റർ)

ഇന്ത്യാ ഗവൺമെന്റ് /കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച്

- മരുന്നു കൊടുക്കുന്ന ഫാർമസിയുടെ വിസ്തീർണ്ണം 3 ചതുരശ്ര മീറ്റർ എങ്കിലും വേണം
- കോൾഡ് ചെയിൻ റൂം വിസ്തീർണ്ണം - 3x4 മീറ്റർ
- ലോജിസ്റ്റിക് റൂം (കുത്തിവെപ്പ് സാമഗ്രികൾ തുടങ്ങിയ) 3 x 4 മീ.
- ജനറേറ്റർ റൂം - 3മീ x 4മീ
- ഓഫീസ് റൂം - 3.5 മീx 3മീ
- അഴുക്കായ ഉപയോഗ വസ്തുക്കളുടെ (തുണികളും ഉപയോഗിച്ച പാത്രങ്ങളും മറ്റും) ശേഖരണമുറി

താമസസൗകര്യം

മാന്യമായ താമസസൗകര്യം മെഡിക്കൽ ഓഫീസർമാർക്കും, പാരാമെഡിക്കൽ ജീവനക്കാർക്കും ഏർപ്പെടുത്തണം. ഇതിനായില്ലെങ്കിൽ സ്ഥാപനത്തിനടുത്തായി 24 മണിക്കൂറിൽ എപ്പോൾ വേണമെങ്കിലും അത്യാവശ്യാവസരങ്ങൾ ഡ്യൂട്ടിക്ക് വരാൻ തക്കത്തിന് വാടകവീട് തരപ്പെടുത്തണം

ചുറ്റുമതിലും, അതിർത്തി വേലിയും

സുരക്ഷക്കും, സംരക്ഷണത്തിനുമായി ചുറ്റുമതിലും, അതിർത്തിവേലിയും, ഗെയ്റ്റും ഉണ്ടായിരിക്കണം.

മറ്റു സൗഹൃദസംവിധാനങ്ങൾ

പ്രാഥമികാരോഗ്യകേന്ദ്രം കഴിയാവുന്നിടത്തോളം പ്രകൃതി സൗഹൃദവും ഊർജ്ജക്ഷമവുമായിരിക്കണം, സോളാർ എനർജി, മഴക്കാലജലസംഭരണവ്യവസ്ഥകൾ, ഊർജ്ജക്ഷമമായ വിളക്കുകൾ എന്നീ സൗകര്യങ്ങൾ ഉണ്ടാകുന്നത് നന്നായിരിക്കും

അത്യാവശ്യമുള്ളവ - ജലവിതരണം, ജലസംഭരണി (ടാങ്ക്), പൈപ്പ്ലൈൻ, വൈദ്യുതി കണക്ഷൻ, ഫോൺ കണക്ഷൻ

കമ്പ്യൂട്ടർ - ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കംമ്പ്യൂട്ടർ സംവിധാനം

ക്ലാസ്സെടുക്കുന്ന ഹാൾ/ഓഡിറ്റോറിയം

ട്രെയിനിംഗിനും ക്ലാസ്സെടുക്കുന്നതിനും 30 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം ഉണ്ടായിരിക്കണം. ജനങ്ങൾക്ക് ക്ലാസ്സെടുക്കുന്നതിന്, ട്രെയിനിംഗിന്, ആശമീറ്റിംഗ്, എച്ച്എംസി മീറ്റിംഗ്, ആശുപത്രി സ്റ്റാഫ് മീറ്റിംഗിന് എന്നിവക്ക് ദൃശ്യശ്രവണ സഹായിയുടെ സഹായവും ഉണ്ടായിരിക്കണം

എൻ.എച്ച്.എം ഇപ്പോൾ 3 നേഴ്സ്സുമാരെ നിയമിച്ച് 24X7 സേവനമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് ക്രമേണ എല്ലാ പിഎച്ച്സിയിലേക്കും വ്യാപിപ്പിക്കാൻ കഴിയും.

സേവനങ്ങൾ

1. മാതൃ ശിശു ആരോഗ്യം

ഗർഭകാല പരിശോധനകൾ ആശുപത്രി പ്രസവം അനിവാര്യ സാഹചര്യങ്ങളിൽ വീട്ടിൽ പ്രസവം നടക്കുന്ന സമയത്ത് പരിശീലനം സിദ്ധിച്ചവരുടെ സേവനം അപായസാധ്യതയുള്ള കേസുകൾക്ക് ഉയർന്ന തലത്തിലേക്ക് പരാമർശസേവനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക

സ്റ്റെപ്പ് 1 – പ്രസവാനുബന്ധസേവനം

പ്രസവം ഒരു സാധാരണ ശാരീരിക പ്രക്രിയയാണെങ്കിലും സങ്കീർണതകൾ ഉടലെടുക്കാൻ ഇടയുണ്ട്. അതുകൊണ്ട് തന്നെ പ്രസവത്തോടനുബന്ധിച്ചുള്ള ശുശ്രൂഷകൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ശുചിത്വമാണ് അതിപ്രധാനം ഫലപ്രദമായ പ്രസവസേവനങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. രോഗാണുസംക്രമണം പൂർണമായും തടയുക
2. പ്രസവത്തിൽ അമ്മക്കും കുഞ്ഞിനും കഴിയാവുന്നത്ര കുറച്ച് ക്ഷതങ്ങളും മുറിവുകളും മാത്രം ഇടവരുത്തുക
3. സങ്കീർണ്ണതകൾ ഉണ്ടായാൽ അവയെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ്

4. പ്രസവസമയത്ത് ശിശുവിന്റെ ഉത്തമപരിചരണം - പൊക്കിൾകൊടികെട്ടൽ, കണ്ണുകൾ വൃത്തിയാക്കുക, ശ്വാസോശ്വാസം നേരെയാക്കൽ തുടങ്ങിയവ ശ്രദ്ധിക്കുക

    - സമ്പൂർണ്ണ മുലയൂട്ടുന്നതിനുള്ള കൗൺസലിംഗ്, ആറാംമാസം മുതൽ മുലപാലിന് പുറമേ മാർദ്ദവമുള്ള ആഹാരം തുടങ്ങൽ, കുട്ടിയുടെ വളർച്ചയും വികസനവും തിട്ടപെടുത്തൽ, പ്രതിരോധ ചികിത്സാ സേവനങ്ങൾ
    - ന്യൂനപോഷണ രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ, വിളർച്ച, പനി തുടങ്ങിയവയുടെ തുടർച്ചയായ വിലയിരുത്തലും ആവശ്യമായ ഇടപ്പെടലും (ഐ എം എൻ സി ഐ സ്റ്റാട്രജി)
    - ശിശുക്കളുടേയും കുട്ടികളുടേയും നാമാധിഷ്ഠിത തുടർനടപടി വഴി പ്രതിരോധചികിത്സ മുഴുവനാക്കുക
    - പ്രതിരോധ കുത്തിവെയ്പ്പിനു ശേഷം പുനർ സന്ദർശനവും പാർശ്വഫലങ്ങൾ/ പ്രത്യാഘാതങ്ങൾ ഉണ്ടായാൽ അവയുടെ തൽക്ഷണ റിപ്പോർട്ടിങ്ങും സഹായവും
    - കുടുംബാസൂത്രണവും ഗർഭനിരോധനവും
    - കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച ദമ്പതികളെ പുനർ സന്ദർശിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക

2. സുരക്ഷിത ഗർഭച്ഛിദ്രം (MTP)

- സേവനം ആവശ്യമായവർക്ക് ഉപദേശങ്ങൾ നൽകലും പരാമർശ സേവനവും
- ഗർഭച്ഛിദ്രത്തിനുശേഷം സങ്കീർണതകൾ ഉണ്ടായാൽ സഹായവും പരാമർശ സേവനവും

3. അടിസ്ഥാന ചികിത്സാസേവനം

ലഘുതര രോഗങ്ങൾ, പനി, വയറിളക്കം, ശ്വാസകോശരോഗങ്ങൾ, കൃമിരോഗങ്ങൾ തുടങ്ങിയവയ്ക്ക് മരുന്നും ചികിത്സയും ജന്തുജന്യ അപകടങ്ങൾക്ക് (നായ, പാമ്പ്..) ആവശ്യത്തിനുള്ള പ്രഥമശുശ്രൂഷയും പരാമർശസേവനങ്ങളും.

4. കൗമാര ആരോഗ്യസേവനം

- കൗൺസലിംഗ്, ബോധവൽക്കരണം, പരാമർശസേവനം
- വിളർച്ച രോഗങ്ങൾ തടയലും ചികിത്സയും
- മദ്യ-പുകവലി ദുരുപയോഗത്തിന്റെ ദൂഷ്യവശങ്ങളെകുറിച്ച് കൗൺസലിംഗ്

5. സ്ക്കൂൾ ഹെൽത്ത് സേവനങ്ങൾ

- ആരോഗ്യ പ്രവർത്തകർ സ്ക്കൂൾ സന്ദർശനം നടത്തി കുട്ടികളുടെ സ്ക്രീനിംഗ്, ലഘു പ്രശ്നങ്ങൾക്കുള്ള ചികിത്സ പ്രതിരോധ കുത്തിവെയ്പ്പ്, ഡിവോംമിംഗ്, വിളർച്ചനിരീക്ഷണം, IFA ടാബ്ലറ്റ് വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തുക

- സബ്സെന്റർ ജീവനക്കാർ ടീമിന് സഹായം നൽകും

6. പ്രാദേശികമായി കാണപ്പെടുന്ന വ്യാധികൾക്കുള്ള ചികിത്സ

- മലേറിയ, ഫൈലേറിയ, ഡങ്കിപനി, മസ്തിഷ്ക്കപനി തുടങ്ങിയ ചില രോഗങ്ങൾ, ചില പ്രദേശങ്ങളിൽ തുടർച്ചയായി കാണപെടുമ്പോൾ അത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും റിപ്പോർട്ട് ചെയ്യുക
- പകർച്ചവ്യാധി പൊട്ടി പുറപ്പെട്ടാൽ കേന്ദ്ര സർക്കാർ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച ആവശ്യമായ നടപടികളും സഹായങ്ങളും സ്വീകരിക്കുക
- പകർച്ച വ്യാധികളായ വയറിളക്കം, പനി, പൊങ്ങൻ പനി, മഞ്ഞപിത്തം തുടങ്ങിയവ സാധാരണയിൽ കൂടുതലായി കണ്ടെത്തിയാൽ തുടർച്ചയായ നിരീക്ഷണവും റിപ്പോർട്ടിംങ്ങും
- അസാധാരണമായ രോഗബാധകൾ ശ്രദ്ധയിൽപെട്ടാൽ ഉയർന്ന ജാഗ്രതക്കായി ഉന്നതതലങ്ങളിലേക്ക് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രതിവാര റിപ്പോർട്ടിംഗ്

7. മാലിന്യനിർമാർജ്ജനവും ശുദ്ധജലവും

- കുടിവെള്ള സ്രോതസ്സുകൾ രോഗാണുവിമുക്തമാക്കൽ (ക്ളോറിനേഷൻ)
- ശൗചാലയങ്ങളുടെ ഉപയോഗം ശാസ്ത്രീയമായ മാലിന്യ നിർമാർജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുക

8. വീട് വീടാന്തര സർവ്വെ

എല്ലാ വർഷവും കഴിയുമെങ്കിൽ ഏപ്രിൽ മാസത്തിൽ കുടുംബ സർവ്വെ നടത്തിയിരിക്കണം. ചില പ്രത്യേക രോഗങ്ങൾക്ക് തനിച്ചുള്ള സർവ്വേകളും ആവശ്യമായി വരും സർവ്വേകൾ ആശാവർക്കർ, അങ്കണവാടി വർക്കർ, കമ്മ്യൂണിറ്റി ഹെൽത്ത് വർക്കർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയും പഞ്ചായത്ത് അംഗങ്ങൾ, വില്ലേജ് ഹെൽത്ത് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരുടെ പിൻതുണയോടെ സംഘടിപ്പിക്കേണ്ടതാണ്. ഹെൽത്ത് വർക്കർ സർവ്വെക്ക് നേതൃത്വം നൽകുകയും ഉത്തരവാദിത്തോടെ റിപ്പോർട്ട് തയ്യാറാക്കുകയും ക്രോഡീകരിക്കുകയും വേണം

- യുവദമ്പതികളുടെ (18-50 വയസ്സ്) പട്ടിക തയ്യാറാക്കുകയും കുടുംബാസൂത്രണവുമായി ബന്ധപെട്ട കാര്യങ്ങൾ തിട്ടപെടുത്തുകയും ചെയ്യുക
- ത്വക്ക് രോഗങ്ങൾ കണ്ടെത്തി കുഷ്ഠരോഗ സംശയമുള്ളവരെ പരാമർശസേവനങ്ങൾക്ക് വിധേയമാക്കുക
- ദൃശ്യ വൈകല്യമുള്ളവരെ കണ്ടെത്തി പട്ടിക തയ്യാറാക്കുക
- ശ്രവണ വൈകല്യങ്ങൾ കണ്ടെത്തിയവരുടെ പട്ടിക തയ്യാറാക്കുക
- മന്തുരോഗ ബാധിത പ്രദേശങ്ങളിൽ സാർവ്വത്രിക പ്രതിരോധമരുന്ന് വിതരണം ചെയ്യുക

- അംഗപരിമിതരെ തിരിച്ചറിഞ്ഞ് പട്ടികപെടുത്തലും പരാമർശസേവനങ്ങളും
- വയോജനങ്ങളെ കണ്ടെത്തി പട്ടികപെടുത്തുകയും പ്രത്യേകസേവനങ്ങൾ ആവശ്യമുള്ളവരെ സഹായിക്കുകയും ചെയ്യുക
- മനോരോഗങ്ങളും, മാനസിക വെല്ലുവിളികൾ ഉള്ളവരെയും, ചുഴലി രോഗം ബാധിച്ചവരെയും കണ്ടെത്തി പട്ടികപ്പെടുത്തി പരാമർശസേവനങ്ങൾക്ക് വിധേയമാക്കുക

9. ജീവപ്രധാനമായ സംഭവങ്ങൽ (വൈറ്റൽ ഇവന്റ് സ്)രേഖപ്പെടുത്തൽ

ജനനം മരണം തുടങ്ങിയ ജീവപ്രധാനമായ കാര്യങ്ങൾ സംഭവിക്കുമ്പോൾ അത് രേഖപെടുത്തി റിപ്പോർട്ട് ചെയ്യുകയും ആരോഗ്യഉന്നതകേന്ദ്രങ്ങളെ അറിയിക്കുകയും വേണം

മാർഗ്ഗനിർദ്ദേശം 1.18. സബ്സെന്ററിന്റെ ഗുണനിലവാരം

ജനങ്ങൾ ബന്ധപ്പെട്ടു വരുന്ന പൊതുജനാരോഗ്യ ശൃംഖലയിലെ പ്രാദേശികമായ കണ്ണിയാണ് സബ്സെന്റർ. ഗ്രാമപ്രദേശങ്ങളിൽ 5000 പേർക്കും, പട്ടികവർഗ മേഖലകളിൽ 3000 പേർക്കും ഒരു സബ്സെന്റർ വീതം ഉണ്ടായിരിക്കും.

ഇന്ന് സമൂഹവുമായി ആരോഗ്യ വകുപ്പ് ആദ്യം ബന്ധം വരുന്നത് സബ്സെന്ററിലാണ്. അതുകൊണ്ട് നമ്മുടെ ദേശീയ പദ്ധതികളുടെ വിജയം ഒരു പരിധിവരെ സബ്സെന്ററിന്റെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കും. സബ്സെന്ററിന്റെ ധർമ്മങ്ങൾ താഴെപറയുന്ന പ്രവർത്തനങ്ങൾ നല്ല ഗുണനിലവാരത്തിൽ നടത്തുക എന്നതാണ്.

ഭൗതിക സംവിധാനം

സബ്സെന്ററിന് സ്വന്തമായി കെട്ടിടമുണ്ടായിരിക്കണം. ഇത് സാധ്യമായില്ലെങ്കിൽ ജനങ്ങൾ കൂടുതലുള്ള സ്ഥലത്ത് വാടകകെട്ടിടത്തിൽ സബ്സെന്റർ തുടങ്ങാം. സംസ്ഥാന സർക്കാരിന് വിവിധ ആരോഗ്യ പരിപാടികളിൽ നിന്നോ വേറെ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നോ ഫണ്ട് സ്വീകരിക്കാവുന്നതാണ്

സ്ഥാപനം സ്ഥിതി ചെയ്യുന്നിടം

ഗ്രാമത്തിന്റെ കേന്ദ്രഭാഗത്ത് ജനങ്ങൾക്ക് എളുപ്പം വരാവുന്നയിടമായിരിക്കണം. ഇതോടൊപ്പം JPHN ന്റെ സുരക്ഷിതത്വവും ഉറപ്പു വരുത്തണം. ഒരാളും സബ്സെന്ററിലെത്താൻ 3 കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടി വരരുത്. സബ് സെന്റർ അറവുശാലകൾക്കും, മാലിന്യ സംസ്ക്കരണ പ്രദേശങ്ങളിൽ നിന്നും വളരെ ദൂരെയായിരിക്കണം. മാത്രമല്ല വാർത്താവിനിമയ സംവിധാനം നിർബന്ധമായും ഉണ്ടായിരിക്കണം. ആരോഗ്യമേഖല സബ്സെന്റർ പ്രദേശം തെരഞ്ഞെടുക്കുന്നത് തദ്ദേശഭരണസ്ഥാപനത്തോട് കൂടിയാലോചിച്ചിട്ടായിരിക്കണം

കെട്ടിടം

സബ്സെന്റർ കെട്ടിടവും മതിലും സുരക്ഷിതവും ഗേറ്റോടും കൂടിയതുമായിരിക്കണം. സബ്സെന്ററിൽ തീർച്ചയായും ANMന് താമസ സൗകര്യം ഏർപ്പെടുത്തിയിരിക്കണം. ആവശ്യമെങ്കിൽ ആരോഗ്യ പ്രവർത്തകന് താമസ സൗകര്യം ഒരുക്കി കൊടുക്കണം. സബ്സെന്ററിന്റെ മുൻവശം ആളുകൾക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും വിധമായിരിക്കണം. വൃദ്ധർക്കും അംഗവൈകല്യമുള്ളവർക്കും കൂടി സൗഹൃദപരമായിരിക്കണം. കെട്ടിടവും പ്രവേശന കവാടവും സ്ട്രെക്ച്ചറും ട്രോളിയും കടക്കാൻ കഴിയും വിധം കൈവരിയോട് കൂടിയ റാമ്പും ഉണ്ടായിരിക്കണം. ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് ANMന്റെ താമസസ്ഥലവും സബ്സെന്ററും തമ്മിൽ അകലം കുറയ്ക്കുക. താമസ സ്ഥലവും സബ്സെന്ററിനും വെവ്വേറെ പ്രവേശന കവാടം നിർബന്ധമായിരിക്കണം.

സേവനങ്ങൾ

1. **കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടി**
   - അയേൺ & ഫോളിക് ആസിഡ് വിതരണം (WIFS)
   - കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള ആരോഗ്യ പരിശോധന
   - കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള വിവര വിനിമയങ്ങളും കൗൺസലിംഗും
   - വ്യക്തി ശുചിത്വം, ആർത്തവ ശുചിത്വം തുടങ്ങിയ ശുചിത്വ ക്ലാസ്സുകൾ
2. **ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും**
   - നിയമാനുസൃത പരിശോധനകൾ ഉറപ്പു വരുത്തൽ
   - അപായകരമായ ഗർഭാവസ്ഥയുടെ തുടർ പരിശോധനകൾ, അനുബന്ധസഹായങ്ങൾ
   - JSY/JSSK രജിസ്ട്രേഷനും സഹായ സംവിധാനങ്ങളും പ്രവർത്തിപ്പിക്കുക
   - പ്രസവാനന്തര സന്ദർശനവും പരിചരണ നിർദ്ദേശങ്ങളും നൽകുക
3. **നവജാത ശിശുക്കളും കുട്ടികളുടെ ആരോഗ്യവും**
   - പ്രതിരോധ കുത്തിവെപ്പുകൾ സമ്പൂർണ്ണമാക്കൽ
   - RBSK വഴിയുള്ള 4D നടപടിക്രമങ്ങൾ ഉറപ്പാക്കൽ
   - ഗർഭകാലം തികയാതെ പ്രസവിച്ച കുട്ടികൾക്കുള്ള പരിചരണവും റഫറലും
   - ശിശുക്കൾക്കുള്ള പരിചരണത്തിന്റെയും ഉത്തേജനത്തിന്റേയും ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം
4. **പ്രത്യുദ്പാദന വിവാഹ പ്രായക്കാർക്കുള്ള സേവനം**
   - സാമൂഹ്യാധിഷ്ഠിത പ്രാഥമിക ഗർഭനിരോധന ഉപാധികളുടെ പ്രചരണം
   - ഒരു കുഞ്ഞിന്റെ ജനനത്തിന് ശേഷം അടുത്ത ഗർഭധാരണം വരെയുള്ള ഇടവേള കൂട്ടുന്നത് പ്രോത്സാഹിപ്പിക്കൽ

- വന്ധ്യംകരണം/കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കൽ
- സമഗ്രമായ ഗർഭമലസൽ പരിചരണം
- ലൈംഗിക രോഗ വ്യാപനം തടയൽ

പ്രസവപൂർവ്വ സേവനങ്ങൾ

- ഗർഭിണികളുടെ രജിസ്ട്രേഷൻ
- കുടുംബസന്ദർശനങ്ങൾ/ഗർഭകാല പരിശോധനകൾ
- പ്രത്യേകശ്രദ്ധ വേണ്ട ഗർഭിണികളെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യൽ
- ഇമ്മ്യൂണൈസേഷൻ, അയൺ ആന്റ് ഫോളിക് ആസിഡ് വിതരണം എന്നിവ ഉറപ്പാക്കൽ
- എം.സി.പി കാർഡ് പൂർണ്ണമാക്കൽ - ഗർഭിണിയുടെ തൂക്കം രേഖപ്പെടുത്തൽ
- ഗൃഹസന്ദർക്കവും ആവശ്യമായ നിർദ്ദേശങ്ങൾ നൽകലും
- ഗർഭകാല ആനുകൂല്യങ്ങൾ ഉറപ്പാക്കൽ, പ്രസവത്തിനായി വാഹനസൗകര്യം ആവശ്യമായവർക്ക് ലഭ്യമാക്കൽ
- അപകടകരമായ ഗർഭാവസ്ഥകൾ തുടർ പരിശോധനയ്ക്ക് വിധേയമാക്കൽ
- മുലപ്പാലൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ചും 6 മാസം വരെ മുലപ്പാൽ മാത്രം കൊടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള കൗൺസലിംഗ് നൽകൽ

പൊതു സേവനങ്ങൾ

- അടിയന്തിര ഘട്ടങ്ങളിൽ പ്രസവം നടത്തുന്നതിന് സഹായിക്കുക
- കുടുംബാസൂത്രണ പ്രചരണങ്ങളും സഹായങ്ങളും
- പ്രതിരോധ കുത്തിവെപ്പുകളും പ്രതിരോധ ഔഷധ ചികിത്സയും 100% ഉറപ്പു വരുത്തുക
- ശാസ്ത്രീയ ഗർഭമലസിപ്പിക്കൽ ആവശ്യമുള്ളവർക്ക് അനുയോജ്യമായ ഉപദേശം നൽകുക
- സ്കൂൾ ആരോഗ്യപരിപാടിയിൽ പങ്കെടുക്കുക
- ഗ്രാമാരോഗ്യസമിതി, പകർച്ചവ്യാധി നിയന്ത്രണ പരിപാടി എന്നിവകളിൽ സജീവമായി പങ്കെടുക്കുക
- വീടുവീടാന്തരമുള്ള കുടുംബ സർവ്വേ - ഫാമിലി സർവ്വേ രജിസ്റ്റർ തയ്യാറാക്കുക
- വിവാഹ, ജനന-മരണ (വൈറ്റൽ/ ഇവന്റ്) രേഖകൾ സൂക്ഷിക്കൽ
- RMNCH (ARSH) പരിപാടികളുടെ നടത്തിപ്പും പോഷണ ആരോഗ്യക്ലാസ്സുകൾ നൽകലും

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- പി.എച്ച്.സി യിലെയും സബ്സെന്ററിലെയും പോരായ്മകളും കുറവുകളും കണ്ടെത്താൻ ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഇടയ്ക്കിടെ ഈ സ്ഥാപനങ്ങൾ സന്ദർശിക്കുക
- തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗങ്ങളിൽ കണ്ടെത്തിയ കുറവുകളും പരിഹാര നടപടികളും ചർച്ച ചെയ്യുക
- സംവിധാനങ്ങൾ ഉയർത്താൻ മെയിന്റനൻസ് ഫണ്ട് കൊടുക്കുക
- ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ശാക്തീകരിക്കുകയും ഓരോ അംഗത്തിനും പ്രത്യേകം മേൽനോട്ട ചുമതല കൊടുക്കുക
- സ്റ്റാഫുകളുടെ കുറവ് പരിഹരിക്കാൻ ഗവൺമെന്റുമായി ഇടപെടുകയും പരിഹാരം കാണുകയും ചെയ്യുക

മാർഗ്ഗനിർദ്ദേശം 1.19. സബ്സെന്ററിന്റെ ഗുണനിലവാരം

പ്രാഥമികാരോഗ്യകേന്ദ്രം ബാലസൗഹൃദമാക്കുന്നതിന് താഴെ പറയുന്ന നിലവാരം ഉറപ്പു വരുത്തുക

- ആരോഗ്യകേന്ദ്രത്തിലേക്ക് സുരക്ഷിതമായ റോഡും ഗതാഗത സൗകര്യവും ഉണ്ടായിരിക്കണം
- വൃത്തിയുള്ളതും പ്രകൃതിസൗഹൃദവും ആകർഷണീയവുമായ പരിസ്ഥിതി
- നിലവാരമുള്ള ശുചിത്വവും ശാസ്ത്രീയമായ മാലിന്യസംസ്ക്കരണവും
- എല്ലാ ആരോഗ്യ പ്രവർത്തകരും കുട്ടികളുടെ അവകാശത്തെ കുറിച്ച് പരിശീലനം ലഭിച്ചവരായിരിക്കണം
- കുടിവെള്ള സംവിധാനം, കക്കൂസ് എന്നിവ കുട്ടികൾക്ക് സൗഹൃദപരമായിരിക്കണം. കുട്ടികളെയും ഗർഭിണികളെയും പരിശോധിക്കാൻ പ്രത്യേക സൗകര്യമുള്ള മുറിയൊരുക്കണം. കുട്ടികൾക്ക് സൗഹൃദപരമായ ഭൗതിക സംവിധാനവും ചുമരുകളിൽ കുട്ടികളെ ആകൃഷ്ടരാക്കുന്ന ചിത്രകലയും ഉണ്ടായിരിക്കണം
- മുലയൂട്ടുന്നതിന് പ്രത്യേക മുറിയുണ്ടായിരിക്കണം
- 15 ദിവസത്തിലൊരിക്കൽ കുട്ടികൾക്കും ഗർഭിണികൾക്കും പ്രത്യേക ക്ലിനിക്കുകൾ ഉണ്ടായിരിക്കണം
- വേദനരഹിതമായ കുത്തിവെയ്പ്പ് സംവിധാനം ഒരുക്കണം

- പ്രതിരോധ കുത്തിവെയ്പ്പിനെ കുറിച്ചും, ഗർഭിണികൾക്കുള്ള സേവനങ്ങളെ കുറിച്ചും 4 D, WIFS നെ കുറിച്ചെല്ലാം എഴുതിയ ചാർട്ട് പ്രദർശിപ്പിക്കണം. മാത്രമല്ല കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള IEC യും ഉണ്ടായിരിക്കണം
- JSY യും RBSK യും 100% വും നൽകിയിരിക്കണം
- വൈകല്യമുള്ള കുട്ടികളെ നേരത്തെ തിരിച്ചറിയാനുള്ള സംവിധാനം ഉണ്ടായിരിക്കണം
- തദ്ദേശഭരണപ്രദേശത്തുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ ആരോഗ്യ പരിപാടിയുടെ സേവനം ലഭ്യമാക്കണം
- ഗർഭിണികൾക്കും കുട്ടികൾക്കും 24 മണിക്കൂറും പ്രത്യേക പരിഗണന ലഭ്യമാക്കുന്നതിന് ഡോക്ടർമാർക്കും നഴ്സുമാർക്കും താമസ സൗകര്യം ഉണ്ടായിരിക്കണം

വൈപ്പിൻ ദ്വീപിലെ എടവനക്കാട് ബാലസൗഹൃദ – പ്രാഥമിക ആരോഗ്യകേന്ദ്രം

ഏത്കുട്ടിയാണ് കുത്തിവെയ്പ്പിനെ പേടിക്കാത്തത്? വെള്ള കോട്ടണിഞ്ഞ ഡോക്ടറെ കാണുമ്പോൾ എല്ലാ കുട്ടികൾക്കും പേടിയും ഉത്കണ്ഠയുമാണ് അത് രക്ഷിതാക്കളെയും ബാധിക്കുന്നു

ഇതിൽ നിന്നൊക്കെ വേറിട്ടു നിൽക്കുന്നതാണ് എടവനക്കാട് പ്രാഥമികാരോഗ്യകേന്ദ്രവും അവിടുത്തെ ഡോ. ഷാജിയ മാലിക്കും ടീമംഗങ്ങളും. അവർക്കു പിന്നിൽ എല്ലാ സഹായ സഹകരണങ്ങളുമായി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ആനന്ദവല്ലി ചെല്ലപ്പനും പഞ്ചായത്തംഗങ്ങളുമുണ്ട്. കൂടാതെ ശ്രീ. ജെറി ബെനഡിക്ടിന്റെ പങ്കും എടുത്തു പറയേണ്ടതാണ്.

പ്രതിരോധ കുത്തിവെയ്പ്പിന് കുട്ടികൾ വാശി കാണിക്കുന്ന സമയത്താണ് വേദനരഹിത കുത്തിവെയ്പ്പിനെയും കാത്തിരിക്കുന്ന കുട്ടികളുടെ വിഷമം കുറയ്ക്കുന്നതിനുള്ള വഴികളെയും പറ്റി ചിന്തിക്കുന്നത്.

2014 ഫെബ്രുവരിയിൽ അവർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചുമരുകളിൽ കുട്ടികളെ ആകൃഷ്ടരാക്കുന്ന ചിത്രങ്ങൾ വരച്ചു, കളിപ്പാട്ടങ്ങൾ വാങ്ങി, കളിക്കാനുള്ള തൊട്ടിൽ, കുതിര, ബാസ്ക്കറ്റ്ബോൾ കോർട്ട് എന്നിവയുണ്ടാക്കി. കുട്ടികൾക്കായി ഒരു കോർണർ ആശുപ

ത്രിയിലുണ്ടാക്കി. കുട്ടികൾ ആശുപത്രിയിൽ വരാൻ ഇപ്പോൾ പേടി കാണിക്കുന്നില്ലെന്നാണ് അമ്മമാർ പറയുന്നത്.

തദ്ദേശഭരണസ്ഥാപനത്തിന്റെ സഹായത്തോടെ ആരോഗ്യ ദിനങ്ങളായ പോളിയോദിനം, പ്രമേഹദിനം, ലഹരി വിരുദ്ധദിനമെല്ലാം എല്ലാ വിദ്യാലയങ്ങളിലും ആചരിച്ചു. റാലിയും നിശ്ശബ്ദ പ്രചരണവുമെല്ലാം പകർച്ച വ്യാധിക്ക് എതിരായി സംഘടിപ്പിച്ചു.

കർഷകരും, മത്സ്യതൊഴിലാളികളും താമസിക്കുന്ന ഈ പ്രദേശം സുനാമി ദുരിതത്തിൽ പെടുകയും അതിന്റെ ആശ്വാസനിധി കിട്ടിയത് മൂലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് നല്ലൊരു കെട്ടിടം ഉണ്ടാക്കി. മനോഹരമായ കെട്ടിടം മാത്രമല്ല സേവനത്തിലും പെരുമാറ്റത്തിലും അവർ നല്ല നിലവാരം പുലർത്തുന്നു. തദ്ദേശഭരണസ്ഥാപനത്തിന്റെ സഹായത്തോടെയാണ് ഈ പ്രാഥമികാരോഗ്യകേന്ദ്രം ഇന്ന് ജനസൗഹൃദ, ബാലസൗഹൃദ പ്രാഥമികാരോഗ്യമായത്. ദിവസം നൂറോളം പേർ ഇവിടെ ചികിത്സക്കെത്തുന്നു.

അദ്ധ്യായം 2

കുട്ടികളുടെ വികസനം

മേഖല
1

വികസനത്തിനുവേണ്ടിയുള്ള ശൈശവകാലപരിചരണവും പ്രചോദനവും

മാർഗ്ഗനിർദ്ദേശം 2.1. ഗർഭാവസ്ഥയിലും ശൈശവത്തിലും മാതാപിതാക്കളുടെ പരിചരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സുപ്രധാന സന്ദേശങ്ങൾ

- ഗർഭിണികൾക്കാവശ്യമുള്ള പോഷകാഹാരം, വിശ്രമം, നിർബന്ധിത വൈദ്യശുശ്രൂഷകൾ എന്നിവയെ കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കുക
- സൗകര്യപ്രദമായ ആശുപത്രികളിൽ പ്രസവം പ്രോത്സാഹിപ്പിക്കുക
- 6 മാസം വരെ മുലയൂട്ടൽ മാത്രം നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുക
- കുഞ്ഞുങ്ങൾ ഭക്ഷണം നൽകുമ്പോഴും ഉറക്കുമ്പോഴും താരാട്ടു പാട്ടുകളോ മറ്റു പാട്ടുകളോ പാടുക
- മുല കുടിക്കുമ്പോൾ കുഞ്ഞുങ്ങളുടെ കണ്ണിലേക്ക് നോക്കുകയും, തിരിച്ച് സംസാരിക്കാൻ കഴിയില്ലെങ്കിലും അവരുമായി സംസാരിക്കുകയും ചെയ്യുക
- എണ്ണ തേക്കുമ്പോഴും കുളിപ്പിക്കുമ്പോഴും ഡ്രസ്സ് ധരിപ്പിക്കുമ്പോഴും കുട്ടികളുമായി കളിക്കുകയും കൈകൊട്ടുകയും ചെയ്യുക
- മൂത്ത കുട്ടികളുമായും മറ്റു കുടുംബാംഗങ്ങളുമായും സംസാരിക്കാനും പാട്ടുപാടാനും തൊട്ടു കളിക്കാനുമുള്ള അവസരമൊരുക്കുക
- പല നിറങ്ങളിലും, രൂപത്തിലും, വലിപ്പത്തിലുമുള്ള സുരക്ഷിതമായ കളിപ്പാട്ടങ്ങൾ തൂക്കിയിട്ടു കൊടുക്കുക
- നീന്തി കളിക്കുന്ന പ്രായത്തിൽ പല നിറമുള്ള സുരക്ഷിതമായ സാധനങ്ങൾ കളിക്കാനായി നൽകുക (ഉദാ. സ്പൂൺ, പ്ലാസ്റ്റിക് വളകൾ, ബോളുകൾ)
- വീടുകളിൽ വളർത്തു മൃഗങ്ങൾ, കോഴികുഞ്ഞുങ്ങൽ, പച്ചക്കറി, പൂക്കൾ, കിളികൾ, പൂമ്പാറ്റകൾ എന്നിവയെ കാണിക്കാനും അവയെകുറിച്ച് സംസാരിക്കാനും മാതാപിതാക്കളെയും പരിചാരകരെയും പ്രോത്സാഹിപ്പിക്കുക
- ദിവസത്തിൽ കുറച്ച് സമയം കുഞ്ഞുങ്ങളോടൊത്ത് സംസാരിക്കാനും, പരിചരിയ്ക്കാനും സമയം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ച് മാതാപിതാക്കളെ ബോധവാന്മാരാക്കുക
- കുട്ടികളെ വീടുകളിൽ തനിച്ചാക്കി പോകാതിരിക്കാൻ മാതാപിതാക്കൾക്കും പരിചരിക്കുന്നവർക്കും ജാഗ്രതാനിർദ്ദേശം നൽകുക

മേഖല
2

സാർവ്വത്രിക ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും (പ്രീ-സ്ക്കൂൾ ECCE) 3-5 വയസ്സ് വരെ

മാർഗ്ഗനിർദ്ദേശം 2.2. മാനദണ്ഡപ്രകാരം നിലവാരമുള്ള അങ്കണവാടികൾ

ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്നതിന് 1975 ൽ ആവിഷ്കൃതമായ പരിപാടിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സംവിധാനമാണ് അങ്കണവാടി. ശിശുക്കൾക്കായി അനുപൂരക പോഷണം, പരിചരണ സേവനം, പ്രീസ്കൂൾ വിദ്യാഭ്യാസം തുടങ്ങിയ സേവനങ്ങൾ നടപ്പിലാക്കുക എന്നതാണ് അങ്കണവാടികളുടെ അടിസ്ഥാനപരമായ ലക്ഷ്യം. എന്നാൽ ഈ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പൊതുവായി താഴെപറയുന്ന പരിമിതികൾ അനുഭവപ്പെടുന്നുണ്ട്.

- കെട്ടിടം
- കളിസ്ഥലം
- ശുദ്ധജലവും ശുചിത്വസൗകര്യങ്ങളും
- പരിശീലനം സിദ്ധിച്ച യോഗ്യതയുള്ള ജീവനക്കാർ
- സാമൂഹ്യ ഉടമസ്ഥതയുടെയും പങ്കാളിത്തത്തിന്റെയും അഭാവം
- പോഷകാഹാരം, കുട്ടികളുടെ വികസനം, കൗമാര പ്രായക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച സുവ്യക്ത ധാരണകളുടെ അഭാവം

അങ്കണവാടികളുടെ നിലവാരം സംബന്ധിച്ച ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് അനിവാര്യമായ സേവനങ്ങൾ അംഗീകൃതവും ഗുണമേന്മയുള്ളതുമായ നിലവാരത്തിൽ ഉറപ്പാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ആർജ്ജിക്കുക
- സേവനങ്ങൾ സാമൂഹിക ആവശ്യങ്ങൾക്കും അവരുടെ പ്രതീക്ഷകൾക്കും അനുയോജ്യമായ വിധത്തിൽ ഉറപ്പാക്കുക

അങ്കണവാടികളുടെ നിലവാരം- അനിവാര്യഘടകങ്ങൾ

- പ്രദേശവും സൗകര്യങ്ങളും
- അടിസ്ഥാന സൗകര്യങ്ങൾ
- ക്ലാസ് മുറികളും അടുക്കളയും കലവറയും
- ശിശു സൗഹൃദ ശുചിമുറിയും, കൈകഴുകുന്ന ഇടങ്ങളും
- ശുദ്ധമായ കുടിവെള്ളം
- സുരക്ഷിതവും ആകർഷണീയതുമായ കളിസ്ഥലങ്ങൾ

1. **സ്ഥാനവും സ്ഥലവും:** കൂടുതൽ കുട്ടികൾക്ക് എളുപ്പം എത്തിച്ചേരാൻ കഴിയുന്ന അപകടരഹിതമായ സ്ഥലത്തായിരിക്കണം അങ്കണവാടി.

   എ. ഭൂവിസ്തൃതി - മൂന്നു സെന്റിൽ കുറയാത്ത സ്ഥലം

   ബി. സ്വതന്ത്രമായി എത്തിച്ചേരാൻ കഴിയുന്ന വഴി

   സി. സംരക്ഷണ മതിലും, ഗേറ്റും ഇല്ലെങ്കിൽ സുരക്ഷിതമായ വേലി (കോമ്പൗണ്ട് വാൾ & ഗേറ്റ്)

2. **കെട്ടിടം** : വിസ്തൃതി കുറഞ്ഞത് 63 ചതുരശ്രമീറ്റർ അഥവാ 650 ച.അടി

   - പഠനമുറി (6X6X3 ച . മീറ്റർ)
   - പാചകമുറി, സ്റ്റോർ (6X3 ച. മീറ്റർ)
   - ടോയ്‌ലറ്റ് 2 (2X3 ച. മീറ്റർ) (ശിശുസൗഹൃദം)
   - വരാന്ത (6X1.5 ച. മീറ്റർ) (തടസ്സവിമുക്തം)
   - കൈവരിയുള്ള റാമ്പ്
   - കാറ്റും വെളിച്ചവും അനുവദിക്കുന്ന ഭൂപ്രദേശത്തിന് അനുയോജ്യമായ രൂപഘടന
   - പ്ലാസ്റ്റർ ചെയ്തതും പെയിന്റ് ചെയ്തതുമായ ചുമർ
   - ബലമുള്ളതും ചോരാത്തതുമായ മേൽക്കൂര
   - ആവശ്യത്തിന് ബലമുള്ള വാതിലുകളും ജനലുകളും
   - ഗ്രില്ലും വാതിലുമുള്ള വരാന്ത
   - പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫ്
   - കൈ കഴുകുവാനുള്ള സൗകര്യം
   - ജലസംഭരണിയും ജലവിതരണ സംവിധാനവും
   - വൈദ്യുതി സംവിധാനങ്ങൾ
   - മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ

- അപായ രഹിതമായ വൈദ്യുതി ഉപകരണങ്ങളും അവയുടെ സോക്കറ്റുകളും
- നോട്ടീസ് ബോർഡും പരാതിപ്പെട്ടിയും

3 പാചകമുറി സൗകര്യങ്ങൾ

- ഉയർന്ന നിലവാരമുള്ള അടുപ്പു സൗകര്യം
- പുകയില്ലാത്ത അടുപ്പ്
- പാചകത്തിനുള്ള പാത്രങ്ങളും, ബക്കറ്റ്കളും, മഗ്ഗുകളും
- പാത്രം കഴുകൽ/കൈകഴുകൾ സജ്ജീകരണവും വാഷ്ബേസിനും
- ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിന് സ്റ്റോറിനുള്ളിൽ ഷെൽഫ്

4. പഠനമുറി സൗകര്യങ്ങൾ

- ബേബി ചെയർ, കുട്ടികൾക്ക് ഉറങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ, വർക്കർക്കുള്ള മേശയും കസേരയും, ഓഫീസ് അലമാര, പഠനോപകരണങ്ങളും കളിയുപകരണങ്ങളും സൂക്ഷിക്കുന്നതിന് വാൾ ഷെൽഫ്, റൈറ്റിംഗ് ബോർഡ്/വാൾ ബോർഡ്, ശിശുസൗഹൃദ ഛായാ ചിത്രങ്ങൾ
- വെയിംഗ് ബാലൻസ്
- ഉയരം അളക്കുന്നതിനുള്ള സംവിധാനം

5. കളിയുപകരണങ്ങൾ

- ഇൻഡോർ കളിയുപകരണങ്ങൾ
- ഔട്ട്ഡോർ കളിയുപകരണങ്ങൾ

6 പഠന-ബോധന ഉപകരണങ്ങൾ

- വൈജ്ഞാനിക വികസന ഉപാധികൾ (പസിൽസ്)
- ഭാഷാ വികസന ഉപാധികൾ (അക്ഷരമാല കട്ടകളും, ചിത്രങ്ങളും)
- ഗണിത വികസന ഉപാധികൾ (അബാക്കസ്)
- ഇന്ദ്രിയ ചാലക വർദ്ധന ഉപാധികൾ
- ചാർട്ടുകൾ, ചിത്രങ്ങൾ, വിവര സാങ്കേതികാടിസ്ഥാന പഠനോപാധികൾ
- കുട്ടികളുടെ കഥാപുസ്തകങ്ങൾ, പാട്ടുപുസ്തകങ്ങൾ, ചിത്രരചനാ പുസ്തകങ്ങൾ
- തീം ബുക്കും, പ്രീസ്കൂൾ പഠ്യോപകരണങ്ങളും
- ഭിന്നശേഷിയുള്ള കുട്ടികൾക്കനുയോജ്യമായ പഠനസാമഗ്രികൾ

7. **ശുചീകരണം**

- വേസ്റ്റ് ബക്കറ്റ്
- ചൂലും, തുടക്കുവാനുപയോഗിക്കുന്ന തുണികളും
- ടോയ്‌ലറ്റ് ബ്രഷുകൾ
- ബക്കറ്റുകളും മഗ്ഗുകളും
- ടൗവൽ
- സോപ്പും, ഡിറ്റർജന്റും, ഹാന്റ് വാഷും

8. **കുടിവെള്ളം**

- തിളപ്പിച്ചാറ്റിയ ശുദ്ധജലം
- കൈ തൊടാതെ വെള്ളം എടുക്കാവുന്ന പാത്രം
- കിണറാണ് സ്രോതസ്സെങ്കിൽ ക്ലോറിനേഷൻ

9. **ആരോഗ്യപോഷണം**

- മെഡിസിൻ കിറ്റ്
- ഫസ്റ്റ് എയിഡ് ബോക്സ്
- വിവരവിനിമയ ഉപാധികൾ

10. **രേഖകൾ**

- ഫാമിലി സർവ്വേ രജിസ്റ്റർ
- വളർച്ചാ നിരീക്ഷണ ചാർട്ട്
- പ്രതിരോധ കുത്തിവെപ്പ് രജിസ്റ്റർ
- ഹാജർ പുസ്തകം
- ഐ.സി.ഡി.എസ് നിർദ്ദേശിക്കുന്ന മറ്റുരേഖകൾ
- അങ്കണവാടി ഏരിയ മാപ്പ്

മാതൃകാ അങ്കണവാടി നിലവാരം

സാധാരണ അങ്കണവാടി നിലവാരത്തോടൊപ്പം ഈ പറയുന്ന ഘടകങ്ങൾ കൂടുതലായി ഏർപ്പെടുത്തുക.

ഭൂ വിസ്തൃതി : ഭൂ വിസ്തൃതി 5 സെന്റിലധികം വേണം

കെട്ടിടം :

- കെട്ടിട വിസ്തൃതി സാധാരണ അങ്കണവാടിയുടെ ഇരട്ടിയായിരിക്കണം(ഇരുനിലകെട്ടിടം)

- ഗ്രാമകേന്ദ്രമായി പ്രവർത്തിക്കുക
- മൾട്ടിയുട്ടിലിറ്റിസെന്റർ - കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ക്ലബ് പ്രവർത്തനവേദി, അമ്മമാർക്കും, വയോജനങ്ങൾക്കും കൂട്ടായ്മ വേദി(3ജി)
- ശൈശവകാല പ്രചോദന സേവനം (വികാസ വ്യതിയാനമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം)
- കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന്റെ മാതൃക

കാസറഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ പഞ്ചായത്തിൽ 17 വാർഡുകളിലായി 31 അങ്കണവാടികളുണ്ട്. ഈ പഞ്ചായത്തിന്റെ സവിശേഷത എന്തെന്നാൽ 31 അങ്കണവാടികളും സ്വന്തം സ്ഥലത്തും കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ ആദ്യമായി ഈയൊരു നിലവാരത്തിലെത്തുന്ന ആദ്യത്തെ പഞ്ചായത്തെന്ന പ്രത്യേകതയുമുണ്ട്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലങ്ങൾ കണ്ടെത്തുകയും പിന്നീട് ഗവൺമെന്റിന് ആവശ്യം പറഞ്ഞ് കൊണ്ട് സ്ഥലം വിട്ടുതരാൻ അപേക്ഷ കൊടുത്തു. ചില സ്ഥലങ്ങൾ വ്യക്തികൾ പഞ്ചായത്തിനു വിട്ടുകൊടുത്തു. 2005 ലാണ് പഞ്ചായത്ത് കമ്മിറ്റി എല്ലാ അങ്കണവാടികളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചത്. 2010-2015 കാലഘട്ടത്തിലാണ് കൂടുതൽ അങ്കണവാടികളും നിർമ്മിച്ചത്. ഈ പരിശ്രമങ്ങൾ പൂർത്തിയാക്കിയത്, 2013-2015 പഞ്ചായത്ത് കൈകൊണ്ട പുതിയ തുടക്കമായ ബാലസൗഹൃദപഞ്ചായത്ത് എന്ന ആശയത്തിലൂടെയാണ്.

ബ്ലോക്ക് പഞ്ചായത്ത്, കെ.എൽ.ജി.എസ്. ഡി.പി, സാമൂഹ്യനീതി വകുപ്പ്, പട്ടികവർഗ്ഗവികസന വകുപ്പ്, എൻഡോസൾഫാൻ റിലീഫ് ഫണ്ട്, പൊതുജന സഹായം പിന്നെ പഞ്ചായത്തിന്റെ തനത്ഫണ്ട് ഇതാണ് ഈയൊരു ലക്ഷ്യത്തിലെത്താൻ സഹായിച്ച ധനസ്രോതസ്സുകൾ. ഏകദേശം പത്ത് ലക്ഷമാണ് ഒരു അങ്കണവാടിയുടെ നിർമ്മാണചെലവ്. വൈദ്യുതി, കുടിവെള്ളം, കക്കൂസ്, പഠനമുറി, വരാന്ത, വിശ്രമമുറി, അടുക്കള, സ്റ്റോർമുറി എന്നീ എല്ലാ സൗകര്യങ്ങളും അങ്കണവാടിയിലുണ്ട്. എം.എൽ.എയുടെ സഹായത്താൽ അമ്പലത്തറ വാർഡിൽ ഒരു അങ്കണവാടി മാതൃകാ അങ്കണവാടിയാക്കി മാറ്റി. പ്രീ-സ്കൂളിനും, ഗർഭിണികൾക്കുള്ള സേവനങ്ങൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, കൗമാരക്കാരായ കുട്ടികൾക്കുമുള്ള സേവനങ്ങൾക്കെല്ലാം അങ്കണവാടിയിൽ സൗകര്യമുണ്ട്. എല്ലാ അങ്കണവാടിയിലും യോഗ്യതയുള്ള അദ്ധ്യാപകരും ഹെൽപ്പറുമുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിത മേഖലയായതു കൊണ്ട് ഗവൺമെന്റിന്റെ സഹായമായി കിട്ടിയ 50 സെന്റ് ഭൂമിയിൽ ഒരു ബഡ്സ് സ്കൂൾ പണിയുകയാണ് പഞ്ചായത്ത്. 1.43 കോടി രൂപയാണ് ചെലവ് വരുന്നത്. അവിടെ ബഡ്സ് സ്കൂളിന് പുറമെ ഹോസ്റ്റൽ സൗകര്യം, റീഹാബിലിറ്റേഷൻ സെന്റർ, ഭിന്നശേഷി ഗവേഷണ സൗകര്യം എന്നിവയുണ്ട്. 2016ൽ ഇത് പ്രവർത്തിച്ചുതുടങ്ങുമെന്ന് പഞ്ചായത്ത് പറയുന്നു.

മാർഗ്ഗനിർദ്ദേശം 2.3. സാർവ്വത്രിക പ്രി-സ്കൂൾ വിദ്യാഭ്യാസം (ECCE)

ആയുസ്സിന്റെ പുസ്തകത്തിലെ ആമുഖമാണ് കുട്ടിക്കാലം. ഈ കാലത്ത് ആർജ്ജിക്കുവാൻ കഴിയുന്ന ശക്തി വിശേഷങ്ങളാണ് കുട്ടിയുടെ ജീവിതാവസാനം വരെയുള്ള വികാസ ഗതി വിഗതികളെ നിർണ്ണയിക്കുന്നത്. സൽസ്വഭാവം, വ്യവഹാരങ്ങൾ, ശീലങ്ങൾ എന്നിവയെല്ലാം രൂപപ്പെടുന്നത് മുഖ്യമായും ശൈശവത്തിലാണ്. അതുകൊണ്ട് തന്നെ ശൈശവകാല വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് കുട്ടികളുടെ തനിമയാർന്ന ശേഷികളെ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും നിലനിർത്തുകയും, അവയോടൊപ്പം നൂതനമായ ശേഷികൾ ആർജ്ജിക്കുന്നതിന് സഹായിക്കുകയുമാണ്. അറിവ് ആർജ്ജിക്കുന്നതിനോടൊപ്പം വ്യക്തിത്വം, മൂല്യങ്ങൾ, സദാചാരങ്ങൾ, പൗരബോധം, സാമൂഹ്യബോധം എന്നിവ വികസിപ്പിക്കുന്നതിനുമാണ് വിദ്യാഭ്യാസം പരിശ്രമിക്കുന്നത്.

ഭരണഘടന സാർവത്രിക വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കുമെന്ന് പ്രഖ്യാപിക്കുന്നു. വിദ്യാഭ്യാസവകാശനിയമം പ്രാവർത്തികമാക്കുന്നതിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾക്കൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾക്കും തുല്ല്യമായ ചുമതലയുണ്ടന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും വിദ്യാലയ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വപരമായ പങ്കും ഉറപ്പാക്കുന്നു.

ഭരണഘടനയുടെ നാലാം ഭാഗം നിർദേശകതത്വം അനുഛേദം 45 ൽ സംസ്ഥാന സർക്കാരുകൾ ആറുവയസ്സ് വരെയുള്ള കുട്ടികൾക്ക് ശൈശവകാല വിദ്യാഭ്യാസവും പരിചരണവും ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുന്നു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 (3.10.1) ശൈശവകാല പരിചരണ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിന് വ്യക്തമായ ഊന്നൽ നൽകുന്നു. ഇതാകട്ടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണെന്ന് കണക്കാക്കപ്പെടുന്നു.

100% പ്രി- സ്ക്കൂൾ പ്രവേശനം

സംസ്ഥാന ഗവൺമെന്റ് ദേശീയ നയത്തിൽ നിർദ്ദേശകതത്വം അനുച്ഛേദം 45 ൽ നാലാം ഖണ്ഡികയിൽ 6 വയസ്സ് പൂർത്തിയാക്കിയ എല്ലാ കുട്ടികൾക്കും ബാലസംരക്ഷണവും വിദ്യാഭ്യാസവും പരമാവധി ലഭ്യമാക്കണമെന്ന് പറയുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെ ചട്ടക്കൂടിൽ 2005(3/10/01)ൽ ECCE യുടെ പ്രാധാന്യം ഊന്നിപറയുന്നത് ECCE പാഠ്യപദ്ധതി പ്രധാനമായും വയസ്സിനെ ആസ്പദമാക്കിയും സാങ്കേതികവും എല്ലാ മേഖലകളും ഉൾക്കൊള്ളുന്നതും കുട്ടികളുമായി ബന്ധപ്പെട്ടതും സംയോജിതവും ലളിതവുമായതുമായ പരീക്ഷണാടിസ്ഥാനത്തിലുമാണ്.

ശൈശവകാല പരിചരണ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

- കുട്ടികളിൽ അന്തർലീനമായ ശേഷികൾ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളർത്തിയെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള സമഗ്രവികസന ഇടപെടൽ
- കുട്ടികളെ സ്കൂൾ വിദ്യാഭ്യാസത്തിലേക്ക് നയിക്കുകയും സ്ത്രീകൾക്കും പെൺകുട്ടികൾക്കും സഹായ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക

പാഠ്യപദ്ധതി നിലവാരം

- കളികളിലൂന്നിയ പ്രവർത്തനങ്ങളാണ് ശൈശവകാല പഠനത്തിന്റെ അടിസ്ഥാനം
- കലകളാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകം
- വൈജ്ഞാനിക താൽപര്യമാണ് ശൈശവകാല ചിന്തയുടെ സവിശേഷതകൾ
- പാണ്ഡിത്യത്തേക്കാൾ അനുഭവത്തിനുള്ള താൽപര്യമാണ് പ്രാഥമികം
- പരിചിതമായ കാര്യങ്ങളിൽ അനുഭവങ്ങളും ദൈനംദിന കാര്യങ്ങളിൽ വെല്ലുവിളിയും
- ഔപചാരികവും അനൗപചാരികവുമായ പാരസ്പര്യം (Interaction)
- സമ്മിശ്രമായ പാഠ്യാനുസൃത പ്രവർത്തനങ്ങളും സാംസ്ക്കാരിക പ്രവർത്തനങ്ങളും
- പ്രാദേശിക വസ്തുക്കളുടെയും കലകളുടെയും അറിവിന്റെയും ഉപയോഗം
- വികാസാനുസൃത പ്രവർത്തനങ്ങൾ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതും വൈവിധ്യ മാർന്നതും
- ആരോഗ്യവും, ക്ഷേമവും സൃഷ്ടിക്കുന്ന ആരോഗ്യശീലങ്ങൾ പ്രദാനം ചെയ്യുന്ന പരി ശീലനങ്ങൾ

അനൗപചാരിക പ്രി-സ്കൂൾ വിദ്യാഭ്യാസം

(ശൈശവകാലപരിചരണവും വിദ്യാഭ്യാസവും)

കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം എന്നീ അവകാശങ്ങൾ ഉറപ്പാക്കുംവിധം ശിശുകേന്ദ്രീകൃതവും കുടുംബകേന്ദ്രീകൃതവും സാമൂഹ്യാധിഷ്ഠിതവുമായ ഇടപെടലുകൾ വഴി സമഗ്രവും സംയോജിതവുമായി ആർജ്ജിക്കുവാൻ അവസരമേകുന്നതുമായ സമീപനമാണിത്. അതുകൊണ്ട്തന്നെയാണ് പ്രാദേശികമായ സംസ്കാരവും ആചാരവും പ്രാദേശികമായ വസ്തുക്കളും ഉപയുക്തമാക്കി കുട്ടികളുടെ ശാരീരിക ചാലക വികാസവും വൈജ്ഞാനിക ഭാഷാ വികാസവും സാമൂഹിക വികാസവും അതോടൊപ്പം ക്രിയാത്മകതയും സർഗാത്മകതയും പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങളെ നല്ല പ്രീ-പ്രൈമറി, പ്രീസ്കൂൾ പഠനത്തിന് ഏറ്റവും അനുയോജ്യമായി കണക്കാക്കുന്നത്. അവസരോചിതമായി പാഠ്യപ്രവർത്തനങ്ങൾ രൂപപ്പെ ടുത്തി ഉപയോഗിക്കുന്ന രീതിയാണ് അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസനിലവാരം

- കളിരീതിയിലാണ് എല്ലാ പ്രവർത്തനങ്ങളും
- ഉദ്ദേശിക്കുന്ന പഠന പ്രവർത്തനങ്ങൾ ഒരു വിഷയവുമായി കൂട്ടിയിണക്കി അവതരി പ്പിക്കുന്നു (പ്രമേയം)
- ഏറ്റവും ലഘുവായ അടിസ്ഥാന ബോധനം - അങ്കണവാടി തലത്തിൽ കുട്ടികളെ നിർബ ന്ധമായി എഴുത്തും വായനയും കണക്കും പഠിപ്പിക്കേണ്ടതില്ല. എന്നാൽ ഈ

ധാരണകൾ കുട്ടികൾ അവരുടേതായ വേഗതയിൽ സ്വാംശീകരിച്ച് പഠിക്കണമെന്ന് പ്രതീക്ഷിക്കുന്നു. ബോധനം സന്തോഷമുള്ള പഠനത്തിനായുള്ള പിന്തുണ മാത്രമായി ഒതുങ്ങണം.

- പരിചിതപര്യാവരണത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ

കുട്ടികൾക്കു പരിചിതവും മനസ്സിലാക്കാവുന്നതുമായ തലത്തിൽ നിന്നുകൊണ്ട് ആർജ്ജിക്കേണ്ടതായ പഠനാനുഭവങ്ങൾ കുട്ടിക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പഠനാനുഭവ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതാണ് പ്രമേയരീതി.

സാർവത്രിക പ്രീ-സ്കൂൾ പ്രവേശനം ഉറപ്പാക്കൽ

- അങ്കണവാടി വാർഷിക കുടുംബ സർവ്വെ - എല്ലാ വർഷവും ഏപ്രിൽ മെയ് മാസങ്ങളിൽ എല്ലാ അങ്കണവാടികളിലും നടത്തുന്ന വാർഷിക സർവ്വേ ഉപയുക്തമാക്കി തദ്ദേശഭരണസ്ഥാപനത്തിനും ഐ.സി.ഡി.എസ്സിനും കുട്ടികളുടെയും വിവിധ പ്രായത്തിലുള്ള വ്യക്തികളുടെയും വിവരങ്ങൾ ഉറപ്പാക്കണം. ഈ രേഖയിൽ ജനന-മരണ കണക്കുകൾ, ഇതരസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ, ഭിന്നശേഷിക്കാരുടെ കണക്കുകൾ, പ്രതിരോധ കുത്തിവെപ്പ് കണക്കുകൾ തുടങ്ങിയവ ശേഖരിക്കുകയും പഞ്ചായത്ത് തലത്തിൽ സൂപ്പർവൈസർ അവ ക്രോഡീകരിച്ച് പഞ്ചായത്ത് /ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറുകയും ചെയ്യണം. അങ്കണവാടിതലമോണിട്ടറിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണായ വാർഡ് മെമ്പർ ഈ പ്രവർത്തനങ്ങൾ നിരിക്ഷിക്കേണ്ടതാണ്. ഈ വാർഷീക പദ്ധതിരേഖയിൽ പഞ്ചായത്തിലെ കുട്ടികളുടെ കണക്കുകളും പ്രി-സ്കൂളിൽ ചേർന്ന കുട്ടികളുടെ കണക്കുകളും സൂചിപ്പിക്കണം
- പ്രി-സ്കൂൾ പ്രവേശന കണക്ക് - വാർഷിക സർവ്വേയിൽ 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ എന്ത് ചെയ്യുന്നു, എവിടെ പഠിക്കുന്നു എന്ന് രേഖപ്പെടുത്തണം
- കുട്ടികളുടെ പഠനവിലയിരുത്തൽ - പ്രീസ്കൂളിൽ പഠിക്കാത്ത ഓരോ കുട്ടിയുടെയും മാനസിക, ശാരീരിക, സാമൂഹ്യ നില (ഭിന്നശേഷി, ആദിവാസി തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുക) രേഖപ്പെടുത്തൽ
- പ്രവേശന കാമ്പയിൻ - ഇതുവരെ അങ്കണവാടിയിലോ പ്രീ സ്കൂളിലോ ചേരാത്ത കുട്ടികളെ കണ്ടെത്തി അവരെ അങ്കണവാടിയിലെത്തിക്കുന്നതിന് വാർഡ് മെമ്പറുടെ നേതൃത്വത്തിലുള്ള അങ്കണവാടി മോണിറ്ററിംഗ് & സപ്പോർട്ട് കമ്മിറ്റി നടപടി സ്വീകരിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുക

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള അങ്കണവാടികൾ, വിദ്യാലയങ്ങൾ എന്നിവയുടെ കാര്യക്ഷമമായ മേൽനോട്ടം
- അങ്കണവാടികൾക്കും വിദ്യാലയങ്ങൾക്കും അവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങളായ ക്ലാസ്സ് മുറികൾ, ശൗചാലയങ്ങൾ, കളിസ്ഥലങ്ങൾ, മതിലുകൾ, ലൈബ്രറി എന്നിവ ഒരുക്കിയെടുക്കുകയും ഫർണ്ണിച്ചറുകളും കമ്പ്യൂട്ടറുകളും നൽകുകയും ചെയ്യുക
- മറ്റ് ഏജൻസികളുടെ സഹായത്തോടെ തദ്ദേശഭരണസ്ഥാപനങ്ങൾ ഉച്ചഭക്ഷണം, വിദ്യാഭ്യാസ നിലവാരം ഉയർത്തൽ എന്നിവക്കുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്
- വിദ്യാലയങ്ങളിൽ 100% പ്രവേശനം ഉറപ്പാക്കുകയും, കൊഴിഞ്ഞുപോക്ക് തടഞ്ഞ് ഹാജർനില വർദ്ധിപ്പിക്കുന്നതിന് കാമ്പയിൻ നടത്തുക

മാർഗ്ഗനിർദ്ദേശം 2.4. ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ അങ്കണവാടി പ്രവേശനം

അങ്കണവാടികളിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ പ്രവേശനം : കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഇതര സംസ്ഥാന തൊഴിലാളികളുടെ ഒഴുക്ക് കേരളത്തിൽ വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്. 2013 ൽ തൊഴിൽവകുപ്പ് നടത്തിയ ഒരു സർവ്വേ അനുസരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ഏകദേശം 25 ലക്ഷവും വർഷത്തിൽ ഇവരുടെ തോത് ഏകദേശം 2.35 ലക്ഷവുമാണ്. വിദഗ്ദ്ധ തൊഴിലാളികളായ ഇവർ കുട്ടികളേയും കൂടെ കൊണ്ടു വരുന്നത് കൊണ്ട് പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ താഴെ പറയുന്നു.

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ തിരിച്ചറിയൽ :

അങ്കണവാടി ജീവനക്കാർ എല്ലാ മാസത്തിലും നടത്തുന്ന ജനസംഖ്യാ വിവരശേഖരണത്തിന്റെ പുതുക്കലിന്റെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ കുറിച്ച് അങ്കണവാടി തലത്തിലുള്ള വിവരശേഖരണം നടത്തുക.

അങ്കണവാടികളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ പേര് ചേർക്കുന്നതിനുള്ള ഘട്ടങ്ങൾ താഴെ പറയുന്നവയാണ്

- അങ്കണവാടി ജീവനക്കാരുടെ ഭവനസന്ദർശനം
- ജെ.പി.എച്ച്.എൻ -ന്റെ ഭവന സന്ദർശനം
- ഇതര സംസ്ഥാന കുട്ടികളുടെ അമ്മമാരെ അമ്മമാരുടെ മീറ്റിങ്ങുകളിലേക്ക് ക്ഷണിക്കുക
- ഗർഭിണികളായ സ്ത്രീകളുടേയും കുട്ടികളുടേയും പോഷണനിലവാരം സ്ഥിരീകരിക്കുക

- മുലയൂട്ടുന്ന അമ്മമാരെയും കൗമാരകാലഘട്ടത്തിലെ പെൺകുട്ടികളേയും ഗുണഭോക്തൃ ഗ്രൂപ്പിൽ പെടുത്തുക
- അങ്കണവാടി സെന്ററുകളിൽ സേവനങ്ങൾക്ക് അർഹരായ വ്യക്തികളെ കണ്ടെത്തി അവരുടെ പേര് ചേർക്കുകയും അവർക്ക് അർഹമായ സേവനങ്ങൾ ചെയ്ത് കൊടുക്കുക

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ പേര് ചേർക്കുന്നതിന് ALMSC യുടെ പങ്ക്

- അങ്കണവാടി സെന്ററുകളിലെ സേവനങ്ങൾ മോണിറ്റർ ചെയ്യുക. സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിയുടെ ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്യുക
- ഇതര സംസ്ഥാന തൊഴിലാളി സമൂഹത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും അവർക്കാവശ്യമായ സേവനങ്ങൾ സജ്ജമാക്കുകയും ചെയ്യുക. ഭാഷ തർജ്ജമ ചെയ്യുന്നതിന് മദ്ധ്യവർത്തികളെ ആവശ്യമെങ്കിൽ ഉപയോഗിക്കുക
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ഭവന സന്ദർശനം നടത്തി സേവനങ്ങൾക്ക് അർഹരായ വ്യക്തികളെ കണ്ടെത്തുകയും അവർക്കാവശ്യമായത് ചെയ്യുകയും വേണം
- മീറ്റിംഗുകളും അവബോധ ക്ലാസ്സുകളും നടത്തുക
- പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് ജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുക

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രത്യേക കടമകൾ

- ഡിപ്പാർട്ടുമെന്റുകൾ (ആരോഗ്യം, വിദ്യാഭ്യാസം, ഐ.സി.ഡി.എസ്) മാനസിക സാമൂഹ്യ സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും അവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക
- ഇവർക്ക് വൃത്തിയും ശൗചാലയ സൗകര്യങ്ങളും ഉറപ്പു വരുത്തുക
- ആരോഗ്യ പരിശോധനയും അവബോധന ക്ലാസ്സുകളും സംഘടിപ്പിക്കുക
- നിയോഗിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളും ആരോഗ്യ പരിപാലനവും രോഗപരിരക്ഷയും ഗുണനിലവാരത്തോട് കൂടി ലഭ്യമാണോയെന്ന് ഉറപ്പു വരുത്തുക
- ഇവരിൽ എല്ലാ കുട്ടികളും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- അങ്കണവാടികളിലെ നിലവാരം ഉയർത്തുന്നതിന് മെയിന്റനൻസ് ഫണ്ട് അനുവദിക്കുക

ആരാണ് ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നത്?

- അങ്കണവാടിതല മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി (ALMSC)
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
- തദ്ദേശഭരണ തലത്തിലുള്ള ICDS മോണിറ്ററിംഗ് കമ്മിറ്റികൾ

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ അങ്കണവാടി പ്രവേശനം എരുതാമ്പതി ഗ്രാമപഞ്ചായത്തിലെ കരുമണ്ട കോടനൂർ അങ്കണവാടി സെന്ററിന്റെ കേസ് സ്റ്റഡി

കരുമണ്ട കോടനൂർ പ്രദേശത്ത് കിടക്കനിർമ്മാണ കമ്പനിയുമായി ബന്ധപ്പെട്ട് ഒരുപാട് ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് അവിടുത്തെ അങ്കണവാടി വർക്കർ കണ്ടെത്തി. തുടർന്ന് തൊഴിലാളികളുടെ ജനസംഖ്യാനിരക്ക് ശേഖരിക്കുകയും അതിൽ നിന്ന് 0-6 വയസ്സു വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാർ, കുട്ടികൾ ഇവരുടെ കണക്ക് തരം തിരിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കൈമാറുകയും സൂപ്പർവൈസർ ചിറ്റൂർ ഐ.സി.ഡി.എസ് പ്രോജക്ടിലേക്ക് കൊടുക്കുകയും ചെയ്തു. അതിനു ശേഷവും ഈ കാര്യം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും മെഡിക്കൽ ഓഫീസറെയും മറ്റു ആരോഗ്യ പ്രവർത്തകരെയും വിളിച്ചു കൂട്ടി അവരോട് അവിടെ സന്ദർശിച്ച് വേണ്ട കാര്യങ്ങൾ ചെയ്തു കൊടുക്കാൻ ചുമതലപ്പെടുത്തി. പി.എച്ച്.സി അവിടെ പ്രതിരോധ കുത്തിവെയ്പ്പ് കാമ്പയിൻ നടത്തുകയും 0-6 വയസ്സു വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഇവർക്കെല്ലാം പോഷകാഹാര പരിപാടിയുൾപ്പെടെ എല്ലാ സേവനങ്ങളും ലഭ്യമാക്കി. ക്രമേണ 3-6 വയസ്സുവരെയുള്ള കുട്ടികൾ അങ്കണവാടിയിലേക്കെത്തി. ആദ്യം വൃത്തിയില്ലാത്ത ജീവിത സാഹചര്യമായിരുന്നു അവരുടേത് പക്ഷേ ഒരു മാസത്തിനുള്ളിൽ മാറ്റങ്ങൾ കണ്ടു തുടങ്ങി. ഐ.സി.ഡി.എസിന്റെയും ആരോഗ്യപ്രവർത്തകരുടെയും കൂട്ടായുള്ള പ്രവർത്തനമാണ് ഈയൊരു മാറ്റത്തിന് പ്രേരണയായത്.

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ പ്രവേശനത്തിനും വിദ്യാഭ്യാസത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനും എസ്.എസ്.എ (സർവ്വ ശിക്ഷാ അഭിയാൻ) പ്രോഗ്രാമിലൂടെ സാധിക്കും

- കേരള സംസ്ഥാന സാക്ഷരതാ മിഷൻ പ്രോഗ്രാമിലൂടെ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും മലയാളവും കണക്കും പഠിപ്പിക്കുവാൻ സഹായിച്ചു. ഈ വിദ്യാഭ്യാസ പ്രോഗ്രാമിലൂടെ ഒത്തിരി സാംസ്ക്കാരിക കൈമാറ്റം നടന്നു. ഇതര സംസ്ഥാന തൊഴിലാളികൾ ഈ പ്രോഗ്രാമിലൂടെ കേരളത്തിന്റെ സംസ്ക്കാരം സ്വായത്തമാക്കി. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കും(6 വയസ്സിനു മുകളി

ലുള്ള) കൗമാര പ്രായക്കാർക്കും ഗവൺമെന്റ് പ്രദാനം ചെയ്യുന്ന സേവനങ്ങൾ നേടിയെടുക്കാൻ ഒത്തിരി സഹായിക്കാൻ കഴിഞ്ഞു

- കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ സേവന നിലവാരവും നിർബന്ധിത രജിസ്ട്രേഷനും (നിയമം 2012)
- കെൽട്രോൺ എന്ന കമ്പനി കുടിയേറ്റ തൊഴിലാളികളുടെ വിവര ശേഖരണം നടത്തുന്നതിന് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തു

സംസ്ഥാനത്തിനകത്തുള്ള കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

ഈ പദ്ധതി കേരള സംസ്ഥാന ലേബർ ഡിപ്പാർട്ട്മെന്റാണ് രൂപകൽപന ചെയ്തിട്ടുള്ളത്. കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ പത്താം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വർഷത്തിൽ മൂവായിരം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ലേബർ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ കുടിയേറ്റ തൊഴിലാളികളുടെ വികസനത്തിനു വേണ്ടി ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്

മാർഗ്ഗനിർദ്ദേശം 2.5. ഗുണമേന്മയുള്ള പ്രി-സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരഘടകങ്ങൾ

- യോഗ്യതയും പരിശീലനവും നേടിയ അദ്ധ്യാപകരുടെ ലഭ്യത
- മുടക്കമില്ലാത്ത പ്രി- സ്കൂൾ പ്രവർത്തനങ്ങൾ
- തീം ബുക്കും, പാഠ്യവിഷയക്രമങ്ങളും ഉറപ്പാക്കൽ
- കുട്ടികളുടെ പശ്ചാത്തലങ്ങളെ കുറിച്ചുള്ള മാതൃകകളുടെ അറിവ്
- പ്രതിദിനസമയക്രമപ്പട്ടിക ഉണ്ടാക്കുക
- പഠിക്കാനുള്ള അന്തരീക്ഷം
- പഠനോപകരണങ്ങളും കളിയുപകരണങ്ങളും ഉണ്ടായിരിക്കണം
- വളർച്ചാ നിരീക്ഷണവും ആരോഗ്യനിരീക്ഷണവും (പ്രതിരോധ കുത്തിവെപ്പ്)
- അനുപൂരക പോഷകാഹാരം

അങ്കണവാടി ജീവനക്കാരുടെ നിയമനം

നിലവാരങ്ങൾ

അങ്കണവാടി വർക്കർമാരുടെ നിയമനം സംബന്ധിച്ച മാനദണ്ഡം (GO. (Ms) 366/2007 SWD dtd. 24.07.2007) ൽ കൊടുത്തിട്ടുണ്ട്.

- നിയമനം, അതാതു പ്രദേശത്തുള്ളവരായിരിക്കുക
- പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ കോളനിക്കകത്ത് നിന്നുള്ളവരായിരിക്കണം

- പ്രി-പ്രൈമറി പരിശീലനം ലഭിച്ചവർക്ക് മുൻഗണന നൽകുക
- കുട്ടികളെ നോക്കുന്നതിനുള്ള പരിജ്ഞാനവും മനോഭാവവുമുള്ളവരായിരിക്കണം
- നിയമനം തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നുള്ളവരായിരിക്കണം

മാർഗ്ഗനിർദ്ദേശം 2.6. കുമാരി ക്ലബ്ബ് പ്രവർത്തനശാക്തീകരണം

കുമാരിക്ലബ്ബ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക

- പ്രി-മെട്രിക്ക് ഹോസ്റ്റലുകൾ, അനാഥാലയങ്ങൾ എന്നിവയിലേക്ക് കൂടി എ.ജി.ക്ലബ്ബ് രൂപീകരണം വ്യാപിപ്പിക്കണം
- ഇതിനുള്ള ചുമതല അതാതു സ്ഥാപനങ്ങൾക്ക് നൽകണം

അങ്കണവാടി പ്രദേശത്ത് പ്രവർത്തിക്കുന്ന ബാലസഭകളിൽ 15 വയസ്സു കഴിയാത്ത ആൺകുട്ടികൾക്ക് എ.ജി.ക്ലബ്ബ് സഹായങ്ങൾ സാധ്യമാക്കണം (ഗൈഡൻസ് നോട്ട് 4.3 പങ്കാളിത്തം റഫർ ചെയ്യുക)

മാർഗ്ഗനിർദ്ദേശം 2.7. അങ്കണവാടിതല മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി ശാക്തീകരണം

അങ്കണവാടി വെൽഫയർ കമ്മിറ്റിയെ അങ്കണവാടി മോണിറ്ററിംഗ് ആന്റ് സപ്പോർട്ട് കമ്മിറ്റി എന്നു പുനർനാമകരണം ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റി സാമൂഹ്യാധിഷ്ഠിത മോണിറ്ററിംഗ് പ്രായോഗികമാക്കുന്നതിനായിട്ടാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതോടൊപ്പം സാമൂഹ്യ പങ്കാളിത്തം അങ്കണവാടിക്ക് ലഭ്യമാക്കുന്ന വിവിധ സഹായകസേവനങ്ങളും ഈ കമ്മിറ്റിയിൽ നിന്നും പ്രതീക്ഷിക്കുന്നു. വാർഡ്മെമ്പർ ചെയർമാനായി ഈ കമ്മിറ്റി മെമ്പറുടെ നേതൃത്വത്തിൽ 15/5/2013ലെ K.D (ആർ.ടി) നം. 216/2013 പ്രകാരം രൂപീകരിക്കേണ്ടതും ഓരോ വർഷവും ഔദ്യോഗിക സ്ഥാനങ്ങൾ പരിശോധിച്ച് അംഗങ്ങളെ മാറ്റേണ്ടതുമാണ്.

കമ്മിറ്റിയുടെ ചുമതലകളും അധികാരങ്ങളും (Go (RT) no. 271/2013/SJD dtd. 14/06/2013)

- അങ്കണവാടി പ്രവർത്തനങ്ങൾ തുടർച്ചയായി മോണിറ്റർ ചെയ്യുക. അനുപൂരകപോഷകാഹാര വിതരണത്തിന്റെ ഗുണനിലവാരവും കൃത്യതയും ഉറപ്പ് വരുത്തുക
- പോഷകാഹാര വിതരണവും വിതരണ രീതിയും നോക്കി കാണുകയും വിലയിരുത്തുകയും ചെയ്യുക
- അങ്കണവാടി പ്രദേശത്ത് 3 മുതൽ 6 വയസ്സ് വരെ പ്രായത്തിലുള്ള എല്ലാ കുട്ടികളും പ്രി-സ്കൂൾ പഠനത്തിൽ ചേർന്നിട്ടുണ്ടെന്ന് ഉറപ്പാക്കുക
- അങ്കണവാടിയിൽ മെഡിസിൻ കിറ്റ്, വെയിംഗ് ബാലൻസ്, ഗ്രോത്ത് ചാർട്ട് തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പാക്കുക

- കുമാരിക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പ് വരുത്തുക
- അമ്മമാരുടെ പ്രതിമാസ യോഗങ്ങളും ബോധവൽക്കരണവും നടക്കുന്നു എന്ന് ഉറപ്പാക്കുക
- അങ്കണവാടി പ്രതിമാസ പുരോഗതി റിപ്പോർട്ട് വിലയിരുത്തുക. കുറവുകൾക്ക് പരിഹാരം തേടുക
- വാർഷിക സർവ്വേ, മുഴുവൻ കുട്ടികളേയും അങ്കണവാടിയിൽ ചേർക്കൽ, തടസ്സമില്ലാത്ത പ്രവർത്തനം എന്നിവയ്ക്കായി സാമുദായിക പിൻതുണയും വിഭവസമാഹരണവും നൽകുക
- വാർഡ് ഹെൽത്ത് ന്യൂട്രീഷ്യൻ ആന്റ് സാനിറ്റേഷൻ കമ്മിറ്റി, ജാഗ്രതാസമിതി എന്നിവയിൽ സജീവമായി പങ്കെടുക്കുക
- കമ്മിറ്റി മിനിട്സ് കൃത്യമായി രേഖപ്പെടുത്തുകയും ആവശ്യമായവ മേൽ നടപടിയ്ക്ക് ബന്ധപ്പെട്ട അധികാരികൾക്ക് അയക്കുകയും ചെയ്യുക
- പരാതികളും പ്രശ്നങ്ങളും കഴിയാവുന്നത്ര പ്രാദേശികമായി പരിഹരിക്കുക
- അങ്കണവാടിക്ക് ആവശ്യമായ അധിക പശ്ചാത്തല സൗകര്യങ്ങൾ പൊതുജനപങ്കാളിത്തത്തോടെ സംഭാവനയായി സ്വരൂപിക്കുക

യോഗനടപടികളുടെ നിലവാരം

- മാസത്തിൽ ഒരുതവണയെങ്കിലും കമ്മിറ്റി അങ്കണവാടിയിൽ വച്ചുചേരണം
- അംഗങ്ങളുടെ അങ്കണവാടി സന്ദർശനവും പരിശോധനയും ദൈനംദിന സ്ഥാപന പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്ത വിധം ക്രമീകരിക്കണം

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ചുമതല

- എല്ലാ അങ്കണവാടികളിലും എല്ലാ മാസവും കമ്മിറ്റികൾ ചേരുന്നു എന്ന് ഉറപ്പ് വരുത്തുക
- ചുമതലകളിൽപെടുന്ന ഓരോ കാര്യങ്ങളും ചർച്ച ചെയ്യുന്നതായി ഉറപ്പാക്കുന്ന യോഗനടപടി ക്രമങ്ങളുടെ പകർപ്പ് സെക്ടറൽ മീറ്റിംഗിൽ ശേഖരിക്കുക
- ലഭിച്ച എല്ലാ നിർദ്ദേശങ്ങളും പരാതികളും സഹായശ്രമങ്ങളും അങ്കണവാടി ക്രമത്തിൽ പട്ടിക തിരിച്ച് രേഖപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റിക്കും ശിശുവികസന പദ്ധതി ഓഫീസർക്കും സമർപ്പിക്കുക

മാർഗ്ഗനിർദ്ദേശം 2.8. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ പ്രി-സ്കൂൾ വിദ്യാഭ്യാസം

1995 ലെ പി.ഡബ്ല്യു.ഡി ആക്ട് അനുസരിച്ച് ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സൗജന്യമായി നിർബന്ധിത വിദ്യാഭ്യാസം എന്ന പോലെ ശൈശവകാല പ്രചോദന

പ്രവർത്തനങ്ങൾ ഉറപ്പു വരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വികസന വ്യതിയാനങ്ങൾ ഉള്ള കുട്ടികളുടെ പ്രായാനുസൃത വികാസ പ്രക്രിയകൾ തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനാണ് ഈ വിഭാഗം കുട്ടികൾക്കു കൂടി അങ്കണവാടി പ്രി-സ്കൂൾ വിദ്യാഭ്യാസം ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിക്കുന്നത്.

സവിശേഷാവശ്യങ്ങളുള്ള കുട്ടികൾക്കുവേണ്ടി രൂപപ്പെടുത്തുന്ന അങ്കണവാടികളുടെ നിലവാരം

- മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ശ്രവണ പരിമിതിയുള്ളവർ, ദൃശ്യപരിമിതിയുള്ളവർ എന്നീ വിഭാഗം കുട്ടികളെ ചേർക്കേണ്ട അങ്കണവാടികൾ എല്ലാ പഞ്ചായത്തുകളിലും ഒന്ന് വീതമെങ്കിലും സജ്ജീകരിക്കപ്പെടണം. എല്ലാ അങ്കണവാടികളിലും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ ചേർക്കുന്നതിന് നിർദ്ദേശിക്കുകയും വേണം
- ഈ അങ്കണവാടികളിലെ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം ഏർപ്പെടുത്തുക
- ഈ കുട്ടികൾക്ക് ആവശ്യമായ വൈദ്യ സഹായങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രം വഴിയോ ഇതര ഏജൻസികൾ വഴിയോ ലഭ്യമാക്കേണ്ടതാണ്
- കുട്ടികൾക്കനുയോജ്യമായ ഫർണീച്ചർ, പഠനോപകരണങ്ങൾ എന്നിവ ഉറപ്പ് വരുത്തുക
- പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ മാതാപിതാക്കളെയും സാധാരണ കുട്ടികളുടെ മാതാപിതാക്കളെയും അവർക്ക് ലഭിക്കേണ്ട പ്രത്യേക വിദ്യാഭ്യാസത്തിന്റെ ആവശ്യകതകളെ കുറിച്ച് ബോധവൽക്കരിക്കുക. അങ്കണവാടി മോണിറ്ററിംഗ് കമ്മിറ്റിയുടെ ഇടപെടലും പങ്കാളിത്തവും ഉണ്ടായിരിക്കണം
- പ്രസവസമയത്ത് തന്നെ എല്ലാ കുട്ടികളുടെയും വികസനനിലവാരം അളക്കപ്പെടണം. 14-24 മാസത്തിനുള്ളിൽ വീണ്ടും എല്ലാ കുട്ടികളുടെയും വികാസ വ്യതിയാനങ്ങൾ കണ്ടെത്തണം
- അതിനു വേണ്ടി യൂണിസെഫ് നിർദ്ദേശിച്ച ചാർട്ടോ, ട്രിവാൻഡ്രം ഡവലപ്പ്മെന്റൽ സ്ക്രീനിംഗ് ചാർട്ടോ ഉപയോഗിക്കാം
- കാഴ്ച്ചശക്തിയില്ലാത്തവർ, കേൾവിശക്തിയില്ലാത്തവർ, ബുദ്ധിസ്ഥിരതയില്ലാത്തവർ, വളർച്ചാവികാസ വ്യതിയാനം സംഭവിച്ചവർ, ചലന ശേഷിയില്ലാത്തവർ ഇവരാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ
- തദ്ദേശഭരണസ്ഥാപനം അവരുടെ പ്രദേശത്തെ ഒരു അങ്കണവാടി ഇവർക്ക് വേണ്ടിയുള്ളതാക്കുക
- അവർക്കനുയോജ്യമായ കളിപ്പാട്ടങ്ങൾ, പാഠപുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉറപ്പു വരുത്തുക
- അങ്കണവാടി വർക്കർക്ക് കുട്ടികളെ പരിചരിക്കുന്നതിൽ പ്രത്യേക ട്രെയിനിംഗ് കൊടുക്കുക

- മാനസികവെല്ലുവിളികൾ നേരിടുന്നവർ, ശ്രവണവൈകല്യങ്ങളും ദൃശ്യപരിമിതികളും ഉള്ളവർ, ന്യൂറോ മസ്ക്കുലർ പ്രശ്നങ്ങൾ ബാധിച്ചവർ, ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്ത കുട്ടികൾ എന്നിവരെ മറ്റു കുട്ടികൾക്കൊപ്പം തിരിച്ചറിയാൻ കഴിയാത്തവിധം ഇരുത്തേണ്ടതാണ്. ഇപ്രകാരം അങ്കണവാടികളെ ഒരു സകലിത കേന്ദ്രങ്ങളാക്കി മാറ്റാവുന്നതാണ്

മേഖല
3

ആരോഗ്യ ശിശുസൗഹൃദ വിദ്യാലയം

മാർഗ്ഗനിർദ്ദേശം 2.9. സ്കൂൾ കെട്ടിടത്തിനാവശ്യമായ നിലവാരം

കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 3 പ്രകാരം ഒരു സ്കൂളിന് താഴെ പറയുന്ന മിനിമം സൗകര്യങ്ങൾ ആവശ്യമാണ്.

1. സ്ഥലസൗകര്യം - ഓഫീസ് റൂം, അദ്ധ്യാപകരുടെ മുറി, കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ക്ലാസ്സ് റൂം, സ്റ്റോർ റൂം, ലൈബ്രറി, കമ്പ്യൂട്ടർ റൂം
2. 6 x 6 x 3.7 മീറ്റർ വിസ്തീർണ്ണമെങ്കിലും ക്ലാസ്സ് മുറികൾക്ക് ഉണ്ടായിരിക്കണം
3. ക്ലാസ്സ് മുറികൾക്ക് തമ്മിൽ ചുമരിന്റെ വേർതിരിവുണ്ടായിരിക്കണം. ചുമർ 2.4 മീ. ഉയരമുണ്ടായിരിക്കണം
4. ആനുപാതികമായി ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും, സ്റ്റാഫിനും മൂത്രമൊഴിക്കുവാനുള്ള പ്രത്യേക സംവിധാനം ഉണ്ടാവണം
5. നിലവാരമുള്ള കളിസ്ഥലം
6. മാലിന്യനിർമ്മാർജ്ജനം
7. കുടിവെള്ള സൗകര്യമുണ്ടായിരിക്കണം
8. ഗേറ്റോട് കൂടിയ മതിൽ
9. സ്കൂളിലേക്കുള്ള സുരക്ഷിത യാത്രയും സ്കൂളിൽ സുരക്ഷിതത്വവും ഉണ്ടായിരിക്കണം

കക്കൂസുകളും ടോയ്‌ലറ്റുകളും

1. ലാട്രിൻ - ഒരു ലാട്രിൻ ആൺകുട്ടികൾക്കും രണ്ടെണ്ണം പെൺകുട്ടികൾക്കും വേണം
2. ആനുപാതികമായി സ്കൂളുകളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൽ ഉണ്ടായിരിക്കണം
3. നിലവാരമുള്ള സ്കൂൾ ടോയ്‌ലറ്റുകൾ
4. 100 ആൺകുട്ടികൾക്ക് 6 വീതവും, 100 പെൺകുട്ടികൾക്ക് 12 വീതവും ടോയ്‌ലറ്റുകൾ വേണം
5. ടോയ്‌ലറ്റുകളിൽ സോപ്പിനും, വെള്ളത്തിനുമുള്ള സൗകര്യമുണ്ടായിരിക്കണം

മാർഗ്ഗനിർദ്ദേശം 2.10. തടസ്സ വിമുക്ത പരിസരം (ബാരിയർ ഫ്രീ): നിലവാരം

- ഭിന്നശേഷിയുള്ളവർക്ക് അനുയോജ്യമായതാവണം എല്ലാ നിർമ്മാണങ്ങളും പരിസരവും
- കൈവരിയോടുകൂടിയ റാംപ് സംവിധാനം വരാന്തയിലേക്കും സ്കൂളിലേക്കും എളുപ്പം കടക്കാൻ സാധ്യമാകും വിധമാകണം
- സ്കൂളിന് അകത്തേക്കുള്ള മാർഗ്ഗങ്ങൾ നിരപ്പായതും തടസ്സവിമുക്തവുമാകണം
- ദൃശ്യപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സ്കൂളിൽ സ്പർശിച്ച് മനസ്സിലാക്കാൻ ആവശ്യമായ സൈനേജ് ബോർഡുണ്ടാവണം
- കട്ടിളപടിയില്ലാത്ത വാതിൽ
- പരുപരുത്ത ഫ്ളോറിംഗ്
- കൈവരിയോടുകൂടിയ ഭിന്നശേഷി സൗഹൃദടോയ്‌ലറ്റ്
- സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്ക് പ്രത്യേക കസേര
- ഭിന്നശേഷിയുള്ളവർക്ക് വീൽചെയർ സംവിധാനം

മാർഗ്ഗനിർദ്ദേശം 2.11. സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ : നിലവാരം

- സ്ത്രീസൗഹൃദ ടോയ്‌ലറ്റുകളിൽ നാപ്കിൻ കളയാനുള്ള സൗകര്യവും ഉണ്ടായിരിക്കണം
- ഉറപ്പുള്ള വാതിലും സ്വകാര്യതയും ഉറപ്പു വരുത്തണം
- വസ്ത്രം ഇടാൻ ഹാങ്ങർസ് ഉണ്ടാവണം
- സോപ്പ് വയ്ക്കാൻ സ്റ്റാന്റ് വേണം
- കൈകഴുകുവാനുള്ള സംവിധാനം
- ഒരു സൈഡിൽ പിടിച്ചു പോകാനുള്ള സംവിധാനം ഉണ്ടായിരിക്കണം
- സ്റ്റെപ്പില്ലാത്തതും തുറന്ന വാതിലോടു കൂടിയതുമാകണം
- കൈക്കൊണ്ട് പിടിക്കാനുള്ള സംവിധാനം ക്ലോസ്സറ്റിനടുത്ത്തന്നെ ഉണ്ടാകണം
- വീൽചെയർ കൊണ്ടുപോകാനുള്ള സംവിധാനം
- മേൽക്കൂരയുള്ള നടപ്പാത
- സ്കൂളിൽ നിന്നും ടോയ്‌ലറ്റിലേക്ക് പോകാൻ വരാന്ത ഉണ്ടായിരിക്കണം

- തറ ഉയർന്നതും തെന്നിവീഴാത്ത പ്രതലമുള്ളതുമായിരിക്കണം
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് കൈപിടിച്ച് പോകാനുള്ള സംവിധാനം ഉണ്ടായിരിക്കണം

മാർഗ്ഗനിർദ്ദേശം 2.12. സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുക

ശരാശരി സ്കൂൾ ബാഗിന്റെ ഭാരം ഇന്ന് 6-7 കിലോഗ്രാമാണ്. വെള്ളവും ഉച്ചഭക്ഷണവും കൂടിയാവുമ്പോൾ ഭാരം പിന്നെയും കൂടും. സ്കൂളിൽ പലയിടത്തും ക്ലാസ്സ് മുറികൾ രണ്ടാം നിലയിലും മൂന്നാം നിലയിലുമൊക്കെ ആകും. ഇത് മൂലം കുട്ടികൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടാറുണ്ട്. ചിലത് താഴെ പറയുന്നവയാണ്

- കുട്ടി അമിതഭാരം ചുമന്നു നടക്കുമ്പോൾ സ്വാഭാവികമായി മുന്നോട്ട് ഒരു വളവുണ്ടാകാൻ സാധ്യതയുണ്ട്
- കൈകളിൽ മരവിപ്പ് ഉണ്ടാകാൻ സാധ്യത കൂടുതൽ
- നടു, കഴുത്ത്, തോൾ വേദന ഇത് ദീർഘകാലം തുടരുമ്പോൾ പേശി പിടുത്തം ഉണ്ടാകാം

2015 ൽ മനുഷ്യാവകാശ കമ്മീഷൻ ജസ്റ്റിസ് വി.പി. മോഹൻകുമാറിന്റെ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പ് സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുവാൻ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- ടെക്സ്റ്റ് ബുക്കുകൾ രണ്ട് ടേമുകളായി വേർതിരിക്കണം
- ആവശ്യമുള്ള ഭാഗം മാത്രം ക്ലാസ്സിൽ കൊണ്ടു പോയാൽ മതി
- 200 പേജ് നോട്ട്ബുക്ക് 100 പേജാക്കി നിജപ്പെടുത്തി നോട്ട്ബുക്കിന് പകരം എ4 പേപ്പർ ആക്കി ഫയലിങ്ങ് സമ്പ്രദായം ഏർപ്പെടുത്താം

കേരള വിദ്യാഭ്യാസ വകുപ്പ് കൊണ്ടുവന്ന സ്കൂൾ ബാഗ് നിയമത്തിൽ പ്രതിപാദിക്കുന്നത്

- സ്കൂൾ ബാഗിന്റെ ഭാരം കുട്ടിയുടെ ഭാരത്തിന്റെ 10%ൽ കൂടരുത്
- നഴ്സറി, കിന്റർഗാർട്ടൺ കുട്ടികൾക്ക് ബാഗ് പാടില്ല
- ബാഗിന്റെ ഭാരം കുറയ്ക്കാൻ സ്കൂൾ മാർഗ്ഗനിർദ്ദേശം നൽകണം
- സ്കൂളുകളിൽ ബാഗ് സൂക്ഷിക്കാൻ ലോക്കർ ഒരുക്കണം
- നിയമം ലംഘിക്കുന്ന സ്കൂളുകൾക്ക് മൂന്നുലക്ഷം രൂപ പിഴ, അംഗീകാരം റദ്ദാക്കപ്പെടാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലകൾ

- കുടിവെള്ള കുപ്പി ഒഴിവാക്കാൻ സ്കൂളുകളിൽ സുരക്ഷിതകുടിവെള്ളം ലഭ്യമാക്കുക
- ഭാരം കുറഞ്ഞ തുണിബാഗുകൾ പ്രോത്സാഹിപ്പിക്കുക
- 200-500 പേജ് നോട്ട്ബുക്കിന് പകരം 80-100 പേജ് ബുക്ക് ഉപയോഗിപ്പിക്കുക
- സ്കൂളിൽ ബാഗ് സൂക്ഷിക്കാൻ ലോക്കർ ഏർപ്പെടുത്തുക
- സ്കൂൾ ഡയറിയ്ക്ക് പകരം സ്കൂൾ കാർഡ് ഉപയോഗിക്കുക

മാർഗ്ഗനിർദ്ദേശം 2.13. അപകടരഹിതമായ നിലവാരമുള്ള കളിസ്ഥലങ്ങൾ

- 100 x 70 മീറ്ററിൽ കുറയാത്ത വിസ്തീർണ്ണമുള്ള കളിസ്ഥലം
- കളിസ്ഥലം ലെവലിലുള്ളതും കുപ്പിച്ചില്ല്, മുള്ള്, കുറ്റിച്ചെടികൾ എന്നിവയില്ലാത്ത അപകടരഹിതമായിരിക്കണം
- കുഴികൾ, കരിങ്കല്ല് എന്നീ തടസ്സങ്ങൾ നീക്കം ചെയ്തിരിക്കണം

മാർഗ്ഗനിർദ്ദേശം 2.14. കാര്യക്ഷമവും ഫലപ്രദവുമായ ഉച്ചഭക്ഷണ പരിപാടി

സ്കൂൾ കാമ്പസിൽ നിന്നും വിശപ്പ് തുടച്ചു മാറ്റുക എന്ന ആശയവുമായി കേരള സർക്കാർ തന്ത്രപരവും അഭിമാനകരവുമായ ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചു.

നിലവാരമുള്ള അടുക്കള

- വലിയ അടുക്കളയും പാത്രങ്ങളും ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംഭരണിയും ഉണ്ടായിരിക്കണം
- ഗ്യാസ് അടുപ്പിനും വിറകടുപ്പിനും പ്രത്യേക ഇടങ്ങൾ ഉണ്ടായിരിക്കണം
- പാത്രങ്ങൾ വൃത്തിയാക്കാനും, ഭക്ഷ്യവസ്തുക്കൾ കഴുകുവാനും പ്രത്യേക സ്ഥലം വേണം
- കൈകഴുകുവാനും, മാലിന്യ നിർമ്മാർജ്ജനത്തിനുമുള്ള സൗകര്യമുണ്ടായിരിക്കണം
- തറയിൽ നിന്നും 30 സെ.മീ, എങ്കിലും ഉയരത്തിലും കഴുകാവുന്ന പ്രതലമുള്ളതുമാവണം അടുപ്പിന്റെ ഭാഗങ്ങൾ
- പുകയില്ലാത്ത അടുപ്പ്/ഗ്യാസ് അടുപ്പ് ഉണ്ടാകണം
- കൈകഴുകുവാനും മലിനജലം ഒഴുക്കുന്നതിനുമുള്ള സൗകര്യം

- പുകയും പൊടിയും തട്ടാതെയും കീട ശല്യമില്ലാതെയും പാത്രങ്ങൾ സൂക്ഷിക്കണം
- എക്സ്ഹോസ്റ്റ് സംവിധാനം
- പാചകക്കാർ പരിശീലനം ലഭിച്ചവരാകണം
- കുട്ടികൾക്ക് വൃത്തിയായി കൈ കഴുകുവാനുള്ള സംവിധാനം
- ഭക്ഷ്യസുരക്ഷാ നിയമം പാലിക്കപ്പെടുന്നുണ്ടെന്ന് നിരീക്ഷിക്കുക

നാട്ടിക ഫിഷറീസ് സ്കൂളിലെ മാതൃകാ ഉച്ചഭക്ഷണ പരിപാടി

തീരപ്രദേശമായ നാട്ടികയിൽ കൂടുതൽ ദാരിദ്ര്യമനുഭവിക്കുന്ന മത്സ്യതൊഴിലാളികളുടെ മക്കളാണ് പഠിക്കുന്നത്. കുട്ടികളെല്ലാം വീടുകളിലെ പോഷകാഹാര ലഭ്യത കുറവ് മൂലം അനീമിയ ബാധിച്ചവരുമാണ്. നാട്ടിക ഗ്രാമപഞ്ചായത്തിന്റെയും പി.ടി.എയുടെയും സഹായത്തോട് കൂടി അധികൃതർ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകാൻ തീരുമാനിച്ചു

ഉച്ചഭക്ഷണത്തിന്റെ പ്രത്യേകതകൾ

- സുനാമി ദുരിതാശ്വാസ നിധിയായ 40 ലക്ഷം രൂപ ഉപയോഗിച്ച് വലിയ ഊണു മുറിയുണ്ടാക്കി
- വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ചിരുന്നാണ് ഭക്ഷണം കഴിക്കുന്നത്
- ഓരോ ദിവസവും വ്യത്യസ്തതരത്തിലുള്ള വിഭവങ്ങളുണ്ടായിരിക്കും
- ആഴ്ച്ചയിലൊരിക്കൽ മുട്ടയും, പഴവും, ആഴ്ചയിൽ രണ്ട് തവണ പാലും വിദ്യാർത്ഥികൾക്ക് നൽകും
- മാസത്തിലൊരു തവണ പി.ടി.എ യുടെ വകയായി പായസം ഉണ്ടായിരിക്കും

മാർഗ്ഗനിർദ്ദേശം 2.15. മാലിന്യസംസ്ക്കരണം (മാലിന്യമുക്ത വിദ്യാലയം)

ബയോഗ്യാസ് പ്ലാന്റിന്റെ നിലവാരം

- ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് തത്തുല്യമായിരിക്കണം ബയോഗ്യാസ് പ്ലാന്റിന്റെ അനുപാതം
- ബയോഗ്യാസ് പാചകവാതക സിലിണ്ടറുമായി ബന്ധിപ്പിക്കണം
- സ്കൂൾ അവധികാലത്തും പ്രവർത്തനക്ഷമമായ ബയോഗ്യാസ് പ്ലാന്റ്
- മലിന ജലം സൂക്ഷിക്കാൻ സോക്കേജ് പിറ്റ് ഉണ്ടായിരിക്കണം

സ്കൂളുകളിൽ സീറോമാലിന്യനിലവാരം

- മാലിന്യം വേർതിരിക്കാൻ വ്യത്യസ്തമായ തൊട്ടികൾ ഉപയോഗിക്കുക. പ്ലാസ്റ്റിക് പുനരുപയോഗിക്കുക, റീസൈക്കിൾ ചെയ്യുക
- ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുക
- ഒടിഞ്ഞ മരകൊമ്പുകൾ, കുറ്റിചെടികൾ എന്നിവ യഥാസമയം മുറിച്ചു മാറ്റണം
- കമ്പോസ്റ്റിംഗിന് കൊഴിഞ്ഞ ഇലകൾ കൂട്ടിയിടാൻ പ്രത്യേക സൗകര്യമുണ്ടായിരിക്കണം. പോഷകപൂന്തോട്ടം, ചെടികൾ, മരങ്ങൾ, പച്ചപടർപ്പുകൾ, പച്ചക്കറികൾ തുടങ്ങിയവ വച്ചു പിടിപ്പിക്കുക
- ജൈവകൃഷിക്ക് ബയോസ്ലറി, മലിനജലം, ജൈവമാലിന്യം എന്നിവ ഉപയോഗിക്കുക

സസ്യസമൃദ്ധ വിദ്യാലയം (സ്കൂൾ ഗ്രീൻ ഇനീഷിയേറ്റീവ്)

- രാസമാലിന്യങ്ങളും കീടനാശിനികളും ഇല്ലാത്ത വിദ്യാലയം
- ആകർഷകമായ സ്കൂൾ കോമ്പൗണ്ട്
- ഊർജ്ജ കാര്യക്ഷമതയ്ക്കായി പുനരുപയോഗം, ഉപയോഗം കുറയ്ക്കാൻ പുനരുൽപാദനം നടത്തുക
- ചെടികളും പൂന്തോട്ടവും നിറഞ്ഞ സ്കൂൾ കോമ്പൗണ്ട്
- പരിസ്ഥിതിയെക്കുറിച്ചുള്ള പഠനം-പരിസ്ഥിതി ദിനവും വനവൽക്കരണ ദിനവും ആഘോഷിക്കുക

മാർഗ്ഗനിർദ്ദേശം 2.16. സ്ക്കൂൾ ആരോഗ്യപരിപാടി

എൻ.എച്ച്.എം ന്റെ സഹായത്തോടെ വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി നടത്തുന്ന പരിപാടിയാണ് സ്കൂൾ ആരോഗ്യ പദ്ധതി. 2013-2014 ൽ തുടങ്ങിയ ഈ പദ്ധതി എല്ലാ

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകൾക്കും ബാധകമാണ്. കുട്ടികാലത്തും കൗമാരപ്രായത്തിലും മാനസികാരോഗ്യവും ശാരീരികാരോഗ്യവും സംരക്ഷിച്ച് ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി, ആവശ്യമായ ചികിത്സ നൽകുകയും അത് കൃത്യമായി മോണിട്ടർ ചെയ്യുകയുമാണ് ഈ പരിപാടി ലക്ഷ്യമാക്കുന്നത്. ആരോഗ്യസംരക്ഷണ ത്തിനെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുന്നതും ഇതിന്റെ ലക്ഷ്യമാണ്.

1000 കുട്ടികളുള്ള സ്കൂളിൽ സ്കൂൾ ഹെൽത്ത് നഴ്സ് ആഴ്ചയിൽ രണ്ടു ദിവസം സ്കൂൾ സന്ദർശിക്കും. 2000 കുട്ടികളുള്ള സ്കൂളാണെങ്കിൽ എല്ലാ ദിവസവും സ്കൂൾ ഹെൽത്ത് നഴ്സിന്റെ സേവനം ഉണ്ടാവും. കുട്ടികൾ കുറവുള്ള സ്കൂളിൽ ആദ്യം നഴ്സ് പോയി എല്ലാ കുട്ടി കളെയും സ്ക്രീൻ ചെയ്യുകയും അതിനുശേഷം ആവശ്യമുള്ളപ്പോൾ സേവനം നൽകുകയും ചെയ്യും.

പ്രധാനഘടകങ്ങൾ

1. രോഗചികിത്സാസേവനങ്ങൾ

ആദ്യഘട്ടം

a) സ്കൂൾ ഹെൽത്ത് നേഴ്സ് ആവശ്യമായ ഉപദേശവും പ്രാഥമിക പരിചരണവും നൽകുന്നു.

b) വർഷത്തിലൊരിക്കൽ ഹെൽത്ത് റെക്കോർഡിന്റെ സഹായത്തിൽ ആദ്യ മെഡി ക്കൽ സ്ക്രീനിംഗ് നടത്തും.

c) ഇതിനുശേഷം റഫറൽ ആശുപത്രികളിലേക്ക് ആവശ്യമുള്ള കുട്ടികൾക്ക് യഥാ സമയം അതിനുള്ള സംവിധാനം ഉറപ്പാക്കും.

രണ്ടാം ഘട്ടം

പി.എച്ച്.സി.യിലെയോ സി.എച്ച്.സി.യിലെയോ ഡോക്ടർമാർ വന്ന് കുട്ടികളെ പരിശോ ധിക്കും.

മൂന്നാം ഘട്ടം

എല്ലാ ബ്ലോക്കിലും വർഷത്തിലൊരിക്കൽ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കും. പല്ല്, കണ്ണ്, ചർമ്മം, ഗൈനക്കോളജി, സൈക്കോളജി ഈ വിഭാഗങ്ങളുടെ സ്പെഷലിസ്റ്റുകളും ക്യാമ്പിൽ ഉണ്ടാകും. സ്കൂൾ ഹെൽത്ത് നഴ്സ് കൃത്യമായി ഫോളോ അപ്പ് ചെയ്യുകയും ചെയ്യും. ആവശ്യമുണ്ടെങ്കിൽ റഫറൽ സംവിധാനം ഏർപ്പെടുത്തും.

2. രോഗപ്രതിരോധസേവനങ്ങൾ

- കുട്ടികൾക്ക് ആകർഷകമായ രീതിയിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നട ത്തുക
- മെഡിക്കൽ ഓഫീസറോ, സ്കൂൾ ഹെൽത്ത് നഴ്സോ ആരോഗ്യ ബോധവൽക്കരണ

ക്ലാസ്സുകൾ സംഘടിപ്പിക്കുക

- സെമിനാർ, ഡിബേറ്റ്, എക്സിബിഷൻ, പപ്പറ്റ് ഷോ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക
- പ്രതിരോധകുത്തിവെപ്പ്

3. കൗൺസലിംഗ്

സ്കൂൾ ഹെൽത്ത് നഴ്സ് കുട്ടികളുടെ പെരുമാറ്റശീലങ്ങളും വ്യതിയാനങ്ങളും കണ്ടെത്തി വിവരം ബന്ധപ്പെട്ട വ്യക്തികളെ അറിയിക്കുകയും കുട്ടികളെ മെന്റൽ ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നു.

4. ഡോക്യുമെന്റേഷൻ

1 മുതൽ 12 വരെ ക്ലാസ്സിലുള്ള കുട്ടികളുടെ മെഡിക്കൽ ചെക്കപ്പ് കഴിഞ്ഞാൽ ഡോക്ടർമാർ സ്കൂൾ ഹെൽത്ത് നഴ്സിന്റെ സഹായത്തോടെ എല്ലാ വിവരവും റെക്കോർഡ് ചെയ്തു സൂക്ഷിക്കേണ്ടതാണ്.

സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനുള്ള അടിസ്ഥാന ഘടകങ്ങൾ

1. സ്റ്റേക്ക് ഹോൾഡേഴ്സുമായി ബന്ധപ്പെടുക (ആരോഗ്യസ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ്, മറ്റ് ആരോഗ്യസ്ഥാപനങ്ങൾ എന്നിവയിലെ ഉത്തരവാദിത്വമുള്ളവർ)
2. സ്റ്റേക്ക് ഹോൾഡേഴ്സിനെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുക

   (എച്ച്. എം, പി.ടി.എ പ്രസിഡണ്ട്, നോഡൽ ടീച്ചേഴ്സ് സ്കൂൾ ഹെൽത്ത് നഴ്സ്, സമപ്രായക്കാരുടെ ഗ്രൂപ്പ്)
3. സ്കൂളിലും, പഞ്ചായത്തിലും സ്കൂൾ ഹെൽത്ത് കമ്മിറ്റി രൂപീകരിക്കുക
   - കൃത്യമായി അവലോകനവും മോണിറ്ററിംഗും
   - കൃത്യമായി റിപ്പോർട്ട് ചെയ്യുക
4. സ്റ്റേക്ക് ഹോൾഡേഴ്സിന് വേണ്ട പരിശീലനം നൽകുക
   - ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് മെമ്പർമാർ
5. ആരോഗ്യവകുപ്പിൽ നിന്ന് സ്റ്റാഫിനെ നിയമിക്കുക
6. ഉപകരണങ്ങൾ ലഭ്യമാക്കുക

   (ബി.പി അപ്പാരട്ടസ്, സ്റ്റെതസ്കോപ്പ്, തെർമോമീറ്റർ, ഫസ്റ്റ് എയ്ഡ് ബോക്സ് തുടങ്ങിയവ)
7. സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുക
8. രജിസ്റ്ററുകളും, ഹെൽത്ത് രേഖകളും, മറ്റു രേഖകളും പ്രിന്റ് എടുത്ത് വയ്ക്കുക

പഞ്ചായത്തിന്റെ കർത്തവ്യം

1. സ്റ്റേക്ക്ഹോൾഡേഴ്സിന്റെ മീറ്റിംഗ് സംഘടിപ്പിക്കുക

2. സ്കൂൾ പ്രതിനിധികളുടെ സംയുക്തയോഗം സംഘടിപ്പിക്കുക
3. പദ്ധതിയുടെ കൺവീനറായി മെഡിക്കൽ ഓഫീസറെ നിയമിക്കുക
4. മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കുക
5. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ വീക്ഷിക്കുകയും പഞ്ചായത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക
6. പഞ്ചായത്തിലെ സ്കൂളുകളുടെ കുറവ് കണ്ടെത്തുകയും താഴെപറയുന്നതിനനുസരിച്ച് കുറവ് നികത്തുകയും ചെയ്യുക
   - ആരോഗ്യ പരിപാലനത്തിന് വേണ്ടി കുറച്ച് സമയം വിദ്യാലയങ്ങളിൽ കണ്ടെത്തുക
   - ടോയ്‌ലറ്റ് ലഭ്യത ഉറപ്പ് വരുത്തുക. കുമാരി സൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുക
   - വിദ്യാലയങ്ങളിൽ കളിസ്ഥലം വികസിപ്പിക്കുക
   - വിദ്യാലയആരോഗ്യപരിപാടിയെകുറിച്ചുള്ള അദ്ധ്യാപകരുടെ മനോഭാവം അനുകൂലമാക്കുക
   - ആർത്തവകാല ശുചിത്വത്തിന് പ്രാധാന്യം നൽകുക. സാനിട്ടറി പാഡ് ഡിസ്പോസൽ സംവിധാനം ഏർപ്പെടുത്തുക
   - അവലോകനവും, മോണിട്ടറിംഗും നടത്തി നന്നായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് പ്രോത്സാഹനവും സമ്മാനവും നൽകുക

സ്കൂളിന്റെ പങ്ക്

- ഹെൽത്ത് കോർണറിനുള്ള പശ്ചാത്തലസൗകര്യം ഉറപ്പ് വരുത്തുക
- സ്വകാര്യ സ്ഥലം
- കസേര, ടേബിൾ, ബെഞ്ച്, അലമാര
- മെഡിക്കൽ ക്യാമ്പ്, എക്സിബിഷൻ, സെമിനാർ എന്നിവ നടത്താനായി താൽക്കാലിക സംവിധാനമുണ്ടാക്കുക
- പ്രവർത്തനങ്ങളിൽ താത്പര്യമുള്ള 2 നോഡൽ ടീച്ചേഴ്സിനെ ഏർപ്പെടുത്തുക
- ആരോഗ്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക

സാധാരണനിലവാരത്തിൽനിന്നും അസാധാരണനിലവാരത്തിലേക്ക് – കോടാലി പ്രൈമറി സ്കൂളിന്റെ ബാലസൗഹൃദ പ്രവർത്തനങ്ങൾ

തൃശൂർ ജില്ലയിലെ മറ്റത്തൂർ പഞ്ചായത്തിലാണ് കോടാലി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 2007 വരെ ഏതൊരു ഗവൺമെന്റ് സ്കൂളിനെപോലെ തന്നെയായിരുന്നു കോടാലിയും. പക്ഷേ ഇന്ന് ഈ വിദ്യാലയം മറ്റു വിദ്യാലയങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്നു.

വിദ്യാലയത്തിന്റെ പ്രവേശന കവാടത്തിൽ പടർന്നു കിടക്കുന്ന വള്ളിച്ചെടികളും, പൂക്കളാൽ മനോഹരങ്ങളായ മരങ്ങളുള്ള വിദ്യാലയം കണ്ടാൽ കുട്ടികൾക്കുള്ള പാർക്കാണെന്നേ തോന്നൂ. 2007 ൽ 264 കുട്ടികളുള്ള സ്കൂൾ അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നു. അവിടെ നിന്ന് പ്രധാനദ്ധ്യാപകനും വാർഡ്മെമ്പറും കൂടിയാണ് സ്കൂൾ മനോഹരമാക്കി മാറ്റിമറിച്ചത്. ഇന്ന് ഈ വിദ്യാലയം മനോഹരമായ വൃത്തിയുള്ള പച്ചപ്പ് നിറഞ്ഞ ഒരുപാട് സന്ദർശകരെ ആകർഷിക്കുന്ന ഒരുപാട് അവാർഡുകൾ വാരിക്കൂട്ടിയ വിദ്യാലയമാണ്. 100% വിജയം കൈവരിച്ച ഈ വിദ്യാലയത്തിലേക്ക് അടുത്തുള്ള നഗരങ്ങളിൽ നിന്നു പോലും കുട്ടികളെത്തുന്നുണ്ട്.

ഈ വിദ്യാലയത്തിന്റെ പ്രത്യേകതകൾ

- സ്കൂളിന്റെ വികസനത്തിനു വേണ്ടി അദ്ധ്യാപകർ, രക്ഷാകർത്തൃ സംഘടന, പഞ്ചായത്ത് മെമ്പർമാർ, പ്രാദേശിക നേതാക്കൾ ഇവരെല്ലാമടങ്ങുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു
- എല്ലാ കുട്ടികളും പച്ചക്കറി കൃഷിയിൽ സജീവമാണ്. സ്കൂളിൽ മീൻകുളം, ആയുർവ്വേദ മരുന്ന് ചെടികൾ, നക്ഷത്രവനം, കുട്ടികളുടെ പാർക്ക്, വായനശാല എന്നിവ ഉണ്ട്
- റൊട്ടേഷനടിസ്ഥാനത്തിൽ അമ്മമാർ വന്നു കുട്ടികൾക്ക് ഉച്ചഭക്ഷണം ഒരുക്കുന്നു
- സ്കൂളിൽ എല്ലാ ക്ലബ്ബുകളും അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. (സുരക്ഷാക്ലബ്ബ്, കൃഷിക്ലബ്ബ്, പരി

കോടാലി സ്കൂൾ സന്ദർശിക്കുന്ന ഏതൊരു കുട്ടിയും പറഞ്ഞു പോകും "എനിക്ക് ഈ സ്കൂളിൽ പഠിച്ചാൽ മതി" എന്ന്. സംശയിക്കണ്ട, ഒരു രക്ഷാകർത്താവും അക്കാര്യത്തിൽ വിയോജിക്കില്ല.

സ്ഥിതി ക്ലബ്ബ്, സയൻസ് ക്ലബ്ബ്, കണക്ക് ക്ലബ്ബ്) എല്ലാ കുട്ടികളും ഏതെങ്കിലും ഒരുക്ലബ്ബിൽ അംഗമാണ്

- കുട്ടികൾ പഠനയാത്ര പോകുമ്പോൾ അദ്ധ്യാപകരോടൊപ്പം അമ്മമാരും ഉണ്ടായിരിക്കും
- എൽ.സി.ഡി പ്രൊജക്ടർ ഉൾപ്പെട്ട സ്മാർട്ട് ക്ലാസ്സ് റൂം
- കർമ്മ നിരതരായ പി.ടി.എയാണ് ഈ വിദ്യാലയത്തിന്റെ മറ്റൊരാകർഷണം. കുട്ടികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് അദ്ധ്യാപകനെ പി.ടി.എ നിയമിച്ചു
- സ്കൂൾ സമയം കഴിഞ്ഞും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം വൃത്തിയുള്ള ശൗചാലയമുണ്ട്
- പൊതുജനഫണ്ടും, പഞ്ചായത്ത്, പി.ടി.എ, എം.എൽ.എ, എം.പി, എസ്.എസ്.എ ഫണ്ട് കൂടാതെ അവാർഡ് തുകയും സ്കൂളിന്റെ വികസനത്തിനായി ഉപയോഗിച്ചു.

മാർഗ്ഗനിർദ്ദേശം 2.17. 18 വയസ്സുവരെ എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം

5 വയസ്സു മുതൽ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പു വരുത്താൻ വേണ്ട നടപടികൾ

- കുട്ടികളുടെ പ്രായവും വിദ്യാഭ്യാസവുമനുസരിച്ച് സ്ഥിതിവിവരശേഖരണം നടത്തുക
- സാമൂഹ്യ അവസ്ഥാ വിശേഷങ്ങൾക്കനുസൃതമായി സ്കൂളിൽ നിന്ന് പുറത്തുപോയ കുട്ടികളുടെ വിവര ശേഖരണം നടത്തുക
- അംഗപരിമിതരായ കുട്ടികളുടെ വിദ്യാഭ്യാസാവസ്ഥയും ഭിന്നശേഷി തരംതിരിവുകളും ശേഖരിക്കുക
- പ്രോത്സാഹിപ്പിക്കാനും നിരീക്ഷിക്കാനും പഞ്ചായത്ത്തല വിദ്യാഭ്യാസ കമ്മിറ്റി രൂപീകരിക്കുക
- വാർഡ്തലത്തിൽ സ്കൂൾ കുട്ടികളുടെ പ്രായമനുസരിച്ചുള്ള കണക്കെടുക്കുക (വില്ലേജ് എഡ്യുക്കേഷൻ രജിസ്റ്റർ തയ്യാറാക്കുക)
- സ്കൂൾ എൻറോൾമെന്റ് പ്രകാരം കുട്ടികളുടെ കണക്കെടുക്കുക
- സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് നിർത്തിയ കുട്ടികളുടെ കുടുംബനിലവാരവും ഇപ്പോഴത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരവും ശേഖരിക്കുക
- സ്കൂൾ പഠനം ഇടയ്ക്ക് വെച്ച് നിർത്തിയ കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക നിലവാര വിവരം (പട്ടിക വിഭാഗം, ഇതര സംസ്ഥാന കുട്ടികൾ, ഭിന്നശേഷിയുള്ളവർ etc.)
- കുട്ടികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നിടത്തായിരിക്കണം പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നുറപ്പ് വരുത്തുക

മാർഗ്ഗനിർദ്ദേശം 2.18. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി

1	പഞ്ചായത്ത് പ്രസിഡന്റ്	ചെയർപേഴ്സൺ
2	വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	വൈസ്ചെയർപേഴ്സൺ
3	ഗവ. സ്കൂളിലെ മുതിർന്ന ഹെഡ്മാസ്റ്റർ	കൺവീനർ
4	എല്ലാ സ്കൂളിലെയും ഹെഡ്മാസ്റ്റർമാർ	മെമ്പർ
5	ഏതെങ്കിലും ഒരു സ്കൂളിലെ പി.ടി.എ പ്രസിഡണ്ട്/എസ്.എം.സി ചെയർമാൻ	മെമ്പർ
6	ബി.ആർ.സി.യിലെയും എ.ഇ.ഒ ഓഫീസിലെയും പ്രതിനിധികൾ	മെമ്പർ
7	ആ പ്രദേശത്തെ പോലീസ് ഓഫീസർമാർ	മെമ്പർ
8	പി.ടി.എ യിലെ ടീച്ചർ കോർഡിനേറ്റർ/സ്കൂൾ ഹെൽപ്പ് ഡെസ്ക് കൺവീനർ	മെമ്പർ
9	വ്യാപാരി വ്യവസായ പ്രതിനിധി	മെമ്പർ
10	ഒരു സ്കൂൾ ലീഡർ	മെമ്പർ
11	വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ	മെമ്പർ
12	ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ	മെമ്പർ
13	സ്ത്രീകളുടെയും കുട്ടികളുടെയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർ	മെമ്പർ
14	ബസ് ഓണേഴ്സ് അസോസിയേഷൻ	പ്രതിനിധി
15	RTO	പ്രതിനിധി

മാർഗ്ഗനിർദ്ദേശം 2.19. സ്കൂൾ കൊഴിഞ്ഞുപോക്ക് നിർമ്മാർജ്ജന കമ്മിറ്റി

വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള കമ്മിറ്റിയാണിത്

തദ്ദേശഭരണസ്ഥാപനത്തിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്കു കീഴിൽ ഒരു സബ്കമ്മിറ്റിയായി കൊഴിഞ്ഞുപോക്ക് തടയാൻ സ്കൂൾ ക്ലബ്ബ് രൂപീകരിക്കുക. കേരളത്തിലെ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന ചില പ്രദേശങ്ങളിൽ ഇപ്പോഴുള്ള സബ്കമ്മിറ്റികളെ മാതൃകയാക്കാവുന്നതാണ്. ഈ കമ്മിറ്റിയിൽ കുട്ടികളുടെ പ്രതിനിധിയും ഉണ്ടായിരിക്കണം. ഈ കമ്മിറ്റിയുടെ ഘടന താഴെ പറയുന്നു.

- ചെയർപേഴ്സൺ - ആരോഗ്യ-വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
- വൈസ് ചെയർപേഴ്സൺ - ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
- കൺവീനർ - പഞ്ചായത്ത് വിദ്യാഭ്യാസ കമ്മിറ്റി കൺവീനർ
- മെമ്പർ - വിദ്യാഭ്യാസ ഉപദേശക സമിതി കമ്മിറ്റി, പട്ടികവർഗ്ഗ വികസന സമിതി മെമ്പർ
- മെമ്പർ - SDEO/TEO പട്ടികവർഗ്ഗ പ്രൊമോട്ടർ, ടീച്ചേഴ്സ്
- മെമ്പർ - കുട്ടികളുടെ പഞ്ചായത്ത് ലെവൽ വികസന കമ്മിറ്റി പ്രതിനിധി

വികസനകമ്മിറ്റിയുടെ ചുമതലകൾ

- സബ് കമ്മിറ്റി പി.ടി.എ വിദ്യാഭ്യാസ കമ്മിറ്റിയുമായി ചേർന്ന് പ്രവർത്തിക്കണം
- കൊഴിഞ്ഞുപോക്കും, ഹാജരില്ലായ്മയും സംബന്ധിച്ച ഏകീകൃത റിപ്പോർട്ട് തയ്യാറാക്കുക
- കാരണങ്ങൾ പരിഹരിച്ച് കുട്ടികളെ സ്കൂളിലേക്ക് തിരികെ കൊണ്ടുവരിക
- മാതാപിതാക്കളെ സന്ദർശിച്ച് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും സമൂഹപിന്തുണ നേടുകയും ചെയ്യുക
- പഞ്ചായത്ത് കമ്മിറ്റി ഇത്തരം സ്ഥലങ്ങളിൽ വേണ്ട പരിഹാര പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
- 14 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പരിശോധിച്ച് പത്താം തരം വരെയും വിദ്യാഭ്യാസം നൽകുന്നതിനായി NIOS വഴി അതിനു വേണ്ട സൗകര്യം ഒരുക്കി സ്കൂളുകളിൽ തിരിച്ചത്തിക്കുക
- ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ അവസ്ഥ പഠിച്ച ശേഷം അവർക്ക് വേണ്ട രീതിയിലുള്ള വിദ്യാഭ്യാസം നൽകുക

സ്കൂൾ കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യത്തിലെത്തി നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

വയനാട് ജില്ലയിൽ പകുതിയിലേറെയും കാടിനാൽ ചുറ്റപ്പെട്ടു കഴിയുന്ന പഞ്ചായത്താണ് നൂൽപ്പുഴ. ജനസംഖ്യ 30125 ആണ് ഇതിൽ മുക്കാൽ ഭാഗവും പട്ടികവർഗ്ഗക്കാരാണ്. 2731 പട്ടിക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും 148 പട്ടികവിഭാഗഅധിവാസകൂട്ടായ്മയും ഉണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വെല്ലുവിളി ഈ വിഭാഗത്തിൽ പെടുന്ന കുട്ടികളുടെ സ്കൂൾ കൊഴിഞ്ഞുപോക്ക് തന്നെയാണ്. ഇതിനു പരിഹാരം കാണുന്നതിനായി 24 അംഗ വിദ്യാഭ്യാസ കമ്മിറ്റിയെ പഞ്ചായത്ത് രൂപീകരിച്ചു. അവരുടെ കണ്ടെത്തലുകൾ പഞ്ചായത്ത് കമ്മിറ്റികൾ ചർച്ച ചെയ്തു. വീടുകളിലെ ദാരിദ്ര്യം, സാമ്പത്തിക പിന്നോക്കാവസ്ഥ, സുരക്ഷിതമല്ലാത്ത കുടുംബാന്തരീക്ഷം, സ്കൂൾ യൂണിഫോമിന്റെ ഇല്ലായ്മ, രക്ഷിതാക്കളുടെ ഉത്സാഹകുറവ്, സ്കൂളിലേക്കുള്ള ദൂരം, ഒറ്റപ്പെട്ട സ്കൂൾ, സഹപാഠികളുടെ കളിയാക്കൽ, അദ്ധ്യാപകരുടെ അനിഷ്ടപെരുമാറ്റം, ഹോസ്റ്റൽ സംവിധാനത്തിന്റെ അപര്യാപ്തത ഇതെല്ലാമാണ് സ്കൂൾ കൊഴിഞ്ഞു പോക്കിന്റെ പ്രധാന കാരണങ്ങൾ. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുട്ടികളെ തിരിച്ച് സ്കൂളിലെത്തിക്കുന്നതിനും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഒരു സമഗ്ര പരിപാടി ആരംഭിച്ചു.

ഗോത്രസാരഥി : ഉൾക്കാടുകളിൽ താമസിക്കുന്ന കുട്ടികളെ സ്കൂളിലെത്തിക്കാൻ വാഹനം ഏർപ്പാടു ചെയ്തു

പ്രാതൽ : വീടുകളിലെ ദാരിദ്ര്യവും, സാമ്പത്തിക അരക്ഷിതാവസ്ഥയും മൂലം കുട്ടികൾ ഒഴിഞ്ഞ വയറുമായാണ് സ്കൂളിലേയ്ക്ക് വരുന്നത്. ഇത് കുട്ടികളിലെ ഏകാഗ്രതയും പഠനത്തിലുള്ള ശ്രദ്ധയും കുറയ്ക്കുന്നു. വയനാട് ജില്ലാപഞ്ചായത്തിന്റെ സഹായം കൊണ്ട് പഞ്ചായത്ത് എല്ലാ വിദ്യാലയങ്ങളിലും പ്രാതൽ ഒരുക്കാൻ കഴിഞ്ഞു

ഉച്ചഭക്ഷണം : ഉച്ചഭക്ഷണം എന്നുമുണ്ടായിരുന്നെങ്കിലും പഞ്ചായത്തിന്റെയും പൊതുജനത്തിന്റെയും സഹായം കൊണ്ട് അതിന്റെ നിലവാരം ഉയർത്തി

യൂണിഫോം : 1 മുതൽ 7-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി രണ്ട് സെറ്റ് യൂണിഫോം വിതരണം ചെയ്തു

പത്രവിതരണം : എല്ലാ കുട്ടികൾക്കും പത്രം വീടുകളിലേക്ക് കൊണ്ട് പോകാൻ വിതരണം ചെയതു. ഇത്കൊണ്ട് അവരുടെ അറിവും ഭാഷയും വർദ്ധിപ്പിക്കാനായി

- പെൺകുട്ടികൾക്ക് ശാരീരികമാനസികാരോഗ്യത്തിന് വേണ്ടി കരാട്ടെ, വോളിബോൾ കോച്ചിംഗ് കൊടുത്തു
- പാഠ്യേതരകഴിവുകൾ വികസിപ്പിക്കാനായി കുട്ടികൾക്ക് ഫുട്ബോൾ, നീന്തൽ, ഹോക്കി എന്നിവയിൽ പരിശീലനം നൽകി
- വിവര സാങ്കേതിക വിദ്യയ്ക്ക് വേണ്ടി കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകി
- സാക്ഷരതാവിദ്യാഭ്യാസ പരിപാടി :- രക്ഷിതാക്കൾക്ക് അറിവ് ലഭ്യമാക്കുന്നതിനായി പ്രാഥമിക വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചു

അടുക്കള : സ്കൂൾ അടുക്കള പുതുക്കി പണിത് വൃത്തിയുള്ളതാക്കി

- സ്കൂളിന്റെ അന്തരീക്ഷം മികച്ചതാക്കുന്നതിനും, ഉച്ചഭക്ഷണ പരിപാടി നിലവാരമു

ള്ളതാക്കാനും പുതിയ ഊണുമുറിയുണ്ടാക്കി. ഇത് കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള അവസരം ഒരുക്കി

സ്കൂളിന്റെ ശൗചാലയം : കുട്ടികളിൽ ശുചിത്വശീലം വളർത്തിയെടുക്കുന്നതിന് സ്കൂളിൽ ശൗചാലയ കോംപ്ലക്സ് പണിതു

- മത്സരപരീക്ഷകളിൽ മികവ് പുലർത്തുന്നതിന് പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾ നൽകി

ഇത് കൂടാതെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി കുറച്ച് പദ്ധതികൾ കൂടി നടപ്പിൽ വരുത്തി. ലൈബ്രറി സ്ഥാപിച്ചു. ക്ലാസ്സ്മുറികൾ സ്മാർട്ടാക്കി, കുടിവെള്ള സംവിധാനം നടപ്പിൽ വരുത്തി, മദ്യത്തിനും മയക്കുമരുന്നിനും എതിരായി ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. 2015-2016 കാലഘട്ടത്തിൽ 2302 കുട്ടികളായിരുന്നെങ്കിൽ രണ്ട് വർഷം കൊണ്ട് കൊഴിഞ്ഞുപോക്ക് തടഞ്ഞ് കാര്യമായ മാറ്റംകൊണ്ടുവരാൻ സാധിച്ചു. ഈയൊരു പ്രവർത്തനം കൊണ്ട് മാതാപിതാക്കളിലും, അദ്ധ്യാപകരിലും, പൊതുജനങ്ങളിലും ആത്മവിശ്വാസം വളർത്തിയെടുക്കാൻ പഞ്ചായത്തിനു സാധിച്ചു. ഈ പദ്ധതിയിലൂടെ കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടു എന്ന് പഞ്ചായത്തിന് അഭിമാനിക്കാം

മാർഗ്ഗനിർദ്ദേശം 2.20. അദ്ധ്യാപക രക്ഷാകർത്തൃ സംഘടന

വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ പൊതുജനങ്ങളുടെ പങ്കാളിത്തവും സഹകരണവും അത്യന്താപേക്ഷിതമാണ്. കേരള വിദ്യാഭ്യാസ നിയമ പരിധിയിലാണ് അദ്ധ്യാപക രക്ഷാകർത്തൃ സംഘടന പ്രവർത്തിക്കുന്നത്. പി.ടി.എ യുടെ ജനറൽ ബോഡിയിൽ എല്ലാ രക്ഷിതാക്കളും അംഗങ്ങളായിരിക്കണം.

നിലവാരം

- പി.ടി.എ പൊതുസഭ തിരഞ്ഞെടുക്കുന്ന രക്ഷിതാവായിരിക്കും പ്രസിഡന്റ്
- ഹെഡ്മാസ്റ്ററായിരിക്കും സെക്രട്ടറിയും ട്രഷററും
- എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി 3 രക്ഷിതാക്കളെ തിരഞ്ഞെടുക്കും
- രണ്ട് അദ്ധ്യാപകരും അംഗങ്ങളാകും
- വിദ്യാർത്ഥി അനുപാതമനുസരിച്ച് അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാവുന്നതാണ്

പ്രവർത്തനം

- മാസത്തിൽ ഒരു തവണയെങ്കിലും യോഗം വിളിച്ച് ചേർക്കുക
- പാഠ്യ/പാഠ്യേതരപ്രവർത്തനങ്ങളിൽ സഹകരണം ഉറപ്പു വരുത്തുക
- അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുക

- ഉച്ചഭക്ഷണപരിപാടിയെകുറിച്ചും, സ്കൂൾ ഹെൽത്തിനെക്കുറിച്ചും, സ്കൂൾ മാനസികാരോഗ്യ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുക
- എം.പി.ടി.എ യും, സി.പി.ടി.എ യും പ്രവർത്തനനിരതമാക്കാനും അതിൽ രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്താനും ശ്രമിക്കുക
- രക്ഷാകർത്തൃവിദ്യാഭ്യാസപരിപാടിക്കും സ്കൂൾവിജിലൻസ്കമ്മിറ്റിക്കും സഹകരണവും സഹായവും ഉറപ്പ് വരുത്തുക
- ഗുരുതരമായ ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനും വിദ്യാർത്ഥികേന്ദ്രീകൃതഅദ്ധ്യാപക പരിശീലനത്തിനും വേണ്ട നടപടികൾ ചർച്ച ചെയ്യുക
- ദേശീയദിനാഘോഷങ്ങൾക്കും, യുവജനോത്സവത്തിനും, വാർഷിക ദിനാഘോഷങ്ങൾക്കും, സ്പോർട്സിനും സഹായ സഹകരണം ഉറപ്പാക്കുക

രക്ഷാകർത്തൃ ബോധവൽക്കരണം

പി ടി എ യുടെ നേതൃത്വത്തിൽ രക്ഷാകർതൃ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ക്ലാസ്സുതലത്തിൽ പരിപാടികൾ ആകാം. നിർദ്ദേശിക്കപ്പെട്ട പ്രധാന വിഷയങ്ങൾ താഴെ പറയുന്നു.

- വിജയകരമായ രക്ഷാകർത്തൃത്വം
- കുടുംബജീവിതത്തിലെ വൈയ്ക്തിത നൈപുണികൾ
- കുട്ടികളുടെ പഠനപുരോഗതിയിൽ രക്ഷാകർത്താക്കൾക്കുള്ള പങ്ക്
- വ്യവഹാരമാനേജ്മെന്റ് /കോപവ്യാകുലതാ നിയന്ത്രണങ്ങൾ
- മയക്കുമരുന്ന് ദുരുപയോഗം ഇല്ലായ്മചെയ്യൽ
- മാർഗ്ഗം തെറ്റിയവരെ പൂർവ്വസ്ഥിതിയിലെത്തിക്കൽ, മനകരുത്ത് വർദ്ധിപ്പിക്കൽ

മാർഗ്ഗനിർദ്ദേശം 2.21. **സ്കൂൾ വിട്ടുനിൽപ്പ് കണ്ടെത്തൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മാതൃക**

സ്കൂൾ വിട്ടുനിൽപ്പ് കണ്ടെത്തൽ കോട്ടയം ജില്ലാപഞ്ചായത്തിന്റെ മാതൃക

കോട്ടയം ജില്ലാപഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് വിവിധ എൻ.ജി.ഒ എന്നിവരുടെ സഹായത്തോടെ വിദ്യഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് തുടങ്ങിയ പദ്ധതിയാണ് ഗുരുകുലം പദ്ധതി. കൗമാരക്കാരായ കുട്ടികൾക്ക് സാമൂഹ്യ മാനസിക കൗൺസലിംഗ് നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിൽ ഒരുപാട് കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാരം കാണുകയും ചെയ്തു. പിന്നീട് വിദഗ്ദ്ധ കൗൺസലേഴ്സുമായി സംവദിക്കാനും കുട്ടികൾക്ക് ഓൺലൈനായി അവരുടെ പ്രശ്നങ്ങൾ അറിയിക്കുവാനും ജില്ലാ കൗൺസലിങ്ങ് സെന്ററുകൾ

ആരംഭിച്ചു. കൗമാരകുട്ടികളുടെ ഒരു വലിയ പ്രശ്നമായി കണ്ടെത്തിയത് സ്കൂളിൽ ഹാജർനില കുറയുകയും സ്കൂൾ വിട്ടു നിൽപ് കൂടുകയും ചെയ്യുന്നതാണ്. സ്കൂൾ വിട്ടുനിൽക്കുന്ന കുട്ടികളിലാണ് കൂടുതലായി പെരുമാറ്റവൈകല്യവും സ്കൂൾ കൊഴിഞ്ഞുപോക്കും കുറെ നാളുകൾക്ക് ശേഷം സംഭവിക്കുന്നത്. ഗുരുകുലം നടപ്പിലാക്കിയതിനെ തുടർന്ന് സ്കൂൾ ഹാജർനില ഉയർത്തുന്നതിലായി ഈ പദ്ധതിയുടെ ലക്ഷ്യം. ഇത് നടപ്പിലാക്കാൻ അവർ ഓൺലൈൻ അറ്റൻഡൻസ് ട്രാക്കിംഗ് സംവിധാനം ആരംഭിച്ചു. സ്കൂളിൽ ഹാജരാകാത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് അപ്പോൾ തന്നെ എസ്.എം.എസ്, ഇ-മെയിലിലൂടെ കുട്ടി ഇന്ന് സകൂളിൽ വന്നിട്ടില്ല എന്ന അറിയിപ്പ് കിട്ടുന്നു. സ്കൂൾ വിട്ടു നിൽപ്പ് തുടക്കത്തിലേ തന്നെ കണ്ടുപിടിക്കാൻ ഈ സമ്പ്രദായം രക്ഷിതാക്കളെയും ടീച്ചർമാരെയും സഹായിക്കുന്നു. തുടർച്ചയായി സ്കൂളിൽ നിന്ന് വിട്ടുനിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും കൗൺസലിംഗിലൂടെയും മറ്റും കുട്ടികളെ സ്കൂളിലേക്ക് തിരിച്ചു കൊണ്ടുവരാനും ഈ സംവിധാനം സഹായിച്ചു.

മാർഗ്ഗനിർദ്ദേശം 2.22. അടിസ്ഥാനവിദ്യാഭ്യാസശേഷി

ഏറ്റവും കുറഞ്ഞ പഠനത്തിന്റെ ഫലം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് - സ്വഭാവത്തിൽ നിരീക്ഷിക്കാൻ കഴിയുന്നതും പ്രതീക്ഷിക്കുന്നതുമായ ഔട്ട്റീച്ച് ആയിരിക്കും. അങ്ങിനെ വരുമ്പോൾ കുട്ടിക്ക് ഈ പഠനം വഴി അറിവ്, സമഗ്രവീക്ഷണം, വ്യതിയാന നിരീക്ഷണം, അവലോകനം എന്നതിന് അനുസരിച്ച് പ്രതീക്ഷിക്കുന്ന സൂചനകൾ കാണുന്നതും അളക്കാവുന്നതുമാണ്.

ഏറ്റവും കുറഞ്ഞ പഠനനിലവാരം തിട്ടപ്പെടുത്തുന്നതിന് അടിസ്ഥാനപരമായി സ്വീകരിക്കേണ്ട 2 പരിഗണനകൾ

(1) കഴിവുകൾ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട ഗ്രേഡുകളും ക്ലാസ്സുകളും, വിവിധ ക്ലാസ്സുകളിലേയും ഗ്രേഡുകളിലേയും അനുപാതികമായ വളർച്ചയുടെ പലഘട്ടങ്ങളിലെ കഴിവുകൾ തിരിച്ചറിയുക

(2) പ്രാഥമിക വിദ്യാഭ്യാസത്തിൽ പ്രവർത്തിയാലുള്ള സ്വഭാവങ്ങളും, പഠനരീതികളും അനുഭവജ്ഞാനത്തിന്റെ പങ്കും വളരെ വലുതാണ്

ഇത്തരത്തിൽ പഠനത്തിന് അടിസ്ഥാനപരമായി നിശ്ചയിക്കുന്ന പരിപാടികൾ കൊണ്ട് നിലവിലെ പാഠ്യപദ്ധതിയിൽ യോജിക്കാത്തതും അധിക പഠനഭാരവുമുള്ള വിഷയങ്ങൾ ഒഴിവാക്കാവുന്നതാണ്. അത് കൊണ്ട് മിനിമം ലെവൽ ലേണിംഗ് വിദ്യാഭ്യാസം പാഠ്യപദ്ധതിയെ പരിഷ്കരിക്കുന്നതിനും പ്രൈമറി വിദ്യാഭ്യാസം അതിനനുസരിച്ച് ചിട്ടപ്പെടുത്തുന്നതിനും സഹായകരമാണ്.

ഈ പ്രവർത്തനംകൊണ്ട് വിവക്ഷിക്കുന്നത് :

- നിലവിലുള്ള പാഠ്യപദ്ധതിയിലുള്ള പഠനഭാരവും നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങളും ഒഴിവാക്കി പാഠ്യപദ്ധതി പരിഷ്കരിക്കുക

- പാഠപുസ്തകത്തിൽ നിന്നുള്ള അറിവിനപ്പുറം കാര്യങ്ങൾ മനസ്സിലാക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനുമുള്ള കഴിവ് വളർത്തുന്നതിന് അദ്ധ്യാപകർക്ക് കാര്യമായ പങ്കുണ്ട്
- ഉയർച്ചക്കുവേണ്ടിയുള്ള പഠിപ്പിനപ്പുറം അടിസ്ഥാനപരമായ നൈപുണിയും കഴിവും വളർത്തുക മാത്രമല്ല അവ നിലനിർത്തുന്നതിനും കൂടി ഉതകുമാറ് പഠന നിലവാരം ഉറപ്പ് വരുത്തുക
- ക്ലാസ്സുകളിൽ കഴിവും പ്രാപ്തിയുമുള്ള കുറച്ച് കുട്ടികൾക്ക് മാത്രമല്ല പഠനത്തിലൂടെ കഴിവും, അറിവും വർദ്ധിപ്പിക്കുന്നതിന് അപ്പുറത്തേക്ക് ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും ഇത്തരത്തിൽ പഠനനിലവാരം ഉയർത്തുക

മിനിമം ലെവൽ ലേണിംഗ് അടിസ്ഥാനപരമായ കാര്യങ്ങൾ :

- സംവേദനക്ഷമത
- അവലോകനാത്മകത
- പഠനതുടർച്ച
- അനൗപചാരികവിദ്യാഭ്യാസമായുള്ള താരതമ്യപഠനശേഷി
- അറിവിന്റെയും കഴിവില്ലായ്മയുടെയും പഠനമേഖലകൾ

ഭാഷാ വിഷയങ്ങളിലുള്ള അടിസ്ഥാന പഠനഫലം :

പ്രൈമറി തലത്തിൽ ഭാഷാ പഠനത്തിന് വളരെ പ്രാധാന്യമുണ്ട്. ഭാഷാ പഠനത്തിലൂടെ ആർജ്ജിക്കുന്ന കഴിവ് മറ്റുവിഷയങ്ങൾ പഠിക്കുന്നതിനും സഹായകരമാണ്. കൂടാതെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് ദൈനംദിന കാര്യങ്ങളിലുള്ള പ്രവർത്തനങ്ങൾക്കും താഴെ പറയുന്ന കഴിവുകൾ ആർജ്ജിക്കുന്നുണ്ട്.

കേൾക്കൽ, വായന, സംസാരം, എഴുതൽ, വായിച്ചും കേട്ടിട്ടുമുള്ള ആശയ രൂപീകരണം, വ്യാകരണം, സ്വയംപഠനം, ഭാഷാ പ്രയോഗം, പദപ്രയോഗം തുടങ്ങിയവയാണ്.

ഭാഷാ പഠനത്തിനുള്ള ലക്ഷ്യങ്ങൾ :

പ്രൈമറി തലത്തിൽ ഭാഷാ പഠനത്തിന്റെ ലക്ഷ്യം

- ശ്രദ്ധിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള കഴിവ്
- ഔപചാരിക, അനൗപചാരികവേളയിലും കാര്യക്ഷമമായി സംസാരിക്കുന്നതിനുള്ള കഴിവ് വളർത്തുക
- വായിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള പഠനോപകരണങ്ങൾ, പുസ്തകങ്ങൾ
- സർഗ്ഗാത്മകമായും ഭംഗിയായും എഴുതാനും വായിക്കുവാനുമുള്ള കഴിവ്
- ശ്രദ്ധയിൽകൂടിയും വായിച്ചും പുതിയ ആശയങ്ങൾ കണ്ടെത്തൽ
- പല സാഹചര്യങ്ങളിലും കാലാനുസൃതമായ പദപ്രയോഗങ്ങൾ വളർത്തിയെടുക്കുക

വ്യത്യസ്ത ക്ലാസ്സുകളിലെ കഴിവുള്ളവരുടെ തരം തിരിവ് :

വിദ്യാഭ്യാസത്തോടൊപ്പം തന്നെ അടിസ്ഥാനപരമായി ലഭിക്കേണ്ട പഠനങ്ങളും അറിവുകളും വളർന്നു വരേണ്ടതുണ്ട്. ഈ കഴിവുകൾ ഓരോ വർഷവും രേഖപ്പെടുത്തുന്നു. അതോടൊപ്പം ക്ലാസ്സ് ഒന്നിലെ കഴിവുകൾ രണ്ടിലും, രണ്ടിലെ മൂന്നിലും അതുപോലെ അഞ്ച് വരെ രേഖപ്പെടുത്തി പോകുന്നു. ഓരോ ക്ലാസ്സിലും എത്രമാത്രം ശേഷികൾ തുടക്കത്തിൽ ഉണ്ടായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഓരോ കഴിവുകളും കൂടുതൽ കൂടുതൽ മെച്ചപ്പെടുത്തുന്ന രീതിയിലാണ് പ്രൈമറി എഡ്യുക്കേഷൻ ചിട്ടപ്പെടുത്തുന്നത്.

പഠനത്തോടൊപ്പം ആർജ്ജിക്കാവുന്ന ഉൾബന്ധം :

പ്രാഥമികമായി ലഭിക്കുന്ന നാലു കഴിവുകളും (കേൾക്കൽ, പറയൽ, വായിക്കൽ, എഴുതൽ) ഭാഷാ പഠനത്തിന് അറിയുവാനുള്ളതാണല്ലോ. ഈ കഴിവുകൾ ഭാഷാ പഠനത്തിന് തീർച്ചയായും കുട്ടികൾക്ക് ലഭിക്കേണ്ടതാണ്. ഈ കഴിവുകൾ പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിൽകൂടി ഓരോന്നും പരസ്പരം ബന്ധപ്പെട്ടവയാണ്. ഈ നാല് കഴിവുകൾ തമ്മിൽ ബന്ധപ്പെട്ട് കിടക്കുന്നതാണ് അഞ്ചാമത്തെ കഴിവായ ഭാഷയുടെ സമഗ്ര വീക്ഷണം. ഇത് ബോദ്ധ്യപ്പെടുത്തുന്നതിൽ അദ്ധ്യാപകർ രസകരവും, ചലനാത്മകമായ ബന്ധങ്ങളും കണ്ടെത്തി പഠനത്തോടൊപ്പം കൊണ്ടുപോകേണ്ടതാണ്.

അദ്ധ്യാപക പഠനതന്ത്രങ്ങൾ :

ഭാഷാപഠനം രസകരമായ അനുഭവമാക്കുന്നതിന് വേണ്ടി താഴെ പറയുന്ന രസകരമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. സംഭവങ്ങളുടെ വിവരണം, ചർച്ചകൾ, കഥ പറച്ചിൽ. നാടക വിവരണം, സംഭാഷണം, ചോദ്യോത്തരങ്ങൾ, ക്വിസ് മത്സരങ്ങൾ, കടങ്കഥകൾ, പദപ്രശ്നം, ഡിബേറ്റുകൾ എന്നിവയാണ്. ഇത് സ്കൂൾ പരിപാടികൾക്ക് ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ സ്വയം പഠനവും, ഭാഷാപഠനവും രസകരമാക്കുന്നതിനു വേണ്ടി കുട്ടികൾക്കുള്ള പുസ്തകങ്ങളും പടങ്ങളും, ഡിക്ഷണറികളും പരിചയപ്പെടുത്തേണ്ടതാണ്.

പ്രി-സ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ ഗുണപരമായ പഠന ആശയങ്ങൾ :

- 3 മുതൽ 6 വരെ പൊതുവായ പ്രത്യേകതകൾ ഉണ്ടെങ്കിലും ഇവരുടെ വ്യക്തിത്വത്തിലുള്ള വ്യത്യാസം പരിഗണിക്കേണ്ടതാണ്
- കുട്ടികളുടെ സമഗ്രവികസനത്തിന് ഉതകുന്നതായിരിക്കണം
- വികസനത്തിന്റെ മേഖലകൾ : മാനസികവും ശാരീരികവും, ഭാഷാപരവും, സാമൂഹ്യപരവും മനസ്സിലാക്കാനുള്ള കഴിവും, വൈകാരികവും സർഗ്ഗാത്മകവും ഭാവനാപൂർണ്ണവുമായ ഏരിയകളെ പരിപോഷിപ്പിക്കുന്നതാകണം
- കുട്ടികളുടെ ശാരീരികവും മാനസികവും ആയ വളർച്ച കൂടി ലക്ഷ്യമുള്ളതായിരിക്കണം
- കുട്ടികൾക്ക് സാഹചര്യങ്ങൾ മനസ്സിലാക്കിയ വിഷയങ്ങൾ പരിഗണിക്കണം

മാർഗ്ഗനിർദ്ദേശം 2.23. തദ്ദേശഭരണസ്ഥാപനതല ഭിന്നശേഷിയുള്ള കുട്ടികളുടെ വിവരശേഖരണത്തിന്റെ വഴികൾ

- ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിന് മെഡിക്കൽ ബോർഡ് രൂപീകരിക്കുക
- ഭിന്നശേഷി രജിസ്റ്റർ ഉണ്ടാക്കുക
- നിലവിലുള്ള ഭിന്നശേഷിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എടുത്ത് സംയോജിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കുക
- വർഷത്തിൽ രണ്ടു തവണയെങ്കിലും ഭിന്നശേഷിക്കാരുടെ ഗ്രാമസഭ നടത്തുക
- ഭിന്നശേഷിക്കാരായ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ക്രോഡീകരിച്ച് പോസ്റ്ററിലാക്കി പ്രദർശിപ്പിക്കുക
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 100% സേവനം ലഭ്യമാക്കുന്നതിന് കർമ്മപരിപാടികൾ തയ്യാറാക്കുക

സംയോജിതവിദ്യാഭ്യാസം

ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് അവർക്ക് സാധാരണ സ്കൂളിൽ ചേർന്ന് പഠിക്കുവാനുള്ള അവസരം ഒരുക്കുകയും അതിലൂടെ അവരെ പൊതുധാരയിലെത്തിക്കലുമാണ്. ഐ.ഇ.ഡി സമ്പ്രദായം എസ്.എസ് എ യുടെ അവിഭാജ്യ ഭാഗമാണ്. ഈ സ്കീം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പൊതുക്ലാസ്സ് മുറിയിൽ പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും ഉറപ്പാക്കികൊണ്ട് അവരെയും പൊതു വിദ്യാലയങ്ങളിൽ പ്രവേശിപ്പിച്ച് പഠിപ്പിക്കുകയാണ് ലക്ഷ്യമാക്കുന്നത്.

നിലവാരം

- കാഴ്ച ശക്തിയും കേൾവി ശക്തിയും കുറഞ്ഞ കുട്ടികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ എന്നിവരെ സാധാരണ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നു
- അവർക്കനുയോജ്യമായ സഹായോപകരണങ്ങളും, തടസ്സവിമുക്ത പരിസ്ഥിതിയും പൊതു വിദ്യാലയങ്ങളിൽ ഉറപ്പാക്കണം
- അവർക്ക് വേണ്ടി പ്രത്യേക പാടവമുള്ള അദ്ധ്യാപകരേയും, തൊഴിലധിഷ്ഠിത പരിശീലനവും നൽകുക
- സ്കൂളിൽ പോകാൻ കഴിയാത്ത മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവർക്ക് പ്രത്യേക സ്കൂൾ
- എല്ലാ കുട്ടികൾക്കും ഉൾക്കൊള്ളാവുന്ന തരത്തിലുള്ള സിലബസും പരിസ്ഥിതിയും
- ഗുരുതര ഭിന്നശേഷിയുള്ള യാത്ര ചെയ്യാൻ കഴിയാത്ത കുട്ടികൾക്ക് വീടുകൾ കേന്ദ്രീകരിച്ച് പിന്തുണ നൽകൽ
- കാഴ്ചയും കേൾവിയും കുറഞ്ഞ ശാരീരിക പരിമിതിയുള്ള കുട്ടികൾക്ക് പരസഹായമില്ലാതെ തടസ്സമില്ലാതെ ഉപയോഗിക്കാൻ കഴിയും വിധം വാതിൽ, ടോയ്‌ലറ്റ് ടാപ്, വൈദ്യുതോപകരണങ്ങൾ, ഫർണീച്ചർ ഉണ്ടായിരിക്കണം

- എല്ലാ പ്രധാന സ്ഥലങ്ങളിലും തൊട്ടറിയുന്നതിനും കണ്ടുപിടിക്കുന്നതിനുമുള്ള അടയാള സ്ഥാനങ്ങൾ ഒരുക്കുക
- കാഴ്ചയും, ശ്രവണവും, സ്പർശനവും, ചലനവും പരിമിതമായവരെ ഉൾകൊണ്ടുള്ള പഠനമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുക

വിദ്യാഭ്യാസപദ്ധതിയെ സംബന്ധിച്ച് MHRD -2003 CRC വെബ്സൈറ്റ് www.crckila.org പരിശോധിക്കുക

ബഡ്സ് സ്കൂൾ

മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കേരളാ സർക്കാരിന്റെ അനുമതിയോടെ രൂപീകരിച്ചതാണ് ബഡ്സ് സ്കൂൾ. ഇതിലേക്കുള്ള ചെലവുകൾ പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും മറ്റു ഫണ്ടിൽ നിന്നുമാണ്. ബ്ലോക്കിലെ ഒരു പഞ്ചായത്തിലെങ്കിലും ബഡ്സ് സ്കൂൾ ഉണ്ടായിരിക്കണം. കുടുംബശ്രീ മിഷന്റെ മാർഗ്ഗനിർദ്ദേശത്തോടെയാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. ഇത് പൂർണ്ണമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലായിരിക്കും

നിലവാരം

ഗുണഭോക്താക്കൾ

- കുറഞ്ഞത് 25 വിദ്യാർത്ഥികൾ ഉണ്ടായിരിക്കണം (മാനസികവെല്ലുവിളി നേരിടുന്നവർ)
- ഭൗതികമായ അടിസ്ഥാനസൗകര്യങ്ങൾ
- ഭൂവിസ്തൃതി – 15 സെന്റ്
- കെട്ടിടവിസ്തൃതി – ആളോഹരി 40 സ്ക്വയർ ഫീറ്റ് (കുറഞ്ഞത് 1000 സ്ക്വയർ ഫീറ്റ്)

സ്ഥലസൗകര്യങ്ങൾ

- പ്രത്യേക ക്ലാസ്സ് റൂമുകൾ, ഓഫീസ്, കൗൺസലിംഗ് തെറാപ്പിക്കുമായി പ്രത്യേക റൂമുകൾ, അടുക്കള, സ്റ്റോർ സംവിധാനം, കളിസ്ഥലം എന്നിവ ഉണ്ടായിരിക്കണം
- തൊഴിലധിഷ്ഠിതപരിശീലനത്തിന് പ്രത്യേകമുറി/ഷെഡ്
- പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും രണ്ട് ടോയലറ്റ് വീതം
- ഗേറ്റോടുകൂടിയ മതിൽകെട്ട്
- കൈകഴുകുന്നതിനുള്ള സംവിധാനം
- കളിയുപകരണങ്ങളും കളിസ്ഥലങ്ങളും

പൊതുജനാരോഗ്യസൗകര്യങ്ങൾ

- ശുദ്ധജല വിതരണം/ലഭ്യത
- മലിനജലം നിർഗ്ഗമനസമ്പ്രദായം
- ജൈവമാലിന്യസംസ്കരണം
- സ്കൂൾവാഹനങ്ങളും – വിദ്യാർത്ഥികളുടെ പോക്ക്വരവ് സംവിധാനവും

സേവനങ്ങൾ

- പ്രത്യേകവിദ്യാഭ്യാസം, ഫിസിയോതെറാപ്പി, യോഗ, മറ്റു തെറാപ്പികൾ
- ഓപ്പൺ സ്കൂൾ- തത്തുല്യതലത്തിലുള്ള പഠനക്ലാസ്സുകൾ
- തൊഴിലധിഷ്ഠിതപരിശീലനവും പ്ലേയ്സ്മെന്റും
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം
- ആരോഗ്യപരിശോധന വേണ്ടുന്ന നടപടികൾ, സാമഗ്രികൾ
- സ്കോളർഷിപ്പ്

മാനേജ്മെന്റ്

- ബഡ്സ് വികസന മാനേജ്മെന്റ് സമിതി - തദ്ദേശഭരണസ്ഥാപനം
- ജില്ലാതലഉപദേശകസമിതിയുടെ അവലോകനങ്ങൾ
- ദേശീയവികലാംഗനിയമം അനുസരിച്ച് വിദ്യാഭ്യാസവകുപ്പ് മുഖേനയുള്ള അംഗീകാരം നേടണം

മാനവവിഭവം

- പ്രത്യേക പരിശീലനം കിട്ടിയ RCI രജിസ്ട്രേഷൻ ഉള്ള അദ്ധ്യാപികമാർ
- അംഗീകൃതപരിശീലനം കിട്ടിയ 10-ാം ക്ലാസ്സ് വരെയെങ്കിലും വിദ്യാഭ്യാസമുള്ള ആയ
- ദിനബത്തയിൽ ജില്ലാ പൂളിൽ നിന്നും തെറാപ്പിസ്റ്റ്. (Ref: G.O.M.S No. 148/2009 L S G D dtd 29/07/2009) പദ്ധതി മാർഗ്ഗരേഖ കാണുക

മാർഗ്ഗനിർദ്ദേശം 2.24. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS)

ഇന്ത്യാ ഗവൺമെന്റിനു കീഴിൽ വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ ഒരു ബോർഡാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS). ഗ്രാമങ്ങളിലെ ഉൾമേഖലകളിൽ താമസിക്കുന്ന വർക്കും വിദ്യാഭ്യാസം എത്തിക്കുക എന്ന ലക്ഷ്യത്തോടു കൂടി 1989 ൽ തുടങ്ങിയതാണിത്. ദേശീയതലത്തിൽ 10, +2 പരീക്ഷകൾ ഇവിടെ സി.ബി.എസ്.ഇ പാഠ്യപദ്ധതിയനുസരിച്ചാണ് നടക്കുന്നത്.

ഇന്ത്യയിൽ എവിടെയും ഏതൊരാൾക്കും മെട്രിക്കുലേഷൻ (10-ാംതരം), സീനിയർ സെക്കണ്ടറി (12-ാംതരം) വിദ്യാഭ്യാസപരീക്ഷയെഴുതി സർട്ടിഫിക്കറ്റ് സമ്പാദിക്കുന്നതിന് അവസരമൊരുക്കുന്ന ഭാരതസർക്കാറിന്റെ മാനവവിഭവശേഷി വികസനവകുപ്പിന്റെ കീഴിലുള്ള സംവിധാനം. വളരെ വ്യത്യസ്ഥമായ 5 വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കുന്നതിനുള്ള സ്വതന്ത്ര സംവിധാനമാണ്. ഓൺലൈൻ അപേക്ഷ വഴി റീജിയണൽ കേന്ദ്രങ്ങൾ വഴിയാണ് പ്രവേശനവും പരീക്ഷയും. കേരളത്തിലെ പ്രാദേശിക കേന്ദ്രം എറണാകുളം പനമ്പിള്ളി നഗറിൽ ഹൗസിംഗ് ബോർഡ്

ബിൽഡിംഗിൽ 5-ാം നിലയിലാണ് പ്രവർത്തിക്കുന്നത്. വർഷത്തിൽ രണ്ടു തവണ ജനുവരിയിലും ജൂൺ മാസത്തിലുമാണ് പ്രവേശനം. കുറഞ്ഞ പ്രായം 14 വയസ്. കൂടുതൽ വിവരങ്ങൾക്ക് www.nios.ac.in എന്ന സൈറ്റിലോ 1800-180-9393 എന്ന നമ്പറിലോ ബന്ധപ്പെടുക.

തുല്യതാ പരീക്ഷ

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പൊതു വിദ്യാലയങ്ങളിൽ പഠിക്കാൻ കഴിയാതിരിക്കുന്നവർ, നിരക്ഷരരായവർ തുടങ്ങിയവർക്ക് അംഗീകൃത വിദ്യാഭ്യാസ യോഗ്യത ഉറപ്പ് വരുത്തുന്നതിന് ഏർപ്പെടുത്തിയ സംവിധാനമാണ് തുല്യതാ പരീക്ഷ. (Equivalency Exam) കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി എന്ന വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനമാണ് ഈ പരീക്ഷ നടത്തുന്നത്. 4,7,10,12 എന്നീ ക്ലാസുകളിലേക്ക് ലളിതമായ പാഠപുസ്തകങ്ങൾ ഉപയോഗിച്ച് പരീക്ഷ നടത്തുന്നതിന് സംവിധാനമുണ്ട്. സാക്ഷരതാ 'പ്രേരകു'മാരാണ് പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

സാക്ഷരതാമിഷന്റെ ഉത്തരവാദിത്തം

- 4, 7, 10 ക്ലാസ്സുകളിലെ ടെക്സ്റ്റ് പുസ്തകം നിർമ്മിക്കുക
- 4,7 ക്ലാസ്സുകളിലേക്കുള്ള കൈപുസ്തകം നിർമ്മിക്കുക
- ഇ.ആർ.പി.എസ്സു കൾക്കായി സംസ്ഥാനതലപരിശീലനം കൊടുക്കുക
- 14 ജില്ലകളിലും വിപുലീകരിച്ച പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക

പ്രത്യേക മെച്ചങ്ങൾ

- ഹൈസ്കൂൾ തലത്തിലും പ്രാഥമികതലത്തിലും വിദ്യാർത്ഥിക്ക് അനൗപചാരിക വിദ്യാഭ്യാസം ലഭിക്കുന്നു
- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും അംഗീകൃതപ്രത്യേകവിദ്യാഭ്യാസം ഉറപ്പാക്കുന്നു
- പഠനനിലവാരം കുറഞ്ഞ കുട്ടികൾക്കും ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കും അംഗീകൃതസ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുന്നു

നിലവാരം

- ജില്ലാതല രജിസ്ട്രേഷൻ ആഗസ്റ്റിന് മുമ്പ് സാക്ഷരതാ പ്രേരക് വഴി
- ടെക്സ്റ്റ് ബുക്കിന്റെ വിപണനം/വിതരണം
- പരിശീലനക്ലാസ്സുകളിൽ പങ്കെടുപ്പിക്കുക/പ്രത്യേക ട്യൂഷൻ സംവിധാനം
- പരീക്ഷയ്ക്ക് യഥാസമയം അപേക്ഷിക്കുകയും പരീക്ഷ എഴുതുകയും ചെയ്യുന്നു

മാർഗ്ഗനിർദ്ദേശം 2.25. പോഷണ നിലവാരവും കുട്ടികളുടെ കായികക്ഷമതയും

പോഷണഘടകങ്ങൾ അടങ്ങിയ ഭക്ഷണം ആവശ്യമായതോതിൽ കഴിക്കാത്തത് മൂലം പോഷകാരോഗ്യം കുറയുന്ന അവസ്ഥയാണ് ന്യൂനപോഷണം. ഇത് മൂലം വളർച്ച മുരടിക്കുകയും ഇത് ആരോഗ്യത്തെ ബാധിക്കുകയും ചെയ്യും. ഈ പദ്ധതി ലക്ഷ്യമാക്കുന്നത് അണ്ടർ ന്യൂട്രീഷ്യനെ എല്ലാ തരത്തിലും ഒഴിവാക്കി എല്ലാ കുട്ടികൾക്കും ആവശ്യമായ വളർച്ചയെത്താനുള്ള അവസരമുണ്ടാക്കുക എന്നതാണ് ഇങ്ങനെയൊരു പദ്ധതി രൂപപ്പെടുത്തുന്നതിൽ നിലവിലുള്ള സ്കീമുകളിൽ മാറ്റങ്ങൾ വരുത്താനും, പദ്ധതികളെ സംഘടിപ്പിക്കാനും അവലോകനം ചെയ്യാനും പഞ്ചായത്ത് ഭരണസമിതിക്ക് ഒഴിവാക്കാനാവാത്ത പങ്കുണ്ട്

ലക്ഷ്യങ്ങൾ

- കുട്ടികൾക്കും മാതാവിനും ആവശ്യമായ പോഷകാഹാരം ഉറപ്പ് വരുത്തുക
- കുട്ടികളിലും, കൗമാരപ്രായക്കാരിലും, ഗർഭിണികളിലും, മുലയൂട്ടുന്ന അമ്മമാരിലും വിളർച്ച കുറയ്ക്കുക/ഒഴിവാക്കുക
- ജനനഭാരകുറവുള്ള കുട്ടികളുടെ എണ്ണം കുറയ്ക്കുക. അഞ്ച് വയസ്സിനുതാഴെയുള്ള കുട്ടികളുടെ ശരീരശോഷണവും വളർച്ചാമുരടിപ്പും കുറയ്ക്കുക
- കുട്ടികളുടെ അമിതവണ്ണം കുറയ്ക്കുക

നിലവാരം

- പരിഹാരപ്രതിരോധ നടപടിയ്ക്കുവേണ്ടി ആരോഗ്യപരിശോധനയും റഫറൽ സംവിധാനവും ഏർപ്പെടുത്തുക
- വർഷത്തിലൊരിക്കൽ മെഡിക്കൽ ചെക്കപ്പ് നടത്തുക
- എല്ലാ പ്രതിരോധ കുത്തിവെപ്പും ഷെഡ്യൂൾ പ്രകാരം ലഭച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- പോഷകാഹാരവിതരണം - IFA
- ആരോഗ്യസേവനം ഉറപ്പാക്കുക - ആരോഗ്യ വിദ്യാഭ്യാസം നൽകുക
- ഹെൽത്ത്കാർഡും, ഹെൽത്ത് റെക്കോർഡും പൂർത്തീകരിച്ച് സൂക്ഷിക്കുക
- തൂക്കവും ഉയരവും അളക്കുന്ന ഉപകരണങ്ങൾ
- ഹെൽത്ത് കാർഡ്, ഹെൽത്ത് റെക്കോർഡ്സ്, മരുന്നുകൾ WIFS ഇതെല്ലാം സൂക്ഷിക്കാനായി പ്രത്യേക ഷെൽഫ് രൂപീകരിക്കുക
- ഹെൽത്ത്കോർഡിനേറ്ററുടേയും ജെപിഎച്ച് ന്റെയും സേവനം ഉറപ്പു വരുത്തുക

മാർഗ്ഗനിർദ്ദേശം 2.26. ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ് (BFHI)

1991-ലാണ് BFHI രൂപീകൃതമായത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഈ പരിപാടി തുടങ്ങിയത് 1993 ലാണ്. കുട്ടികളെ ആരോഗ്യകരമാക്കി തീർക്കുന്നതിന് ജനിച്ച് എത്രയും വേഗം കുട്ടിക്ക് മുലപ്പാൽ ലഭ്യമാക്കുന്നത് അനിവാര്യമാണെന്ന് ലോകാരോഗ്യ സംഘടനയ്ക്ക് ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര തലത്തിൽ യൂണിസെഫും (UNICEF) ലോകാരോഗ്യ സംഘടനയും (WHO) മാതൃ സുരക്ഷിതത്വവും മുലപാലൂട്ടലും ശാസ്ത്രീയമായി പ്രചരിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, പിൻതുണക്കുന്നതിനും രൂപപ്പെടുത്തിയ പ്രഖ്യാപനമാണ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനീഷ്യേറ്റീവ് (BFHI). ഇതനുസരിച്ച് പ്രസവം കൈകാര്യം ചെയ്യുന്ന മുഴുവൻ ആശുപത്രികളും പാലിക്കേണ്ട പത്ത് നിർദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഈ നിർദേശങ്ങൾ പാലിക്കപ്പെടുന്ന ആശുപത്രികൾക്ക് BFHI അക്രഡിറ്റേഷൻ നൽകുന്നു.

പ്രധാന നിർദ്ദേശങ്ങൾ

- മുലപാലൂട്ടൽ നയവും ജീവനക്കാർക്ക് പരിശീലനവും
- ഈ പദ്ധതി നടപ്പിലാക്കുന്ന എല്ലാ ആരോഗ്യ ജീവനക്കാർക്കും കുട്ടികളുടെ സംരക്ഷണത്തെ പറ്റി ബോധവൽക്കരണം നൽകുക
- എല്ലാ ഗർഭിണികളായ സ്ത്രീകൾക്കും മുലപാലൂട്ടലിന്റെ പ്രാധാന്യവും രീതി സമ്പ്രദായവും സംബന്ധിച്ച ബോധവൽക്കരണം
- പ്രസവാനന്തരം ഒരു മണിക്കൂറിനുള്ളിൽ കുഞ്ഞിന് മുലയൂട്ടുന്നതിന് അമ്മമാരെ സഹായിക്കൽ
- കുഞ്ഞുങ്ങളിൽ നിന്നും അകന്നു നിൽക്കേണ്ടി വരുന്ന അമ്മമാർക്ക് മുലയൂട്ടൽ ധർമ്മത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക
- മുലപ്പാലല്ലാതെ വെള്ളമോ (മരുന്നൊഴികെ) മറ്റേതെങ്കിലും പദാർത്ഥങ്ങളോ കുഞ്ഞിന് 6 മാസത്തേക്ക് നൽകരുതെന്ന് നിർദ്ദേശം നൽകുക
- പ്രസവാനന്തരം 24 മണിക്കൂറെങ്കിലും അമ്മയും കുഞ്ഞും ഒരേ മുറിയിൽ ഒന്നിച്ച് ശയിക്കുവാൻ അവസരം ഒരുക്കൽ
- ആവശ്യാനുസരണം മുലപ്പാൽ നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുക
- മുലകുപ്പിയോ നിപ്പിളോ ബേബിഫുഡോ കുട്ടിക്ക് നൽകരുതെന്ന് നിർദേശിക്കൽ
- ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുന്ന അമ്മമാർക്കും സഹായികൾക്കും മുലയൂട്ടലിനെ സംബന്ധിച്ച് അറിവ് വളർത്തുക

ശിശുസൗഹൃദആശുപത്രിയുടെ നേട്ടങ്ങൾ

- നേരത്തെയുള്ള മുലയൂട്ടൽ അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരികബന്ധം ദൃഢമാക്കുന്നു

- 6 മാസം വരെ മുലപ്പാൽ മാത്രമാണ് കുഞ്ഞുങ്ങളുടെ സമ്പൂർണ്ണാഹാരം കാരണം മുലപ്പാലിൽ പോഷണാംശം, രോഗപ്രതിരോധ വസ്തുക്കൾ, ഹോർമോൺസ്, ആന്റി ഓക്സിഡെന്റ് മറ്റ് അതിസൂക്ഷ്മസംപുഷ്ടഘടകങ്ങൾ ഏറ്റവും അനുയോജ്യമായ അനുപാതത്തിൽ ഉണ്ട്
- പ്രതിരോധശക്തി പുഷ്ടിപ്പെടുത്തുന്നു, രോഗങ്ങൾക്കെതിരായി പ്രവർത്തിക്കുന്നു
- വയറിളക്കത്തിൽ നിന്ന് രക്ഷിച്ച് കുട്ടികളെ ശ്വാസകോശസംബമായ അസുഖങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു
- അമ്മയുടെ ആരോഗ്യസ്ഥിതി നിലനിൽക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കുക
- അമ്മമാരുടെ പ്രസവം നീട്ടിവെച്ച് ആരോഗ്യസമ്പൂർണ്ണമാക്കുന്നു
- മാറിടത്തിലെയും അണ്ഡാശയ ക്യാൻസറും ഇത് വഴി തടയാം

ആരോഗ്യകരമായ മുലയൂട്ടൽ സാധ്യമാക്കാൻ ആരോഗ്യസ്ഥാപനങ്ങൾക്ക് എങ്ങിനെ കഴിയും?

- ദിവസത്തിൽ 8-12 വരെ തടസ്സമില്ലാതെ മുലയൂട്ടാവുന്നതാണ്
- മുലയൂട്ടൽ ഒരു സംസ്ക്കാരത്തിന്റെ ഭാഗമാക്കുക
- മാർക്കറ്റിൽ നിന്നും ലഭ്യമാകുന്ന മുലയൂട്ടൽ ഉപകരണം കഴിയുന്നതും ഒഴിവാക്കുക
- ആറുമാസം വരെ മുലപ്പാൽ നൽകുന്നതിന്റെ പ്രാധാന്യം അമ്മമാരെ ബോധവൽകരിക്കുകയും രണ്ടു വയസ്സ് വരെയും തുടർന്ന് നൽകേണ്ട അനുബന്ധ പോഷണത്തെ സംബന്ധിച്ചും അറിവ് നൽകുക

യൂണിസെഫിന്റെയും മറ്റു ഏജൻസികൾ വഴിയും ലോകമുലയൂട്ടൽ വാരം എല്ലാ വർഷവും ആഗസ്റ്റ് 1 – 17 വരെ ആഘോഷിക്കുക

മാർഗ്ഗനിർദ്ദേശം 2.27. ശിശുവിന്റെ പോഷണ നിലവാരം ഉയർത്തുക (0-1)

നിലവാരം

- സമ്പൂർണ്ണമുലയൂട്ടൽ രീതി പ്രോത്സാഹിപ്പിക്കുക, ഉറപ്പാക്കുക
- ഗുരുതര തൂക്കക്കുറവുള്ള കുട്ടികൾക്ക് രോഗം ശമിപ്പിക്കുന്ന തരത്തിലുള്ള പോഷണമോ എൻ ആർ സി (NRC) സേവനമോ ഉറപ്പു വരുത്തുക
- വളർച്ചാവിലയിരുത്തൽ (Growth Morning)

മാർഗ്ഗനിർദ്ദേശം 2.28. ശിശുക്കളുടെയും ഇളംപ്രായക്കാരായ കുട്ടികളുടെയും ആഹാരക്രമം (IYCF)

അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളിൽ ഉണ്ടാവുന്ന 55% മരണത്തിന്റേയും കാരണം ന്യൂന പോഷണവും ശിശു ആഹാരത്തിലെ അപര്യാപ്തതകളുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ശരിയായ രീതിയിലല്ലാത്ത ആഹാരക്രമം ആദ്യത്തെ വർഷത്തിൽ തുടരുന്നത് വളരെ ദൂഷ്യഫലങ്ങൾ ഉളവാക്കുന്നു. ആരോഗ്യപരമായ ജീവിതത്തിന്റെ തുടക്കത്തേയും വികസനത്തേയും ചില ശാസ്ത്രീയമായ ആഹാരരീതി വഴി പരിപോഷിപ്പിക്കാൻ സാധ്യമാണെന്നും ഇത് കൂടുതൽ നല്ല ജീവിതം പ്രദാനം ചെയ്യുന്നതിന് കുട്ടികളെ സഹായിക്കുമെന്നും പഠനങ്ങൾ തെളിയിക്കുന്നുണ്ട്.

നിലവാരം

1. ജനിച്ചയുടനെ തന്നെ മുലപ്പാൽ നൽകുക
2. ജനിച്ച് ആറുമാസം വരെ മുലപ്പാൽ മാത്രം നൽകുക - (മുലപ്പാലല്ലാതെ വെള്ളമോ, പാലോ, ആഹാരമോ നൽകാത്ത അവസ്ഥ [EBF])
3. ആറുമാസം കഴിയുമ്പോൾ മുലപ്പാലിനോടൊപ്പം മറ്റ് ആഹാരങ്ങൾ കൊടുത്തു തുടങ്ങണം (weaning food)
4. രണ്ടുവയസ്സു വരെയോ സാധ്യമെങ്കിൽ തുടർന്നോ മുലപ്പാൽ കൊടുക്കുക

അഭിലഷണീയം

1. മുലപ്പാലിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള ആരോഗ്യവിദ്യാഭ്യാസ ആശയവിനിമയ പ്രചരണം
2. മുലപ്പാൽ നൽകേണ്ട ആവശ്യകതയെക്കുറിച്ചുള്ള കൗൺസലിംഗ്
3. കുട്ടികളുടെ സമീകൃതാഹാരത്തിൽ മാംസ്യം, ഊർജ്ജം, കൊഴുപ്പ് ഇവ ആവശ്യമായ അളവിൽ ഉണ്ടാകണം (60.30.10)
4. ഐ സി ഡി എസ് വഴിയും ആർസിഎച്ച് വഴിയും ലഭ്യമായ പോഷക ആരോഗ്യസഹായം ഉപയോഗിക്കുക

മാർഗ്ഗനിർദ്ദേശം 2.29. ശിശുക്കളുടെയും ഇളം പ്രായക്കാരായ കുട്ടികളുടെയും ആഹാരക്രമം ഉറപ്പാക്കൽ (6 മാസം മുതൽ 5 വയസ്സുവരെ)

നിലവാരം

- ജനിച്ചയുടനെ മുലയൂട്ടൽ
- സമ്പൂർണ്ണ മുലയൂട്ടൽ
- സമ്പൂർണ്ണ മുലയൂട്ടലിനായി ഗർഭകാലത്തു തന്നെ കൗൺസലിംഗ്
- അനുപൂരക പോഷകാഹാരം 6 മാസം മുതൽ തുടങ്ങിയെന്ന് ഉറപ്പു വരുത്തൽ

- സമ്പൂർണ്ണമുലയൂട്ടലിന് തുടർച്ചയായി നൽകുന്ന അനുപൂരകാഹാരം
- കുഞ്ഞിനായി രൂപമാറ്റം വരുത്തിയ കുടുംബാഹാരം
- പോഷകസമൃദ്ധമായ സംരക്ഷണാഹാരം
- ഊർജ്ജദായകമായ ശിശു ആഹാരം
- സുരക്ഷിതമായ അനുപൂരകാഹാരം
- ചെറിയ കുട്ടികൾക്കായുള്ള ടേക്ക് ഹോം റേഷൻസമ്പ്രദായം (THRS)

വളർച്ചാ നിരീക്ഷണം

അങ്കണവാടി പ്രദേശത്തെ 5 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികളുടെയും വളർച്ച രേഖാ ചാർട്ട് സൂക്ഷിക്കുക

നിലവാരം

- കുട്ടികളുടെ ശരിയായ വയസ്സ് നിർണ്ണയിക്കുക
- കുട്ടികളുടെ ശരിയായ തൂക്കം നിർണ്ണയിക്കുക
- വളർച്ചരേഖാ ചാർട്ടിൽ കൃത്യമായ തൂക്കം അടയാളപ്പെടുത്തുക
- വളർച്ചരേഖാ അവലോകനം ചെയ്ത് തൂക്കക്കുറവിന്റെ കാരണങ്ങൾ മനസ്സിലാക്കുക
- കുട്ടികളുടെ വളർച്ചയെക്കുറിച്ച് അമ്മയുമായി സംസാരിക്കുക തുടർ നടപടികൾക്ക് പ്രോത്സാഹിപ്പിക്കുക
- കുട്ടികൾക്ക് ശരിയായ ആഹാരം നൽകുന്നതിന് അമ്മമാരെ പ്രേരിപ്പിക്കുക.

അദ്ധ്യായം 3

കുട്ടികളുടെ സംരക്ഷണം

മേഖല
1

നിയമാനുസൃതമായ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുക

മാർഗ്ഗനിർദ്ദേശം 3.1. കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ പുനരധിവാസ പദ്ധതി

ബലാൽക്കാരമുൾപ്പടെയുള്ള കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക് ചികിത്സ, പാർപ്പിടം, വിളനശിക്കൽ, വിദ്യാഭ്യാസം, വരുമാനദായക പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ആശ്വാസധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി നിലവിൽ ഉണ്ട്. മരിച്ചുപോയ വ്യക്തിയാണെങ്കിൽ അവരുടെ മക്കൾക്കോ, മാതാപിതാക്കൾക്കോ, പ്രായപൂർത്തിയെത്താത്ത സഹോദരങ്ങൾക്കോ ആണ് ആനുകൂല്യം ലഭിക്കുന്നത്. ഈ പരിപാടിയുടെ ഉയർന്ന ധനസഹായ തുക 10000 ആയിരിക്കും. എന്നാൽ ഉയർന്ന നിരക്കിലുള്ള സഹായം അർഹിക്കുന്ന കേസാണെങ്കിൽ ജില്ലാകളക്ടറുടെ മേൽനോട്ടത്തിലുള്ള കമ്മിറ്റി അന്വേഷിച്ച് ഉയർന്ന ആനുകൂല്യം കൊടുക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർ ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, FIR ന്റെ കോപ്പി ഇവയോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ആനുകൂല്യം ലഭിയ്ക്കാവുന്ന സാഹചര്യങ്ങൾ

ചികിത്സ : ഗുരുതര അസുഖബാധിതർക്ക് എല്ലാ ചികിത്സാസഹായങ്ങളും ലഭിക്കും

വീട് : വീട് പുനരുദ്ധാരണത്തിന് സഹായം ലഭ്യമാക്കും. തഹസിൽദാർ വീട് പരിശോധിച്ച് അർഹതയുള്ളവരാണോ എന്ന് തിട്ടപ്പെടുത്തിയതിന് ശേഷമായിരിക്കും സഹായം ലഭിക്കുക

കാർഷിക സഹായം : കാർഷിക വിളവെടുപ്പ് നശിച്ചാൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ സഹായം ലഭിക്കും

സാമ്പത്തിക സഹായ പ്രവർത്തനങ്ങൾ : സാമ്പത്തിക കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി സഹായങ്ങൾ ലഭ്യമാക്കും

പീഡന കേസ്: പീഡനത്തിനു വിധേയമായവരായ കുട്ടികൾ, സ്ത്രീകൾ, വിവാഹിതരായ സ്ത്രീകൾ എന്നിവർക്ക് ഈ പദ്ധതി ഉപയോഗിച്ച് ചികിത്സാ സഹായം ലഭ്യമാക്കും

യോഗ്യതാമാനദണ്ഡം

- അപേക്ഷകർ കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം. വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം
- ഗവൺമെന്റ് ആശുപത്രികളിൽ മാത്രമാണ് ചികിത്സാ സഹായം ലഭിക്കുന്നത്. ഉൾഗ്രാമങ്ങളിൽ ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ ലഭ്യമാകാത്ത സാഹചര്യത്തിൽ മാത്രം സ്വകാര്യ ആശുപത്രികളിലെ ചികിത്സക്ക് സഹായം ലഭിക്കുന്നു
- മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സഹായം ലഭിക്കുന്നത്
- വാഹനാപകടകേസുകളിൽ സഹായം ലഭ്യമല്ല
- കുട്ടികൾ ഇരയാകപ്പെട്ട കേസുകളാണെങ്കിൽ അവരുടെ തുക ബാങ്കിൽ നിക്ഷേപിക്കുകയും 18 വയസ്സാകുമ്പോൾ ലഭ്യമാവുകയും ചെയ്യും

മാർഗ്ഗനിർദ്ദേശം 3.2. ജയിലിൽ കഴിയുന്നവരുടെ മക്കൾക്കുള്ള പിന്തുണാ സംവിധാനങ്ങൾ

കുടുംബത്തിലാരെങ്കിലും ജയിലിൽ കഴിയുന്നെങ്കിൽ ആ കുടുംബം സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുകയും മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്നു. സാമ്പത്തിക അസുരക്ഷിതാവസ്ഥയും, സമൂഹത്തിന്റെ മനോഭാവവും കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം പോലും തടസ്സപ്പെടുത്തുന്നു. ഇത് സമൂഹ്യപരമായി പല പ്രശ്നങ്ങൾക്കും കാരണമാകുന്നു. അത്കൊണ്ട് ഈ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഗവൺമെന്റ് പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തു. 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500 രൂപ നിരക്കിൽ വർഷം 6000 രൂപയും +2 ക്ലാസ്സിലും അതിന് മുകളിലും പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ വർഷം 12000 രൂപ വരെയും നൽകുന്ന പദ്ധതിയാണിത്. ജയിൽ സൂപ്രണ്ട് വഴി ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

യോഗ്യതാ മാനദണ്ഡം

- രണ്ട് വർഷത്തിനു മേൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന സ്ത്രീകളുൾപ്പെടെയുള്ളവരുടെ മക്കൾ
- ബി.പി.എൽ കുടുംബമായിരിക്കണം

മാർഗ്ഗനിർദ്ദേശം 3.3. ബാലവേല

തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ള പ്രായത്തിൻ താഴെയുള്ള ഇളം പ്രായക്കാരായ കുട്ടികളെ കൊണ്ടുള്ള വേല ചെയ്യൽ അല്ലെങ്കിൽ കുട്ടികളെ അപായകരമായ തൊഴിലുകളിൽ ഏർപ്പെടുത്തൽ എന്നിവ വഴി കുട്ടികളുടെ തൊഴിൽ ശേഷി ചൂഷണ വിധേയമാക്കുന്ന അവസ്ഥയാണ് ബാലവേല. ബാലവേല എന്നത് കുട്ടികളുടെ അവകാശത്തിന്മേലുള്ള ലംഘനത്തിന്റെ മൂർത്ത

മായതും പ്രകടമായതും, അത് ഇന്ത്യയിലെ ഗുരുതരവും ബൃഹത്തായതും സങ്കീർണ്ണമായതുമായ സാമൂഹിക പ്രശ്നമാണെന്ന് അംഗീകരിച്ചേ മതിയാകൂ. ബാലവേല ചെയ്യുന്ന കുട്ടികൾക്ക് അവരുടെ അവകാശങ്ങളായ അതിജീവനം, വികസനം, വിദ്യാഭ്യാസം, ഒഴിവുകാലം, കളിക്കുന്നതിനുള്ള അവസരം, സ്വതന്ത്രമായി ജീവിക്കുവാനുള്ള അവകാശം, വ്യക്തിത്വ വികസനത്തിനുള്ള അവസരം അവരുടെ വ്യക്തിപരമായ കഴിവുകൾ, മാനസികവും കായികവുമായ ശേഷി, ദുരുപയോഗങ്ങളിൽ നിന്നും അവഗണനകളിൽ നിന്നും സംരക്ഷണം എന്നിവ നിഷേധിക്കപ്പെടുന്നു. 1980 നു ശേഷം പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ പ്രവേശനനിരക്ക്, സാക്ഷരത നിരക്ക് എന്നിവ ഉയർന്നിട്ടുണ്ടെങ്കിലും, അതിജീവന കാലഘട്ടമായ 5-14 വയസ്സ് വരെയുള്ള പ്രായത്തിൽ കുട്ടികൾ ജോലി ചെയ്യാൻ നിർബന്ധിതരാകുന്ന അവസ്ഥ ഇന്ത്യയിൽ ഗുരുതരമായി തുടരുകയാണ്. അങ്ങിനെ വരുമ്പോൾ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ബാലവേല എന്നത് കുട്ടികളുടെ അവകാശ നിഷേധം തന്നെയാണ്.

ഈ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ബാലവേല തടയുന്നതിനും കുറച്ചുകൊണ്ടുവരുന്നതിനും 1986-ൽ നിയമം കൊണ്ടു വന്നത്. ഈ നിയമം 14 വയസ്സിന് താഴെയുള്ള കുട്ടികളെ ആപത്കരമായ ജോലികളിൽ നിയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട് 1992-ൽ ILO അന്തർദേശീയ ബാലവേല നിർമ്മാർജ്ജന പരിപാടി ആവിഷ്കരിച്ച് ബാലവേലയുടെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനായി സാങ്കേതിക സഹായങ്ങൾ അംഗരാജ്യങ്ങൾക്ക് നൽകി വരുന്നു.

1986-ലെ ചൈൽഡ് പ്രൊഹിബിഷൻ റെഗുലേഷൻ ആക്ടിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു

- നിശ്ചിത പ്രവർത്തന പ്രക്രിയകളിലൂടെ 14 വയസ്സ് തികയാത്ത കുട്ടികൾ ജോലി ചെയ്യുന്നത് തടയുക
- നേരത്തേയുള്ള തടയപ്പെട്ട പ്രവർത്തികളോ പ്രക്രിയകളോ നിയമാനുസൃതമായി പരിഷ്കരിച്ച് തയ്യാറാക്കുക
- നിരോധിക്കപ്പെട്ടിട്ടില്ലാത്ത തൊഴിലുകളിൽ കുട്ടികളെ നിയോഗിക്കുമ്പോൾ അവരുടെ സേവനപ്രവർത്തിസമയവ്യവസ്ഥകൾ നിയന്ത്രണവിധേയമാക്കുക
- കുട്ടികളുടെ ജോലികളിൽ നിയമപരിധി ലംഘിക്കുന്നവർക്കെതിരെ ശിക്ഷ ഉയർത്തുകയും, മറ്റ് നിയമങ്ങൾ കൊണ്ട് കുട്ടികളിലെ ജോലിഭാരം കുറക്കുകയും ചെയ്യുക
- ബാലവേല ബന്ധപ്പെട്ട നിയമങ്ങളിൽ കുട്ടിയുടെ നിർവ്വചനം ഐക്യരൂപം നേടേണ്ടതുണ്ട്

നിയമം അനുശാസിക്കുന്നത് 14 വയസ്സിൽ താഴെയുള്ളവരെയും പൗരരായി കണക്കാക്കണം എന്നാണ്. ഒരു സ്ഥാപനം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് ഒരു കട, കച്ചവട സ്ഥാപനം, ഫാം, വാസസ്ഥലം, ഹോട്ടൽ, റസ്റ്റോറന്റ്, ഊട്ടുപുര, തിയ്യറ്റർ അതു പോലെയുള്ള ഉല്ലാസകരമായ സ്ഥലങ്ങൾ എന്നിവയാണ്. കുട്ടിയുടെ ഉപദേശക സമിതി നിയമപരമായി കുട്ടികളുടെ ജോലികളും നടപടിക്രമങ്ങളും എന്നിവയെ സംബന്ധിച്ച് ഷെഡ്യൂൾ ബി പ്രകാരം അധികമായി രൂപീകരിക്കുക. ഈ സമിതിയിൽ ചെയർമാനും മറ്റു മെമ്പർമാരും ഉൾപ്പെട്ടിരിക്കണം.

ബാലവേല നിയമത്തിന്റെ മൂന്നാം ഭാഗത്താണ് ബാലവേല ചട്ടം കൈകാര്യം ചെയ്യുന്നത്. ഈ ചട്ടത്തിൽ ഒരു കുട്ടിയും നിയമപരിധിക്കപ്പുറം പണിയെടുക്കുന്നില്ലെന്നും പണിയെടുക്കുന്ന മണിക്കൂറുകൾ നിയമാനുസൃത നിർദ്ദേശങ്ങളുടെ പരിധിയിൽ ആയിരിക്കണമെന്നും നിഷ്ക്കർഷിക്കുന്നു. ജോലിചെയ്യുന്ന സമയം 3 മണിക്കൂറിൽ കൂടാതിരിക്കുകയോ 3 മണിക്കൂറിൽ കൂടുതലോ 6 മണിക്കൂർ കൂടാതെ വരികയാണെങ്കിൽ ഒരു മണിക്കൂർ വിശ്രമം നൽകേണ്ടതാണ്. കൂടാതെ വൈകീട്ട് 7 മണി മുതൽ കാലത്ത് 8 മണി വരെ ജോലി ചെയ്യുന്നില്ലെന്നും നിയമത്തിൽ അനുശാസിക്കുന്നു. കുട്ടികളെ ഓവർടൈം ജോലിചെയ്യാൻ അനുവദിക്കരുത്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്ത അതേ ദിവസം മറ്റൊരു സ്ഥാപനത്തിൽ ജോലി ചെയ്യിക്കുവാൻ പാടുള്ളതല്ല.

കുട്ടികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു :

സ്ഥാപനത്തിന്റെ പേര്, യഥാർത്ഥ മാനേജ്മെന്റ്, കത്ത് അയക്കേണ്ട വിലാസം, ജോലിയുടെ സ്വഭാവം, ഏത് തരം സ്ഥാപനം എന്നിവയാണ്.

എല്ലാ സ്ഥാപനമാനേജരും ജോലിക്കാരും കുട്ടികളുടെ ജോലി സംബന്ധിച്ച് താഴെ പറയുന്നവിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ പരിശോധനയ്ക്ക് വേണ്ടിയും, ജോലി സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങൾ

- തൊഴിൽ ചെയ്യുന്ന കുട്ടികളുടെ പേരും, ജനനതിയ്യതിയും
- ജോലിസമയവും, വിശ്രമ സമയവും
- ജോലിയുടെ സ്വഭാവം
- നിർദ്ദേശിക്കുന്ന മറ്റു വിവരങ്ങൾ

നിയമങ്ങൾ ലംഘിക്കുന്നവർക്ക് 3 മാസം മുതൽ 1 വർഷം വരെ തടവോ 10000 രൂപ പിഴയോ ശിക്ഷ ലഭിക്കുന്നതാണ്.

മേൽ പറഞ്ഞ ശിക്ഷകൾ ഉറപ്പാക്കുന്നതിനും, നിബന്ധനകൾ ഉറപ്പാക്കുന്നതിനും വേണ്ടി പരിശോധകരെ നിയമിക്കുകയും നിയമലംഘനം നടത്തുന്നവർക്കതിരെ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ കോടതിയിലോ മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് മുമ്പാകെയോ കേസ് ഫയൽ ചെയ്യാവുന്നതാണ്.

മേഖല
2

കുട്ടികളിലെ ദുരുപയോഗം തടയൽ

മാർഗ്ഗനിർദ്ദേശം 3.4. അപകടാവസ്ഥയിലുള്ളവരും അനാഥരുമായ കുട്ടികളുടെ വിവരങ്ങൾ

സംയോജിത ശിശുസംരക്ഷണപദ്ധതിയും (Integrated Child Protection Scheme (ICPS), കൗമാരനീതി നിർവ്വഹണ നിയമവും എന്നിങ്ങനെ അപകടാവസ്ഥയിലുള്ള കുട്ടികളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. പരിപാലനവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളും, നിയമത്തിന് വിധേയരല്ലാതെ ജീവിക്കുന്ന കുട്ടികളും.

കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ ഒരു താത്കാലിക പട്ടിക താഴെ കൊടുക്കുന്നു.

ഇനം	സാധ്യമായ സേവനം
അനാഥരായ കുട്ടികൾ	• നിലവാരമുള്ള സ്ഥാപനസംരക്ഷണം നൽകുക • സ്കോളർഷിപ്പ്/ദത്തെടുക്കൽ/സ്പോൺസർഷിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെടുത്തുക • പങ്കാളിത്തവേദികളിൽ അംഗങ്ങളാക്കുക
രണ്ടാനമ്മ/രണ്ടാനച്ഛൻ ഉള്ളവരുടെ കുട്ടികൾ/രക്ഷിതാക്കൾക്ക് കുട്ടികളെ നോക്കാൻ പറ്റാത്ത അവസ്ഥ/കുട്ടികളെ ബുദ്ധിമുട്ടിക്കുന്ന ഒരു വ്യക്തി താമസിക്കുന്ന സ്ഥലം	• പങ്കാളിത്തവേദികളിൽ അംഗത്വം നൽകുക • സാമൂഹ്യ/മാനസിക പിന്തുണ/ഫോസ്റ്റർ കെയർ സംവിധാനം/നിലവാരമുള്ള സ്ഥാപനസംരക്ഷണം
വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന കുട്ടികൾ/തെരുവു കുട്ടികൾ	സ്കോളർഷിപ്പ്/സ്പോൺസർഷിപ്പ് ഹോസ്റ്റൽ സമ്പ്രദായം/നിലവാരമുള്ള സ്ഥാപനസംരക്ഷണം

ജയിൽവാസമനുഭവിക്കുന്നവരുടെ മക്കൾ	• സാമൂഹ്യമാനസിക പിന്തുണ/സാമ്പത്തിക പിന്തുണ • നിലവാരമുള്ള സ്ഥാപനസംരക്ഷണം
ലഹരി ഉപയോഗിക്കുന്നവരുടെ മക്കൾ	• നിലവാരമുള്ള സ്ഥാപനസംരക്ഷണം • സാമൂഹ്യ മാനസിക പിന്തുണ • കുടുംബങ്ങൾക്ക് ലഹരിവിരുദ്ധ സേവനങ്ങൾ നൽകുക
ഭിന്നശേഷിയുള്ള കുട്ടികൾ	• സ്പെഷ്യൽ സ്കൂൾ/ബഡ്സ്/ബി.ആർ.സി സേവനങ്ങൾ ലഭ്യമാക്കുക • സ്കോളർഷിപ്പ്/സഹായഉപകരണങ്ങൾ
ഇതര സംസ്ഥാനതൊഴിലാളികളുടെ കുട്ടികൾ	• പങ്കാളിത്ത വേദികളിൽ പങ്കാളികളാക്കുക • സാമൂഹ്യ/മാനസിക പിന്തുണ • വിദ്യാഭ്യാസത്തിനും, ജീവിതനൈപുണി വിദ്യാഭ്യാസത്തിനും പിന്തുണ
ഭാരകുറവുള്ള കുട്ടികൾ	• അങ്കണവാടി സേവനം ഉപയോഗിക്കുക • പോഷണപുനരധിവാസ കേന്ദ്രപരിപാടിയുമായി ബന്ധപ്പെടുത്തുക
സ്കൂൾ ഡ്രോപ്പ്ഔട്ട് (കൊഴിഞ്ഞു പോക്ക്)	• സ്കൂളിൽ വീണ്ടും പ്രവേശനം നൽകുക/പ്രത്യേക കോച്ചിംഗ് നൽകുക • സ്പോൺസർഷിപ്പ് കൊടുക്കുക • ഓപ്പൺ സ്കൂളിൽ ചേർന്ന് പഠിപ്പിക്കുക
ഓടിപ്പോയ /കാണാതായ കുട്ടികൾ	• പോലീസ്/ചൈൽഡ്ലൈൻ/മിസ്സിംഗ് ചൈൽഡ് ട്രാക്ക് എന്നിവർക്ക് റിപ്പോർട്ട് നൽകുക • കുടുംബത്തിലേക്ക് തിരിച്ചു കൊണ്ടു പോകുക
നിയമലംഘനത്തിലകപ്പെട്ട കുട്ടികൾ (കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ട കുട്ടികൾ)	• CWC, JJB എന്നിവയ്ക്ക് റിപ്പോർട്ട് നൽകുക • സാമൂഹ്യമാനസികപിന്തുണ • ഒബ്സർവേഷൻ ഹോം, ചിൽഡ്രൻസ് ഹോം എന്നിവയുമായി ബന്ധപ്പെടുത്തുക
HIV/AIDS വൈറസ് രോഗാണുബാധയുള്ളവരും രോഗാണുബാധകെടുതിയുമായി ബന്ധപ്പെട്ട കുട്ടികൾ	• സാമൂഹിക/മാനസിക പിന്തുണ • ആരോഗ്യ-ആരോഗ്യവിദ്യാഭ്യാസസേവനങ്ങൾ • പങ്കാളിത്തവേദികളിൽ അംഗത്വം • സ്ക്കോളർഷിപ്പ്/ഉപകരണങ്ങളും സഹായസാമഗ്രികളും

വിവരശേഖരണം

0 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ പട്ടിക സാഹചര്യവും അപകടസാധ്യതയും അവർ നേരിടുന്ന വെല്ലുവിളികളും വാർഷിക കുടുംബസർവ്വേയിൽ ഉൾപ്പെടുത്തിക്കൊണ്ട് ICDS സൂപ്പർവൈസർ ശേഖരിക്കണം.

കർമ്മപരിപാടികൾ

A. ചൈൽഡ്‌ലൈൻ നമ്പർ (1098) സ്കൂളിലെ എല്ലാ ക്ലാസ്സ് മുറികളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലും പ്രദർശിപ്പിച്ചിരിക്കണം

B. സ്കൂൾ പ്രവേശനം, ആക്റ്റിവിറ്റി ഗ്രൂപ്പ് അംഗത്വം, ബാലസഭാപ്രവർത്തനങ്ങൾ, കുട്ടികളുടെ ലൈബ്രറി, അങ്കണവാടി അംഗത്വം, എ ജി ക്ലബ്ബ് അംഗത്വം എന്നിവയുമായി അത്തരം കുട്ടികളെ ബന്ധപ്പെടുത്തുന്നതിനുള്ള പ്രത്യേക കർമ്മപരിപാടികൾ തയ്യാറാക്കണം

C. അപകടസാധ്യതയുള്ള കുട്ടികളെ (at Risk), കുട്ടികൾക്ക് പങ്കാളിത്തമുള്ള സംഘടനകളിൽ സജീവാംഗമാകാൻ പ്രേരിപ്പിക്കണം. അത്തരം കുട്ടികളുള്ള വീടുകളെ ഭവനനിർമ്മാണസഹായം, ശുചിത്വം, ആശ്രയ എന്നിങ്ങനെയുള്ള സാമ്പത്തിക പരിപാടികളിൽ മുൻഗണന നൽകി ഉൾപ്പെടുത്തണം

കാണാതായ കുട്ടിയെ തേടിപ്പിടിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം

ഓരോ എട്ട് മിനിറ്റിലും ഒരു കുട്ടിയെ വീതം കാണാതാകുന്നുണ്ടെന്നും കാണാതാകുന്ന കുട്ടികളിൽ 40 ശതമാനത്തെ ഒരിക്കലും കണ്ടുകിട്ടുന്നില്ലെന്നും ദേശീയ വിവരസാങ്കേതിക കേന്ദ്രം (National Informatics Centre- NIC)പറയുന്നു. കേരളത്തിൽ മാത്രം, 700 കുട്ടികളെയാണ് 2013-ൽ കാണാതായിരിക്കുന്നത്.

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവുമായി ചേർന്ന് വികസിപ്പിച്ചെടുത്ത മിസ്സിംഗ് ചൈൽഡ് എന്ന വെബ്സൈറ്റ്, വീട് വിട്ടുപോയതോ വിവിധ കാരണങ്ങളാൽ കാണാതാകുകയോ ചെയ്ത കുട്ടികളെ തേടിപ്പിടിക്കാൻ സഹായിക്കുന്നു. അപകടാവസ്ഥയിലായ അത്തരം കുട്ടികളെ സംബന്ധിച്ച വിവരശേഖരത്തെ ആശ്രയിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. കാണാതായ കുട്ടിയെകുറിച്ചും കണ്ടെത്തിയ കുട്ടിയെ കുറിച്ചും http://www.trackthemissingchildഎന്ന പോർട്ടൽ വഴി അപായ സൂചന നൽകാവുന്നതാണ്.

കാണാതാകുകയോ കണ്ടുകിട്ടുകയോ ചെയ്ത കുട്ടിയെ കുറിച്ച് പോലീസിലും ശിശുക്ഷേമസമിതി, ചൈൽഡ്‌ലൈൻ തുടങ്ങിയ പ്രസ്ഥാനങ്ങളിൽ അറിയിക്കുകയോ പരാതി നൽകുകയോ ചെയ്യുന്നതോടൊപ്പം ഈ ഓൺലൈൻ സംവിധാനവും ഉപയോഗിക്കാവുന്നതാണ്.

മാർഗ്ഗനിർദ്ദേശം 3.5. വിവരവിദ്യാഭ്യാസ വിനിമയം (IEC)- പൊതുജന ബോധവൽക്കരണവും

ബാലസൗഹൃദഭരണം ഒരു പൊതു ഉത്തരവാദിത്തം ആണെന്ന് ബോധ്യപ്പെടുത്തുന്നതിനായി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ IECപരിപാടികൾ ആവിഷ്കരിക്കുകയും പ്രചരിപ്പിക്കുകയും വേണം. അതിനുള്ള ഒരു താത്കാലിക ചട്ടക്കൂട് താഴെ കൊടുക്കുന്നു

- ഗ്രാമപഞ്ചായത്തുകളിലും/നഗരസഭകളിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എല്ലാ പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച പ്രോട്ടോക്കോൾ പ്രദർശിപ്പിക്കുക
- CFLG-യുടെ ഭാഗമായി തെരഞ്ഞെടുത്തിരിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ ബോർഡുകൾ വഴി പ്രദർശിപ്പിക്കുക
- തദ്ദേശഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, അധ്യാപകർ, പി.ടി.എ. അംഗങ്ങൾ, സ്കൂൾ ബസ് ഡ്രൈവർമാർ എന്നിങ്ങനെ കുട്ടികളുമായി ഇടപഴകുന്ന എല്ലാവർക്കും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് പരിശീലനം നൽകുക
- AGക്ലബ്ബുകൾ, ബാലസഭകൾ, സ്കൂൾ ക്ലബ്ബുകൾ എന്നീ തലങ്ങളിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച പരിശീലനം നൽകുക
- ഗ്രാമസഭകളിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തുക
- പ്രദേശത്തെ കാതലായ ബാലാവകാശപ്രശ്നങ്ങൾ സന്ദേശമാക്കിക്കൊണ്ട് ബാലദിനം ആചരിക്കുക

പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള സന്ദേശത്തിന്റെ മാതൃക

IEC പൊതുബോധവൽക്കരണം സംബന്ധിച്ച നടപടികൾ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്. ഇതിനായി സ്കൂൾ അധ്യാപകരിൽനിന്ന് ഒരു കൺവീനറെ തെരഞ്ഞെടുക്കാവുന്നതാണ്. ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് പഞ്ചായത്ത്/നഗരസഭ കമ്മിറ്റി മീറ്റിംഗിൽ അവതരിപ്പിക്കേണ്ടതാണ്.

മാർഗ്ഗനിർദ്ദേശം 3.6. ജാഗ്രതാസമിതികൾ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും സർവ്വ തലങ്ങളിലും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ജീവിത സുരക്ഷിതത്വവും ഉയർത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥിരസംവിധാനമാണ് ജാഗ്രതാസമിതി. ജാഗ്രതാസമിതി രൂപീകരണം സംബന്ധിച്ച് കേരള സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഉദ്ദേശ്യലക്ഷ്യങ്ങൾ

1. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുക
2. അവർക്കെതിരെയുണ്ടാകുന്ന ഏതാക്രമണത്തിനും നിയമലംഘനത്തിനും ചൂഷണത്തിനും നീതി നിഷേധത്തിനും എതിരെ സ്വയം ഇടപെടുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക
3. ജാഗ്രതാസമിതിക്ക് ഇടപെടാൻ കഴിയാത്ത വിധത്തിലുള്ള പ്രശ്നമാണെങ്കിൽ മറ്റ് ഗവൺമെന്റ് സംവിധാനങ്ങൾക്കോ നിയമനടപടികൾക്കോ റഫർ ചെയ്യുക
4. ഗവൺമെന്റ് സംവിധാനമായും മറ്റു ഡിപ്പാർട്ട്മെന്റുകളുമായും കൂടിചേർന്ന് കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക
5. സ്ത്രീ ശാക്തീകരണത്തെ കുറിച്ചും സംരക്ഷണ പരിപാടികളെ കുറിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുപാർശയും നിർദ്ദേശവും നൽകുക

(ജാഗ്രതാസമിതിയുടെ പുതിയ ഗൈഡ്ലൈൻ ചൈൽഡ് റിസോഴ്സ് സെന്ററിന്റെയും, കിലയുടേയും വെബ്സൈറ്റിൽ ലഭ്യമാണ് www.crckila.org,www.kilaonline.org)

മാർഗ്ഗനിർദ്ദേശം 3.7. പ്രാദേശികതലത്തിലുള്ള സർക്കാരുകൾക്ക് ബാലസംരക്ഷണ സമിതികൾ (PCPC)

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സംരക്ഷണത്തിന് രാജ്യത്തെമ്പാടും 2009-10 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് സംയോജിത ബാലസംരക്ഷണ പദ്ധതി.

ദുർഘടസാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളുടെ ക്ഷേമം മെച്ചപ്പെടുത്തുകയും അതോടൊപ്പം ദുരുപയോഗം, അവഗണന, ചൂഷണം തുടങ്ങിയ പ്രവൃത്തികളാൽ മാതാപിതാക്കൾ കുട്ടികളെ ഉപേക്ഷിക്കുകയും പല കാരണങ്ങളാൽ കുട്ടികളിൽനിന്ന് വേർപിരിഞ്ഞ് താമസിക്കുകയും ചെയ്യുന്ന സാഹചര്യം മൂലം കുട്ടികൾക്കുണ്ടാകുന്ന അപകടാവസ്ഥ ഒഴിവാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും നിയമത്തോട് പൊരുത്തപ്പെടാതെ ജീവിക്കുന്ന കുട്ടികൾക്കും അപകടാവസ്ഥയിലുള്ള ഏതൊരു കുട്ടിക്കും 2000-ലെ ബാലനീതി (കുട്ടികളുടെ കരുതലും സംരക്ഷണവും) നിയമവും അതിന്റെ 2006-ലെ ഭേദഗതിയും അനുസരിച്ച് പരിചരണവും പുനരധിവാസസൗകര്യങ്ങളും പ്രദാനം ചെയ്യുന്നു. സംസ്ഥാനസർക്കാരു

കളും കേന്ദ്രഭരണപ്രദേശങ്ങളും നേരിട്ടോ എൻ.ജി.ഒ. കൾ മുഖേനയോ കുട്ടികൾക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് സാമ്പത്തികസഹായവും ഈ പരിപാടി വഴി ലഭ്യമാക്കും.

ഇതിൽ ഉൾപ്പെട്ടിരിക്കുന്ന സേവനങ്ങൾ:

- കുട്ടികൾക്കുവേണ്ടി വിവിധതരത്തിലുള്ള സംരക്ഷണഭവനങ്ങൾ
- ചൈൽഡ്ലൈൻ വഴി അടിയന്തിരസേവനങ്ങൾ
- കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് നഗരങ്ങളിലും അർദ്ധനഗരങ്ങളിലും ഷെൽട്ടറുകൾ
- സ്പോൺസർഷിപ്പ്, വളർത്തുസംരക്ഷണം, ദത്തെടുക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കുടുംബാധിഷ്ഠിതവും സ്ഥാപനേതരവുമായ പരിചരണം

സംസ്ഥാനതലത്തിൽ, സംസ്ഥാന സംയോജിത ശിശുസംരക്ഷണസമിതി, സൊസൈറ്റി എന്നിവ വഴിയും ജില്ലാ തലത്തിൽ ജില്ലാ ശിശുസംരക്ഷണസമിതി മറ്റ് സ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് ICPSനടപ്പാക്കുന്നത്.

ICPS-ന്റെ ഘടന

കേന്ദ്രസർക്കാർതലത്തിൽ

- Ministry of Women & Child Development (WCD)
- Central Adoption Resource Authority (CARA)
- Central Project Support Unit(CPSU)
- National Institute for Public Corporation and Child Development (NIPCCD)

സംസ്ഥാനസർക്കാർതലത്തിൽ

- State Child Protection Society (SCPS)
- State Adoption & Resource Agency (SARA)
- State Project Support Unit (SPSU)
- State Adoption Recommendation Committee (SARC)

ജില്ലാതലത്തിൽ

- District Child Protection Unit (DCPU)
- Child Welfare Committee (CWC)
- Juvenile Justice Board (JJB)
- Special Juvenile Police Unit (SJPU)

- Sponsorship Foster Care Approval Committee (SFCAC)
- District Inspection Committee (DIC)

ഉപജില്ലാതലത്തിൽ

- Block Level Child Protection Committee
- Village Level Child Protection Committee

ഗ്രാമതലത്തിൽ

ശിശുസംരക്ഷണസേവനങ്ങൾ ഗ്രാമതലത്തിൽ നടപ്പാക്കുന്നതിന്റെ മേൽനോട്ടത്തിനായി ഓരോ പഞ്ചായത്തിലും പ്രസിഡന്റിന്റെ നേതൃത്വത്തിൽ ശിശുസംരക്ഷണസമിതികൾ ഉണ്ടായിരിക്കണം. സമിതിയിൽ താഴെ പറയുന്നവരെ ഉൾപ്പെടുത്തിയിരിക്കണം.

- കുട്ടികളുടെ രണ്ട് പ്രതിനിധികൾ
- DCPU-വിലെ ഒരംഗം
- അങ്കണവാടി പ്രവർത്തകർ
- സ്കൂൾ അധ്യാപകർ
- ജെ.പി.എച്ച്.എൻ
- പഞ്ചായത്തംഗങ്ങൾ
- സമൂഹ്യപ്രവർത്തകർ

അപായ സാഹചര്യങ്ങളിലേക്ക് നീങ്ങാവുന്ന കുടുംബങ്ങളെയോ കുട്ടികളെയോ സഹായിക്കുന്നതിനായി സ്പോൺസർഷിപ്പ് കണ്ടെത്തേണ്ട ചുമതല പഞ്ചായത്ത്തല ശിശുസംരക്ഷണസമിതിയ്ക്കാണ്.

ചുമതലകൾ

- ഗ്രാമത്തിൽ കുട്ടികളുടെ അപായസാധ്യതകളുടെ വിവരങ്ങൾ രേഖപ്പെടുത്തൽ
- അനാഥക്കുട്ടികൾക്കും അപായവസ്ഥയിലുള്ള കുട്ടികൾക്കും ആവശ്യാധിഷ്ഠിതപിന്തുണ നല്കൽ
- കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിക്കൽ
- ഒറ്റയ്ക്ക് താമസിക്കുന്ന കുട്ടികൾക്കും മറ്റ് കുടുംബംഗങ്ങളുടെ കൂടെ പാർക്കുന്ന കുട്ടികൾക്കും സമയാസമയങ്ങളിൽ പിന്തുണ നൽകൽ
- കുട്ടികളുടെ സംരക്ഷണപ്രശ്നങ്ങൾ, ICPS പദ്ധതികൾ എന്നിവയെക്കുറിച്ച് സമൂഹത്തിലും പഞ്ചായത്തംഗങ്ങളുടെ ഇടയിലും ബോധവൽക്കരണം നടത്തൽ

പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് സുരക്ഷിത അന്തരീക്ഷം

പെൺകുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് കൗമാരക്ലബ്ബുകൾ വഴി പെൺകുട്ടികൾക്ക് മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിന് തീരുമാനിച്ചു. അവരുടെ ആത്മവിശ്വാസവും അഭിമാനവും ഉയർത്തുന്നതിനായുള്ള ധാരാളം പരിപാടികൾ നടത്തി. അവയിൽ പ്രധാനപ്പെട്ടത് പഞ്ചായത്ത് കുട്ടികൾക്ക് വേണ്ടി നൽകിയ കരാട്ടെ പരിശീലനമാണ്. പഞ്ചായത്ത് ആദ്യം പദ്ധതി ഉണ്ടാക്കുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതിനുശേഷം താൽപര്യമുള്ള ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. പഞ്ചായത്തിൽ തന്നെയുള്ള IDK എന്ന ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തു. 34 കൗമാരക്ലബ്ബുകളിലായി 2654 പെൺകുട്ടികളുണ്ട്. എല്ലാ ക്ലബ്ബുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് എല്ലാ ഞായറാഴ്ച്ചകളിലും പരിശീലനം നൽകി. പഞ്ചായത്തിന് കീഴിലുള്ള എല്ലാ സ്കൂളുകളിലും ആഴ്ച്ചയിലൊരു തവണ തായ്ക്കോണ്ടോ പരിശീലനം നൽകി. AG ക്ലബ്ബുകളിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിക്കുകയും ചെയ്തു.

മേഖല
3

സുരക്ഷിത സ്കൂൾമേഖല

മാർഗ്ഗനിർദ്ദേശം 3.8. റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ

ഇന്ത്യയിൽ ഓരോ മൂന്ന് മിനിറ്റിലും റോഡ് അപകടങ്ങളിൽ ഒരു കുട്ടി വീതം കൊല്ലപ്പെടുന്നുണ്ട്. ഇന്ത്യയിലെ റോഡുകളിലെ സുരക്ഷ സംബന്ധിച്ച ആശങ്കാജനകമായ അവസ്ഥയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. അത്തരമൊരു സാഹചര്യത്തിൽ, സ്കൂളിലേയ്ക്കും തിരിച്ചും കുട്ടികൾക്ക് വാഹനങ്ങളിലും സൈക്കിളുകളിലും ബോട്ടുകളിലും നടന്നും സുരക്ഷിതമായും സൗകര്യപ്രദമായും പോകുന്നതിന് ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയെന്നത് പ്രധാനമാണ്. 2011 -2020 ദശകം റോഡ് സുരക്ഷാപ്രവർത്തനത്തിനുള്ള ദശകമായാണ് ഐക്യരാഷ്ട്രസഭ ആചരിക്കുന്നത്. 2015-ൽ ഐക്യരാഷ്ട്രസഭ ആചരിക്കുന്ന ആഗോള റോഡ് സുരക്ഷാവാരം കുട്ടികളെയും റോഡ് സുരക്ഷയെയും സംബന്ധിച്ചുള്ളതാണ്.

സ്കൂൾ മേഖലയെ സൂചിപ്പിക്കുന്നതിന് താഴെ പറഞ്ഞിരിക്കുന്ന വിധത്തിലുള്ള ബോർഡുകൾ സ്ഥാപിക്കണം.

- 2014 ഫെബ്രുവരി 28-ലെ G.O.(P)No. 20/2014/Tran അനുസരിച്ച് 8.30 മുതൽ 10.00 am വരെയും 3 മുതൽ 5 pm വരെയും വാഹനങ്ങളുടെ വേഗപരിധി 30 കിലോമീറ്ററായി ക്രമീകരിച്ചിരിക്കുന്നു
- കുട്ടികൾക്ക് സുരക്ഷിതമായി കടക്കുന്നതിന് സീബ്രാ ക്രോസിംഗ് അടയാളങ്ങൾ

പുതിയ സ്കൂൾ വർഷം തുടങ്ങുന്നതിനുമുമ്പ് RTOതാഴെ പറയുന്ന സുരക്ഷാചട്ടങ്ങൾ ഉറപ്പാക്കണം.

- മോട്ടോർ വെഹിക്കിൾ/പോലീസ് വകുപ്പുകൾ സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധിക്കുക, ലൈസൻസ്/റീ ലൈസൻസ് എന്നിവ ശ്രദ്ധിക്കുക (ചട്ടപ്രകാരം)
- സ്കൂൾ ബസ്, സ്കൂൾ ഡ്യൂട്ടിയിലുള്ള മറ്റ് വാഹനങ്ങൾ എന്നിവയുടെ നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാക്രമീകരണങ്ങൾ
- കേരളാസർക്കാർ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 08.07.2009-ലെ C2/12074/T.C/2009

-ലെ സർക്കുലർ പ്രകാരം സ്കൂൾ പരിസരത്തുനിന്ന് ശ്രദ്ധ തിരിക്കുന്ന പരസ്യങ്ങളും നോട്ടീസുകളും മാറ്റുക

- കേരളാസർക്കാർ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 08.07.2009-ലെ C2/12074/T.C/2009-ലെ സർക്കുലർ പ്രകാരം 15 വർഷത്തിൽ അധികം പഴക്കമുള്ള വാഹനങ്ങൾ കുട്ടികളെ കൊണ്ടുപോകുന്നതിൽനിന്ന് ഒഴിവാക്കുക
- ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ പാടില്ല (സർക്കുലർ നമ്പർ 29/2003)
- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 15.09.2003-ലെ No.G3/534/T.C/03 സർക്കുലറും കേരളാ മോട്ടോർ വെഹിക്കിൾ ചട്ടങ്ങളിലെ 221-ാം ചട്ടവും അനുസരിച്ചുള്ള പ്രോട്ടോക്കോൾ സ്കൂൾ വാഹനങ്ങൾ പാലിക്കുക
- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 30.05.2011-ലെ C1/901/T.C/2009 നമ്പർ സർക്കുലർ അനുസരിച്ച് സ്കൂൾ ബസ് ഡ്രൈവർമാർക്കും സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന മറ്റ് ഡ്രൈവർമാർക്കും പരിശീലനം നൽകുകയും തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്യുക

2012 മെയ് 10-ലെ G.O. (P) No.25/2012/Tran.അനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ബസ്സുകളുടെ പെർമിറ്റ് നൽകുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉറപ്പാക്കൽ

- സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന വാഹനം വാടകയ്ക്കെടുത്തിട്ടുള്ളതാണെങ്കിൽ ON SCHOOL DUTYഎന്ന് വെള്ള പശ്ചാത്തലത്തിൽ നീല നിറമുള്ള അക്ഷരങ്ങൾ കൊണ്ട് എഴുതിയ ബോർഡ് വാഹനത്തിന്റെ മുമ്പിലും പിറകിലും മുകൾ വശത്തും സ്ഥാപിക്കണം
- 1989-ലെ കേരളാ മോട്ടോർ ട്രാൻസ്പോർട്ട് ചട്ടങ്ങളിലെ 151-ാം ചട്ടം അനുശാസിക്കുന്ന വിധത്തിൽ ഫസ്റ്റ് എയിഡ് ബോക്സ് വാഹനത്തിൽ ഉണ്ടായിരിക്കണം
- കുട്ടികളെ ശ്രദ്ധിക്കുന്നതിന് യോഗ്യതയുള്ള ഒരു അറ്റന്റർ വാഹനത്തിൽ ഉണ്ടായിരിക്കണം
- വാഹനത്തിന്റെ ഡ്രൈവർക്ക് വാഹനമോടിച്ച് 10 വർഷത്തെ പരിചയവും അതിഭാരവാഹനങ്ങൾ ഓടിച്ച് 5 വർഷത്തെ പരിചയവും ഉണ്ടായിരിക്കണം

മദ്യപിച്ചോ അപകടകരമായോ വാഹനമോടിച്ചതിനോ അമിതവേഗത്തിനോ 1860-ലെ ഇന്ത്യൻ പീനൽ കോഡ് (1860-ലെ കേന്ദ്രനിയമം) വകുപ്പുകൾ 279, 337, 338, 304 എ പ്രകാരം ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ടയാളെ ഒരിക്കലും ജോലിക്ക് വെക്കരുത്.(G.O (P) No. 19/13/Tran dtd. 21.03.2013)

മറ്റു സുരക്ഷാനിയമങ്ങൾ

- സ്കൂൾ വാഹനങ്ങളിൽ റോഡ് സുരക്ഷയെ കുറിച്ചുള്ള ബോർഡുകൾ പ്രദർശിപ്പക്കുക
- 1098 എന്ന ചൈൽഡ് ലൈൻ നമ്പർ സ്കൂൾ വാഹനങ്ങളിൽ പ്രദർശിപ്പിക്കുക

- RTO യുമായി സഹകരിച്ച് ബസ് ഡ്രൈവർമാർക്ക് POCSO നിയമത്തെ കുറിച്ച് ബോധവൽക്കരണം നൽകുക
- ട്രാഫിക് വളണ്ടിയർമാരെയും വാർഡന്മാരെയും കുട്ടികളെ റോഡ് മുറിച്ചു കടക്കാൻ സഹായിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക
- സ്കൂളിന് സമീപം ബസ്സുകൾക്ക് സ്റ്റോപ്പ് ഉണ്ടാക്കുക
- ബസ് സ്റ്റോപ്പുകളിൽ വിശ്രമസ്ഥലവും ബസ് ഷെൽട്ടറും ഉണ്ടാക്കുക
- സ്കൂളിനകത്ത് പുറത്തു നിന്നുള്ള വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കരുത്
- പി.ടി.എയുടെ സഹകരണത്തോടെ സ്കൂളിന് സ്വന്തമായി വാഹനം വാങ്ങിക്കണം

തദ്ദേശഭരണസ്ഥാപനസഹായത്തോടെ സ്കൂളധികൃതരുമായി യോഗം കൂടി പ്രോട്ടോക്കോളുകൾ അനുസരിച്ച് വാഹന സൗകര്യം ഏർപ്പാട് ചെയ്യാൻ അവരെ പ്രേരിപ്പിക്കുക. റോഡ് സുരക്ഷാ നിയമങ്ങൾ പഞ്ചായത്തിലും സ്കൂളിലും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കുകയും സ്റ്റാഫ് മീറ്റിംഗിലും പി.ടി.എ മീറ്റിംഗിലും ഇതിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുക. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ റോഡ് സുരക്ഷിത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി മുമ്പാകെ അവതരിപ്പിക്കണം.

മാർഗ്ഗനിർദ്ദേശം 3.9. ലഹരി വസ്തു വിമുക്ത മേഖല (സുരക്ഷിതത്വ മേഖല) പ്രഖ്യാപനം

ഇന്ത്യയിൽ മദ്യത്തിന്റെ ഉപഭോഗം ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. ഒരു ശരാശരി മലയാളിക്കുട്ടി പന്ത്രണ്ടര വയസ്സാകുമ്പോൾ മദ്യപാനം തുടങ്ങുന്നുവെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ ഒരു സർവ്വേ വെളിപ്പെടുത്തുന്നു. സംസ്ഥാനത്തെ കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപഭോഗം തികച്ചും ആശങ്കാജനകമാണ്. മദ്യത്തിന്റെ ഉപഭോഗത്തിനുള്ള നിയമാനുസൃതപ്രായം 2011 ജൂലൈയിൽ 18 ൽ നിന്ന് 21 ആയി ഉയർത്തിയിട്ടുണ്ടെങ്കിലും പല കുട്ടികളും മദ്യത്തിനടിമകളായ മാതാപിതാക്കളോടൊപ്പം വളരെ ചെറിയ പ്രായത്തിൽ തന്നെ ഇത് രുചിച്ചു തുടങ്ങുന്നു.

ഈ സാഹചര്യം കണക്കിലെടുത്തു കുട്ടികളിലും മുതിർന്നവരിലും കാണപ്പെടുന്ന മയക്കുമരുന്നുകളുടെ ദുരുപയോഗം തുടച്ചുമാറ്റുന്നതിന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ബോധവൽക്കരണം നടത്തുന്നതിന് 2014 ജൂണിൽ "ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്" എന്ന പദ്ധതിക്ക് കേരള സർക്കാർ രൂപം നൽകിയിട്ടുണ്ട്.

മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും സംബന്ധിച്ചുള്ള നിയമങ്ങളും ചട്ടങ്ങളും.

കേന്ദ്രസർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം 2004 സെപതംബർ 1ന് ഇറക്കിയ അസാധാരണഗസറ്റ് (ഭാഗം II സെക്ഷൻ 3(1) പ്രകാരം സ്കൂൾ മേഖലയ്ക്ക് 100 മീറ്റർ ചുറ്റളവിലുള്ള കടകളിൽ സിഗരറ്റോ മറ്റ് പുകയില ഉൽപ്പന്നങ്ങളോ പോലെയുള്ള ഹാനികരങ്ങളായ വസ്തുക്കളോ വിൽക്കാൻ പാടില്ല (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution Act (COPTA) 2003, No 34 of 2003)

പരിശോധനകൾ

I. സ്കൂൾ സംരക്ഷണ സമിതി

COPTA- നിയമം നടപ്പാക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള ചട്ടങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനായി GO(Rt) 1479/12 Home Dept. dtd. 17.5.12 പ്രകാരം കേരളസർക്കാർ താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സ്കൂൾ സംരക്ഷണസമിതി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്.

1.	സ്ഥാപന മേധാവി	-	ചെയർമാൻ
2.	പി.ടി.എ. പ്രസിഡന്റ്	-	മെമ്പർ
3.	എം.പി.ടി.എ. പ്രസിഡന്റ്	-	മെമ്പർ
4.	ടീച്ചർ കോർഡിനേറ്റർ (പി.ടി.എ.)	-	മെമ്പർ
5.	പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ (പോലീസ് ഇൻസ്പെക്ടർ)	-	മെമ്പർ
6.	സ്കൂൾ ലീഡർ	-	മെമ്പർ

സമിതിയുടെ ചുമതലകൾ

1. മാസത്തിലൊരിക്കലെങ്കിലും സമിതി കൂടിയിരിക്കണം
2. സമിതി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

   a) പുകയില ഉൽപ്പന്നങ്ങളുടെ പരസ്യം എല്ലാ സ്ഥലങ്ങളിലും നിരോധിക്കപ്പെട്ടിട്ടുണ്ട്

   b) വിദ്യാഭ്യാസസ്ഥാപനത്തിന്റെ അതിർത്തിയിൽനിന്ന് 100 മീറ്റർ ചുറ്റളവിൽ 18 വയസ്സിൽ താഴെയുള്ളവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നില്ല

   c) പുകയില ഉപയോഗത്തിന്റെ ഫലങ്ങളെ സംബന്ധിച്ച് ചിത്രങ്ങളോടു കൂടിയ മുന്നറിയിപ്പ് അത്തരം ഉൽപ്പന്നങ്ങളിൽ കാണിച്ചിട്ടുണ്ട്

   സ്കൂളിന്റെ നൂറ് മീറ്റർ ചുറ്റളവിൽ സിഗരറ്റോ മറ്റ് പുകയില ഉൽപ്പന്നങ്ങളോ വിൽക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നെന്നും അങ്ങനെ ചെയ്യുന്നത് കുറ്റകരമാണെന്നും വ്യക്തമായി പ്രഖ്യാപിക്കുന്ന ഒരു ബോർഡ് സ്കൂൾ പരിസരത്ത് ശ്രദ്ധേയമായ രീതിയിൽ സ്കൂൾ പ്രിൻസിപ്പൽ/മാനേജർ പ്രദർശിപ്പിക്കണം.

3. ഈ നിർദ്ദേശം ലംഘിക്കുകയാണെങ്കിൽ അത് സംബന്ധിച്ച വിവരം ലഭിച്ച് 15 ദിവസത്തിനകം സമിതി നടപടി സ്വീകരിക്കണം
4. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് സമിതി ഈ സമിതിയുടെ പ്രവർത്തനങ്ങളുടെ ജില്ലാതലത്തിലുള്ള മേൽനോട്ടം വഹിക്കണം
5. ഇത് സംബന്ധിച്ച നിയമങ്ങൾ അനുസരിക്കാത്തവർക്ക് 200 രൂപ പിഴ ചുമത്തുന്നതും കടയുടെ ലൈസൻസ് റദ്ദാക്കുന്നതും അടക്കമുള്ള ശിക്ഷ നൽകുന്നതാണ്. കുറ്റത്തിന്റെ സ്വഭാവമനുസരിച്ച് ശിക്ഷ 5 വർഷം വരെയുള്ള തടവും പതിനായിരം രൂപ പിഴയുമായി

വർദ്ധിപ്പിക്കാവുന്നതാണ്

II. കേരളാ അബ്കാരി ആക്റ്റ്, സെക്ഷൻ 15 ബി

മദ്യം വിൽക്കാൻ ലൈസൻസ് ഉള്ള വ്യക്തിയോ അത്തരത്തിൽ ലൈസൻസുള്ള വ്യക്തിയുടെ ജോലിക്കാരനോ അല്ലെങ്കിൽ അത്തരത്തിൽ ലൈസൻസുള്ള വ്യക്തിയുടെ അനുമതിയുള്ള വ്യക്തിയോ ലൈസൻസുള്ള വ്യക്തിക്കുവേണ്ടി പതിനെട്ട് വയസ്സിൽ കുറവ് പ്രായമുള്ള ഒരു കുട്ടിക്കും ഏതെങ്കിലും മദ്യം വിൽക്കുകയോ നൽകുകയോ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്യുന്നു എന്നുറപ്പാകുന്ന വ്യക്തിയുടെ മേൽ അയ്യായിരം രൂപ വരെ പിഴ ചുമത്തുകയോ അല്ലെങ്കിൽ 2 വർഷം വരെ നീളാവുന്ന തടവിന് വിധിക്കുകയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതാണ്.

III. കേരളാ പോലീസ് ആക്റ്റ്, 2011, സെക്ഷൻ 118 ഉപവകുപ്പ് (i)

പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ളവർക്ക് ലഹരിദായകമായ ഏതെങ്കിലും വസ്തു നൽകുകയോ വിൽക്കുകയോ അല്ലെങ്കിൽ ശാരീരികമോ മാനസികമോ ആയ ഹാനിയുളവാക്കുന്ന വസ്തുക്കൾ കുട്ടികൾക്ക് നൽകുകയോ അല്ലെങ്കിൽ അത്തരം ഉദേശ്യത്തോടെ അവ സ്കൂൾ പരിസരത്ത് കൊണ്ടുവരികയോ ചെയ്യുന്ന ഏതൊരു വ്യക്തിയും മൂന്ന് വർഷം വരെ തടവോ അല്ലെങ്കിൽ പതിനായിരം രൂപയിൽ കൂടാതെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാൻ അർഹനാണ്.

IV. ബാലനീതി (കുട്ടികളുടെ കരുതലും സംരക്ഷണവും) ആക്ട് – 2000, സെക്ഷൻ 25

ശരിയായ യോഗ്യതയുള്ള മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം അസുഖമുള്ള അവസ്ഥയിലല്ലാതെ പ്രായപൂർത്തിയാകാത്ത വ്യക്തിക്കോ കുട്ടിക്കോ പൊതുസ്ഥലത്തുവെച്ച് ഏതെങ്കിലും ലഹരിദായകമായ പാനീയമോ മയക്കുമരുന്നോ നൽകാൻ കാരണമാകുന്ന വ്യക്തിക്ക് മൂന്ന് വർഷം വരെ തടവും പിഴയും ശിക്ഷ ലഭിക്കുന്നതാണ്.

V. പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് മദ്യം വിൽക്കുന്നത് വിജയകരമായി തടയുന്നതിന് ബിവറേജ് കോർപ്പറേഷന്റെ വിൽപ്പനശാലകൾ, ബാറുകൾ, കള്ള് ഷാപ്പുകൾ എന്നിവയെ നിരീക്ഷിക്കാനും മുകളിൽ പറഞ്ഞിരിക്കുന്ന നിയമങ്ങൾ (2,3,4) അനുസരിച്ച് നടപടിയെടുക്കാനും തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് എല്ലാ ഡി.സി.പിമാരും നിർദ്ദേശം നൽകണമെന്ന് കേരള ഡിജിപി ഇറക്കിയ സർക്കുലർ (1/10/2012-ലെ സർക്കുലർ നമ്പർ 29/2012) അനുശാസിക്കുന്നു. ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റേയും സേവനങ്ങൾ ഉപയോഗിക്കാനും അവരോട് നിർദ്ദേശിക്കാവുന്നതാണ്.

തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

a) COPTA-യുടെ ഫലപ്രദമായ നടപ്പാക്കലിന്

COPTA-യുടെ വകുപ്പ് 4 അനുസരിച്ച്, നിയമം നടപ്പിലാക്കാനും പിഴ ഈടാക്കാനും പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും അധികാരമുണ്ട്. കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് 1994, സെക്ഷൻ 492 (10) പ്രകാരം കച്ചവടം നടക്കുന്ന ഏതൊരു സ്ഥലവും പരിശോധിച്ച് ലൈസൻസിലെ

ഉപാധികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സെക്രട്ടറിക്കോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരമുണ്ട്. സെക്ഷൻ 532 (1) അനുസരിച്ച്, ലൈസൻസിലെ ഉപാധികൾ ലംഘിച്ചാണ് വ്യാപാരം നടക്കുന്നതെന്ന് കണ്ടാൽ വ്യാപാരം നിർത്താൻ നോട്ടീസ് നൽകേണ്ടതാണ്. സെക്ഷൻ 532 (2) അനുസരിച്ച്, വിൽപ്പന വസ്തുക്കൾ പിടിച്ചെടുക്കുന്നതും അവ പരസ്യമായി ലേലം ചെയ്യുന്നതിനും പിഴ ചുമത്തുന്നതിനും മുൻസിപ്പൽ സെക്രട്ടറിക്ക് അധികാരമുണ്ട്. സെക്ഷൻ 532 (1) അനുസരിച്ച്, ലൈസൻസ് കൂടാതെയുള്ള വ്യാപാരം പൂട്ടി മുദ്ര വെക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ട്.

തദ്ദേശഭരണസ്ഥാപനമാണ് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്ന കടകൾക്ക് ലൈസൻസ്/അനുമതി നൽകേണ്ടത്. ലൈസൻസ് പുതുക്കി നൽകുന്നതും അവരുടെ ചുമതലയാണ്. മയക്കുമരുന്നുകളുടെ ദുരുപയോഗത്തിൽനിന്നും പുകയിലയും മറ്റ് ഹാനികരങ്ങളായ ഉൽപ്പന്നങ്ങളും വിൽക്കുന്നതിൽനിന്നും കടകളെ തടയുന്നതിന് കടകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും പുനഃപരിശോധിക്കുകയും വേണം.

സ്കൂൾ മേഖലയുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ സംബന്ധിച്ച കേസുകൾ ഉത്തരവാദിത്തപ്പെട്ട അധികാരികളെ അറിയിക്കുന്നതിനുള്ള സൗകര്യം തദ്ദേശഭരണസ്ഥാപനങ്ങൾ ചെയ്തുകൊടുക്കണം. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ വേണ്ടത്ര നിരീക്ഷണം നടത്തുകയും പഞ്ചായത്ത് സമിതിയുടെ എല്ലാ യോഗങ്ങളിലും വിവരങ്ങൾ ധരിപ്പിക്കുകയും വേണം.

തദ്ദേശഭരണസ്ഥാപനങ്ങൾ അവയുടെ കീഴിലുള്ള സ്കൂളുകളുടെ ചുറ്റുപാടുമുള്ള എല്ലാ കടകളുടെയും സ്കൂളുകളുടെയും പ്രതിനിധികളുടെ യോഗം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാന്മാരുടെയും സാന്നിധ്യത്തിൽ വിളിച്ചുകൂട്ടി അവരുടെ സഹകരണം തേടണം.

b) മദ്യത്തിന്റെ ഉപയോഗം തടയുന്നതിന്

മധുമുക്തി - 'മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗത്തിനെതിരെ സമൂഹത്തെ ശാക്തീകരിക്കുക' എന്നതാണ് ഇത്കൊണ്ടുദ്ദേശിക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലെ 140 പഞ്ചായത്തുകളിൽ നടപ്പാക്കിയ ഈ പദ്ധതി പഞ്ചായത്ത്രാജ് സർക്കാരുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫലപ്രദമായ ഒരു ലഹരിവിമുക്തപദ്ധതിയാണ്. സോഷ്യൽ ജസ്റ്റീസ്, പോലീസ്, എക്സൈസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളും അഡിക്ഇന്ത്യയുമായി ചേർന്ന് ആരോഗ്യവകുപ്പും കുടുംബശ്രീ മിഷനും കൂടിയാണ് ഇത് സംഘടിപ്പിക്കുന്നത്. വാർഡുകളിലെ സമിതികൾ വഴി കണ്ടെത്തുന്ന മയക്കുമരുന്നു ശീലമുള്ള കുട്ടികളെ ഈ പരിപാടിയുമായി ബന്ധിപ്പിക്കാവുന്നതാണ്.

തണൽക്കൂട്ട്

മലപ്പുറം ജില്ലാ പഞ്ചായത്ത് ആരംഭിച്ച ഈ പരിപാടി മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഉൾപ്പെടെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനുള്ള റോഡ് ഷോകൾ, മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വിൽപ്പന തടയുന്നതിന് എക്സൈസിന്റെയും പോലീസിന്റെയും സഹായത്തോടുകൂടിയുള്ള ജനകീയ റെയ്ഡുകൾ എന്നിവ ഈ പദ്ധതിയുടെ കീഴിൽ നടത്തിയ ചില പ്രവർത്തനങ്ങളാണ്.
http:www.thanalkoot.com

സിഗരറ്റും മറ്റു ലഹരി വസ്തുക്കളും വിൽക്കുന്നതിനെതിരെ വിദ്യാഭ്യാസ സ്ഥാപനം പാലിക്കേണ്ട നടപടികൾ

- **ബോർഡുകൾ പ്രദർശിപ്പിക്കുക** : പ്രിൻസിപ്പാൾ/മാനേജർ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നൂറുവാര ചുറ്റളവിൽ സിഗരറ്റും മറ്റു ലഹരിവസ്തുക്കളും വിൽക്കുന്നത് കുറ്റകരമാണെന്നും ഇവിടെ നിരോധിച്ചിരിക്കുന്നു എന്നുമുള്ള ബോർഡുകൾ സ്ഥാപിക്കണം
- **ദൂരം അളക്കുന്നത്** : ദൂരം അളക്കുന്നത് വിദ്യാലയത്തിന്റെ ചുറ്റുമതിലിനോട് കൂടിയായിരിക്കണം

മാർഗ്ഗനിർദ്ദേശം 3.10. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനുള്ള SCERTയുടെ പരിശീലന കൈപ്പുസ്തകം

മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഭീഷണിയെ നേരിടുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനായി 'അതിജീവനം' എന്നൊരു ഹാൻഡ്ബുക്ക് സ്റ്റേറ്റ് എഡ്യുക്കേഷണൽ കൗൺസിൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (SCERT) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സഹകരണത്തോടെ SCERT ആവിഷ്കരിച്ച് സംസ്ഥാനവ്യാപകമായി സ്കൂളുകളിൽ നടപ്പാക്കിയ ലഹരിവിമോചനബോധവൽക്കരണ പരിപാടിയോട് അനുബന്ധിച്ചാണ് ഈ ഹാൻഡ്ബുക്ക് പുറത്തിറക്കിയത്.

Link: http:/www.scert.kerala.gov.in/images/2013/HAND BOOK FOR TEACHERS/Athijeevanam English.pdf

ഹാൻഡ്ബുക്കിന് ഏഴ് അധ്യായങ്ങളാണുള്ളത് :

1) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെ പങ്ക് : ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുക, ലഹരി ഉപയോഗിച്ചാലുണ്ടാകുന്ന ദൂഷ്യഫലങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക, ലഹരി ഉപയോഗിക്കുന്ന കുട്ടികളെ അതിൽ നിന്നും പിന്തിരിപ്പിക്കുക, വിദ്യാർത്ഥികളെ സമൂഹത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക ഇവയാണ് അദ്ധ്യാപകരുടെ പങ്കിനെപറ്റി ഈ അദ്ധ്യായത്തിൽ പറയുന്നത്

2) ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ ചരിത്രപരവും സാംസ്ക്കാരികവുമായ വശങ്ങൾ : ലഹരിയുടെ ഉദ്ഭവവും സമൂഹത്തിൽ ഇതിന്റെ ഉപയോഗം പടരുന്നതിനെയും ഈ അദ്ധ്യായം ചർച്ച ചെയ്യുന്നു. കൂടാതെ ലഹരിയുമായി ബന്ധപ്പെട്ട് മതങ്ങളുടെ കാഴ്ച്ചപ്പാടും ഇതിൽ വ്യക്തമാക്കുന്നു

3) വിവിധതരം ലഹരി വസ്തുക്കൾ: വിവിധ ലഹരിവസ്തുക്കളായ കള്ള്, മയക്കു മരുന്ന് തുടങ്ങിയവയുടെ ദൂഷ്യഫലങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്

4) ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ കാരണങ്ങൾ : ശാരീരിക, മാനസിക, സാമൂഹിക ഘടകങ്ങൾ ലഹരി ഉപയോഗത്തിന്റെ കാരണങ്ങളായി ഈ അദ്ധ്യായത്തിൽ ചൂണ്ടികാണിക്കുന്നു

5) ലഹരി വസ്തുക്കളുടെ ദോഷഫലങ്ങൾ : ലഹരിയുപയോഗത്തിന്റെ ദോഷഫലങ്ങൾ ധാരാളമായി കുട്ടികളെയാണ് ബാധിക്കുന്നത്. പ്രത്യേക ആഘോഷങ്ങൾക്കോ, പരീക്ഷണാടിസ്ഥാനത്തിലോ പോലും ലഹരി ഉപയോഗിക്കുന്നത് അപകടകരമാണ്. ഇത് മൂലം ഉണ്ടാകുന്ന ശാരീരിക, മാനസിക, സാമൂഹിക ദോഷവശങ്ങൾ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു

6) ലഹരിക്ക് അടിമപ്പെടൽ ഒരു രോഗം : ലഹരിക്ക് അടിമപ്പെടൽ ഒരു രോഗമാണെന്നും അത് കൊണ്ട് എത്രയും വേഗം വൈദ്യസഹായം നേടണമെന്നും പറയുന്നു. ലഹരിക്ക് അടിമപ്പെടലും അത് ചികിത്സിക്കലും എല്ലാം ഈ അദ്ധ്യായത്തിൽ പറയുന്നു

ഈ വിഷയവുമായി ബന്ധപ്പെട്ട് അധ്യാപകർക്കായി SCERT പരിശീലനപരിപാടികൾ നടത്തുന്നുണ്ട്. താഴേത്തട്ടിൽ പരിശീലനം നൽകുന്നതും പങ്കാളികളെ കണ്ടെത്തുന്നതും DIET (District Institutes of Education and Training) ആണ്.

മാർഗ്ഗനിർദ്ദേശം 3.11. മയക്കുമരുന്ന് വിരുദ്ധ ക്ലബ്ബുകൾ

29.08.2011-ലെ G.O. (MS) No. 115/2011/Tax അനുസരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കുമെതിരെയുള്ള ബോധവൽക്കരണപരിപാടികൾ നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള അവരുടെ ശ്രമങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ (Anti-intoxicant Club-AIC) രൂപീകരിക്കുന്നതിന്റെ ചുമതല പ്രദേശത്തെ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർക്കായിരിക്കും. സ്കൂൾ പ്രിൻസിപ്പൽ, പി.ടി.എ പ്രസിഡന്റ്, എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ, തദ്ദേശഭരണ സ്ഥാപനത്തിലെ അംഗം എന്നിവർ രക്ഷാധികാരികളായിരിക്കും. ഇത്തരം പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള ഏതെങ്കിലും ഒരു അധ്യാപകനെ ക്ലബ്ബിന്റെ കൺവീനറായി പ്രിൻസിപ്പലിന് ശുപാർശ ചെയ്യാവുന്നതാണ്. ക്ലബ്ബിലെ അംഗങ്ങളിൽനിന്നാണ് ക്ലബ്ബിന്റെ പ്രസിഡന്റിനെയും സെക്രട്ടറിയെയും ജോയിന്റ് സെക്രട്ടറിയെയും തിരഞ്ഞെടുക്കേണ്ടത്. മാസത്തിലൊരിക്കൽ AIC-യുടെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്. യോഗത്തിന്റെ റിപ്പോർട്ട് റേഞ്ച് ഇൻസ്പെക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പ്രിൻസിപ്പലുമായി ആലോചിച്ച് റേഞ്ച് ഇൻസ്പെക്ടറാണ് AIC-യുടെ ആദ്യയോഗം വിളിച്ചുകൂട്ടേണ്ടത്. എല്ലാ കുട്ടികളെയും രക്ഷാകർത്താക്കളെയും യോഗത്തിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

സർക്കാർ ഉത്തരവനുസരിച്ച് താഴെ പറയുന്നവയാണ് ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ലക്ഷ്യങ്ങൾ:

1. പുകയില ഉൽപ്പന്നങ്ങൾ, മദ്യം, മറ്റ് ലഹരിവസ്തുക്കൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലും പരിപാടികളിലും പങ്കാളികളാകുക
2. തദ്ദേശഭരണസ്ഥാപനത്തിന്റെ സഹകരണത്തോടെ സ്കൂൾ ക്യാമ്പസിൽനിന്ന് ലഹരിവസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുക

3. തദ്ദേശഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ മദ്യം, പുകയില ഉൽപ്പന്നങ്ങൾ, ലഹരിവസ്തുക്കൾ എന്നിവയുടെ ലഭ്യത സ്കൂളിനടുത്തുനിന്ന് ഒഴിവാക്കുക

4. മദ്യം ഉപയോഗിക്കാൻ പ്രവണതയുള്ള കുട്ടികൾ ഉണ്ടെങ്കിൽ, അവരെ കണ്ടെത്തി ആ ദുശ്ശീലത്തിൽനിന്ന് വിട്ടുനിൽക്കാൻ അവരെ പ്രേരിപ്പിക്കുക

5. മദ്യത്തിനും ലഹരിവസ്തുക്കൾക്കും അടിമകളായിരിക്കുന്നവരെ കണ്ടെത്തി ആവശ്യമായ ബോധവൽക്കരണ പരിപാടികളിലൂടെ അവരെ അതിൽനിന്ന് മോചിപ്പിക്കാൻ വേണ്ട നടപടികൾ ഏർപ്പാടാക്കുക. ചികിത്സ ആവശ്യമുള്ളവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുക

മാർഗ്ഗനിർദ്ദേശം 3.12. കുറ്റകൃത്യരൂപരേഖ തയ്യാറാക്കൽ (Crime Mapping) കുറ്റകൃത്യ സാന്ദ്രത തിട്ടപ്പെടുത്തൽ

പ്രദേശത്തെ കുട്ടികൾക്കെതിരെ നടക്കുന്ന അനുചിത പെരുമാറ്റങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും സ്വഭാവവും വ്യാപ്തിയും മനസ്സിലാക്കി അവ രേഖപ്പെടുത്തുന്ന പ്രക്രിയയാണിത്. കുറ്റകൃത്യങ്ങൾ കൂടുതൽ നടക്കുന്ന പ്രദേശങ്ങളും അവയുടെ കാലവും, സ്വഭാവവും കുറ്റകൃത്യങ്ങളുടെ ഇനവും കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്ന കുട്ടികളുടെ വിഭാഗവും ഇതിൽ രേഖപ്പെടുത്തുന്നു.

മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് കുറ്റകൃത്യ രൂപരേഖയുടെ വിശദാംശങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ മനസ്സിലാക്കുന്നതിന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ കുറ്റകൃത്യ രൂപരേഖ തയ്യാറാക്കൽ പ്രക്രിയ നടത്തിയിട്ടുണ്ട്. മോശം കമന്റുകൾ, മോശം ആംഗ്യങ്ങൾ, ഗാർഹികാതിക്രമങ്ങൾ, ബലാൽസംഗം എന്നിവയുൾപ്പടെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അക്രമങ്ങളെ ശാരീരികം, ലൈംഗികം, മാനസികം എന്നിങ്ങനെ വർഗ്ഗീകരിച്ചു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന കുറ്റകൃത്യങ്ങളുടെ സമയം, പ്രദേശം, രീതി എന്നിവ രേഖപ്പെടുത്തുന്നതിന് സ്ത്രീകളുടെ സ്വയംസഹായസംഘങ്ങളുടെയും കൗമാരക്ലബ്ബുകളുടെയും അനവധി യോഗങ്ങൾ നടത്തുകയുണ്ടായി. പന്ത്രണ്ട് മുതൽ അമ്പത് വയസ്സ് വരെയുള്ള സ്ത്രീകളെയാണ് പങ്കെടുപ്പിച്ചിരുന്നത്. പത്ത് മുതൽ പതിനഞ്ച് അംഗം വരെയുള്ളവരെ സംഘങ്ങളായി തിരിച്ചാണ് രേഖപ്പെടുത്തൽ നടത്തിയത്. ചോദ്യാവലികളുടെ അടിസ്ഥാനത്തിൽ സർവ്വേ നടത്തിയാണ് വ്യക്തിഗതവിവരങ്ങൾ ശേഖരിച്ചത്. സർവ്വേ നടത്തുന്നതിന്, പരിശീലനം സിദ്ധിച്ച ഒരു സ്ത്രീയുടെ നേതൃത്വത്തിൽ 70 പേരടങ്ങുന്ന ഒരു സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയുണ്ടായി. മുഴുവൻ പ്രവർത്തനങ്ങളും അപഗ്രഥിക്കുന്നതിനും അനുമാനങ്ങൾ രേഖപ്പെടുത്തുന്നതിനുമായി ICDSസൂപ്പർവൈസറുടെ നേതൃത്വത്തിൽ ഒരു കോർ ടീമും രൂപീകരിച്ചിരുന്നു. ഇവയുടെ ഫലങ്ങൾ പഞ്ചായത്ത് സമിതി, പോലീസ്

ഉദ്യോഗസ്ഥർ, ജാഗ്രതാസമിതി, സ്കൂൾ ജാഗ്രതാസമിതി, ബാലസഭ പോലെയുള്ള കുട്ടികളുടെ സംഘടനകൾ, ആക്റ്റിവിറ്റി ക്ലബ്ബുകൾ എന്നീ തലങ്ങളിൽ ചർച്ച ചെയ്യുകയുണ്ടായി. പൊതുജനബോധവൽക്കരണം, പോലീസിന്റെ ഭാഗത്തുനിന്നുള്ള ജാഗ്രത എന്നിങ്ങനെയുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുകയും മാറ്റങ്ങൾ ആറ് മാസത്തിനു ശേഷം അവലോകനം നടത്തുകയും ചെയ്തു.

കൈക്കൊണ്ട നടപടികൾ

- ❖ കുറ്റകൃത്യങ്ങളോട് പ്രതികരിക്കാൻ തക്കവണ്ണം ജാഗ്രതാസമിതിയെ സജ്ജമാക്കി. ഓരോ വാർഡിലും സ്ത്രീശാക്തീകരണകേന്ദ്രം രൂപീകരിച്ചു. ഓരോ സ്ത്രീശാക്തീകരണകേന്ദ്രത്തിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചു
- ❖ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ട പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള മുദ്രാവാക്യങ്ങൾ എഴുതിയ ബോർഡുകൾ സ്ഥാപിക്കുകയും പോസ്റ്ററുകൾ പതിക്കുകയും ചെയ്തു
- ❖ പെൺകുട്ടികളിൽ ആത്മവിശ്വാസവും സുരക്ഷാബോധവും വളർത്തുന്നതിനാവശ്യമായ വ്യായാമമുറകൾ സംഘടിപ്പിച്ചു
- ❖ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും അവകാശങ്ങളും സംബന്ധിച്ച സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചു. സൈബർ കുറ്റകൃത്യങ്ങൾക്കും മദ്യവിപത്തിനുമെതിരെ സ്കൂൾ കുട്ടികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തി
- ❖ കുറ്റകൃത്യങ്ങൾ നിരീക്ഷിച്ച സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ കൈക്കൊണ്ട ജാഗ്രതാനടപടികൾ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സഹായിച്ചു
- ❖ അശ്ലീല പ്രസിദ്ധീകരണങ്ങളും മറ്റും പിടിച്ചെടുത്തു നടപടി സ്വീകരിച്ചു

ഫലങ്ങൾ

കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായി കണ്ടെത്തി. കുറ്റകൃത്യങ്ങൾ തടയുന്നതിൽ പൊതുജനങ്ങളുടെ പങ്ക് വർദ്ധിച്ചു. പൊതുഇടങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ സുരക്ഷിതത്വം

മാർഗ്ഗനിർദ്ദേശം 3.13. സ്കൂൾ ജാഗ്രത/സംരക്ഷണ കമ്മിറ്റി

സ്കൂൾ ജാഗ്രതാസമിതി നിരീക്ഷിക്കേണ്ട പ്രവർത്തനങ്ങൾ

- സ്കൂൾ ലഹരിവിരുദ്ധമേഖല
- സുരക്ഷിത ഗതാഗതസൗകര്യം
- ഭക്ഷണ സുരക്ഷയും നിലവാരവും
- പരാതിപ്പെട്ടി (അനുയോജ്യമായ സ്ഥലങ്ങളിൽ)
- സ്കൂൾ അദ്ധ്യാപകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ

- സ്കൂളുകളിൽ വിശ്രമമുറി
- സ്കൂൾ പാർലമെന്റ്
- കുട്ടിപോലീസിന്റെ (SPC)നൂതനപരിപാടികൾ
- ഹെൽത്ത് ക്ലബ്ബ് (സ്കൂൾ ആരോഗ്യ പരിപാടി) പ്രവർത്തനങ്ങൾ
- ഗേറ്റ് കീപ്പിംഗ്, അപരിചിതരുടെ ഇടപെടൽ, ക്യാമറ
- ചുറ്റുമതിൽ, മാലിന്യ നിർമ്മാർജ്ജനം, പാഴ്ജല നിർമ്മാർജ്ജന കുഴികൾ
- ഫസ്റ്റ് എയിഡ് ബോക്സ്
- കുടിവെള്ളത്തിന്റെ സുരക്ഷിതത്വം
- വൃത്തിയുള്ള സ്കൂൾ മേഖല

കമ്മിറ്റി ഏറ്റെടുത്ത് ചെയ്യേണ്ട പ്രവർത്തനങ്ങൾ :

- പരാതികൾ സ്വീകരിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുക
- ശാരീരിക പീഢനങ്ങൾ ഉണ്ടായതായി അറിഞ്ഞാൽ ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് ചെയ്യൽ
- നിയമവുമായി കലഹിക്കുന്ന കുട്ടികളെ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെടുത്തുക

തദ്ദേശഭരണസ്ഥാപനം സ്കൂൾ ഹെഡ്മാസ്റ്ററുടെയോ, ചുമതലയുള്ള അദ്ധ്യാപകരുടെയോ മേൽ നോട്ടത്തിൽ യോഗം വിളിക്കുക. മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും യോഗത്തിൽ ചർച്ച ചെയ്യുക. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മാസത്തിലൊരു തവണ യോഗം കൂടുകയും സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ തദ്ദേശഭരണ കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക. തദ്ദേശ ഭരണ കമ്മിറ്റി ഇതിനെ കുറിച്ച് വിലയിരുത്തുവാനും തുടർ നടപടികൾക്കുമായി ഒരു ഓഡിറ്ററെയോ, ചുമതലയുള്ള അദ്ധ്യാപകനെയോ കൺവീനറായി തീരുമാനിക്കേണ്ടതാണ്. യോഗങ്ങൾ സ്കൂളിലും തദ്ദേശ ഭരണകൂട ഓഫീസിലും മാറി മാറി സംഘടിപ്പിക്കേണ്ടതാണ്. എല്ലാ സ്വകാര്യ സ്കൂളുകളിലും സ്കൂൾ ജാഗ്രതാ കമ്മിറ്റി തുടങ്ങാൻ തദ്ദേശഭരണസ്ഥാപനം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മാർഗ്ഗനിർദ്ദേശം 3.14. ശാരീരികശിക്ഷ (Corporal Punishment) തടയൽ

വേദനയോ അസ്വസ്ഥതയോ ഉണ്ടാകുന്ന വിധത്തിൽ കായികബലം ഉപയോഗിച്ച് നടപ്പാക്കുന്ന ഏതെങ്കിലും വിധത്തിലുള്ള ശിക്ഷയെയാണ് ശാരീരികശിക്ഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൈകൊണ്ടോ ഏതെങ്കിലും ഉപകരണം ഉപയോഗിച്ചോ കുട്ടികളെ അടിക്കുകയോ ഇടിക്കുകയോ ചെയ്യുന്നതാണ് മിക്ക ശിക്ഷാരീതികളും (കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് സമിതിയുടെ അഭിപ്രായം നമ്പർ 8)

ശാരീരികമായുള്ള ശിക്ഷയ്ക്കു പുറമെ വാക്കുകൾ കൊണ്ടോ വൈകാരികമായോ മാനസികമായോ ഉള്ള ശിക്ഷകളും ഇതിൽ ഉൾപ്പെടുന്നു. കുട്ടികൾക്ക് സ്വയമുള്ള മതിപ്പ് കുറയാനും അധ്യാപകരിലും മാതാപിതാക്കളിലുമുള്ള വിശ്വാസം നഷ്ടപ്പെടാനും ഇതിടയാക്കും. കടുത്ത ശാരീരികശിക്ഷയുടെ ഫലമായി കുട്ടികൾ ശല്യക്കാരായി മാറാനും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിലേയ്ക്ക് വഴിതെറ്റി പോകാനും കൂടുതൽ പ്രതികാരബുദ്ധിയുള്ളവരും ആക്രമണസ്വഭാവമുള്ളവരും ആയിത്തീരാനും സാധ്യതയുണ്ട്.

കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് അനുശാസിക്കുന്ന 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 17 (1) പ്രകാരം 'ശാരീരികശിക്ഷ'യും 'മാനസികപീഡന'വും നിരോധിച്ചിട്ടുണ്ട്. സെക്ഷൻ 17 (2) അനുസരിച്ച് അത് ശിക്ഷാർഹമായ കുറ്റവുമാണ്.

കുട്ടികളുടെ അവകാശസംരക്ഷണത്തിനുള്ള ദേശീയസമിതി (National Commission for Protection of Child Rights-NCPCR) സ്കൂളുകളിലെ ശാരീരികശിക്ഷ ഇല്ലാതാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

1. പ്രതീക്ഷിക്കുന്ന പെരുമാറ്റവും പരിണിതഫലങ്ങളും സംബന്ധിച്ച് കുട്ടികളുമായി സമവായത്തിലെത്തുക
2. കുട്ടികളുമായി ആലോചിച്ച് ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കുക
3. ഓരോ കുട്ടിയുടേയും നല്ല വശങ്ങൾക്ക് ഊന്നൽ നൽകി നല്ല പെരുമാറ്റത്തെ അഭിനന്ദിക്കുക
4. നല്ല പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കാനും വളർത്താനും വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിക്കുക
5. ഒരു കുട്ടിയുടെ പ്രകടനത്തെ മറ്റൊരു കുട്ടിയുടേതുമായി ഒരിക്കലും താരതമ്യപ്പെടുത്താതിരിക്കുക
6. പരിധികൾ നിശ്ചയിക്കുകയും അതിരുകളുടെ കാര്യത്തിൽ വ്യക്തത വരുത്തുകയും ചെയ്യുക
7. മറ്റേതെങ്കിലും പ്രതികരണം ഉണ്ടാകുന്നതിന് മുമ്പായി വിശദീകരിക്കാൻ കുട്ടികൾക്ക് അവസരം നൽകുക
8. ഏതെങ്കിലും പ്രതികരണത്തിനുമുമ്പ് ഒരു മുന്നറിയിപ്പ് അല്ലെങ്കിൽ അവസരം നൽകുക
9. കുഴപ്പം പിടിച്ചതോ നിഷേധാത്മകമോ ആയ പെരുമാറ്റം കൈകാര്യം ചെയ്യുമ്പോൾ നന്നായി ശ്രവിക്കുകയും ശാന്തത പുലർത്തുകയും മറ്റു കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക
10. രൂക്ഷമോ പ്രശ്നമുള്ളതോ ആയ പെരുമാറ്റം മാതാപിതാക്കൾ, കുട്ടി, കൗൺസലർ/മനശാസ്ത്രജ്ഞൻ എന്നിവരുമായി സംസാരിച്ച് മനസ്സിലാക്കുക
11. മറ്റു കുട്ടികളിൽ നിന്ന് കുറച്ച് സമയത്തേക്ക് മാറ്റിനിർത്തുക (ഒറ്റപ്പെടുത്തുക) എന്ന തന്ത്രം അവസാന ഉപാധിയായി മാത്രം ഉപയോഗിക്കുക

ഡൽഹി ഹൈക്കോടതിയുടെ ഉത്തരവ്

ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് ബി.ഡി.അഹമ്മദും ജസ്റ്റിസ് വിഭു ബക്രുവും ഉൾപ്പെട്ട ഹൈക്കോടതി ബെഞ്ച് ശാരീരികശിക്ഷയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സത്വരമായി ഒരു കാര്യപരിപാടി ഉണ്ടാക്കാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശാരീരികശിക്ഷയുമായി ബന്ധപ്പെട്ട് കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള പരാതികൾ പരിഹരിക്കുന്നതിന് സമിതികൾ രൂപീകരിക്കാനും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ കടമകൾ

- സ്കൂളുകളിലെ ശാരീരികശിക്ഷയുടെ നിരോധനം നടപ്പാക്കുന്നതിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക് ശാരീരികശിക്ഷ സംബന്ധിച്ച പ്രശ്നം വിദ്യാഭ്യാസത്തിനുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിലെ ചർച്ചാവിഷയമായിരിക്കണം
- ദേശീയ ശിശുദിനത്തിലും (നവംബർ 14) അതുപോലെ പ്രാധാന്യമുള്ള ദിവസങ്ങളിലും ശാരീരിക ശിക്ഷകൾക്ക് എതിരെ റാലികളും യോഗങ്ങളും സംഘടിപ്പിക്കണം
- ശാരീരിക ശിക്ഷ ഉണ്ടാകുന്ന പക്ഷം അത് റിപ്പോർട്ട് ചെയ്യാൻ ജാഗ്രതാ സമിതികളെയും അധ്യാപക-രക്ഷാകർതൃ സമിതികളെയും, അങ്കണവാടികളേയും പ്രോത്സാഹിപ്പിക്കണം
- പരാതി ലഭിക്കുമ്പോൾ അത് വില്ലേജ് എഡ്യുക്കേഷൻ കമ്മിറ്റിയിലോ വിദ്യാഭ്യാസവകുപ്പിലോ അറിയിക്കുക. കുറ്റകൃത്യം ചെയ്ത ആളെ വിദ്യാഭ്യാസാവകാശനിയമം (Right To Education Act-RTE) അനുസരിച്ചോ ജുവനൈൽ ജസ്റ്റിസ് (ബാലനീതി) നിയമം അനുസരിച്ചോ ശിക്ഷിക്കണം

മേഖല
4

സുരക്ഷിത കൗമാരം

മാർഗ്ഗനിർദ്ദേശം 3.15. സ്കൂൾ ആരോഗ്യ പരിപാടികൾ

മാർഗ്ഗനിർദ്ദേശം- വികസനം 2.16 റഫർ ചെയ്യുക

മാർഗ്ഗനിർദ്ദേശം 3.16. ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2012 (Protection of Children from Sexual Offences)

ലൈംഗികകുറ്റകൃത്യങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം-2012 അനുസരിച്ച് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ താഴെ പറയുന്ന രീതിയിൽ നിർവ്വചിച്ചിരിക്കുന്നു:

കുറ്റകൃത്യത്തിന്റെ സ്വഭാവം	ശിക്ഷ
ലൈംഗികബലാൽക്കാരം	7 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ നീളാവുന്നതുമായ തടവ്, പിഴ
ഗുരുതരലൈംഗിക ബലാൽക്കാരം	10 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ നീളാവുന്നതുമായ തടവ്, പിഴ
ലൈംഗികാക്രമണം	3 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ നീളാവുന്നതുമായ തടവ്, പിഴ
ഗുരുതരമായ ലൈംഗികാക്രമണം	5 വർഷംമുതൽ 7 വർഷംവരെ നീളാവുന്ന തടവ്, പിഴ
കുട്ടിയെ ലൈംഗികമായി പീഡിപ്പിക്കൽ	3 വർഷത്തെ തടവ്, പിഴ
അശ്ലീലസാഹിത്യ/ചിത്രനിർമ്മാണത്തിനായി കുട്ടിയെ ഉപയോഗിക്കൽ	• 5 വർഷത്തെ തടവ്, പിഴ • വീണ്ടും ശിക്ഷിക്കുകയാണെങ്കിൽ 7 വർഷത്തെ തടവ്, പിഴ

ഈ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള ശ്രമവും നിയമപ്രകാരം ശിക്ഷാർഹമാണ്. മേൽ പരാമർശിച്ച കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കുറ്റവാളിയുടെയോ ഇരയുടെയോ ലിംഗവ്യത്യാസം കണക്കിലെടുക്കുന്നതല്ല.

ഈ നിയമമനുസരിച്ച് കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി ഓരോ ജില്ലയിലെയും സെഷൻസ് കോടതിയെ പ്രത്യേക കോടതിയായി സംസ്ഥാന സർക്കാർ നാമകരണം ചെയ്യേണ്ടതാണ്. എന്നാൽ, കുട്ടികളുടെ അവകാശസംരക്ഷണനിയമം, 2005 അനുസരിച്ച് രൂപീകരിച്ചിരിക്കുന്ന കമ്മീഷനുകളുടെ കീഴിൽ കുട്ടികളുടെ കോടതിയോ സമാനമായ ലക്ഷ്യത്തോടെയുള്ള പ്രത്യേക കോടതിയോ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ നിയമം അനുസരിച്ചുള്ള കുറ്റകൃത്യങ്ങൾ ആ കോടതിയിലായിരിക്കും വിചാരണ ചെയ്യുക. ഈ നിയമപ്രകാരവും POCSOചട്ടങ്ങൾ, 2012 അനുസരിച്ചും കുട്ടികൾക്കെതിരെയുള്ള ലൈംഗികകുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനും വിചാരണ നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു:

A. കുട്ടിയുടെ വൈദ്യപരിശോധന

കുറ്റകൃത്യത്തെക്കുറിച്ച് വിവരം ലഭിച്ച് 24 മണിക്കൂറിനകം ഒരു സർക്കാർ ആശുപത്രിയിലോ തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിലുള്ള ആശുപത്രിയിലോ ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷനറെ കൊണ്ട് കുട്ടിയുടെ വൈദ്യപരിശോധന നടത്തണം. ഇര പെൺകുട്ടിയാണെങ്കിൽ വനിതാ ഡോക്ടറെ കൊണ്ടുവേണം പരിശോധന നടത്തിക്കേണ്ടത്. മാതാപിതാക്കൾ ആരുടെയെങ്കിലുമോ കുട്ടിക്ക് വിശ്വാസമുള്ള മറ്റാരുടെയെങ്കിലുമോ സാന്നിദ്ധ്യത്തിലായിരിക്കണം പരിശോധന.

B. കേസ് റിപ്പോർട്ട് ചെയ്യൽ

POCSO നിയമത്തിന്റെ പരിധിയിൽ വരുന്ന ഏതൊരു കുറ്റകൃത്യവും നടക്കാൻ സാധ്യതയുണ്ടെന്ന് തോന്നുകയോ അല്ലെങ്കിൽ നടന്നെന്ന് വിവരം ലഭിക്കുകയോ ചെയ്താൽ അത് റിപ്പോർട്ട് ചെയ്യാനുള്ള ബാധ്യത ഏതൊരു വ്യക്തിക്കും (കുട്ടിയുൾപ്പടെ) ഉണ്ട്. റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ആറ് മാസം വരെ തടവോ പിഴയോ രണ്ടും കൂടെയോ ലഭിക്കാൻ അർഹതയുള്ള ശിക്ഷയാണ്. എന്നാൽ ഈ ശിക്ഷ കുട്ടിക്ക് ബാധകമല്ല. കുട്ടികൾക്കുള്ള പ്രത്യേക പോലീസിലോ (Special Juvenile Police Unit-SJPU)അല്ലെങ്കിൽ ലോക്കൽ പോലീസിലോ കേസ് റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഒരു പ്രഥമ വിവരറിപ്പോർട്ട് (FIR)രജിസ്റ്റർ ചെയ്യുകയും അതിന്റെ പകർപ്പ് വിവരം നൽകിയ വ്യക്തിക്ക് സൗജന്യമായി നൽകുകയും വേണം. കുട്ടിയാണ് കേസ് റിപ്പോർട്ട് ചെയ്യുന്നതെങ്കിൽ കുട്ടിക്ക് മനസ്സിലാകുന്ന വിധത്തിൽ ലളിതമായ ഭാഷയിലായിരിക്കണം അത് രേഖപ്പെടുത്തേണ്ടത്.

C. കുട്ടിയുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കൽ

കേസ് റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനകം SJPUവിലെ പോലീസ് താഴെ പറയുന്ന നടപടികൾ എടുത്തിരിക്കണം. കേസ് രേഖപ്പെടുത്തുമ്പോൾ, കുട്ടിക്ക് പരിരക്ഷയും സംരക്ഷണവും ആവശ്യമാണെന്ന് പോലീസിന് മനസ്സിലാകുകയാണെങ്കിൽ, അതിന്റെ കാരണം എഴുതി രേഖപ്പെടുത്തുകയും കുട്ടിയെ പെട്ടെന്നുതന്നെ ഏതെങ്കിലും ഷെൽട്ടർ ഹോമിലോ ഏറ്റവും അടുത്തുള്ള ആശുപത്രിയിലോ പ്രവേശിപ്പിക്കുകയും വേണം. കുട്ടിക്ക് പരിരക്ഷയും സംരക്ഷണവും ആവശ്യമാണെന്നോ കുട്ടിക്ക് മാതാപിതാക്കളുടെ സഹായമില്ലെന്നോ പോലീസിന് ബോധ്യമാവുകയാണെങ്കിൽ കുട്ടിയെ ശിശുക്ഷേമസമിതിയുടെ മുമ്പാകെ ഹാജരാക്കണം.

കേസ് റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പ് വൈദ്യപരിശോധന നടത്തിയിട്ടില്ലെങ്കിൽ അത് ചെയ്യണം. കുട്ടിക്ക് അടിയന്തിര വൈദ്യസഹയം ആവശ്യമാണെങ്കിൽ കുട്ടിയെ സമീപത്തുള്ള ആശുപത്രിയിൽ എത്തിക്കണം. കുട്ടിയുടെ മാതാപിതാക്കളുടെയോ രക്ഷാകർത്താവിന്റെയോ കുട്ടിക്ക് വിശ്വാസമുള്ള മറ്റാരുടെയെങ്കിലുമോ സാന്നിധ്യത്തിലായിരിക്കണം വൈദ്യസഹായം നൽകേണ്ടത്.

പോലീസ് അല്ലെങ്കിൽ SJPU വിവരം ശിശുക്ഷേമസമിതിയിലും പ്രത്യേകകോടതിയിലും അറിയിക്കുകയും കുട്ടിക്ക് പരിരക്ഷയും സംരക്ഷണവും നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികളെ കുറിച്ച് ധരിപ്പിക്കുകയും വേണം. പ്രത്യേക കോടതി രൂപീകരിച്ചിട്ടില്ലെങ്കിൽ സെഷൻസ് കോടതിയിലാണ് വിവരം ധരിപ്പിക്കേണ്ടത്.

D. ശിശുക്ഷേമസമിതിയുടെ പങ്ക്

പോലീസിൽനിന്നോ SJPU-വിൽനിന്നോ റിപ്പോർട്ട് ലഭിക്കുമ്പോൾ, കുട്ടിയെ അവന്റെ/ അവളുടെ കുടുംബത്തിൽനിന്ന് ഏറ്റെടുത്ത് ശിശുഭവനത്തിലോ ഷെൽട്ടർ ഹോമിലോ പാർപ്പിക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ ശിശുക്ഷേമസമിതി മൂന്നു ദിവസത്തിനകം തീരുമാനമെടുക്കണം. അത്തരത്തിലൊരു ആലോചനയും പ്രക്രിയയും നടന്നുകൊണ്ടിരിക്കുകയാണെന്ന് കുട്ടിയെയും കുട്ടിയുടെ മാതാപിതാക്കളെ/രക്ഷാകർത്താവിനെ/കുട്ടിയുടെ കൂടെ പാർക്കുന്നതും കുട്ടിക്ക് വിശ്വാസമുള്ളതുമായ വ്യക്തിയെ അറിയിക്കുകയും വേണം. കുട്ടിയുടെയോ അല്ലെങ്കിൽ കുട്ടിയുടെ മാതാപിതാക്കളുടെയോ/ രക്ഷാകർത്താവിന്റെയോ/കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടെയോ അനുവാദത്തോടെ, അന്വേഷണസമയത്തും കേസിന്റെ വിചാരണവേളയിലും കുട്ടിയെ സഹായിക്കാൻ ഒരാളെ ശിശുക്ഷേമസമിതിക്ക് ഏർപ്പെടുത്താവുന്നതാണ്. കുട്ടികളുടെ അവകാശങ്ങൾ, ശിശുസംരക്ഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തിയോ സംഘടനയോ, കുട്ടിയുടെ കസ്റ്റഡി ഏൽപ്പിച്ചിരിക്കുന്ന ശിശുഭവനത്തിലെയോ ഷെൽട്ടർ ഹോമിലെയോ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ DCPUഏർപ്പാടാക്കുന്ന ഉദ്യോഗസ്ഥൻ എന്നിവരിലാരെയെങ്കിലുമായിരിക്കണം കുട്ടിയെ സഹായിക്കുന്നതിന് ചുമതലപ്പെടുത്തേണ്ടത്.

E. കുട്ടിക്കു നൽകേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ

കൗൺസലിംഗ് ഉൾപ്പെടെയുള്ള സഹായസേവനങ്ങൾ, കേസ്സിന്റെ പുരോഗതി (പ്രതിയുടെ അറസ്റ്റ്, അപേക്ഷകൾ സമർപ്പിക്കുന്നത്, കോടതി നടപടികൾ എന്നിവയൊക്കെ), സ്വകാര്യമേഖലയിലും പൊതുമേഖലയിലും ലഭ്യമായ അടിയന്തിരസഹായങ്ങൾ, ക്രിമിനൽ പ്രോസിക്യൂഷനിൽ അടങ്ങിയിരിക്കുന്ന നടപടിക്രമങ്ങൾ, ഇരയ്ക്കുള്ള നഷ്ടപരിഹാരം, വിചാരണയ്ക്കു ശേഷമുള്ള വിധി പ്രസ്താവനം, കുറ്റവാളിക്ക് നൽകിയ ശിക്ഷ എന്നിങ്ങനെ കേസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കുട്ടിയെയും കുട്ടിയുടെ മാതാപിതാക്കൾ/രക്ഷാകർത്താക്കൾ അല്ലെങ്കിൽ കുട്ടി വിശ്വാസമർപ്പിച്ചിരിക്കുന്ന വ്യക്തി എന്നിവരെയും പോലീസോ SJPU-വോ അറിയിക്കേണ്ടതാണ്.

F. കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

പോലീസ് നടത്തുന്ന മൊഴി രേഖപ്പെടുത്തൽ കുട്ടിയുടെ താമസസ്ഥലത്തോ കുട്ടി സാധാരണയായി താമസിക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ കുട്ടി താൽപ്പര്യപ്പെടുന്ന സ്ഥലത്തോ വെച്ചായിരിക്കണം രേഖപ്പെടുത്തേണ്ടത്. ഒരു സാഹചര്യത്തിലും കുട്ടിയെ രാത്രി പോലീസ് സ്റ്റേഷനിൽ നിർത്താൻ പാടില്ല. മൊഴി ഓഡിയോ-വിഷൽ ആയി രേഖപ്പെടുത്താനും പോലീസുദ്യോഗ

സ്ഥൻ ശ്രമിക്കേണ്ടതും ആയത് ഉറപ്പാക്കേണ്ടതുമാണ്. കുട്ടിയുടെ താൽപര്യപ്രകാരം, പ്രത്യേക കോടതി നിർദ്ദേശിക്കുന്ന അവസരത്തിലല്ലാതെ, കുട്ടിയുടെ പേര്, വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകാൻ പാടില്ല.

മജിസ്ട്രേറ്റ് നടത്തുന്ന മൊഴി രേഖപ്പെടുത്തൽ

കുട്ടി പറഞ്ഞ ഭാഷയിൽ മാത്രമേ മജിസ്ട്രേറ്റ് കുട്ടിയുടെ മൊഴി രേഖപ്പെടുത്താൻ പാടുള്ളൂ. മാതാപിതാക്കളുടെയോ കുട്ടിക്ക് വിശ്വാസമുള്ള ഏതെങ്കിലും വ്യക്തിയുടെയോ സാന്നിധ്യത്തിൽ മാത്രമേ മൊഴി രേഖപ്പെടുത്താൻ പാടുള്ളൂ.

G. പ്രത്യേക കോടതി മുമ്പാകെയുള്ള വിചാരണ

പ്രത്യേക കോടതി മുമ്പാകെ നടത്തുന്ന എല്ലാ വിചാരണകളും രഹസ്യമായും,ക്യാമറയുടെ നിരീക്ഷണത്തിലും, കുട്ടിയുടെ മാതാപിതാക്കളുടെയോ കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടെയോ സാന്നിധ്യത്തിലും മാത്രമേ നടത്താൻ പാടുള്ളൂ.പ്രത്യേക കോടതി കേസ് ഫയലിൽ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ കുട്ടിയിൽനിന്നുള്ള തെളിവ് രേഖപ്പെടുത്തിയിരിക്കണം. കാലതാമസം സംഭവിച്ചാൽ അതിനുള്ള കാരണം പ്രത്യേക കോടതി രേഖപ്പെടുത്തണം. തെളിവ് രേഖപ്പെടുത്തുന്ന സമയത്ത്, കുട്ടിയെ പ്രതി കാണുന്നില്ല എന്ന് പ്രത്യേക കോടതി ഉറപ്പാക്കേണ്ടതാണ്. അതുപോലെ, കുട്ടിയുടെ മൊഴി പ്രതി ശ്രവിക്കുവാനും അത് തന്റെ വക്കീലിനെ അറിയിക്കുവാനും സാധ്യമാകുന്ന സ്ഥാനത്ത് പ്രതി ഇല്ലെന്നും കോടതി ഉറപ്പാക്കേണ്ടതാണ്.

ശാരീരികമോ മാനസികമോ ആയ വെല്ലുവിളി നേരിടുന്ന കുട്ടിയുമായി ഇടപെടുമ്പോൾ യോഗ്യതയുള്ള ദ്വിഭാഷിയുടെയോ ഇന്റർപ്രെട്ടറുടെയോ സ്പെഷ്യൽ എഡ്യുക്കേറ്ററുടെയോ സഹായം തേടാവുന്നതാണ്.

പ്രത്യേകകോടതിയുടെ ഉത്തരവാദിത്തങ്ങൾ

കുറ്റം നടന്ന് ഒരു വർഷത്തിനകം വിചാരണ, കഴിയുന്നത്ര പൂർത്തിയാക്കാൻ പ്രത്യേക കോടതി ശ്രദ്ധിക്കേണ്ടതാണ്. കുറ്റം രജിസ്റ്റർ ചെയ്തതിനുശേഷം എപ്പോൾ വേണമെങ്കിലും കുട്ടിക്ക് ആശ്വാസം പകരുന്നതിനും കുട്ടിയുടെ പുനരധിവാസത്തിനും അടിയന്തിരസഹായമായി ഇടക്കാല നഷ്ടപരിഹാരം നൽകാൻ പ്രത്യേക കോടതിയ്ക്ക് ഉത്തരവാക്കാവുന്നതാണ്.

H. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കമ്മീഷനുകളുടെ പങ്ക്

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ദേശീയ കമ്മീഷന്റേയും സംസ്ഥാന കമ്മീഷനുകളുടെയും ഉത്തരവാദിത്വങ്ങൾ താഴെ പറയുന്നവയാണ്:

1. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ചട്ടങ്ങൾപ്രകാരം, 2012-ലെ POCSO നിയമത്തിലെ വ്യവസ്ഥകളുടെ നടപ്പാക്കൽ പരിശോധിക്കുക
2. ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുക
3. 2012-ലെ POCSO നിയമപ്രകാരം കൈക്കൊണ്ട നടപടികളെക്കുറിച്ച് വാർഷിക റിപ്പോർട്ടിൽ രേഖപ്പെടുത്തുക

സൈബർ സുരക്ഷാ അവബോധപ്രചാരണവും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സേനയും

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിരിക്കുന്ന സൈബർ സുരക്ഷാ അവബോധ പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സൈബർ കുറ്റകൃത്യ തടയൽ സേന ('StopCyber Crime Army') രൂപീകരിക്കുന്നതാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വിദ്യാഭ്യാസ പങ്കാളിയായ ഒ ആർ സി പീപ്പിൾ ഇന്ത്യാ ഫൗണ്ടേഷനും (Orcpeople India Foundation)അവാൻസോ സൈബർ സെക്യൂരിറ്റി സൊലൂഷൻസും (Avanzo Cyber Security Solutions Pvt.Ltd.)പ്രചാരണത്തെ പിന്തുണയ്ക്കുന്നു. ഈ പ്രചാരണത്തിലൂടെ ഒരു ലക്ഷം കുട്ടികളിൽ ബോധവൽക്കരണം നടത്തുകയുണ്ടായി.

നാഷണൽ സർവ്വീസ് സ്കീമിന്റെ വോളണ്ടറിയർമാരെ ഉൾപ്പെടുത്തിയാണ് 'സൈബർ കുറ്റകൃത്യം' തടയൽ സേന രൂപീകരിക്കുക. തങ്ങളുടെ പ്രദേശത്തെ ബാങ്കുകൾ, ക്ലബ്ബുകൾ, ലൈബ്രറികൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ സൈബർ സുരക്ഷാ അവബോധ ക്ലാസ്സുകൾ നടത്തുന്നതിന് ഈ വോളണ്ടറിയർമാരെ പരിശീലിപ്പിക്കുന്നതാണ്.

മാർഗ്ഗനിർദ്ദേശം 3.17. ജീവിതനിപുണതാ അഭ്യസനപരിപാടികൾ (വികസനം/ പങ്കാളിത്തം എന്ന ഭാഗത്തും ഉൾപ്പെടുത്തിയിരിക്കുന്നു)

പ്രദേശത്തെ കൗമാരക്കാരായ കുട്ടികൾക്കാണ് ജീവിതനിപുണതാ അഭ്യസനപരിപാടിയിൽ ഊന്നൽ നൽകേണ്ടത്. കുട്ടികളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളെയും ഈ പരിപാടിയിൽ ഉൾപ്പെടുത്തണം. ഏകദിനപരിപാടി പഞ്ചായത്ത് തലത്തിൽ ഓരോ വർഷവും നടത്താവുന്നതാണ്. കൗമാരക്കാരുടെ വിവരങ്ങൾ-സ്കൂളിൽ പോകുന്നവരുടെയും അല്ലാത്തവരുടെയും ICDS സൂപ്പർവൈസർ ശേഖരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയുന്ന ഗ്രൂപ്പുകൾക്കായി സംയുക്തപരിപാടികൾ പഞ്ചായത്ത് തലത്തിൽ നടത്താവുന്നതാണ്:

- AG ക്ലബ്ബ് അംഗങ്ങൾ
- AB ക്ലബ്ബ് അംഗങ്ങൾ
- ബാലസഭാ അംഗങ്ങൾ
- കുട്ടികളുടെ ലൈബ്രറി ക്ലബ്ബുകൾ
- കുടിയേറ്റത്തൊഴിലാളികളുടെ കൗമാരക്കാരായ കുട്ടികൾ

ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ

ലോകാരോഗ്യസംഘടനയുടെ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവ ആയിരിക്കണം വിഷയങ്ങൾ. ഒരു താൽക്കാലിക പദ്ധതി താഴെ നിർദ്ദേശിക്കുന്നു:

1. സ്വയാവബോധം

2. സഹാനുഭൂതി
3. വിമർശനാത്മകചിന്ത
4. സർഗ്ഗാത്മകചിന്ത
5. തീരുമാനമെടുക്കൽ
6. പ്രശ്നപരിഹാരം
7. ഫലപ്രദമായ ആശയവിനിമയം
8. പരസ്പരബന്ധം
9. മാനസികസംഘർഷവുമായുള്ള പൊരുത്തപ്പെടൽ
10. വികാരവുമായുള്ള പൊരുത്തപ്പെടൽ

സ്കൂളുകളിലെ ക്ലബ്ബുകൾക്ക് ജീവിതനിപുണതാ അഭ്യസനപരിപാടികൾ ഓരോ വർഷവും സംഘടിപ്പിക്കാവുന്നതാണ്. ഇതര സംസ്ഥാനത്തുനിന്നുള്ള തൊഴിലാളികളുടെ കൗമാരക്കാരായ കുട്ടികൾക്കുവേണ്ടിയുള്ള പരിപാടി കോൺട്രാക്റ്റർമാരെ കൂടി ബന്ധപ്പെടുത്തിക്കൊണ്ട് നടത്താവുന്നതാണ്. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യുകയും ഹാജർ ഏർപ്പെടുത്തുകയും വേണം. ക്ലാസ്സുകൾ എടുക്കുന്നതിനെ വിദഗ്ദ്ധരെ ഏർപ്പെടുത്തേണ്ടതാണ്. പരിപാടിയുടെ കോ-ഓർഡിനേറ്ററായി ICDS സൂപ്പർവൈസറെ ചുമതലപ്പെടുത്തണം. പരിപാടിയുടെ അവലോകനം നടത്തുന്നതിനും തുടർ പരിപാടി ആലോചിക്കുന്നതിനും വിശദമായ ചർച്ച ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ മുൻകൈ എടുത്ത് പഞ്ചായത്ത് സമിതി യോഗത്തിൽ നടത്തേണ്ടതുമാണ്.

മാർഗ്ഗനിർദ്ദേശം 3.18. കൗമാരക്കാർക്കുള്ള സ്കൂൾ മാനസികാരോഗ്യ പരിപാടി

എന്ത് ?

കൗമാര പ്രായക്കാർ എന്നാൽ 10-18 വയസ്സുള്ള കുട്ടികളെയാണ് കണക്കാക്കപ്പെടുന്നത്. കൗമാരമാനസിക ആരോഗ്യ പരിപാടിയെന്നാൽ ശാരീരിക -മാനസിക പരിപാടികളെ ഉൾക്കൊള്ളിച്ചിട്ടുള്ള സ്കൂൾ തല പരിപാടികളും പരിശീലനം നേടിയ അദ്ധ്യാപകരെ ടീച്ചർ കൗൺസലർമാരായി നിയോഗിച്ചു കൊണ്ട് വേണ്ട സേവനങ്ങൾ നൽകുവാൻ പ്രാപ്തരാക്കുന്നു.

എന്തിന്?

മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും, സമൂഹത്തിനും അറിയാത്ത നിരവധി വികസനവെല്ലുവിളികൾ കൗമാരപ്രായക്കാരായ കുട്ടികൾ നേരിടുന്നുണ്ട്. ഇതിന്റെ ഫലമായി കുട്ടികൾക്ക് സ്കൂളിലും വീടുകളിലും ശിക്ഷാനടപടികൾ (ഉദാ: സ്കൂളിൽ നിന്ന് പുറത്താക്കൽ, ശാരിരികമായും മാനസികമായിട്ടുള്ള പീഡനങ്ങൾ മുതലായവ) നേരിടേണ്ടി വരുന്നു.

നടപടികൾ :

1. **പഞ്ചായത്ത്/നഗരസഭ കമ്മിറ്റിയുടെ പ്രാഥമിക കൂടിയാലോചന :** പഞ്ചായത്ത് കമ്മിറ്റികൾ അതത് പഞ്ചായത്തുകളിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു സംയുക്തയോഗം സംഘടിപ്പിക്കാവുന്നതാണ്. സ്കൂളുകളിലെ മാനസിക ആരോഗ്യ പരിപാടി ജില്ലാ പഞ്ചായ

ത്താണ് ഏറ്റെടുത്ത് നടത്തേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണെ ഈ യോഗത്തിൽ ക്ഷണിക്കണം.

2. **അവബോധന ക്ലാസ്സുകൾ** : പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളിലും ഹയർസെക്കണ്ടറി സ്കൂളിലും കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾക്ക് ശാരീരികമാനസികവികസനവും വെല്ലുവിളികളെയും കുറിച്ച് അവബോധന ക്ലാസ്സുകൾ നൽകേണ്ടതാണ്. ഇതോടൊപ്പം വർഷത്തിൽ രണ്ടുതവണ ശാസ്ത്രീയമായ രക്ഷാകർത്തൃ രീതികൾ തുടങ്ങിയവയെ സംബന്ധിച്ച് അധ്യാപക പരിശീലനം നൽകേണ്ടതാണ്.

3. **പ്രാഥമിക കൗൺസലർമാരെ തിരിച്ചറിയൽ** : ഹൈസ്കൂൾ ഹയർസെക്കണ്ടറി തലത്തിൽ കൗൺസലിംഗിൽ താൽപര്യമനോഭാവമുള്ള രണ്ട് അദ്ധ്യാപകരെ തിരഞ്ഞെടുക്കുക.

4. **പ്രാഥമിക കൗൺസലർമാർക്കുള്ള ട്രൈനിംഗ്** : കൗമാര മാനസിക ആരോഗ്യത്തെക്കുറിച്ച് വർഷത്തിൽ രണ്ട് തവണയെങ്കിലും ട്രൈനിംഗ് കൊടുക്കേണ്ടതാണ്.

5. **സ്ക്രീനിംഗ് പ്രോബ്ലംസ്** : കുട്ടികളുടെ പെരുമാറ്റവും പഠനവൈകല്യങ്ങളെക്കുറിച്ചുമുള്ള പ്രശ്നങ്ങൾ കണ്ടെത്തുക. ഒരു കൂട്ടം ചോദ്യങ്ങളെ അടിസ്ഥാനമാക്കികൊണ്ട് പ്രാഥമിക കൗൺസലർമാർ ചോദ്യാവലി തയ്യാറാക്കുന്നു.

6. **പ്രാഥമിക ഇടപെടൽ** : പ്രശ്നങ്ങൾ കണ്ടു പിടിച്ചാൽ ഉടൻതന്നെ പ്രാഥമിക ഇടപെടൽ നടത്തുന്നു.

7. **റഫറൽ** : പ്രാഥമിക ഇടപെടലിലൂടെ കാര്യമായ മാറ്റം കാണിക്കാത്ത കൗമാരപ്രായക്കാരെ, കൗമാര മാനസികാരോഗ്യ വിദഗ്ദ്ധന്റെ ക്ലിനിക്കിലേക്ക് റഫർ ചെയ്യപ്പെടുന്നു.

8. **ക്ലിനിക്ക് നടത്തൽ** : ഒരു ജില്ലയിലോ, ബ്ലോക്കിലോ അല്ലെങ്കിൽ പഞ്ചായത്തിന്റെ ഒരു ഭാഗത്തോ ക്ലിനിക്കുകൾ പണിയേണ്ടതാണ്. ഒരു ശിശു-കൗമാര മനോരോഗ വിദഗ്ദ്ധന്റെ സേവനം സൗജന്യമായി തന്നെ നൽകേണ്ടതാണ്. കുട്ടികളുടെ സൗകര്യാർത്ഥം ആഴ്ചയിൽ ഒരിക്കലെങ്കിലും ക്ലിനിക്കുകൾ പ്രവർത്തിക്കേണ്ടതാണ്.

9. **ക്ലിനിക്കിലെ രണ്ടാംഘട്ട ഇടപെടൽ** : മാനസികവും ശാരീരികവുമായ ചികിത്സാഇടപെടലുകൾ കൗമാരപ്രായക്കാർക്ക് ഈ ഘട്ടത്തിൽ നൽകുന്നു. മാതാപിതാക്കളുടെ മദ്യപാനം കുടുംബവഴക്കിനും, ഗാർഹിക പീഡനത്തിനും കാരണമാകുന്നു എന്ന വിഷയത്തെകുറിച്ച് ബോധവൽക്കരണം നൽകുന്നു.

10. **മൂന്നാംഘട്ട ഇടപെടൽ** : കൂടുതൽ വിലയിരുത്തലുകളും ഇടപെടലുകളും വിവരങ്ങളും ആവശ്യമുള്ളവരെ അടുത്തുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജിലേക്കോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിലേക്കോ റഫർ ചെയ്യാവുന്നതാണ്.

11. **വെബ്സൈറ്റ്** : ഓരോ സ്കൂളിൽ നിന്നുള്ള പ്രൈമറി കൗൺസലർമാർക്ക് വിദഗ്ദ്ധരോട് ചോദ്യങ്ങൾ ചോദിക്കാനായി പുതിയൊരു വെബ്സൈറ്റ് തുടങ്ങാം. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ വിദഗ്ദ്ധർ വെബ്സൈറ്റിൽ കയറി ചോദ്യോത്തരങ്ങൾ പരിശോധിക്കുകയും ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

12. പ്രാഥമിക കൗൺസലർമാർക്കോ അദ്ധ്യാപകർക്കോ ആവശ്യമുള്ള കുട്ടികളുടെ വീടു

തിരുവനന്തപുരം ജില്ലാപഞ്ചായത്തിലെ സ്കൂൾതല കൗമാര മാനസികാരോഗ്യ പരിപാടി – ഉണർവ്വ്

UNARV - തിരുവനന്തപുരം ജില്ലാപഞ്ചായത്തിലെ കൗമാരമാനസികആരോഗ്യപരിപാടി. 2007 –2008 മുതൽ തിരുവന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ 78 ഹൈസ്കൂളിലും 55 ഹയർസെക്കണ്ടറി സ്കൂളിലും UNARVനടപ്പിലാക്കിയിട്ടുണ്ട്. തുടക്കം മുതലേ രണ്ട് അദ്ധ്യാപകർക്കാണ് പരിശീലനം കൊടുത്തിരുന്നത്. പ്രത്യേകം ശ്രദ്ധ വേണ്ട കൗമാരപ്രായക്കാരെ UNARVലോട്ട് റഫർ ചെയ്യാൻ പ്രാഥമിക കൗൺസലർമാർക്ക് ഉപദേശം കൊടുത്തിട്ടുണ്ട്. UNARVക്ലീനിക്ക് തിരുവന്തപുരം ജില്ലാപഞ്ചായത്ത് ഓഫീസിന്റെ പരിസരത്തു തന്നെയാണ് സ്ഥാപിച്ചിട്ടുള്ളത്. ബാല-കൗമാര മാനസിക - ആരോഗ്യവിദഗ്ദ്ധർ UNARVക്ലിനിക്കിൽ സൗജന്യമായിട്ടാണ് സർവ്വീസ് നടത്തുന്നത്. എല്ലാ ചൊവ്വാഴ്ച ദിവസങ്ങളിലും 2 PM മുതലാണ് UNARV ക്ലിനിക്ക് പ്രവർത്തിക്കുന്നത്. ജില്ല പഞ്ചായത്തിലേക്ക് റഫർ ചെയ്യുന്ന കുട്ടികളെ രജിസ്റ്റർ ചെയ്യാൻ പ്രാഥമിക കൗൺസലർമാർക്ക് ഉപദേശം കൊടുക്കുന്നു. കൗമാരക്കാർക്ക് മാനസികവും സാമൂഹികമായിട്ടുള്ള ഇടപെടലുകളാണ് ഊന്നൽ കൊടുക്കുന്നത്. വിശദമായ ഇടപെടലുകളും വിലയിരുത്തലും വേണ്ട കൗമാരപ്രായക്കാരെ മൂന്നാംഘട്ട സെന്ററിലേക്ക് റഫർ ചെയ്യാവുന്നതാണ്. ആറാംവർഷം UNARVപുതിയൊരു വെബ്സൈറ്റ് തുടങ്ങി. അതിൽ ഓരോ സ്കൂളിലെ പ്രാഥമിക കൗൺസലർമാർക്ക് വിദഗ്ദ്ധരോട് ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്നവിധം തയ്യാറാക്കിയിരുന്നു. ഇതിനായി പ്രത്യേക പാസ്സ് വേർഡും യൂസർ ഐഡിയും ഓരോ ഹൈസ്കൂൾ-ഹയർസെക്കണ്ടറി സ്കൂളുകൾക്ക് നൽകിയിരുന്നു. വിദ്ഗ്ദ്ധർ ആഴ്ചയിൽ ഒരിക്കൽ വെബ്സൈറ്റിൽ കയറി ചോദ്യങ്ങൾക്കുള്ള മറുപടി നൽകിയിരുന്നു.

മാർഗ്ഗനിർദ്ദേശം 3.19. സ്കൂൾ പാർലമെന്റ്

ശിശുദിനം പോലെയുള്ള ആഘോഷങ്ങളോടനുബന്ധിച്ച് ഓരോ സ്കൂളിലും സംഘടിപ്പിക്കുന്ന മാതൃകാപാർലമെന്റിൽ കുട്ടികളെ സംബന്ധിച്ച സജീവപ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. പ്രദേശത്തെ ബാലാവകാശസംബന്ധമായ ചില പ്രശ്നങ്ങളെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കാൻ ഇത് സഹായിക്കും. സ്കൂൾ പാർലമെന്റിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- വിദ്യാർത്ഥികളിൽ ജനാധിപത്യമൂല്യങ്ങൾ വളർത്തുക
- പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രക്രിയയും നടപടിയും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക
- തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരം നൽകുക

നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ സ്കൂൾ പാർലമെന്റ്

ബാലാവകാശങ്ങൾ ഉറപ്പാക്കുന്നതിനാണ് നിലമ്പൂരിലെ സ്കൂൾ പാർലമെന്റ് രൂപീകരിച്ചിരിക്കുന്നത്. കുട്ടികളുടെ പരിപാലനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിനാണ് നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ സ്കൂൾ പാർലമെന്റ് ആസൂത്രണം ചെയ്ത് സംഘടിപ്പിച്ചിരിക്കുന്നത്.

സ്കൂൾ പാർലമെന്റിലെ അംഗങ്ങൾ

മാനവേദൻ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ കൺവീനർമാരാണ് (അഭിരുചി പരീക്ഷകളുടേയും കഴിവുകളുടേയും അടിസ്ഥാനത്തിലാണ് ഇവരെ തെരഞ്ഞെടുത്തിട്ടുള്ളത്) മന്ത്രിമാർ. ഉദാഹരണമായി, ഹെൽത്ത് ക്ലബ്ബിന്റെ കൺവീനറാണ് ആരോഗ്യമന്ത്രി. ക്ലബ്ബ് കൺവീനർമാരിൽ നിന്നാണ് പ്രധാനമന്ത്രിയെ തെരഞ്ഞെടുത്തിരിക്കുന്നത്. ക്ലാസ്സ് ലീഡർമാർ പ്രതിപക്ഷാംഗങ്ങളായി പ്രവർത്തിക്കുന്നു. അവരിൽ ഒരാളാണ് പ്രതിപക്ഷനേതാവ്.

ക്ലാസ്സ് ലീഡർമാരിൽ നിന്നാണ് സ്പീക്കറെയും തെരഞ്ഞെടുത്തിരിക്കുന്നത്. സ്കൂളിന്റെ ലീഡറാണ് സ്പീക്കർ. വിദ്യാർത്ഥികളുടെ മുനിസിപ്പൽ പാർലമെന്റിൽ വിവിധ സ്കൂളുകളിൽനിന്നുള്ള പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. മുനിസിപ്പൽ പാർലമെന്റിന് മുമ്പായി സ്കൂൾ തലത്തിലുള്ള പാർലമെന്റ് നടത്തുന്നു.

മുനിസിപ്പൽ വിദ്യാർത്ഥിപാർലമെന്റിൽ മുനിസിപ്പൽ ചെയർമാൻ, കൗൺസിലർമാർ, വകുപ്പ് മേധാവികൾ എന്നിവരും പങ്കെടുക്കുന്നതിനാൽ വിദ്യാർത്ഥി പാർലമെന്റംഗങ്ങളുടെ ചർച്ചകളെ അടിസ്ഥാനമാക്കി അവർക്ക് തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുന്നു.

സാധാരണയായി ശിശുദിനത്തിൽ (നവംബർ 14) ആണ് മുനിസിപ്പൽ വിദ്യാർത്ഥി പാർലമെന്റ് നടത്തുന്നത്. മുനിസിപ്പൽ പാർലമെന്റിനു മുമ്പായി സ്കൂൾ തലത്തിലുള്ള പാർലമെന്റ് പൂർത്തിയാക്കുന്നു.

പ്രധാന പ്രവർത്തനങ്ങൾ

ചോദ്യോത്തരവേള, ശൂന്യവേള, വിവിധ ബില്ലുകളുടെ അവതരണം, ചർച്ചകൾ തുടങ്ങി പാർലമെന്റിലെ നടപടികളെല്ലാം കുട്ടികളുടെ പാർലമെന്റിലും നടത്തുന്നു.

ചർച്ചാവിഷയങ്ങൾ

പൊതു ഇനങ്ങൾ: യാത്രാപ്രശ്നങ്ങൾ, കുടിവെള്ള പ്രശ്നം, റോഡുകളുടെ അവസ്ഥകൾ, പഠനത്തിന് വിഷമതകൾ, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുടങ്ങി കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ചയ്ക്കെടുക്കുന്നു.

പ്രത്യേക ഇനം: ബാലവിവാഹമായിരുന്നു 2012-ലെയും 2013-ലെയും ശിശുദിനത്തിലെ പ്രത്യേക ചർച്ചാവിഷയം.

പ്രധാന മാറ്റങ്ങൾ

വിദ്യാർത്ഥികളിൽ ദൃശ്യമായ ചില പ്രധാന മാറ്റങ്ങൾ ഇവയാണ്:

- പാർലമെന്ററി ജനാധിപത്യത്തെ കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധമുണ്ടാകുന്നു
- സ്കൂൾ തലത്തിലുള്ള പ്രവർത്തനങ്ങളിലെ പങ്കാളിത്തം വർദ്ധിക്കുന്നു
- കുട്ടിയുടെ അവകാശങ്ങളെ കുറിച്ച് അവബോധമുണ്ടാകുന്നു

- ബാലവിവാഹം പോലെയുള്ള പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള സാമർത്ഥ്യം കൂടുന്നു, അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ തേടുന്നു
- ആത്മവിശ്വാസം വർദ്ധിക്കുന്നു
- ജനാധിപത്യമൂല്യങ്ങൾ വികസിക്കുന്നു
- കുട്ടികൾക്കുള്ള മുൻസിപ്പൽ ഫണ്ടിൽ വർദ്ധനവുണ്ടാകുന്നു

മേഖല
5

ബാലവിവാഹം തടയൽ

മാർഗ്ഗനിർദ്ദേശം 3.20. വിവാഹ പ്രായമെത്തുന്നതിന് മുമ്പ് വിവാഹിതരാവാത്ത പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം

നാഷണൽ കണ്ടീഷണൽ ക്യാഷ് ട്രാൻസ്ഫർ (CCT)പദ്ധതി

പതിനെട്ട് വയസ്സാകുന്നതുവരെ പെൺകുട്ടികൾ അവിവാഹിതരായി തുടരുന്ന കുടുംബങ്ങൾക്ക് സാമ്പത്തികാനുകൂല്യം നൽകി പെൺകുട്ടികൾക്കെതിരെയുള്ള വിവേചനത്തിന് പരിഹാരം കാണുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പെൺകുട്ടികളുള്ള ദരിദ്രകുടുംബങ്ങൾക്ക്, നാല് ഘട്ടങ്ങളിലായി, സാമ്പത്തികാനുകൂല്യങ്ങൾ നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം :

(1) ജനന രജിസ്ട്രേഷൻ

(2) ബാല്യത്തിലെ പ്രതിരോധചികിത്സ

(3) സ്കൂൾ പ്രവേശനം

(4) അവിവാഹിതരായി 18 വയസ്സ് തികയ്ക്കുക

ഹ്രസ്വകാലവരുമാനംവഴി ദീർഘകാലാടിസ്ഥാനത്തിൽ സ്വഭാവമാറ്റങ്ങൾ ഉളവാക്കാനാണ് CCT ലക്ഷ്യമിടുന്നത്. ചില ഉപാധികൾ പൂർത്തീകരിക്കുന്ന ദരിദ്രകുടുംബങ്ങൾക്കാണ് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നത്. സമൂഹത്തിലെ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്കും സ്ത്രീകൾക്കും, പരിമിതമായ തോതിൽ വിഭവശേഷി പ്രദാനം ചെയ്യുകയെന്നതാണ് CCT യുടെ ലക്ഷ്യം

ലിംഗാടിസ്ഥാനത്തിലുള്ള ഭ്രൂണത്തിന്റെ തെരഞ്ഞെടുപ്പ്, ശിശുഹത്യ, വിദ്യാഭ്യാസം നൽകാതിരിക്കൽ, ആരോഗ്യപരിപാലനത്തിന്റെ അഭാവം, പോഷകാഹാരക്കുറവ്, ബാലവിവാഹം, കൗമാരത്തിലെ ഗർഭധാരണം എന്നിങ്ങനെ ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം ഇല്ലാതാക്കാൻ ഇത് സഹായിക്കുന്നു. ഇന്ത്യയിലെ ബാലവിവാഹങ്ങൾ നിയന്ത്രിക്കുന്നതിൽ CCT-ക്ക് അത്യധികം പങ്കുണ്ട്. എല്ലാവർക്കും വിതരണം ചെയ്യുന്ന സമീപനത്തിൽ നിന്ന് ആവശ്യക്കാർക്ക് മാത്രം നൽകുന്ന സമീപനത്തിലേക്ക് മാറാൻ CCT-ക്ക് കഴിഞ്ഞിട്ടുണ്ട്. ചില CCT-കൾ താഴെ പരാമർശിച്ചിരിക്കുന്നു.

പദ്ധതിയുടെ പേര്	സംസ്ഥാനവും, വകുപ്പും	ആരംഭിച്ച വർഷം	ലക്ഷ്യങ്ങൾ	ലഭിക്കുന്ന ധന സഹായങ്ങൾ	അർഹതാമാനദണ്ഡങ്ങൾ
ധന ലക്ഷ്മി പദ്ധതി	WCD, GOI	2008	പെൺകുട്ടികൾക്കുള്ള ഇൻഷുറൻസ്, പെൺകുട്ടിയുടെ കുടുംബത്തിന് ഇൻഷുറൻസ് നൽകുന്ന CCTപദ്ധതി	നിശ്ചയിച്ചിരിക്കുന്ന തിയതിയിലോ അതിനു ശേഷമോ ജനിക്കുന്ന പെൺകുട്ടിയ്ക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ LICവഴി ലഭിക്കുന്നു	ജനനം രജിസ്റ്റർ ചെയ്യുക, പ്രതിരോധകുത്തിവെയ്പ്പുകൾ നടത്തുക, സ്ക്കൂൾ പ്രവേശനം, എട്ടാം ക്ലാസ്സു വരെ സ്ക്കൂളിൽ തുടരൽ, 18 വയസ്സു വരെ അവിവാഹിതയായി തുടരുന്ന പെൺകുട്ടികൾക്ക് മാത്രമെ പൂർണ്ണപരിരക്ഷ ലഭിക്കുകയുള്ളു.
ബാലികാ സമിതി യോജന	GOI, MO, WCD, State Govern me-nt	1997, പുനരാവിഷ്ക്കരിച്ച വർഷം 1999	പെൺകുട്ടിയുടെ ജനനസമയത്ത് കുട്ടിയോടും, മാതാവിനോടും, കുടുംബത്തിനും സമൂഹത്തിനും അനുകൂലസമീപനം സൃഷ്ടിക്കുക. പെൺകുട്ടികളുടെ സ്ക്കൂൾ പ്രവേശനവും വിദ്യാഭ്യാസവും ഉറപ്പാക്കുക, പെൺകുട്ടികളുടെ വിവാഹ പ്രായം ഉയർത്തുക, വരുമാനം ഉണ്ടാക്കുന്ന പ്രവർത്തികളിൽ പെൺകുട്ടികളെ സഹായിക്കുക	പ്രസവാനന്തരം 500 രൂപയുടെ ധനസഹായം 1999 ൽ പുനരാവിഷ്ക്കരിച്ചതിനു ശേഷം അനുവദിച്ച ആനുകൂല്യങ്ങൾ, വാർഷീക സ്ക്കോളർഷിപ്പ് : ക്ലാസ്സുകൾ 1-3 വരെ 300 രൂപ, ക്ലാസ്സ് 4 - 500 രൂപ, ക്ലാസ്സ് 5 - 600 രൂപ,ക്ലാസ്സ് 6 -7 വരെ 700 രൂപ, ക്ലാസ്സ് 8 -800 രൂപ, ക്ലാസ്സ് 9-10 വരെ - 1000 രൂപ	ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബമായിരിക്കണം, 1997 ആഗസ്റ്റ് 15 നോ ശേഷമോ ജനിച്ച പെൺകുട്ടിയായിരിക്കണം. ഒരു വീട്ടിൽ രണ്ട് പെൺകുട്ടികൾക്ക് എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് 18 വയസ്സു വരെ പെൺകുട്ടി ജീവിക്കുകയും അവിവാഹിതയായി തുടരുകയും വേണം

കസ്തൂർ ഭാഗാന്ധി ബാലിക വിദ്യാലയ പദ്ധതി	GOI, MO, HRD	2004	സ്കൂൾ വിട്ടു പോകൽ കുറയ്ക്കുന്നതിനും സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികളുടെ പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിനും 18 വയസ്സ് ആകുന്നതുവരെ വിദ്യാഭ്യാസം തുടരുന്നത് ഉറപ്പാക്കുന്നതിനും	അപ്പർ പ്രൈമറി തലത്തിൽ പെൺകുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകൾ ലഭ്യമാക്കുന്നു-പ്രധാനമായും പട്ടികജാതി/വർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവർക്ക് ഒറ്റത്തവണ നിക്ഷേപമായി 3000 രൂപ (2006-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത്)	എട്ടാം ക്ലാസ് ജയിച്ച എല്ലാ പട്ടികജാതി/വർഗ്ഗ പെൺകുട്ടികൾക്കും കസ്തൂർ ബാഗാന്ധി ബാലികാവിദ്യാലയത്തിൽനിന്ന് എട്ടാം ക്ലാസ് ജയിച്ച പെൺകുട്ടികൾക്കും - അവർ 2008-09 സ്കൂൾ വർഷം മുതൽ സർക്കാർ സഹായമുള്ള സ്കൂളുകളിലോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്കൂളുകളിലോ ഒമ്പതാം ക്ലാസ്സിലേക്ക് പ്രവേശനം നേടിയിരിക്കണം. അവിവാഹിതകളായ പെൺകുട്ടികൾക്ക് മാത്രമാണ് ആനുകൂല്യങ്ങൾ.

മാർഗ്ഗനിർദ്ദേശം 3.21 ബാലവിവാഹം റിപ്പോർട്ട് ചെയ്യൽ

ബാലവിവാഹം എന്നത് നിയമപ്രകാരം സ്ത്രീക്ക് 18 വയസ്സും പുരുഷന് 21 വയസ്സും തികയുന്നതിനുമുമ്പ് നടക്കുന്ന വിവാഹമാണ്. പലപ്പോഴും ശോചനീയമായ സാമൂഹ്യ-സാമ്പത്തിക ചുറ്റുപാടുകൾ നിമിത്തമാണ് പ്രായം തികയാത്ത സ്ത്രീകൾ ബാലവിവാഹത്തിന്റെ ഇരകളായി തീരുന്നത്. ബാലവിവാഹം, പ്രായം തികയാത്ത സ്ത്രീകളിൽ ശാരീരികവും മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

കൗമാരക്കാരായ വധുക്കൾക്ക് സന്താനോൽപ്പാദനശേഷി കൂടുതലായതിനാൽ ബാലവിവാഹങ്ങൾ ഇന്ത്യയിലെ ജനസംഖ്യാനിയന്ത്രണശ്രമങ്ങൾക്ക് വൻതിരിച്ചടി ഉണ്ടാക്കുന്നുണ്ട്. വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾക്കിടയിൽ ബാലവിവാഹങ്ങൾ കുറവാണ്. നൂറ് ശതമാനം സാക്ഷരതയുണ്ടെങ്കിലും കേരളത്തിൽ ബാലവിവാഹങ്ങളുടെ നിരക്ക് ആശങ്കാജനകമാംവണ്ണം ഉയർന്നതാണ്.

2006-ലെ ബാലവിവാഹനിരോധനനിയമം

ഇന്ത്യയിൽ ബാലവിവാഹങ്ങൾ നിരോധിക്കുന്നതിനാണ് 2006-ൽ ബാല വിവാഹനിരോധന

നിയമം നിർമ്മിച്ചത്. ഈ നിയമപ്രകാരം 21 വയസ്സ് തികയാത്ത പുരുഷനും 18 വയസ്സ് തികയാത്ത സ്ത്രീയും വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് നിയമവിരുദ്ധമാണ്. ഈ നിയമമനുസരിച്ച്, ബാലവിവാഹം നടത്തുകയോ നടത്തിക്കൊടുക്കുകയോ അതിന് കൂട്ടു നിൽക്കുകയോ ചെയ്യുന്ന വ്യക്തി രണ്ട് വർഷംവരെ നീളാവുന്ന കഠിനതടവിനും ഒരു ലക്ഷംരൂപ വരെയുള്ള പിഴയ്ക്കും അർഹനാണ്. ബാലവിവാഹം നടക്കുന്ന സമയത്ത് കുട്ടിയുടെ സംരക്ഷകനായിരുന്ന വ്യക്തിക്കും ഇതേ ശിക്ഷ തന്നെ ലഭിക്കുന്നതാണ്. മാതാപിതാക്കൾ/രക്ഷാകർത്താക്കൾ, വിവാഹം നടത്തുന്നതിന് പ്രേരിപ്പിക്കുകയോ അത് ആശീർവ്വദിക്കാൻ അനുവദിക്കുകയോ ചെയ്യുന്ന സംഘടനയിലെ വ്യക്തി/വ്യക്തികൾ എന്നിവരും ഇതിലുൾപ്പെടുന്നു. ബാലവിവാഹനിരോധന ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്.

കേരളത്തിൽ, സാമൂഹ്യനീതി വകുപ്പിലെ ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർമാർ (CDPO) ആണ് ബാലവിവാഹനിരോധന ഉദ്യോഗസ്ഥർ (Child Marriage Prohibition Officers - CMPO) ആയി നിയമിക്കപ്പെടുന്നത്.

CMPO-യുടെ ചുമതലകൾ താഴെ പറയുന്നു:

ബാലവിവാഹം സംബന്ധിച്ച് വിവരം ലഭിക്കുമ്പോൾ വിവാഹത്തിൽ ഏർപ്പെടുന്ന വ്യക്തി യഥാർത്ഥത്തിൽ പ്രായപൂർത്തിയാകാത്ത ആളാണോ എന്ന് CMPO അന്വേഷിച്ച് ഉറപ്പാക്കേണ്ടതാണ്.

- ബാലവിവാഹം നടക്കാൻ പോകുന്നു എന്ന് CMPO-ക്ക് ബോധ്യമായി കഴിഞ്ഞാൽ വിവാഹം നടത്തുന്നതിന് ഉത്തരവാദിത്തപ്പെട്ട വ്യക്തികൾക്കെതിരെ കോടതിയിൽനിന്ന് ഇഞ്ചക്ഷൻ ഉത്തരവ് CMPO വാങ്ങിക്കേണ്ടതാണ്
- CMPO-ക്ക് ഇടപെടാൻ കഴിയുന്നതിനുമുമ്പുതന്നെ ബാല വിവാഹം നടന്നുവെങ്കിൽ, വിവാഹം ആശീർവ്വദിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട വ്യക്തികൾക്കെതിരെ പോലീസിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യേണ്ടതാണ്
- നിയമലംഘനം നടന്നിട്ടുണ്ടെങ്കിൽ, ബന്ധപ്പെട്ട എല്ലാ കക്ഷികളെയും വിളിച്ച് അന്വേഷണം നടത്തിയിട്ട് ഉചിതമായ ഇഞ്ചക്ഷൻ ഉത്തരവ് കോടതി നൽകുന്നതാണ്. ഇഞ്ചക്ഷൻ ഉത്തരവിന് വിരുദ്ധമായി നടത്തപ്പെടുന്ന ഏതൊരു ബാല വിവാഹവും അസാധുവായിരിക്കുന്നതാണ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

- ബാലവിവാഹം കുട്ടികളിൽ ഉളവാക്കുന്ന ഹാനികരമായ ഫലങ്ങളെക്കുറിച്ചും കുട്ടികളുടെ അവകാശങ്ങളുടെ ലംഘനത്തെ കുറിച്ചും പൊതുജനങ്ങൾക്കിടയിലും കുട്ടികളിലും അവബോധം സൃഷ്ടിക്കുക
- പ്രദേശത്ത് നടക്കുന്ന ബാലവിവാഹങ്ങൾ നിയമം ചൂണ്ടിക്കാട്ടിയും പൊതുജനങ്ങളുടെ പിന്തുണയോടെ തടയുക
- പഞ്ചായത്തിന്റെ അധികാരപരിധിയിൽ നടക്കുന്ന ബാല വിവാഹങ്ങളെ കുറിച്ച് വിവരം നൽകുന്നതിന്, വിവരം നൽകുന്നവരുടെ പേര് വെളിപ്പെടുത്തുകയില്ല എന്നുറപ്പ് നൽകി

ക്കൊണ്ട് പൊതുജനങ്ങളെ പ്രേരിപ്പിക്കുക

- വിവാഹരജിസ്ട്രേഷൻ സമയത്ത് നൽകുന്ന വിവരങ്ങൾ കൃത്യമായി പരിശോധിക്കുക. പെൺകുട്ടിക്ക് വിവാഹപ്രായമായി എന്നു തെളിയിക്കുന്നതിന് ഹാജരാക്കുന്ന സർട്ടിഫിക്കറ്റ് വ്യാജമാണെങ്കിൽ വീണ്ടും പരിശോധന നടത്തുക
- 100% ജനനങ്ങളും രജിസ്റ്റർ ചെയ്ത് ജനനസർട്ടിഫിക്കറ്റ് നൽകുക

ബാലവിവാഹത്തിനെതിരായുള്ള പ്രധാന പരിഹാരമാർഗ്ഗമായി കുട്ടികളുടെ പങ്കാളിത്ത വേദികൾ (കൗമാര ക്ലബ്ബ്– ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും, കുട്ടികളുടെ ഗ്രാമ സഭ, ബാലസഭ, സ്കൂൾ ക്ലബ്ബ്) രൂപീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക

കേരളത്തിലെ വിവാഹരജിസ്ട്രേഷൻ

വിവാഹസർട്ടിഫിക്കറ്റുകൾ വിവാഹത്തെ സംബന്ധിച്ചുള്ള സാധുവായ ഒരു രേഖ എന്നതിനു പുറമെ, സ്ത്രീകൾക്ക് സാമൂഹ്യസുരക്ഷിതത്വവും ആത്മവിശ്വാസവും നൽകുന്നു.

അർഹത

വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തിയായിരിക്കണം.

നിബന്ധനകൾ

താഴെ പറയുന്ന കാര്യങ്ങൾ തൃപ്തികരമാണെങ്കിൽ മാത്രമേ രണ്ട് വ്യക്തികൾ തമ്മിലുള്ള വിവാഹബന്ധം നടത്താൻ പാടുള്ളൂ:

1. ഇരു കക്ഷികൾക്കും ജീവിച്ചിരിക്കുന്ന മറ്റൊരു ഇണ ഉണ്ടാകാൻ പാടില്ല
2. ഇരു കക്ഷികൾക്കും ബുദ്ധിമാന്ദ്യമോ ഭ്രാന്തോ ഉണ്ടായിരിക്കാൻ പാടില്ല
3. പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും പൂർത്തിയായിരിക്കണം
4. വിവാഹബന്ധത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന കക്ഷികൾ നിരോധിക്കപ്പെട്ട ബന്ധങ്ങളിൽ പെടുന്ന വ്യക്തികളായിരിക്കരുത്

ആവശ്യമായ വിവരങ്ങൾ

1. വരന്റെയും വധുവിന്റെയും പേരും വിലാസവും, ജനനതിയതിയും തെളിയിക്കുന്ന രേഖ
2. രണ്ട് പേരുടേയും ഒപ്പ്
3. വിവാഹത്തിന് സാക്ഷികളായ രണ്ട് പേരുടെ പേരും മേൽവിലാസവും
4. വരന്റെയും വധുവിന്റെയും ഒപ്പോട് കൂടിയ ഫോട്ടോ

നടപടികൾ

1. വിവാഹത്തിനുള്ള അപേക്ഷ നിർദ്ദിഷ്ടഫോറത്തിൽ പൂരിപ്പിച്ച് ആവശ്യമായ രേഖകളോ

ടുകൂടി വിവാഹരജിസ്ട്രാർക്ക് സമർപ്പിക്കണം

2. അപേക്ഷയും രേഖകളും വിവാഹരജിസ്ട്രാർ പരിശോധിക്കുകയും ഹാജരാക്കിയ രേഖകൾ നിയമപ്രകാരം സാധുവാണെന്ന് ബോധ്യപ്പെടുകയും ചെയ്താൽ വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതാണ്

3. സർട്ടിഫിക്കറ്റുകൾ സർട്ടിഫിക്കറ്റ് ബുക്കിൽ ചേർക്കുകയും വിവാഹബന്ധത്തിൽ ഏർപ്പെട്ട കക്ഷികളുടെയും രണ്ട് സാക്ഷികളുടെയും ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യണം

ആവശ്യമായ രേഖകൾ

1. ഭർത്താവിന്റെയും ഭാര്യയുടെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഒന്നാം നമ്പർ ഫോറത്തിൽ പകർപ്പോടുകൂടി പൂരിപ്പിച്ച അപേക്ഷയും (മൂന്ന് ഫോട്ടോകൾവീതം ആവശ്യമുണ്ട്. രണ്ട് ഫോട്ടോകൾ അപേക്ഷയിൽ പതിക്കുന്നതിനും ഒന്ന് വിവാഹരജിസ്റ്ററിൽ പതിക്കുന്നതിനും)

2. ബന്ധപ്പെട്ട മതാധികാരി നൽകിയ വിവാഹസർട്ടിഫിക്കറ്റിന്റെ പകർപ്പോ ഫോറം നമ്പർ രണ്ടിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻ/പാർലമെന്റ് അംഗം/നിയമസഭാംഗം/തദ്ദേശഭരണ സ്ഥാപനാംഗം നൽകുന്ന പ്രസ്താവനയോ

3. ജനനതിയ്യതി കാണിക്കുന്ന എസ്.എസ്.എൽ.സി.ബുക്ക്/ പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്/സർക്കാരിൽനിന്നുള്ള മറ്റേതെങ്കിലും രേഖ- അറ്റസ്റ്റ് ചെയ്തത്

4. വധുവിന്റെയോ വരന്റെയോ പേരിലുള്ള പാർപ്പിടത്തിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ

ഫീസ്

രജിസ്ട്രേഷന് 30 രൂപയുടെ മുദ്രപത്രവും 100 രൂപ ഫീസും നൽകണം. 20 രൂപ അടച്ചാൽ കക്ഷികൾ നൽകുന്ന 30 രൂപയുടെ മുദ്രപ്പത്രത്തിൽ സർട്ടിഫിക്കറ്റ് നൽകും. 5വർഷത്തിന് ശേഷമുള്ള രജിസ്ട്രേഷന് 250 രൂപയാണ് ഫീസ്

മേഖല
6

കുട്ടികൾക്ക് പരിചരണവും, പിൻതുണയും ഉറപ്പുനൽകുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കുക

മാർഗ്ഗനിർദ്ദേശം 3.22. നിരാലംബരായ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യൽ (സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികൾ)

കുടുംബത്തിലോ ബന്ധുക്കളോടൊപ്പമോ സുഹൃത്തുക്കളോടൊപ്പമോ സമൂഹത്തിന്റെ പിന്തുണയോടെയോ ജീവിക്കുന്ന അനാഥർക്ക് സാമ്പത്തികസഹായം നൽകുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യസുരക്ഷാ മിഷൻ വഴി കേരള സർക്കാർ 06/06/2012-ലെ G.O.(MS)0.36/2012/SWD പ്രകാരം നടപ്പാക്കുന്ന പദ്ധതിയാണ് 'സ്നേഹപൂർവ്വം'. ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരികയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിയുടെ ലക്ഷ്യങ്ങൾ

- സമൂഹത്തിലെ അനാഥക്കുട്ടികളെ കണ്ടെത്തുക
- സഹായം ആവശ്യമുള്ള കുട്ടികളെ വിലയിരുത്തി അവരുടെ അടിയന്തിരാവശ്യങ്ങൾ അറിയുക
- അനാഥരെ സംരക്ഷിക്കാനും സ്വീകരിക്കാനും തയ്യാറാകത്തക്കവണ്ണം സമൂഹവ്യവസ്ഥിതിയെയും കുടുംബവ്യവസ്ഥയെയും ശക്തിപ്പെടുത്തി അപകടാവസ്ഥയിലുള്ള അനാഥർക്ക് സാമ്യൂഹ്യസുരക്ഷ പ്രദാനം ചെയ്യുക
- സമൂഹത്തിലെ മറ്റു കുട്ടികളുടെ നിലവാരത്തിലേയ്ക്ക് എത്തും വിധം അനാഥരുടെ അടിസ്ഥാനവിദ്യാഭ്യാസം, സാമൂഹ്യലയനം, പോഷകസമ്പുഷ്ടത എന്നിവ മെച്ചപ്പെടുത്തുക
- കുട്ടികളെ അനാഥരായി വിടാതെ കുടുംബാംന്തരീക്ഷത്തിൽ നിലനിർത്താൻ കുടുംബാംഗങ്ങളെ പ്രേരിപ്പിക്കുക
- അനാഥക്കുട്ടികളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം നൽകി അവരുടെ കുടുംബങ്ങളെ സഹായിക്കുക.

സഹായത്തുക

- 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രതിമാസം 300 രൂപ
- 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 500 രൂപ
- 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750 രൂപ

2004-ൽ, ബിരുദ/പ്രൊഫഷണൽ വിദ്യാർത്ഥികളെയും കൂടി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി. പ്രതിമാസം 1000 രൂപയാണ് ഇവർക്ക് ലഭിക്കുന്ന സഹായത്തിന്റെ നിരക്ക്.

മാർഗ്ഗനിർദ്ദേശം 3.23. കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ (കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ)

കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ ക്രമീകരണം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കേണ്ടതാണ്:

- ഓർഫനേജ് ഉൾപ്പെടെ കുട്ടികളെ പരിരക്ഷിക്കുന്ന എല്ലാ സ്ഥാപനങ്ങളും ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്യുക
- ജുവനൈൽ ജസ്റ്റീസ് നിയമം, അനാഥാലയങ്ങളുടെ നിയന്ത്രണത്തിന് അധികാരപ്പെട്ടിരിക്കുന്ന ബോർഡ് എന്നിവ അനുശാസിക്കുന്ന ചട്ടങ്ങൾ ഉറപ്പാക്കുക
- പ്രോട്ടോക്കോൾ പ്രകാരം എല്ലാ സംരക്ഷണ സ്ഥാപനങ്ങളുടെയും നടത്തിപ്പിന് സമിതികൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക
- സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ അവലോകനാ സന്ദർശനങ്ങൾക്ക് സൗകര്യമേർപ്പെടുത്തുക
- ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനപ്രദേശത്ത് കുട്ടികൾക്കായുള്ള എല്ലാ സംരക്ഷണസ്ഥാപനങ്ങളുടെയും (അങ്കണവാടികൾ, അനാഥാലയങ്ങൾ എന്നിവ ഉൾപ്പെടെ) സംയുക്തയോഗം ആറ് മാസത്തിലൊരിക്കൽ നടത്തുക
- കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കുറിച്ച് എല്ലാ പഞ്ചായത്ത് യോഗങ്ങളിലും വിശദമായ ചർച്ച നടത്തുക

മേഖല 7

ഭിന്നശേഷി കുറയ്ക്കലും ഭിന്നശേഷിസൗഹൃദവും

മാർഗ്ഗനിർദ്ദേശം 3.24. വൈകല്യം നേരത്തെ തിരിച്ചറിയൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ കുട്ടികൾക്കുണ്ടാകുന്ന വികസന വ്യതിയാനങ്ങളും വൈകല്യങ്ങളും കാലേകൂട്ടി തിരിച്ചറിയുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊള്ളാവുന്നതാണ്:

- വൈകല്യമുള്ള കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക
- കുട്ടികളുടെ വികാസ വ്യതിയാനങ്ങൾ ഐ.സി.ഡി.എസ് മുഖേന കണ്ടെത്തുക
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനുള്ള നടപടികൾക്കായി അപേക്ഷകൾ സ്വീകരിക്കുക
- വൈകല്യം തിട്ടപ്പെടുത്തുന്നതിനും, സഹായ ഉപകരണങ്ങൾ നൽകുന്നതിനുമുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക
- വൈകല്യമുള്ള കുട്ടികളെ സംബന്ധിച്ച ഗ്രേഡിംഗ്
- തദ്ദേശഭരണസ്ഥാപനം, NHM,SSA, സാമൂഹ്യസുരക്ഷാമിഷൻ എന്നിവയുടെ സേവനങ്ങളുമായി ബന്ധപ്പെടുത്തുക
- വിദ്യാഭ്യാസ സേവനങ്ങൾ - അങ്കണവാടി, സ്കൂളുകൾ, സ്പെഷ്യൽ സ്കൂളുകൾ, BUDS,BRC തുടങ്ങിയവയിൽ അംഗത്വം ഉറപ്പാക്കുക

മാർഗ്ഗനിർദ്ദേശം 3.25. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

താഴെ കൊടുത്തിരിക്കുന്നതുപോലെ ഒരു ഫോർമാറ്റ് തയ്യാറാക്കുക:

ഭിന്നശേഷിയുള്ള കുട്ടികളുടെ പേര്	അർഹമായ ഇനങ്ങളുടെ പട്ടിക	അർഹമായ സേവനങ്ങളുടെ ഇനങ്ങൾ മാർഗ്ഗനിർദ്ദേശപ്രകാരം (പെൻഷൻ, സ്കോളർഷിപ്പ് മുതലായവ)

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് താഴെ പറയുന്ന വസ്തുക്കൾ സൗജന്യമായി നൽകേണ്ടതാണ്.

a) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ.പി.എൽ, ബി.പി.എൽ തരം തിരിവില്ലാതെ എല്ലാവർക്കും ലഭ്യമാവുന്നതാണ്

1. സർജിക്കൽ ഷൂസുകൾ, ആങ്കിൾ ബൂട്ട്, മൗൾഡഡ് ഷൂസുകൾ, ഉയരവും അളവും അനുസരിച്ച് നിർമ്മിച്ച തുകൽ ചെരുപ്പ്, മൈക്രോ സെല്ലുലാർ റബ്ബർ സോളുകളുള്ള ചെരുപ്പ്, അനുയോജ്യമായ ചെരുപ്പ്
2. ഓർത്തോപീഡിക് ഉപകരണങ്ങൾ, വൈകല്യങ്ങൾ പരിഹരിക്കാവുന്ന പല തരത്തിലുള്ള ഷൂസുകൾ
3. കൃത്രിമ കൈകളും കാലുകളും
4. ക്രച്ചസും വാക്കറുകളും പോലെ നടക്കാൻ സഹായിക്കുന്ന ഉപകരണങ്ങൾ
5. ഇടുപ്പ് ആവരണം, സ്പൈനൽ ബ്രേസ്, ജാക്കറ്റ്, കാൽമുട്ടിനുള്ള ബ്രേസ്, സ്റ്റാറ്റിക്കും ഡൈനാമിക്കും ആയ സ്പ്ലിന്റുകൾ, വീൽ ചെയർ, കൈകൾകൊണ്ടോ മോട്ടോർ ഉപയോഗിച്ചോ പ്രവർത്തിപ്പിക്കാവുന്ന ട്രൈസൈക്കിൾ

b) കേൾവിശക്തി കുറഞ്ഞവർക്ക്

ശ്രവണസഹായികൾ

c) മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക്

1. ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന ഉപകരണങ്ങൾ ആവശ്യമനുസരിച്ച് മാനസികവെല്ലുവിളികൾ നേരിടുന്നവർക്കും നൽകാവുന്നതാണ്.
2. വ്യക്തിയുടെ ആവശ്യമനുസരിച്ച് നിർമ്മിക്കുന്ന ട്രൈസൈക്കിൾ അല്ലെങ്കിൽ വീൽ ചെയർ
3. കുട്ടികൾക്ക് ഉപയോഗിക്കാവുന്ന ഡിസൈനർ ഫർണ്ണിച്ചർ

d) കാഴ്ചശക്തി കുറഞ്ഞവർക്ക്

1. പ്രത്യേക സഞ്ചാരസഹായികൾ, വെള്ള ചൂരൽവടി
2. കൈയ്ക്കുള്ള സ്റ്റാൻഡ്, ലൈറ്റ് ഉള്ളതോ ഇല്ലാത്തതോ ആയ ലെൻസുകൾ, സ്പീച്ച് സിന്തസൈസേഴ്സ്, ബ്രെയിൽ സോഫ്റ്റ്‌വെയർ ഉള്ള കംപ്യൂട്ടറുകൾ
3. കാഴ്ചശക്തി കുറഞ്ഞവർക്കും കേൾവിശക്തി കുറഞ്ഞവർക്കും ബ്രെയിലിസംവിധാനമുള്ള ടെലിഫോൺ
4. ബ്രെയിൽ എഴുത്തിന് ആവശ്യമായ ഉപകരണങ്ങൾ-ഷോർട്ട് ഹാൻഡ് ബ്രെയിലി മെഷീൻ, പത്താം ക്ലാസ്സ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയിലി ടൈപ്പ് റൈറ്റർ, സംസാരിക്കുന്ന കാൽക്കുലേറ്റർ, റേയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ
5. പ്രത്യേക അദ്ധ്യാപനസഹായികൾ

A) ശാരീരികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

ക്രമ നമ്പർ	പഠിക്കുന്ന ക്ലാസ്സ്	മാസം ലഭിക്കുന്ന സ്കോളർഷിപ്പ് (ഡെ-സ്ക്കോളർ)	പ്രതിവർഷസഹായധനം	
			ഹോസ്റ്റലിലുള്ളവർ	ഡെ-സ്ക്കോളർ
1	1 - 4 / നഴ്സറി ക്ലാസ്സ്	300	—	400
2	5 - 8	400	—	500
3	9, 10, +2	400	800	600
4	ബിരുദം	750	1250	1000
5	ബിരുദാനന്തര ബിരുദം	1000	1500	1500
6	വൊക്കേഷണൽ ട്രെയിനിംഗ്	1000	1500	1500
7	വെല്ലുവിളികൾ നേരിടുന്നവർക്കുള്ള യാത്രാബത്ത	150 രൂപ/യഥാർത്ഥ ചിലവ്	—	—
8	സ്ഥാപനത്തിന്റെ സൗകര്യങ്ങൾ ഉപയോഗിക്കുന്നവർക്കുള്ള യാത്രാബത്ത	യഥാർത്ഥ ചിലവ്	—	—

B) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

ക്രമ നമ്പർ	ഇനം	സ്കോളർഷിപ്പ് അലവൻസ്
1	സ്കോളർഷിപ്പ് (പ്രതിമാസം)	1000 രൂപ
2	വസ്ത്രത്തിനുള്ള ബത്ത (പ്രതിവർഷം)	800 രൂപ
3	പഠനസഹായികൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കുള്ള വാർഷികബത്ത	1400 രൂപ
4	യാത്രാബത്ത-പിക്നിക്കുകൾ, പഠനയാത്രകൾ തുടങ്ങിയവ	400 രൂപ

5	വിദ്യാലയങ്ങളിലൊ ഡെ-കെയർ സെന്ററുകളിലോ പോകാൻ കഴിയാത്ത മാനസിക വെല്ലുവിളികൾ നേരിടുന്നവർ (21 വയസ്സിനു മുകളിൽ)	1000 രൂപ പ്രതിമാസം
6	മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ദിനപരിചരണസ്ഥാപനസേവനങ്ങൾക്ക്	1000 രൂപ + യാത്രാകൂലിയായി 400 രൂപ
7	മറ്റു വിഭാഗത്തിൽപ്പെട്ട മാനസികവെല്ലുവിളികൾ നേരിടുന്ന ഏവർക്കും (18 വയസ്സിന് താഴെ)	1000 രൂപ

ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ സമഗ്ര സാമൂഹിക സുരക്ഷാ പദ്ധതി

വാലക്കാട് ജില്ലയിലുള്ള ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധ ഭിന്നശേഷി കുട്ടികളിലേക്ക് തിരിയുകയും അവർക്ക് വേണ്ടി പരിചരണവും തുണയും നൽകാൻ തീരുമാനിക്കുകയും ചെയ്തു. അതിനായി ആദ്യം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശാരീരിക മാനസിക വൈകല്യമുള്ള മുഴുവൻ കുട്ടികളുടെയും എല്ലാ വിവരങ്ങളുമടങ്ങിയ ഡയറക്ടറി തയ്യാറാക്കി അവരുടെ വൈകല്യത്തിന്റെ തോത് കണ്ടുപിടിച്ചു. കുട്ടികളുടെ ഇപ്പോഴത്തെ നില മനസ്സിലാക്കാനും എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്നും ഇല്ലെന്നും അറിയാൻ അവർക്ക് സാധിച്ചു. അവർക്ക് ലഭ്യമല്ലാത്ത സേവനങ്ങളെല്ലാം എത്തിച്ചു കൊടുക്കാൻ ഇത് സഹായകമായി. മൊത്തം 324 ഭിന്നശേഷിക്കാർ 82 പേർ 18 വയസ്സിനു താഴെയുള്ളവരാണ്. അതിൽ 56 ആൺകുട്ടികളും 26 പെൺകുട്ടികളുമാണുള്ളത്. അത് കൂടാതെ ഗ്രാമപഞ്ചായത്ത് അവർക്കായി പ്രത്യേക ഗ്രാമസഭ വിളിക്കുകയും വർഷത്തിൽ രണ്ട് തവണ ഗ്രാമസഭ കൂടാൻ നിശ്ചയിക്കുകയും ചെയ്തു.

ഇപ്പോൾ എല്ലാവർക്കും എല്ലാ അർഹതപ്പെട്ട ആനുകൂല്യങ്ങളും ലഭ്യമാണ്. അത് മാത്രമല്ല പഞ്ചായത്ത് ആശ്രയ പദ്ധതി പോലെ സമഗ്ര സാമൂഹ്യ പിന്തുണാ പദ്ധതിയും ആലോചിച്ചു വരികയാണ്. സർക്കാർ/സർക്കാരിതര ഏജൻസികളുമായി ബന്ധപ്പെട്ടാണ് പദ്ധതി. സാമൂഹ്യ വളണ്ടിയർമാരുടെ ഒരു ശൃംഖല തന്നെ ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശം 3.26. ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി പ്രത്യേക ഗ്രാമസഭ

ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി, താഴെ പറയുന്ന ലക്ഷ്യങ്ങളോടെ, പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടാവുന്നതാണ്:

1. കുട്ടികൾക്കായുള്ള സേവനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനായി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുക
2. പൊതുജനപങ്കാളിത്തത്തിനുള്ള വേദിയൊരുക്കുക

പഞ്ചായത്തിലെ 8 മുതൽ 18 വരെ പ്രായമുള്ള എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളും ഈ പ്രത്യേക ഗ്രാമസഭയിൽ പങ്കെടുക്കുമെന്ന് ഉറപ്പാക്കുക. ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ വിളിച്ചുകൂട്ടുന്ന ഗ്രാമസഭയിൽ പ്രസിഡന്റാണ് അധ്യക്ഷത വഹിക്കേണ്ടത്. ICDS സൂപ്പർവൈസർ നടപടികൾ ഏകോപിപ്പിക്കണം. പഞ്ചായത്തിലെ എല്ലാ അംഗങ്ങളും ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളും സാമൂഹ്യസുരക്ഷാ ഗ്രൂപ്പിലെ പ്രവർത്തകരും അങ്കണവാടി പ്രവർത്തകരും ഗ്രാമസഭയിൽ പങ്കെടുക്കണം. (വിശദവിവരങ്ങൾക്ക് റഫർ ചെയ്യുക www.crc.kila.org, www.kilaonline.org)

ഭിന്നശേഷിക്കാരായ മുതിർന്നവർക്കുള്ള ഗ്രാമസഭയുടെ പ്രോട്ടോക്കോൾ തന്നെ ഇവിടെയും അനുവർത്തിക്കാവുന്നതാണ്.

മാർഗ്ഗനിർദ്ദേശം 3.27. വികാസവ്യതിയാനം കണ്ടെത്താനുള്ള ജില്ലാകേന്ദ്രം (District Early Intervention Centre)

കുട്ടികളിലെ വികാസവ്യതിയാനവും വൈകല്യങ്ങളും കാലേകൂട്ടി കണ്ടെത്തുന്നതിനും പ്രശ്ന നിർണ്ണയം നടത്തി പരിഹാരം തേടുന്നതിനുമായി 14 ജില്ലാതല കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളോടോ മെഡിക്കൽ കോളേജ് എന്നിവകളോടോ അനുബന്ധിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. വികാസമാന്ദ്യം/വൈകല്യങ്ങൾ എന്നിവയുള്ള കുട്ടികൾക്ക് സാങ്കേതിക പരിശോധനകളും വിലയിരുത്തലുകളും ആവശ്യമായ ചികിത്സകളും ഈ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതായിരിക്കും. ചികിത്സാ സേവനങ്ങൾക്ക് പുറമേ താഴെ പറയുന്ന സഹായപദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഇവിടെ നൽകും.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സഹായം നൽകുന്നതിനുള്ള സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ

- ഭിന്നശേഷിയുള്ള സ്ത്രീകൾക്കും ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹസഹായം
- ഭിന്നശേഷിയുള്ളവർക്ക് സാമൂഹ്യാടിസ്ഥാനത്തിൽ പുനരധിവാസപദ്ധതി
- ഭിന്നശേഷിയുള്ളവർക്ക് ദുരന്തനിവാരണ ധനസഹായം
- ഭിന്നശേഷിയുള്ളവർക്കായി വൊക്കേഷണൽ പരിശീലനകേന്ദ്രങ്ങൾ
- മാനസികവെല്ലുവിളിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ
- ഉപകരണങ്ങൾ വാങ്ങുന്നതിനും ഘടിപ്പിക്കുന്നതിനുമുള്ള സഹായം

അദ്ധ്യായം 4

കുട്ടികളുടെ പകാളിത്താവകാശങ്ങൾ

മേഖല
1

ബാലസഭ

മാർഗ്ഗനിർദ്ദേശം 4.1. ബാലസഭ രൂപീകരണം

ബാലസഭ രൂപീകരിക്കേണ്ടത് കുടുംബശ്രീ അയൽകൂട്ടങ്ങളെ അടിസ്ഥാനമാക്കിയാവണം എന്നാണ് നിർദ്ദേശം. മേൽസ്ഥലങ്ങളിൽ അയൽകൂട്ടങ്ങൾ പ്രവർത്തനക്ഷമമല്ലെങ്കിൽ റസിഡൻഷ്യൽ അസോസ്സിയേഷനുകളുടെ നേതൃത്വത്തിൽ എ ഡി എസിന്റെ അറിവോടേയും ബാലസഭ രൂപീകരിക്കാം. ബാലസഭയുടെ രൂപീകരണചുമതല കുടുംബശ്രീ അയൽകൂട്ടങ്ങളിലും എ ഡി എസ്സിലും നിക്ഷിപ്തമായിരിക്കും.

മാനദണ്ഡങ്ങൾ

- മെമ്പർഷിപ്പ് - അയൽകൂട്ടപ്രദേശത്തെ 8 മുതൽ 18 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും അംഗത്വം നൽകാം. ബാലസഭയിൽ അംഗത്വഫീസ് നൽകേണ്ടതില്ല. ബാലസഭ അംഗത്വമുള്ളവർക്ക് ഒഴികെ മറ്റാർക്കും ബാലസമിതിയിലും ബാല പഞ്ചായത്തിലും അംഗത്വവും നേതൃത്വവും അനുവദനീയമല്ല. ബാലസഭയിൽ അംഗത്വത്തിന് ദാരിദ്ര്യ രേഖാ അതിർ വരുമ്പുകളോ, ആൺ പെൺ വേർതിരിവുകളോ പാടില്ല
- ബാലസഭയിൽ പത്ത് മുതൽ മുപ്പത് വരെ അംഗങ്ങളാവാം. സെക്രട്ടറിയായിരിക്കും മെമ്പർഷിപ്പ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നത്. അങ്കണവാടിയിലെ എല്ലാ എജി ക്ലബ്ബ് മെമ്പർമാരെയും ഇതിലെ അംഗങ്ങളാക്കേണ്ടതാണ്
- തിരഞ്ഞെടുപ്പ് - ബാലസഭയിലെ പൊതുസഭയിൽ നിന്നായിരിക്കും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ.സെക്രട്ടറി എന്നിവരടങ്ങുന്ന 4 അംഗ ഭരണസമിതിയെ തിരഞ്ഞെടുക്കുന്നത്

ലക്ഷ്യങ്ങൾ

- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക
- അവരുടെ ജനാധിപത്യപരമായ കഴിവുകളും, വ്യക്തിത്വ വികസനവും സാധ്യമാക്കുക. ഗ്രൂപ്പ് ചർച്ചക്ക് നേതൃത്വം നൽകുക

- ഭൗതിക കാര്യനിർവ്വഹണശേഷി വർദ്ധിപ്പിക്കുക
- ഭാഷാ വൈഭവം നേടുക
- വിദ്യാഭ്യാസ നിപുണത നേടുക
- ശാസ്ത്രബോധം വളർത്തിയെടുക്കുക
- ഭരണഘടനാ മൂല്യങ്ങളും വിദ്യാഭ്യാസ നേട്ടങ്ങളും വിജ്ഞാനവും വികസിപ്പിക്കുന്ന തിനും ആർജ്ജിക്കുന്നതിനും അവസരം ഒരുക്കുക

പ്രവർത്തനങ്ങൾ

- കളികൾ, സ്കൂളിലേക്കുള്ള പ്രോജക്ട്, കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ, മത്സര ങ്ങൾക്കുള്ള പരിശീലനങ്ങൾ, ട്യൂഷൻ ഇങ്ങിനെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ബാലസഭ ആഴ്ച്ചയിലൊരിക്കലോ ദിവസമോ ചേരാവുന്നതാണ്
- നിശ്ചിത ഇടവേള വെച്ച് ക്രൈംമാപ്പിംഗ്, വിശകലനം, ശാസ്ത്ര നൈപുണ്യ ക്ലാസ്സുകൾ, സ്കോളർഷിപ്പ് പഠനം, പരിസ്ഥിതി പഠനം എന്നീ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്
- കുട്ടികളെ ബാധിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾക്കും, ആരോഗ്യ പ്രശ്നങ്ങൾക്കും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ പദ്ധതികൾ ഉണ്ടാക്കാവുന്നതാണ്
- വിവിധ വൈദഗ്ദ്ധ്യ വികസനം സാധ്യമാക്കുക
- പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക
- ജനാധിപത്യതത്വങ്ങളെയും സംസ്കൃതികളെയും സംബന്ധിച്ച് ബോധവൽകരണം ലഭ്യ മാക്കുക
- കുട്ടികളുടെ അവകാശ സംരക്ഷണത്തിനും ആരോഗ്യസംരക്ഷണത്തിനും വേണ്ട അന്ത രീക്ഷം സൃഷ്ടിക്കാൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക
- സ്വഭാവവൽകരണവും വൈദഗ്ദ്ധ നൈപുണതയും നേടുക
- ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിവസങ്ങൾ ആചരിക്കുക
- ബാലപാർലമെന്റിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുക
- ബാലസഭയ്ക്കും ബാലപഞ്ചായത്തിനും നിശ്ചിത പ്രവർത്തന പദ്ധതി ചിട്ടപ്പെടുത്തുക
- ബാലപഞ്ചായത്തിനും ബാലസഭയ്ക്കും പ്രവർത്തിക്കുന്നതിനാവശ്യമായ പിന്തുണ സന്നദ്ധപ്രവർത്തനം വഴി സംവിധാനം ഒരുക്കുക

ബാലസമിതി

ബാലസമിതി സംഘടിപ്പിക്കുക, ശക്തിപ്പെടുത്തുക

വാർഡ്തലത്തിൽ ബാലസഭയുടെ സംയോജന ഘടകമാണ് ബാലസമിതി. (ഫെഡറേറ്റഡ് ബോഡി)

മാനദണ്ഡങ്ങൾ

മെമ്പർഷിപ്പ് - നേരിട്ട് മെമ്പർഷിപ്പ് ഇല്ല. എന്നാൽ ബാലസഭാ ഭരണസമിതിയിലെ അംഗങ്ങളെല്ലാം ബാലസമിതിയിലെ അംഗങ്ങൾ ആയിരിക്കും. എ ഡി എസ്സ് പ്രദേശത്തുള്ള (വാർഡ്) എല്ലാ ബാല സഭകളും ബാലസമിതിക്ക് കീഴിലായിരിക്കും.

ഭരണസമിതി - ബാലസമിതി അംഗങ്ങളുടെ പൊതുയോഗത്തിൽ നിന്നും പ്രസിഡന്റ്, വൈ. പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി എന്നീ ഭാരവാഹികളെ തിരഞ്ഞെടുക്കണം

മാർഗ്ഗനിർദ്ദേശം 4.2. ബാലപഞ്ചായത്ത്

എല്ലാ ബാലസമിതി ഭാരവാഹികളും ചേരുന്നതാണ് ബാലപഞ്ചായത്ത്, പൊതുസഭ, ഗ്രാമപഞ്ചായത്തിന് / നഗരസഭയ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം കുട്ടികളുടെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ അൺ-എയ്ഡഡ് സ്കൂളിലെ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, പാർശ്വവൽകൃത സമൂഹങ്ങൾ, അനാഥാലയ അന്തേവാസികൾ, പ്രി-മെട്രിക്ക് ഹോസ്റ്റൽ കുട്ടികൾ, കുട്ടികളുടെ വാർഡ്/ഗ്രാമസഭ എന്നിവരിൽ നിന്നുള്ള പ്രതിനിധികളെ കൂടി ബാലപാർലമെന്റ് സംഘടിപ്പിക്കുമ്പോൾ അതിൽ ഉൾപ്പെടുത്താവുന്നതാണ്.

ഭരണസമിതി

ജനറൽബോഡിയിൽ നിന്നും പ്രസിഡന്റ്, വൈ.പ്രസിഡന്റ്, സെക്രട്ടറി, ജോ.സെക്രട്ടറി എന്നിവരെ കൂടാതെ മൂന്ന് മെമ്പർമാരേയും തിരഞ്ഞെടുക്കുന്നു (7 അംഗ കമ്മിറ്റി). നേതൃത്വം ബാലസഭ അംഗങ്ങൾക്ക് മാത്രമായിരിക്കും.

പ്രവർത്തനങ്ങൾ

- സ്കൂളിൽ കൊഴിഞ്ഞു പോയ കുട്ടികളുടേയും, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കുട്ടികളുടേയും, ഇതരസംസ്ഥാനതൊഴിലാളികളുടെ കുട്ടികളുടേയും വിവരശേഖരണത്തിനുവേണ്ടി സഹായിക്കുക
- എല്ലാ വാർഡിലും വിദ്യാഭ്യാസപരവും, കലാകായികപരവുമായ പ്രവർത്തനങ്ങൾക്ക് പൊതുവായ ഇടം കണ്ടെത്തുവാൻ നിരീക്ഷണം നടത്തുക, അവിടെ ബാലസൗഹൃദ പ്രവർത്തനങ്ങൾ നടത്തുവാനുതകുന്ന തരത്തിൽ സജ്ജമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക
- പഞ്ചായത്തിൽ/നഗരസഭയിൽ കുട്ടികൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ ഏതൊക്കെയെന്നും, എവിടെയൊക്കെയെന്നും കണ്ടെത്തുകയും അതനുസരിച്ച് ക്രൈം മാപ്പ് തയ്യാറാക്കി നഗരസഭയ്ക്ക്/പഞ്ചായത്തിന് സമർപ്പിക്കുക
- ബാലപാർലമെന്റ്, മത്സരങ്ങൾ, വിവിധ ശാസ്ത്രബോധന പരിപാടികൾ തുടങ്ങിയവ നടത്തുക
- അനാഥാലയങ്ങളിലും, സർക്കാർ സഹായ ഹോസ്റ്റലുകളിലും താമസിക്കുന്ന പാവപ്പെട്ട

കുട്ടികളുടെ ആവശ്യങ്ങൾ കണ്ടെത്തുകയും പഞ്ചായത്തിന്റെ/നഗരസഭയുടെ സഹായത്തോടെ അങ്ങിനെയുള്ള സ്ഥലങ്ങളിൽ സ്പെഷൽ ബാലസഭ സംഘടിപ്പിക്കാൻ സഹായിക്കുക

- ക്ലേശമനുഭവിക്കുന്നവരെ സഹായിക്കുന്ന പ്രവർത്തനങ്ങൾ, പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പ്രാവീണ്യം, ലിംഗസൗഹൃദ ചർച്ചകൾ, ഭരണഘടനാനിയമങ്ങൾ സാംസ്ക്കാരിക മൂല്യങ്ങൾ ഇവയെ കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക
- വർഷത്തിലൊരിക്കൽ പഞ്ചായത്തിന്റേയും/നഗരസഭയുടേയും കുടുംബശ്രീയുടേയും മാർഗ്ഗനിർദ്ദേശപ്രകാരം പാർലമെന്റ് രൂപത്തിൽ ബാലപഞ്ചായത്ത് സംഘടിപ്പിക്കുക
- സോഷ്യൽ ഓഡിറ്റിങ്ങിൽ സജീവമായി പങ്കെടുക്കുക

മോണിട്ടറിംഗ്

പഞ്ചായത്തിലെ കുടുംബശ്രീ മോണിട്ടറിംഗ് കമ്മിറ്റി, പഞ്ചായത്ത് പ്രസിഡന്റിന്റെ / നഗരസഭ ചെയർമാന്റെ നേതൃത്വത്തിൽ ബാലസഭയുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യണം.

മേഖല
2

കൗമാരക്ലബ്ബുകൾ

മാർഗ്ഗനിർദ്ദേശം 4.3. കുമാരി ക്ലബ്ബ് രൂപീകരണം, ശാക്തീകരണം, മോണിട്ടറിംഗ്

10 മുതൽ 18 വയസ്സ് വരെയുള്ള പെൺകുട്ടികളുടെ കൂട്ടായ്മക്കായി ഒരു കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽ അങ്കണവാടികളിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് കൗമാര ക്ലബ്ബ്. ഇതിന് രണ്ട് സബ് ഗ്രൂപ്പുകൾ ഉണ്ട്- 10 മുതൽ 14 വയസ്സ് വരെയും 15 മുതൽ 18 വയസ്സ് വരെയും കേന്ദ്ര വനിതാ ശിശുമന്ത്രാലയത്തിന്റെ 27.09.2010 ലെ MoW&CD ഓർഡർ നമ്പർ 06/12/2010 RGSEA പ്രകാരം പ്രവർത്തിക്കുന്നു.

സമൂഹത്തിന്റെ ഭാവിഭാഗദേയം നിർണ്ണയിക്കുന്നതിൽ സുപ്രധാനമായ സ്ഥാനം പെൺകുട്ടികൾക്കുണ്ട്. അവരുടെ വ്യക്തിത്വവും ആത്മധൈര്യവും അതോടൊപ്പം പോഷണാരോഗ്യവും ഉയർത്തി കൊണ്ട് വരേണ്ടതിന്റെ പ്രാധാന്യം ഏവർക്കും അറിയാവുന്നതാണ്. ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളാണ് നാഷണൽ പ്രോഗ്രാം ഫോർ അഡോളസന്റ് ഗേൾസും (NPAG) കിഷോരി ശക്തി യോജന (KSY)യും. ഇപ്പോൾ ഈ പദ്ധതികളെ സംയോജിപ്പിച്ച് കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി ICDS മുഖേന നടപ്പാക്കുന്ന പരിപാടിയാണ് സബല. ഈ പരിപാടി വഴി അങ്കണവാടികളിൽ നിർബന്ധമായും പ്രവർത്തിക്കേണ്ട ഒന്നാണ് കുമാരിക്ലബ്ബുകൾ. വ്യക്തിത്വ വികസനവും ശാക്തീകരണവും ലഭ്യമാക്കുന്നതിലേക്ക് വഴി തെളിക്കുന്ന തരത്തിലുള്ള ഉയർന്ന പോഷണ നിലവാരവും മറ്റ് കഴിവുകളും പരിപോഷിപ്പിക്കുക എന്നതാണ് ലക്ഷ്യം.

കുമാരി ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ

- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്വയം വികസനവും ശാക്തീകരണവും സ്വായത്തമാക്കുന്നതിന് പ്രാപ്തരാക്കുക
- കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുക
- അവരുടെ ആരോഗ്യം, ശുചിത്വം, പോഷണം, പ്രജനന ലൈംഗീക വിദ്യാഭ്യാസം, കുടും

ബം, ശിശു - പരിപാലനം എന്നിവയിലുള്ള ധാരണകൾ ശാസ്ത്രീയമയി വികസിപ്പിക്കുന്നതിന് ബോധവൽക്കരണം നൽകുക

- കുടുംബാധിഷ്ഠിത തൊഴിൽ നൈപുണികൾ, ജീവിത നൈപുണികൾ എന്നിവ നേടുന്നതിനായി നാഷ്ണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, വൊക്കേഷണൽ സ്കൂൾ എന്ന പരിപാടിയുമായി ബന്ധിപ്പിക്കുക
- സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത പെൺകുട്ടികൾക്ക് ഔപചാരികമായോ അനൗപചാരികമായോ തുടർ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കി മുഖ്യധാരയിലേക്ക് കൊണ്ടുവരിക
- നിലവിൽ ലഭ്യമായ സാമൂഹ്യ വിഭവ കേന്ദ്രങ്ങളായ ഹെൽത്ത് സെന്റർ, പോസ്റ്റോഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ, അഗ്രോ സമിതി, സ്ത്രീസുരക്ഷാ നിയമങ്ങൾ. കൗൺസലിങ്ങ് സെന്ററുകൾ തുടങ്ങിയവയെ കുറിച്ച് അറിവ് നൽകുക

കുമാരിക്ലബ്ബ് രൂപീകരണപ്രക്രിയ

- അങ്കണവാടിതലത്തിൽ കുമാരിമാരുടെ വിവരങ്ങൾ തയ്യാറാക്കുന്നതിന് സർവ്വേക്ക് മുൻകൈയ്യെടുക്കുക
- അങ്കണവാടി തലത്തിൽ 10-18 വരെയുള്ള എല്ലാ കൗമാരപെൺകുട്ടികളുടെയും പട്ടിക തയ്യാറാക്കുക
- എല്ലാ കൗമാരപെൺകുട്ടികളേയും അംഗങ്ങളാക്കി അങ്കണവാടിയിൽ കൗമാരക്ലബ്ബ് രൂപീകരിക്കുക
- നേതൃത്വ രൂപീകരണം : ഗ്രൂപ്പ് നേതാവിനെയും (സഖി) രണ്ടു സഹനേതാക്കളെയും (സഹേലി) തെരഞ്ഞെടുക്കുക
- ആഴ്ച്ചയിലൊരു ദിവസം (ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ്) യോഗം കൂടി കളിയടക്കമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- പദ്ധതിയനുസരിച്ചുള്ള സേവനം, പ്രവർത്തനം എന്നിവയെ കുറിച്ച് അവതരണം നടത്തുക
- പോഷക നിലവാരം, സവിശേഷമായ ആവശ്യങ്ങൾ എന്നിവ തിട്ടപ്പെടുത്തുക
- AG ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുക, അതോടൊപ്പം BMI 18.5 ൽ കുറവുള്ള 5 കൗമാരക്കാരായ പെൺകുട്ടികൾക്കും അനുപൂരകപോഷണം(600 കലോറി ഊർജ്ജം 18-20 ഗ്രാം പ്രോട്ടീൻ) പ്രതിദിനം നൽകുക. കൂടാതെ എല്ലാ പെൺകുട്ടികൾക്കും അയേൺ, ഫോളിക് ആസിഡ് ഗുളികകളും നൽകുക
- ബാലസഭയുടേയും, ഗ്രാമസഭകളുടേയും, ബാലപഞ്ചായത്തിന്റേയും പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക
- AGക്ലബ്ബ് പ്രവർത്തനങ്ങളെ വിലയിരുത്താനും, നടപ്പാക്കുന്ന കാര്യങ്ങളെ കുറിച്ച് ഉപ

ദേശം നൽകാനും, വിവിധവകുപ്പിലെ ബന്ധപ്പെട്ട സേവനങ്ങളെ ഏകോപിപ്പിയ്ക്കാനും മോണിറ്ററിംഗ് ആന്റ് സൂപ്പർവിഷൻ കമ്മിറ്റിക്ക് അധികാരമുണ്ട്

- കുമാരി ക്ലബ്ബ് അംഗങ്ങൾ കൂട്ടായി തീരുമാനിച്ച് താല്പര്യമുള്ള ദിവസങ്ങളിൽ കായിക, വിനോദ, സാമൂഹിക, സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്താം
- മാസത്തിൽ ഒരു തവണ AGക്ലബ്ബ് മീറ്റിംഗ് നിർബ്ബന്ധമായും നടത്തണം

കർമ്മപരിപാടി/രൂപരേഖ തയ്യാറാക്കൽ

കൗമാര ക്ലബ്ബുകൾ ഓരോ ത്രൈമാസത്തിനും, വാർഷിക കലണ്ടറിനൊപ്പം അവരുടെ കർമ്മപരിപാടികൾ സമയബന്ധിതമായി കാലികപ്രസക്തമായ വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കണം.

പ്രധാന പ്രവർത്തനങ്ങൾ

- ആരോഗ്യവിദ്യാഭ്യാസം
- ജീവിതനൈപുണീ വിദ്യാഭ്യാസം
- കുടുംബശിശുസംരക്ഷണ വിദ്യാഭ്യാസം
- തൊഴിൽപരമായ വിദ്യാഭ്യാസം/പരിശീലനം
- കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ
- ലഘുസമ്പാദ്യ പ്രവർത്തനങ്ങൾ
- വാർഡ് സഭകളിലും/ഗ്രാമസഭകളിലും, ബാലപഞ്ചായത്തുകളിലും പങ്കെടുക്കൽ
- കലാസാഹിത്യമത്സരങ്ങളിൽ പങ്കെടുക്കൽ
- സാമൂഹ്യപ്രവർത്തനങ്ങളിൽ വ്യാപൃതരാവുക
- വൈദ്യപരിശോധന നടത്തുക

കൗമാരപ്രായക്കാരായ കുട്ടികൾക്ക് നൽകുന്ന സംയോജിത പാക്കേജ്

1. പോഷകാഹാരം - NPAG-പോഷകകുറവുള്ള തിരഞ്ഞെടുക്കപ്പെട്ട പെൺകുട്ടികൾക്ക് പോഷകാഹാര വിതരണം
2. അയേൺ, ഫോളിക്ക് ആസിഡ് ഗുളിക നൽകൽ
3. വൈദ്യപരിശോധനയും, വിദഗ്ദചികിത്സക്കുള്ള പരാമർശം, വിരയിളക്കുന്നതിനും വിളർച്ച പരിഹാരത്തിനും ഗുളിക നൽകൽ
4. NHE പോഷണാരോഗ്യ വിദ്യാഭ്യാസം- ശുചിത്വ പരിപാലനം, പോഷകാഹാരം, പ്രായാനുസൃത മാറ്റങ്ങളും ധർമ്മങ്ങളും, തെറ്റിദ്ധാരണ പരത്തുന്ന കഥകൾ(കെട്ടുകഥ), ലഹരി പദാർത്ഥങ്ങളുടെ ദുർഫലങ്ങൾ എന്നിവ
5. ARSH നിർദ്ദേശങ്ങൾ - ശിശുസംരക്ഷണത്തിലും, ഗൃഹജീവിതത്തിലും പാലിക്കേണ്ട രീതികൾ

6. ജീവിതനൈപുണീ വിദ്യാഭ്യാസവും വിഷയങ്ങളും

- പ്രശ്നപരിഹാര ശേഷി
- വിമർശനാത്മകമായ ചിന്ത
- ആശയവിനിമയശേഷി
- സ്വയാവബോധം
- മാനസിക സംഘർഷങ്ങളെ അതിജീവിക്കൽ (പൊരുത്തപ്പെടൽ)
- നേതൃത്വ പാടവം.

7. തൊഴിൽ ആഭിമുഖ്യ പരിശീലനം, തൊഴിൽ നൈപുണീ വികസനം, സ്വയംസഹായ സംഘങ്ങളും കൂട്ടായ്മകളും വികസിപ്പിക്കൽ.

മീറ്റിംഗിന്റെ പെരുമാറ്റചട്ടം

എല്ലാ കൗമാരക്കാരായ പെൺകുട്ടികളും മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും മീറ്റിംഗ് കൂടിയിരിക്കണം. അര മണിക്കൂർ പരിശീലന കിറ്റ് ഉപയോഗിച്ച് ലീഡർ പരിശീലനം നടത്തി കാണിക്കണം. അടുത്ത അര മണിക്കൂർ ഗ്രൂപ്പ് പ്രവർത്തനത്തിൽ ഏർപ്പെടുകയും ഒരു മണിക്കൂർ അവകാശങ്ങളെ കുറിച്ചോ ജീവിത നൈപുണീകളെ കുറിച്ചോ ചർച്ച ചെയ്യണം

ICDS സൂപ്പർവൈസർ ഓരോ മാസവും ക്ലബ്ബുകളുടെ പ്രവർത്തനറിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുക. റിപ്പോർട്ട് പഞ്ചായത്തിൽ വെച്ച് ചർച്ച നടത്തുകയും ഒരു കോപ്പി അതാത് CDPOമാർക്ക് കൊടുക്കുകയും വേണം

മാർഗ്ഗനിർദ്ദേശം 4.4. കൗമാരക്ലബ്ബുകളുടെ മോണിട്ടറിംഗ്

- അങ്കണവാടി ക്ഷേമകമ്മിറ്റിക്കായിരിക്കും മോണിട്ടറിംഗ് ചുമതല
- വാർഡുതലത്തിൽ വാർഡ് മെമ്പറുടെ അവലോകനം
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ 3 മാസം കൂടുമ്പോഴും പഞ്ചായത്ത് തലത്തിൽ പരിശോധനയ്ക്ക് വിധേയമാക്കണം
- മൂന്നു മാസത്തിലൊരിക്കൽ മോണിറ്ററിംഗ് നിർബന്ധം
- പഞ്ചായത്തുതല /നഗരസഭ പ്രവർത്തന റിപ്പോർട്ട് ക്രോഡീകരണം (സൂപ്പർവൈസർ)
- പഞ്ചായത്തുതല/നഗരസഭ അവലോകനം- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

മാർഗ്ഗനിർദ്ദേശം 4.5. ലിംഗപദവി സ്വയംപഠനവും ക്രൈംമാഷിഗും

ലിംഗപദവി സ്വയംപഠനം എന്നാൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ തിരിച്ചറിയുന്നതിനുള്ള ലളിതമായ ഉപാധിയാണ്. ഇക്കാര്യത്തിനായി കുടുംബശ്രീ മിഷൻ ഒരു ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. എല്ലാവരും ചേർന്ന് ചോദ്യങ്ങൾ ചോദിച്ചും അനുഭവങ്ങൾ പറഞ്ഞും അഭിപ്രായം രൂപപ്പെടുത്തുന്ന രീതിയാണ് ഇതിൽ അവലംബിച്ചിട്ടുള്ളത്. അയൽകൂട്ടതലത്തിലോ സേവാഗ്രാംതലത്തിലോ, കുമാരിക്ലബ്ബുകളുടെ നേതൃത്വത്തിലോ ഇത് നടത്തവുന്നതാണ്. ഈ പഠനപരിപാടിയിൽ താഴെ പറയുന്ന വ്യത്യാസങ്ങൾ ചർച്ചചെയ്യപ്പെടുന്നു.

- ജീവശാസ്ത്രപരമായ ലിംഗഭേദവും സാമൂഹ്യമായ ലിംഗപദവിയും
- ലിംഗാധിഷ്ഠിതമായ ധർമ്മങ്ങൾ
- ലിംഗപദവിയുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും പരമ്പരാഗതആചാരങ്ങളും വിവേചനങ്ങളും
- വിദ്യാഭ്യാസം, തൊഴിൽ വരുമാനം-ലിംഗസമത്വത്തിനുള്ള ഉപാധി
- കുടുംബത്തിലും തൊഴിൽമേഖലയിലും സമൂഹത്തിലും ലിംഗസമത്വത്തിനായി നിലകൊള്ളുവാൻ പ്രേരണ നൽകുക

മാർഗ്ഗനിർദ്ദേശം 4.6. കൗമാരക്കാരായ ആൺകുട്ടികളുടെ ക്ലബ്ബ് രൂപീകരണം (SAKSHAM)

ചില സംസ്ഥാനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായ സാക്ഷം പ്രോജക്റ്റാണിത്. സാക്ഷം എന്നാൽ സ്വയംപര്യാപ്തയായ വ്യക്തി എന്നാണ് അർത്ഥം. ശാരീരികവും മാനസികവും സാമൂഹികവുമായി ആൺകുട്ടികളുടെ ആവശ്യങ്ങൾ പെൺകുട്ടികളിൽനിന്നും വിഭിന്നമാണ്. കൗമാരക്കാരായ ആൺകുട്ടികളിൽ സ്വയംപര്യാപ്തത വളർത്തിയെടുക്കാനും അവർക്ക് ആരോഗ്യം, ശുചിത്വം, പോഷകാഹാരം, പ്രജനന ആരോഗ്യം എന്നിവയെ കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുന്നതിനും, തൊഴിൽപരമായ കാര്യങ്ങളിൽ ഉയർന്ന നൈപുണ്യവും മത്സര ശേഷിയും നേടുവാൻ പ്രാപ്തരാകുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു. ഈ പരിപാടി നടപ്പിലാക്കുന്നതിന് ഓരോ അങ്കണവാടിതല ക്ലബ്ബിലും കിഷോർമിത്ര എന്ന ലീഡറും സാത്തി എന്ന രണ്ട് ഉപലീഡർമാരും ഉണ്ടായിരിക്കണം. ജീവിതനൈപുണ്യത, നേതൃത്വപാടവം, ബുദ്ധിവികാസം, മത്സരശേഷി, ആത്മധൈര്യം എന്നിവ ലഭ്യമാക്കുന്നതിനുള്ള പരിപാടികളാണ് ഇത് ലക്ഷ്യമാക്കുന്നത്. ഇതിലൂടെ സമൂഹത്തിലെ പൊതുസേവനങ്ങളെ സംബന്ധിച്ച അറിവും, കഴിവും പ്രാപ്തിയും നേടുവാൻ കഴിയുന്നു.

കൗമാരക്കാരായ ആൺകുട്ടികളുടെ ക്ലബ്ബിന്റെ രൂപീകരണം

- ഒരു വാർഡിലെ 10 – 18 വയസ്സ് പ്രായമുള്ള എല്ലാ ആൺകുട്ടികൾക്കും അംഗത്വം

- ബാലസഭയിലെ എല്ലാ ആൺകുട്ടികളും സ്വയമേ ഇതിലെ അംഗങ്ങളായിരിക്കും
- നയിക്കാൻ ഒരു ലീഡറും, രണ്ട് സഹലീഡർമാരും ഉണ്ടാവും
- ഇതിന്റെ ഓഫീസായി പ്രവർത്തിക്കേണ്ടത് - വാർഡ്/ഗ്രാമകേന്ദ്രമോ, ഒരു മോഡൽ അങ്കണവാടിയോ, അല്ലെങ്കിൽ വാർഡ് മെമ്പർ നിർദ്ദേശിക്കുന്ന കെട്ടിടമോ ആയിരിക്കും
- പരിപാടികളും- യോഗങ്ങളും - പ്രവർത്തനങ്ങൾ എല്ലാ ദിവസമോ, ഒഴിവു ദിവസങ്ങളിലോ ആകാം. എന്നാൽ ഔദ്യോഗിക യോഗം മാസത്തിൽ ഒരിക്കൽ മതിയാകും
- വാർഡ്കേന്ദ്രം/ഗ്രാമകേന്ദ്രം : അങ്കണവാടി വർക്കർ/ എ ഡി എസ് എന്നിവരുടെ സംയുക്ത നേതൃത്വത്തിലായിരിക്കും അഡോളസന്റ് ബോയ്സ് ക്ലബ്ബും, ബാലസമിതിയും പ്രവർത്തിക്കുക. വാർഡ് മെമ്പർ രക്ഷാധികാരിയായിരിക്കും

മേഖല
3

സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്ത പ്രവർത്തനവേദികൾ

മാർഗ്ഗനിർദ്ദേശം 4.7. സ്കൂൾ ക്ലബ്ബുകൾ

സ്കൂൾ തലത്തിൽ പാഠ്യേതര പാഠ്യപ്രവർത്തനങ്ങൾ, സാമൂഹ്യസാംസാകാരികപ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രചോദനം നൽകുന്ന പല വിധത്തിലുള്ള പ്രവർത്തന വേദികളുണ്ട്. ഇവ സ്കൂൾ ക്ലബ്ബുകൾ എന്നറിയപ്പെടുന്നു. ചില പ്രധാന ക്ലബ്ബുകൾ താഴെ പറയുന്നവയാണ്.

- സയൻസ് ക്ലബ്ബ്
- സാമൂഹിക ക്ലബ്ബ്
- സാഹിത്യ ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്
- വിജിലൻസ് ക്ലബ്ബ്
- എൻ സി സി, സ്കൗട്ട്
- സ്വയം പ്രതിരോധ ക്ലബ്ബ്

അംഗത്വം:

- കുട്ടികളുടെ താല്പര്യത്തിനോ അഭിരുചിക്കോ അനുസരിച്ച് ഓരോകുട്ടിയും ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമായിരിക്കണം
- വിദ്യാർത്ഥികൾക്കിടയിൽനിന്നും ഒരാളെ ഒരു ക്ലബ്ബിലെ സെക്രട്ടറിയായി തിരഞ്ഞെടുക്കുന്നു. പൊതുസ്ക്കൂളിലാണെങ്കിൽ പകുതി ലീഡർമാർ പെൺകുട്ടികളായിരിക്കണം
- 10 വിദ്യാർത്ഥികൾക്ക് 1 എന്ന അനുപാതത്തിൽ കമ്മിറ്റിയിൽ അംഗങ്ങൾ ഉണ്ടായിരിക്കും
- ഓരോ ക്ലബ്ബുകൾക്കും മാർഗ്ഗദർശ്ശിയായി ഒരു അദ്ധ്യാപകൻ ഉണ്ടായിരിക്കണം

ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ

- ഒരു വർഷത്തേക്കുള്ള പ്രവർത്തനകലണ്ടർ തയ്യാറാക്കുക
- ലീഡർമാർക്കുള്ള പരിശീലനം
- അംഗങ്ങളെ വിളിച്ചുചേർക്കൽ, ലീഡർ തിരഞ്ഞെടുപ്പ്
- മുഴുവൻ കുട്ടികളുടേയും സജീവപങ്കാളിത്തത്തിന് വേണ്ടി സ്കൂൾതലത്തിൽ പ്രത്യേക പ്രവർത്തനം നടത്തുക

മാർഗ്ഗനിർദ്ദേശം 4.8. ഓരോ ക്ലബ്ബുകൾക്കും സ്വീകരിക്കാവുന്ന സവിശേഷ പ്രവർത്തനങ്ങൾ

- സയൻസ് ക്ലബ്ബ് - ശാസ്ത്രകഴിവുകളെ പരിപോഷിപ്പിക്കുന്ന ടാലന്റ് സെർച്ച് പരിശീലനം, സയൻസ് എക്സിബിഷനുകൾ, ശാസ്ത്രപരമായ നിരീക്ഷണങ്ങൾ, ശാസ്ത്ര വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സ്കൂൾതല പ്രചരണങ്ങൾ, ശാസ്ത്രമാസിക, ടാലന്റ് സർച്ച്
- സാമൂഹിക ക്ലബ്ബ് - യാതനയനുഭവിക്കുന്നവരുടെ ക്ഷേമത്തിനായുള്ള സാമൂഹിക സഹായപ്രവർത്തികൾ, പ്രഥമ ശുശ്രൂഷ പരിശീലനം, വാർഡ്/ഗ്രാമസഭകളിലും, ബാലസഭകളിലും പങ്കെടുക്കുന്നതിനുള്ള പ്രചോദനം നൽകൽ, ലിംഗസൗഹൃദ സംഭാഷണങ്ങളും ചർച്ചകളും, ചരിത്രവ്യാഖ്യാനവും ചർച്ചകളും സംഘടിപ്പിക്കുക
- സാഹിത്യ ക്ലബ്ബ് - മാഗസിൻ തയ്യാറാക്കൽ, ക്രിയാത്മകരമായ സാഹിത്യരചനക്ക് പ്രചോദനം നൽകൽ, വായന ക്ലബ്ബ് രൂപീകരണം
- പരിസ്ഥിതി ക്ലബ്ബ് - സ്കൂളിനെ ഹരിതാഭയിലേക്ക് നയിക്കുക, ഭൂമിദിനം സമുചിതമായി കൊണ്ടാടുക, പോഷകാഹാരതോട്ടം ഉണ്ടാക്കുക, പരിസ്ഥിതിയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക
- സാമൂഹിക പ്രതിരോധ ക്ലബ്ബ് - ആയോധനകല പ്രചരിപ്പിക്കുക, സ്കൗട്ടിന്റെയും ഗൈഡ്സിന്റെയും സഹായത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രവർത്തനങ്ങൾ
- വിജിലൻസ് ക്ലബ്ബ് - കലാപങ്ങളെയും, അസാന്മാർഗ്ഗിക പ്രവർത്തനങ്ങളെയും അവസാനിപ്പിക്കുന്നതിന് സമയാസമയങ്ങളിൽ ഇടപ്പെടലുകൾ നടത്തുക. ലഹരി പദാർത്ഥങ്ങൾ ഉപേക്ഷിക്കാൻ അവബോധം നൽകൽ, കുട്ടികളുടെ അധികാരങ്ങളും അവകാശങ്ങളും പ്രചരിപ്പിക്കുക ലിംഗസമത്വം പോഷിപ്പിക്കുക തുടങ്ങിയവ (മാർഗ്ഗനിർദ്ദേശം സുരക്ഷിതത്വം 3.9, 3.10 പരിശോധിക്കുക)

'എന്റെ സ്വന്തം കോഴിക്കുഞ്ഞുങ്ങൾ'

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിലെ പൗൾട്രി ക്ലബ്ബ് - സ്കൂൾ ക്ലബ്ബുകൾക്കുള്ള മാതൃക

മുണ്ടത്തിക്കോട് പഞ്ചായത്തിലെ മൃഗഡോക്ടറുടെ തീക്ഷണമായ ആഗ്രഹമായിരുന്നു പഞ്ചായത്തിൽ മൃഗ, പക്ഷി സ്നേഹികളായ ഒരു യുവതലമുറയെ വളർത്തിയെടുക്കുകയും അവരിൽ ഒരു മൃഗസംരക്ഷണ സംസ്ക്കാരം വളർത്തിയെടുക്കുകയും എന്നത്. കേരളസർക്കാറിന്റെ റൂറൽ ബാക്ക്യാർഡ് പൗൾട്രി എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ അവർ പഞ്ചായത്തിന് കീഴിലെ സർക്കാർ യു.പി സ്കൂളുകളിൽ (പുതുരുത്തി, പാർളിക്കാട്) പൗൾട്രി ക്ലബ്ബുകൾ തുടങ്ങി. നൂറോളം അംഗങ്ങളുണ്ടായിരുന്നു ഒരു ക്ലബ്ബിൽ. കുട്ടികളുടെ കൂടെ താൽപര്യമനുസരിച്ചാണ് അവരെ ക്ലബ്ബുകളിൽ അംഗങ്ങളാക്കിയത്. ഓരോ കുട്ടിക്കും അഞ്ച് കോഴികുഞ്ഞുങ്ങളെ വീതം നൽകി. അവയുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ :

- ❖ ക്ലബ്ബ് അംഗങ്ങൾ, മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർക്ക് മൃഗസംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി
- ❖ കോഴിക്കുഞ്ഞുങ്ങളെ വളർത്തി അനുഭവം പങ്ക് വെച്ചു
- ❖ കോഴിക്കുഞ്ഞുങ്ങളെ കുറിച്ച് കവിതകളുണ്ടാക്കി പങ്കു വെച്ചു
- ❖ പ്രതിരോധ കുത്തിവെപ്പ്, ചികിത്സ ഇവയ്ക്കു വേണ്ടി ക്യാമ്പുകൾ സംഘടിപ്പിച്ചു
- ❖ പുരോഗതി വിലയിരുത്തുന്നതിനായി ഓരോ മാസവും യോഗം കൂടി
- ❖ വിദ്യാർത്ഥികൾക്ക് മൃഗസംരക്ഷണത്തിലും അവയെ വളർത്തുന്നതിലും താൽപര്യം വർദ്ധിച്ചു
- ❖ കുട്ടികൾക്കിടയിൽ ചെറിയ രീതിയിൽ സമ്പാദ്യശീലം വളർന്നു
- ❖ കുട്ടികൾക്കിതിലൂടെ മാനസിക സന്തോഷം ലഭ്യമായി
- ❖ ചില കുട്ടികൾ തങ്ങൾക്ക് മൃഗഡോക്ടറാവണം എന്ന് തീരുമാനമെടുത്തു
- ❖ ഇതിലൂടെ അവർ മുട്ട വിൽക്കാനും അതിന് പുറമെ സ്കൂളിൽ ഉച്ചഭക്ഷണ പരിപാടിക്ക് എല്ലാ കുട്ടികൾക്കും ഓംലെറ്റും നൽകി

ഈ പദ്ധതിയിൽ ഒരു കുട്ടിയുടെ ചിലവ് 1800 രൂപയാണ്. 5 കോഴികുഞ്ഞുങ്ങൾക്ക് 90 രൂപ വെച്ച് 450 രൂപ, തീറ്റയ്ക്ക് 75 രൂപ, മരുന്ന്, യാത്ര തുടങ്ങിയവയ്ക്ക് 75. ഗുണഭോക്തൃ വിഹിതമായ കൂട് 1200 രൂപ. മൃഗഡോക്ടറുടെ കീഴിലാണ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടക്കുന്നത്.

മാർഗ്ഗനിർദ്ദേശം 4.9. ദേശീയ, അന്തർദേശീയവിശേഷദിനങ്ങളും, സ്മരണദിനങ്ങളുംആഘോഷിക്കൽ

എല്ലാ ദിനാചരണങ്ങളുടേയും ഭാഗമായി റാലിയും, സംവാദവും, മത്സരങ്ങളുമെല്ലാം സംഘടിപ്പിക്കണം ഉദാ. ശിശുദിനത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വെല്ലുവിളികളും ചർച്ച ചെയ്യുക

ശിശുദിനാഘോഷം :

1954 മുതൽ ശിശുദിനം ലോകമാകെ ആചരിക്കാൻ തുടങ്ങി. ലോകത്തിന്റെ വിവിധ രാഷ്ട്രങ്ങളിൽ വ്യത്യസ്ത ദിവസങ്ങളിലാണ് ശിശു ദിനം ആഘോഷിക്കുന്നത്. 1925 ൽ ശിശുക്ഷേമ ലോകസമ്മേളനത്തിലാണ് ഇത് ആദ്യമായി പ്രഖ്യാപിച്ചത്. അന്താരാഷ്ട്ര ശിശു ദിനം ജൂൺ ഒന്നിനാണ്. ഇന്ത്യയിൽ ശിശു ദിനമായി ആചരിക്കുന്നത് ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹറുവിന്റെ ജന്മദിനമായ നവംബർ 14 നാണ്. കുട്ടികളുടെ ക്ഷേമവും അവകാശങ്ങളും ഉറപ്പാക്കുന്നത് നമ്മുടെ ബാധ്യസ്ഥതയാണെന്ന് ഓർമ്മിപ്പിക്കുന്നതിനായിട്ടാണ് ഓരോ വർഷവും ശിശുദിനം ആചരിക്കുന്നത്. ഓരോ പ്രദേശത്തേയും കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ബാലപാർലിമെന്റ് ക്യാമ്പയിനുകൾ, ഐ ഇ സി പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ചർച്ചാവിഷയമാക്കേണ്ടതാണ്. **(മാർഗ്ഗനിർദ്ദേശം – സുരക്ഷിതത്വം 3.13 നിലമ്പൂർ നഗരസഭ ശിശുദിനാഘോഷം പരിശോധിക്കുക)**

മാർഗ്ഗനിർദ്ദേശം 4.10. മോഡൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക

മാതൃകഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി കില പ്രസിദ്ധീകരിച്ച പ്രോജക്റ്റ് ടിപ്പ്സ് പരിശോധിക്കുക CRC വെബ്സൈറ്റിൽ ലഭ്യമാണ്. (www.crckila.org , www.kilaonline.org)

മാർഗ്ഗനിർദ്ദേശം 4.11. ലിംഗ സൗഹൃദ പെരുമാറ്റങ്ങൾ

ലിംഗവിവേചനം അഥവാ സമൂഹത്തിന്റെ സ്ത്രീകളോടുള്ള സൗഹൃദരഹിത മനോഭാവം ലിംഗ സമത്വത്തിന് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഇത് ലഘൂകരിക്കുന്നതിനായി സ്ത്രീ സൗഹൃദപരമായ പെരുമാറ്റങ്ങൾ ഉരുത്തിരിഞ്ഞ് വളരുന്ന വിധം എല്ലാ കുട്ടികളുടെയും പങ്കാളിത്തം വികസിപ്പിക്കുക അനിവാര്യമാണ്. ഇതിനായി താഴെ പറയുന്ന നിലവാരം എല്ലാ രംഗങ്ങളിലും ഉയർത്തി കൊണ്ട് വരണം.

നിലവാരം

- ബാലസൗഹൃദ സമൂഹം – ലിംഗപരമായ വിവേചനങ്ങൾ നടക്കാതിരിക്കുക

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ജനനം മുതൽ സമാന പരിഗണന (ശൈശവ കാലത്ത് ഒരേ രീതിയിലുള്ള വസ്ത്രങ്ങളും കളിപ്പാട്ടങ്ങളും)
- വ്യത്യസ്തതകളെ മാനിക്കുക - ആൺകുട്ടി, പെൺകുട്ടി, ഭിന്നശേഷി, നിറം
- അന്തസ്സു മാനിക്കപ്പെടുക - ആവശ്യങ്ങളോട് പ്രതികരിക്കുക
- മാറ്റങ്ങൾ അംഗീകരിക്കുക - ശാരീരിക മാറ്റം, വളർച്ച, ശാരീരിക ധർമ്മങ്ങൾ
- പെൺകുട്ടികൾക്ക്/സ്ത്രീകൾക്ക് പ്രഥമ പരിഗണന
- അവകാശങ്ങളെ കുറിച്ചും നിയമങ്ങളെ കുറിച്ചുമുള്ള അറിവ്
- ലിംഗസൗഹൃദ വിദ്യാഭ്യാസ രീതികൾ, പാഠ്യക്രമം, സാഹിത്യം

മേഖല
4

പദ്ധതി ആസൂത്രണ പ്രക്രിയകളിൽ കുട്ടികളുടെ പങ്കാളിത്തം

മാർഗ്ഗനിർദ്ദേശം 4.12. കുട്ടികളുടെ ഗ്രാമസഭ/വാർഡ്സഭ

കുട്ടികളുടെ ഗ്രാമസഭ എന്നാൽ ഒരു തദ്ദേശഭരണസ്ഥാപനത്തിലെ ഓരോ വാർഡിലും ഉള്ള 10 നും 18 നും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും പങ്കാളിത്തവേദിയാണ്. വികസന ആസൂത്രണ പ്രക്രിയയിൽ കുട്ടികൾക്കായുള്ള ഇടപെടലുകളിലെ പോരായ്മകൾ കണ്ടെത്തുകയും അത് നികത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുകയും അത് വഴി തദ്ദേശഭരണസ്ഥാപനങ്ങളിൽ ബാലസൗഹൃദ വികസനകാഴ്ച്ചപ്പാട് വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് കുട്ടികളുടെ വേദിയായ ഗ്രാമസഭകൾ ലക്ഷ്യം വെയ്ക്കുന്നത്.

ലക്ഷ്യങ്ങൾ

1. വാർഡിലെ കുട്ടികൾക്ക് ഒരുമിച്ച് ചേരുവാനുള്ള പൊതുവേദി ഉണ്ടാക്കുക
2. പഞ്ചായത്ത് ഭരണസംവിധാനത്തെയും ജനാധിപത്യപ്രക്രിയയെയും കുട്ടികൾക്ക് പരിചയപ്പെടുത്തുക
3. കുട്ടികളുടെ വികസന പ്രവർത്തനങ്ങൾ, ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുകയും വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക
4. ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക
5. പഞ്ചായത്ത് ഭരണസംവിധാനങ്ങളും എല്ലാ ഡിപ്പാർട്ട്മെന്റുകളും ബാലകേന്ദ്രീകൃതമായി പ്രവർത്തിക്കുക
6. കുട്ടികളുടെ ഗ്രാമസഭയുടെ ഓപ്പറേഷണൽ മാനുവലിനായി CRC യുടെ വെബ്സൈറ്റ് സന്ദർശിക്കുക (www.crckila.org , www.kilaonline.org)

ചർച്ചയ്ക്കുള്ള പോയിന്റുകൾ- നിലനിൽക്കുന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

അതിജീവനം

- പെൺഭ്രൂണഹത്യ, ബാലവിവാഹം തുടങ്ങിയ പെൺകുട്ടികൾക്കെതിരെയുള്ള സമൂഹത്തിലെ പ്രവണതകൾ
- അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യസ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ എന്നിവയിൽ നൽകുന്ന പോഷണത്തിന്റെ നിലവാരം, കുടിവെള്ളം ശുചിത്വസൗകര്യങ്ങൾ
- ആരോഗ്യസ്ഥാപനത്തിലെ ബാലസൗഹൃദസേവനങ്ങൾ, പശ്ചാത്തലസൗകര്യങ്ങൾ
- ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഇളം പ്രായക്കാരായ കുഞ്ഞുങ്ങൾ എന്നിവർക്കുള്ള സേവനങ്ങൾ

വികസനം

- അങ്കണവാടികൾ, സ്കൂളുകൾ എന്നിവയുടെ പ്രവർത്തനം, പശ്ചാത്തലസൗകര്യം
- കുട്ടികളുടെ കൊഴിഞ്ഞു പോക്ക്
- ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ അവസരങ്ങൾ
- സ്കൂളുകളിലെ ഉച്ചഭക്ഷണപരിപാടിയുടെ പ്രവർത്തനങ്ങൾ
- സ്കൂൾ ക്ലബുകളുടെ പ്രവർത്തനം

സംരക്ഷണം

- വീടുകളിലും പൊതുസ്ഥലങ്ങളിലുമുള്ള കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ-ബാലവിവാഹം, ബാലവേല
- സ്കൂളുകളിലും പരിസരങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം
- സ്കൂളുകളിലും വീടുകളിലുമുള്ള ശാരീരികശിക്ഷാനടപടികൾ
- യാത്രാസൗകര്യങ്ങൾ വെല്ലുവിളികൾ
- കുട്ടികൾക്കായുള്ള സംരക്ഷണവേദികൾ
- ഭിന്നശേഷിയുള്ള കുട്ടികളുടെ സംരക്ഷണം-വെല്ലുവിളികൾ

പങ്കാളിത്തം

- വിശ്രമ-വിനോദ-സാംസ്ക്കാരിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം
- ബാലസഭ, ഗ്രാമസഭ, മറ്റ് ക്ലബുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്തൽ
- പ്രാദേശികാസൂത്രണ പ്രക്രിയയിലെ പങ്കാളിത്തം

മാർഗ്ഗനിർദ്ദേശം 4.13. പദ്ധതിരൂപീകരണ വാർഡ്സഭ/ഗ്രാമസഭയിൽ കുട്ടികളുടെ വാർഡ്സഭ/ഗ്രാമസഭാ മിനിട്ട്സ് ചർച്ച

- പ്ലാൻ തയ്യാറാക്കുന്നതിനായുള്ള വാർഡ്സഭ/ഗ്രാമസഭയിൽ കുട്ടികളുടെ ഗ്രാമസഭാ നിർദ്ദേശങ്ങൾ പരിഗണിക്കണം
- കുട്ടികളുടെ വാർഡ്സഭ/ഗ്രാമസഭ നിർദ്ദേശങ്ങൾ വനിത-ശിശു വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നഗരസഭ/പഞ്ചായത്ത് തല ക്രോഡീകരണം നടത്തണം
- വിഷയാടിസ്ഥാനത്തിലുള്ള വിവിധ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നഗരസഭാ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റിന് നൽകണം
- ചെയർമാൻ/പ്രസിഡന്റ് മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അതാത് വിഷയമേഖല വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും നൽകുന്നു

മാർഗ്ഗനിർദ്ദേശം 4.14. പദ്ധതിരേഖയിൽ കുട്ടികൾക്കായി പ്രത്യേക ഭാഗം

- കുട്ടികളുടെ അവസ്ഥയും പ്രശ്നങ്ങളും കുട്ടികളാൽ നിർദ്ദേശിക്കപ്പെട്ട പരിഹാരങ്ങളും പദ്ധതിരേഖയിൽ ഉൾപ്പെടുത്തുക
- ഇത് കുട്ടികൾക്കായുള്ള പ്രത്യേക പ്രോജക്റ്റുകൾക്ക് വഴിയൊരുക്കുന്നു

മാർഗ്ഗനിർദ്ദേശം 4.15. വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ പങ്കാളിത്തം

കുട്ടികളുടെ സ്വരവും ആവശ്യങ്ങളും എല്ലാ വികസനമേഖലകളിലും പ്രതിഫലിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും കുട്ടികൾക്ക് പ്രാതിനിധ്യം നൽകണം ഇപ്രകാരം വർക്കിംഗ് ഗ്രൂപ്പിലേക്ക് ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്.

- പങ്കാളിത്ത വേദികളായ കുട്ടികളുടെ ഗ്രാമസഭ, ബാലസഭ, എ.ജി ക്ലബ്ബ്, സ്കൂൾ ബേയ്സ്ഡ് ക്ലബ്ബ് എന്നിവയുടെ നേതൃത്വ നിരയിലുള്ള കുട്ടികളെ വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കണം
- അവരുടെ പ്രവർത്തന പരിചയവും അഭിരുചിയും അനുസരിച്ചാണ് വർക്കിംഗ് ഗ്രൂപ്പിലാണ് അംഗങ്ങളാക്കേണ്ടത്
- ഉദാഹരണത്തിന് സ്കൂളുകളിലുള്ള അഗ്രോ/ഇക്കോ ക്ലബ്ബുകളിൽ പ്രവർത്തിച്ച് പരിചയമുള്ള കുട്ടിയെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ അംഗത്വം നൽകുന്നതായിരിക്കും അഭികാമ്യം
- വർക്കിംഗ് ഗ്രൂപ്പിലേക്ക് നിർദ്ദേശിക്കുന്ന കുട്ടികളിൽ 50% പെൺകുട്ടികളെ ഉൾപ്പെടുത്തണം

മാള ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ ഗ്രാമസഭ

മാള ഗ്രാമപഞ്ചായത്തിന്റെ അംഗങ്ങൾ പരസ്പരം ചോദിച്ച രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് കുട്ടികളുടെ ഗ്രാമസഭ രൂപം കൊണ്ടത്. എന്താണ് കുട്ടികൾക്ക് വേണ്ടി നടത്തേണ്ട ആദ്യ വികസനം? അത് അവരിൽ നിന്ന് തന്നെ നമുക്ക് അറിയാൻ എന്താണ് വഴി ? അങ്ങിനെയാണ് അവർ കുട്ടികളുടെ ഗ്രാമസഭയ്ക്ക് തുടക്കമിടുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ് ഈയൊരു സംരംഭത്തിന്റെ ലീഡർ. ഓരോ വാർഡിലും അതാത് വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ വർഷത്തിൽ രണ്ടു തവണ ഗ്രാമസഭ സംഘടിപ്പിക്കുന്നു. സ്കൂൾ ക്ലബ്ബ്, ബാലസഭ, കൗമാരക്ലബ്ബ് തുടങ്ങിയവയിലുള്ള 10–18 വരെയുള്ള അംഗങ്ങളാണ് ഗ്രാമസഭയിൽ പങ്കെടുക്കുന്നത്.

ആദ്യ പ്രഭാഷണങ്ങൾക്ക് ശേഷം കുട്ടികൾ നാലോ അഞ്ചോ ഗ്രൂപ്പുകളായി തിരിയും. അവർക്ക് പഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, പോഷണം, സ്കൂൾ കൊഴിഞ്ഞുപോക്ക്, കുട്ടികളുടെ പങ്കാളിത്തക്ലബ്ബുകൾ എന്നിവയെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യും. അവരുടെ തീരുമാനങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഭാവി പ്രവർത്തനങ്ങൾക്ക് വേണ്ടി സമർപ്പിക്കുകയും ചെയ്യും.

ഇതുപോലെയുള്ള ഒരുപാട് പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിന് പറയാനുണ്ട്. കൗമാരക്കാർക്കുള്ള കരാട്ടെ പരിശീലനം, പട്ടികവർഗ്ഗ കൗമാര കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ, സമഗ്ര വികസനത്തിന് വേണ്ടി നൈപുണ്യ വിദ്യാഭ്യാസ പരിപാടി, യു.പി, എൽ.പി സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കൽ, പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങളും സ്കോളർഷിപ്പും വിതരണം തുടങ്ങിയവ.

അതിനു ശേഷം 20 വാർഡ് ഗ്രാമസഭയുടെ പ്രതിനിധികളെ കൊണ്ട് ബാലപഞ്ചായത്ത് കമ്മിറ്റി രൂപീകരിച്ചു. എല്ലാ മാസവും ബാലപഞ്ചായത്ത് കമ്മിറ്റി യോഗം കൂടും.

മാർഗ്ഗനിർദ്ദേശം 4.16. കുട്ടികളുടെ അവസ്ഥാപഠനം

വിവിധ വീക്ഷണത്തിലൂടെ കുട്ടികളുടെ അവസ്ഥ പരിശോധിച്ച് രേഖപ്പെടുത്തുന്ന ചട്ടക്കൂടിനെയാണ് കുട്ടികളുടെ അവസ്ഥാ പഠനം എന്ന് പറയുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, പോഷണം, ഭിന്നശേഷി സംരക്ഷണം ഇങ്ങനെ എല്ലാ വികസന മേഖലയിലും കുട്ടികളുടെ അവസ്ഥ വിശകലനം ചെയ്യുന്നതാണിത്. ജീവിത ചക്രത്തിലുടനീളം കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും വിശകലനം ചെയ്യുന്നു. ഇത് കുട്ടികളുടെ വികസന പ്രശ്നങ്ങളെ കുറിച്ചുള്ള ഒരു റിപ്പോർട്ട് കൂടിയാണ്. അതിൽ ചിലത് താഴെ കൊടുക്കുന്നു.

- പ്രതിരോധ കുത്തിവെയ്പ്പ്

- സമ്പൂർണ്ണ മുലയൂട്ടൽ
- ജനനഭാരകുറവുള്ള കുട്ടികൾ
- അങ്കണവാടിക്ക് സ്വന്തമായ കെട്ടിടം
- സ്കൂൾ പ്രവേശനം
- സ്കൂൾ കൊഴിഞ്ഞുപോക്ക്
- ശൗചാലയം
- വെള്ളത്തിന്റെ ഗുണനിലവാര പരിശോധന
- കൗമാരക്ലബ്ബുകളിൽ പ്രവേശനം
- ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ
- ബാലവിവാഹം
- ശിശുമരണം
- ജനനരജിസ്ട്രേഷൻ

ബാലസൗഹൃദ തദ്ദേശ ഭരണത്തിൽ നിന്നും കണ്ടെത്തിയ ഘടകങ്ങളാണ് ഇതിൽ സൂചകങ്ങളായി പറയുന്നത്. തദ്ദേശഭരണകൂടത്തിന് ഇതിൽ പറയുന്നതിന്റെ നിലവിലുള്ള അവസ്ഥയും അടുത്ത നാല് വർഷത്തിനുള്ളിൽ ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും തീരുമാനിക്കാം. തദ്ദേശഭരണകൂട കമ്മിറ്റി എല്ലാ വർഷവും പ്രവർത്തനത്തിന്റെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യും. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അവതരിപ്പിക്കാം.

അവസ്ഥാപഠനം : ഐ.സി.ഡി.എസ് കുടുംബ സർവ്വേ, പി.എച്ച്.സി ഡാറ്റാവഴി ലഭ്യമാക്കാവുന്നതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിക്കുകയും സർവ്വേ നടത്തി റിപ്പോർട്ട് തദ്ദേശഭരണകൂടത്തിന് പ്രദർശിപ്പിക്കാവുന്നതാണ്.

കുട്ടികളുടെ അവസ്ഥാ പഠനം - CRT Banglore മാതൃക

ചൈൽഡ് റൈറ്റ്സ് ട്രസ്റ്റ് ബാംഗ്ലൂർ, പഞ്ചായത്ത് കേന്ദ്രീകരിച്ച് കുട്ടികളുടെ അവസ്ഥാ പഠനം നടത്തി പോസ്റ്റർ ഉണ്ടാക്കുകയും ചെയ്തു. അതിന്റെ സൂചകങ്ങൾ താഴെ കൊടുക്കുന്നു.

- കുട്ടികളുടെ ലിംഗാനുപാതം
- ശിശുമരണനിരക്ക്
- ജനന രജിസ്ട്രേഷൻ
- ബാലവിവാഹം

- 18 വയസ്സിനു താഴെയുള്ള ഗർഭിണികൾ
- ഭിന്നശേഷി കുട്ടികൾ
- പ്രി-സ്കൂൾ പ്രവേശനം
- സ്കൂൾ കൊഴിഞ്ഞുപോക്ക്

ഈ പോസ്റ്റർ തദ്ദേശഭരണ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്തു. ഈ അവസ്ഥാപഠനരേഖ കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് അവരുടെ ഗ്രാമസഭയിലും,ഗ്രാമപഞ്ചായത്തിലും ചർച്ച ചെയ്യാനിടയാക്കി.

മാർഗ്ഗനിർദ്ദേശം 4.17. കുട്ടികളുടെ അവസ്ഥാപഠനം

ശ്രീകൃഷ്ണപുരം ബാലസൗഹൃദ ഗ്രാമപഞ്ചായത്ത്
അടിസ്ഥാന സ്ഥിതി വിവരകണക്കുകൾ (Base Line Data)

പഞ്ചായത്ത്: ശ്രീകൃഷ്ണണപുരം
ബ്ലോക്ക് പഞ്ചായത്ത്: ശ്രീകൃഷ്ണണപുരം
ജില്ല: പാലക്കാട്

വാർഡുകൾ: 14
വിസ്തീർണ്ണം: 29.6 ച.കി.മി

വിവരങ്ങൾ പുതുക്കിയ തീയതി.....
(വിവരങ്ങൾ 3 മാസം കൂടുമ്പോൾ പുതുക്കുന്നു)

ക്ര. നം	സൂചകങ്ങൾ	എണ്ണം	ക്ര. നം	സൂചകങ്ങൾ	എണ്ണം	ക്ര. നം	സൂചകങ്ങൾ	എണ്ണം
1.	ആകെ ജനസംഖ്യ		13.	ജനനം		22.	പൂർണ്ണമായും പ്രതിരോധ കുത്തിവെയ്പെടുക്കുന്ന കുട്ടികൾ	
2.	കുട്ടികളുടെ എണ്ണം (ഒരു വയസ്സിന് താഴെ					23.	ഭാഗികമായി പ്രതിരോധ കുത്തിവെയ്പെടുക്കുന്ന കുട്ടികൾ	
3.	കുട്ടികൾ 1 – 3 വയസ്സ് വരെ		14.	മരണം 0–1 വയസ്സ് വരെ		24.	കുത്തിവെയ്പെടുകാത്ത കുട്ടികൾ	
4.	കുട്ടികൾ 3 – 6 വയസ്സ് വരെ		15.	മരണം 5 വയസ്സിന് താഴെ			18വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ബാധിച്ച അസുഖങ്ങൾ	
5.	കുട്ടികൾ 6 – 12 വയസ്സ് വരെ		16.	മാതൃമരണം		25.	മലമ്പനി	
6.	കുട്ടികൾ 12 –18 വയസ്സ് വരെ					26.	ഡെങ്കിപനി	
7.	ആകെ കുട്ടികൾ 18 വയസ്സിന് താഴെ		17.	ഗർഭിണികൾ 18 വയസ്സിന് മുകളിൽ		27.	വൈറൽ ഹെപ്പറ്റൈറ്റിസ്– എ	
8.	ഭിന്നശേഷിയുള്ള കുട്ടികൾ 18 വയസ്സിന് താഴെ		18.	ഗർഭിണികൾ 18 വയസ്സിന് താഴെ		28.	വൈറൽ ഹെപ്പറ്റൈറ്റിസ്– ബി	
9.	കാഴ്ച വൈകല്യം		19.	പോഷകാഹാര വിതരണം 18 വയസ്സിന് താഴെ		29. 30.	ടൈഫോയ്ഡ് ക്ഷയം	
10.	മാനസികം/ബുദ്ധിമാന്ദ്യം		20.	അർഹതയുള്ളവർ		31.	അഞ്ചാംപനി	
11.	ചലന വൈകല്യം		21.	അർഹത ഉപയോഗിക്കുന്നവർ		32.	ക്യാൻസർ	
12.	ബധിരത, മൂകത					33.	പ്രമേഹം	

പ്രസിഡന്റ് സെക്രട്ടറി മെഡിക്കൽ ഓഫീസർ ഐ. സി. ഡി. എസ് സൂപ്പർവൈസർ

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

മാർഗ്ഗനിർദ്ദേശം 4.18. കുട്ടികളുടെ സോഷ്യൽ ഓഡിറ്റ്

ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ കീഴിൽ കുട്ടികൾക്ക് ലഭിക്കുന്ന സേവനങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, അങ്കണവാടികൾ, സാമൂഹ്യസുരക്ഷിതത്വം, ഭിന്നശേഷിയിൽ പെടുന്നവർക്കായുള്ള സേവനം, ഉച്ചഭക്ഷണം എന്നിവയുടെയെല്ലാം പ്രവർത്തനങ്ങൾ കുട്ടികൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നു. അവർക്കായുള്ള സേവനങ്ങൾ അവരുടെ വീക്ഷണത്തിൽ വിശകലനം ചെയ്ത് അവർക്ക് ലഭിക്കുന്ന സേവനങ്ങൾ വിലയിരുത്തപ്പെടണം.

ലക്ഷ്യങ്ങൾ

1. കുട്ടികൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ നേട്ടകോട്ടങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു
2. പഞ്ചായത്ത്/നഗരസഭ തലത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ നിർവ്വഹണത്തെ സംബന്ധിച്ച് മനസ്സിലാക്കാൻ കഴിയുന്നു
3. ആ മേഖലയിൽ നിലനിൽക്കുന്ന നിർവ്വഹണ പ്രശ്നങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാവുന്നു
4. കുട്ടികൾക്ക് അത്യാവശ്യം വേണ്ട സേവനങ്ങൾ ഏതൊക്കെയാണെന്നും അതിലെ അപര്യാപ്തകളും, ലഭ്യമല്ലാത്ത സേവനങ്ങളും മനസ്സിലാക്കുന്നതിന് പഞ്ചായത്ത്/നഗരസഭക്ക് അവസരം ലഭിക്കുന്നു

സോഷ്യൽ ഓഡിറ്റ് ടീം രൂപീകരണം

- കുട്ടികളുടെ വാർഡ്/ഗ്രാമസഭയിൽനിന്ന് രണ്ട് പേർ
- ബാലപഞ്ചായത്തിൽനിന്നും രണ്ട് പേർ
- ഏ.ജി ക്ലബ്ബിൽനിന്നും രണ്ട്പേർ
- നഗരസഭ/പഞ്ചായത്ത് നിശ്ചയിക്കുന്ന മറ്റു നാലു കുട്ടികൾ ഉൾപ്പടെ 10 പേർ

സോഷ്യൽ ഓഡിറ്റ് സപ്പോർട്ട് ഗ്രൂപ്പിന്റെ രൂപീകരണം

കുട്ടികൾക്കുള്ള സേവനമേഖലയിലെ ഒരു സംഘം ഉദ്യോഗസ്ഥരെ ഉൾപ്പടുത്തി ഒരു സഹായ ഗ്രൂപ്പിന് രൂപം നൽകുന്നു. അവർ കുട്ടികളുടെ സോഷ്യൽ ഓഡിറ്റ് ടീമിന് വേണ്ടതായ നിർദ്ദേശങ്ങൾ, സഹായങ്ങൾ, ക്ലാസ്സുകൾ എന്നിവ നൽകുന്നു.

പ്രാരംഭപ്രവർത്തനങ്ങൾ

- സോഷ്യൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തനങ്ങൾ, സമയക്രമം, ഓഡിറ്റ് എന്നിവ ചർച്ച ചെയ്യാനുള്ള കൂടിച്ചേരൽ
- സോഷ്യൽ ഓഡിറ്റ് മേൽനോട്ടത്തിനും പരിശോധനയ്ക്കുമുള്ള സംഘമല്ലെന്നും

പ്രവർത്തനങ്ങൾ വളരെ സൗഹൃദപരമായി മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകി ഭാവി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള പ്രവർത്തനമാണെന്ന് ബോധ്യപ്പെടുത്തുന്നു

- കുട്ടികളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വിവിധ കേന്ദ്രങ്ങൾ, അവയുടെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ, അതിന്റെ രീതികൾ എന്നിവ ബോധ്യപ്പെടുന്നു

സോഷ്യൽ ഓഡിറ്റിനുവേണ്ടി നിർദ്ദേശിക്കപ്പെടുന്ന പ്രോജക്റ്റുകൾ

1. സ്ഥാപനങ്ങൾ

   അങ്കണവാടികൾ, സബ്ബ് സെന്റർ, പ്രൈമറിഹെൽത്ത്സെന്റർ, എൽ പി സ്ക്കൂൾ, ബഡ്സ് സ്ക്കൂൾ.

2. നഗരസഭ/പഞ്ചായത്ത് പ്രോജക്റ്റ്

   പോഷകാഹാരം, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്ക്കോളർഷിപ്പ്, ബാലസഭ, പഠന ഉപകരണങ്ങൾ നൽകൽ

3. പങ്കാളിത്തസംവിധാനങ്ങൾ

   എ.ജി ക്ലബ്ബ്, ബാലസഭ, ബാലപഞ്ചായത്ത്, സ്കൂൾ ക്ലബ്ബ്

4. കുട്ടികളുടെ സുരക്ഷിതത്വം

   കുട്ടികളുടെ വിവരശേഖരം ഉറപ്പാക്കൽ : പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കുട്ടികൾ, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ, ബാലവേലക്കാർ, ചൂഷണത്തിന് ഇരയായ കുട്ടികൾ, ഭിന്നശേഷിയുള്ള കുട്ടികൾ.

റിപ്പോർട്ടിംഗ്

സോഷ്യൽ ഓഡിറ്റ് ടീം ഓരോ സ്ഥാപനങ്ങളിലും നടന്നതായ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും, പ്രോജക്റ്റ് നിർവ്വഹണ വിശകലനവും തയ്യാറാക്കി സപ്പോർട്ട്ഗ്രൂപ്പിന് നൽകി പുഷ്ടിപ്പെടുത്തി എഡിറ്റ് ചെയ്ത് പഞ്ചായത്ത് പ്രസിഡന്റിന് /നഗരസഭാ ചെയർമാന് കൈമാറുന്നു.

മേഖല
5

ബാലസൗഹൃദ പൊതുസ്ഥലങ്ങൾ

മാർഗ്ഗനിർദ്ദേശം 4.19. ഫ്ളാറ്റുകളിലെ കളിസ്ഥലങ്ങളുടെ നിലവാരം

വിനോദപ്രവർത്തനങ്ങൾ അനുപേഷണീയമായ പ്രവർത്തനമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാൽ റസിഡൻഷ്യൽ ഫ്ളാറ്റുകളിൽ നിർബന്ധമായും കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലം നീക്കിവെച്ചിരിക്കണം. വിനോദസൗകര്യങ്ങൾ കെട്ടിടങ്ങൾക്കകത്തോ തുറന്നസ്ഥലത്തോ പ്രത്യേകം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിലോ സമുച്ചയങ്ങളിലോ വികസനത്തിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിലോ ആകാവുന്നതാണ്. എപ്പോഴും തുറസ്സായ സ്ഥലത്ത് കളിസ്ഥലം ഒരുക്കുന്നതായിരിക്കും നല്ലത്. കാരണം കുട്ടികളുടെ സുരക്ഷിതത്വം ഇവിടെ ഉറപ്പാക്കാം. വിനോദസൗകര്യങ്ങളും തുറസ്സായ കളിസ്ഥലങ്ങളും അതിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, ഡിസൈൻ തുടങ്ങിയവ ഉപയോഗിക്കുന്നവരുടെ ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റാൻ തക്കവണ്ണം ഉയർന്ന നിലവാരം ഉള്ളതായിരിക്കണം. ഇവയാകട്ടെ പാരിസ്ഥിതിക നിലവാരങ്ങൾ പുലർത്തുന്ന വിധം പൗരകേന്ദ്രീകൃതമായ മാതൃകയിലായിരിക്കണം. കളിസ്ഥലങ്ങൾ സ്ഥാപിക്കുന്ന സ്ഥലവും അവയിൽ ഉപയോഗിക്കുന്ന കളിയുപകരണങ്ങളും സംവിധാനങ്ങളും തീരുമാനിക്കുമ്പോൾ സുരക്ഷിതത്വത്തിനായിരിക്കണം കൂടുതൽ പ്രാധാന്യം നൽകേണ്ടത്. രക്ഷിതാക്കൾക്ക് കാണാനും, ശ്രദ്ധിക്കാനും കഴിയുന്ന സ്ഥലത്തായിരിക്കണം കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ. ഇരുട്ടു ബാധിക്കുന്ന സിറ്റൗട്ട് ഏരിയകൾ, നിരത്ത് ഇരിപ്പിടങ്ങൾ എന്നിവക്ക് ആവശ്യമായ വെളിച്ചം ലഭ്യമാക്കേണ്ടതുണ്ട്.

വിനോദങ്ങൾ പൊതുവായി ഗാർഹികവിനോദങ്ങളായ ടെലിവിഷൻ ആസ്വാദനം, കെട്ടിടത്തിനകത്തെ കളികൾ തുടങ്ങിയവ പോലെ സജീവമായ കളികളും മത്സരകളികളും ഉൾപെടുന്നുണ്ട്. ഇപ്പോൾ സാധാരണ കളിസ്ഥലങ്ങൾക്ക് പുറമെ നീന്തൽ, സ്പോർട്സ് സെന്റർ, മറ്റു കളികൾക്കനുയോജ്യമായ സംവിധാനങ്ങൾ എന്നിവയ്ക്കായുള്ള ആവശ്യം ശക്തമാകുന്നുണ്ട്. സ്പോർട്സ് സെന്ററുകൾക്ക് ബാഡ്മിന്റൺ, സ്ക്വാഷ്, ബാസ്ക്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ഫിറ്റ്നസ് സെന്റർ, ഡാൻസ് തുടങ്ങിയവക്കുള്ള സംവിധാനങ്ങളും ഒരുക്കുവാൻ കഴിയും.

ശൗചാലയം, ഇരിക്കാനും നടക്കാനുമുള്ള സ്ഥലങ്ങൾ, അത്യാവശ്യത്തിന് വെളിച്ചം, ടെലഫോൺ

സൗകര്യം, സ്റ്റെപ്പുകളോട് കൂടിയ റാംപ്, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടുന്ന സൗകര്യങ്ങൾ ഇവയെല്ലാം കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കണം. കുട്ടികൾക്കായി വിനോദസൗകര്യങ്ങൾ രൂപകൽപന ചെയ്യുമ്പോൾ ജനസംഖ്യാനുപാതവും (എത്ര പേർക്ക്) സ്ഥലസൗകര്യാനുപാതവും (എത്രതരം കളികൾക്ക്) കണക്കാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് കെട്ടിട നിയമം 53 പ്രകാരം (2011) എ 1 ഗ്രൂപ്പിൽ പെട്ട 12 ൽ അധികം വീടുകൾ ഒരു പറമ്പിലോ അത്രയും സൗകര്യമുള്ള ഒറ്റ കെട്ടിടം (ഫ്ളാറ്റ്) നിർമ്മിക്കുകയോ ചെയ്യുമ്പോൾ ആവശ്യത്തിന് അനുയോജ്യമായ വിനോദസൗകര്യങ്ങൾ ഏർപെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പൽ റൂൾസ് 50(1) ഇതേ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ രണ്ട് ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള ഇതര മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. വിനോദപ്രവർത്തനങ്ങൾ കെട്ടിടങ്ങൾക്കകത്ത് ആകെ വിസ്തീർണ്ണത്തിന്റെ 6 ശതമാനം സ്ഥലവും പുറം കളികൾക്കായി കെട്ടിടങ്ങളുടെ ആകെ ഫ്ളോർ ഏര്യയുടെ 35 ശതമാനം സ്ഥലവും നീക്കിവെക്കേണ്ടതാണ്. ഇത്തരം വിനോദസൗകര്യങ്ങൾ താമസ്സിക്കുന്ന സ്ഥലത്തോ പ്രത്യേകകെട്ടിങ്ങളിലോ രണ്ടിടങ്ങളിലോ ആകാവുന്നതാണ്. പുറം കളിസ്ഥലങ്ങൾക്കുള്ള വിസ്തൃതിയ്ക്ക് നിയമാനുസൃതം നീക്കിവെക്കേണ്ട പാർക്കിംഗ് ഏരിയ, വാഹന വീഥി ഇതരസേവന സൗകര്യങ്ങൾ എന്നിവ ഒഴിവാക്കിയായിരിക്കണം. ഓപ്പൺ ടെറസ്സിൽ വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തമ്പോൾ അത് ആകെ ടെറസ്സ് സൗകര്യങ്ങളുടെ 25 ശതമാനത്തിൽ അധികരിക്കരുത്. അത്തരം സ്ഥലങ്ങൾ പൂർണ്ണമായും എല്ലാ ഭാഗങ്ങളും പാരപെറ്റ്വാൾ, ചുമർ എന്നിവ കൊണ്ട് സുരക്ഷിതമാക്കിയതും 180 സെന്റിമീറ്റർ ഉയരത്തിൽ 10 X 10 അളവിലുള്ള ഗ്രിൽ മെഷ് പാകിയതും ആയിരിക്കണം. ഇപ്രകാരം ഓപ്പൻ ടെറസ്സിൽ സ്ഥാപിക്കുന്ന വിനോദസൗകര്യങ്ങൾക്ക് സുരക്ഷാനിയമങ്ങളിൽ പറയുന്ന പ്രവേശനകവാടവും ബഹിർഗമനകവാടവും സ്ഥാപിക്കേണ്ടതാണ്.

   കുറിപ്പ് :1. സ്വിമ്മിംഗ് പൂൾ, റിക്രിയേഷൻ ഹാൾ തുടങ്ങിയവക്ക് ലഭ്യമാക്കുന്ന സ്ഥലവും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപെടും. 2. വിനോദ പ്രവർത്തന യൂണിറ്റുകൾ ഒന്നിച്ചോ, വ്യത്യസ്തങ്ങളായോ ആകാവുന്നതാണ്.

മാർഗ്ഗനിർദ്ദേശം 4.20. തടസ്സവിമുക്തമായ പൊതുസ്ഥലങ്ങൾ

- അംഗപരിമിതിയുള്ളവരേയോ രോഗാതുരരായവരേയോ ഉൾക്കൊള്ളാൻ കഴിയും വിധം എല്ലാ പൊതു ഉപയോഗസ്ഥലങ്ങളിലും ഭൗതിക സൗകര്യങ്ങൾ ഒരുക്കണം
- സ്കൂളിലെയും ആരോഗ്യസ്ഥാപനങ്ങളിലേയും പ്രവേശന വഴിയിലും, വരാന്തയിലും റാമ്പും, കൈതാങ്ങും ഉറപ്പാക്കണം
- പ്രവേശനകവാടം പ്രതിബന്ധമില്ലാത്തതും അപായസാധ്യത ഇല്ലാത്തതുമായിരിക്കണം

മാർഗ്ഗനിർദ്ദേശം 4.21. ബാലസൗഹൃദ പൊതുസ്ഥലങ്ങൾക്കുള്ള മാനദണ്ഡം

ബാലസൗഹൃദ പൊതുസ്ഥലങ്ങൾ എന്നാൽ കുട്ടികൾ പതിവായും പൊതുവായും ഉപയോഗിക്കുന്ന കളിസ്ഥലങ്ങൾ, വായനശാലകൾ, ബസ്സ് ഷെൽട്ടറുകൾ തുടങ്ങിയ ഇടങ്ങളിൽ അപായരഹിതമായും, ഭയരഹിതമായും ഉപയോഗിക്കാൻ കഴിയുന്ന സുരക്ഷിതമായ കളിസ്ഥലം എന്നർത്ഥം

- കുട്ടികൾക്കുള്ള കളിസ്ഥലം നിരപ്പായതും, വൃത്തിയുള്ളതും, കുറ്റിചെടികളും കല്ലുകളും ഇല്ലാത്തതുമായിരിക്കണം
- കുഴികൾ, ഉരുളൻകല്ലുകൾ, മറ്റു തടസ്സങ്ങൾ തുടങ്ങിയ അപായസാധ്യതയുള്ള കാര്യങ്ങൾ ഒഴിവാക്കപ്പെട്ടതാവണം
- കളിസ്ഥലം മാലിന്യമുക്തവും വെള്ളം കെട്ടിനിൽക്കാത്തതുമായിരിക്കണം
- കളിസ്ഥലത്തിന് മുകളിലൂടെ വയറുകളും അയകളും ഒഴിവാക്കുകയും, റോഡിനും, കുളങ്ങൾക്കും, കയങ്ങൾക്കും വശങ്ങളിൽ സുരക്ഷിത മതിൽ/വേലി ഉറപ്പാക്കുകയും വേണം
- സാമൂഹ്യദ്രോഹികൾ, ചൂതുകളിക്കാർ തുടങ്ങിയവരുടെ പ്രവർത്തനങ്ങളിൽ നിന്നും വിമുക്തമായിരിക്കണം. COPTA 2003 നിയമം നടപ്പാക്കണം
- പുകയില, മദ്യം, മയക്കുമരുന്നുപയോഗം എന്നിവയിൽ നിന്ന് മുക്തമായിരിക്കണം കളിസ്ഥലങ്ങൾ
- എല്ലാ കളിസ്ഥലങ്ങൾക്കും പൊതു പേരുകളുണ്ടായിരിക്കണം
- കളിസ്ഥലങ്ങൾ പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരികയും മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയും വേണം
- കളിസ്ഥലങ്ങളുടെ മേന്മവൽക്കരണം പൊതു/സ്വകാര്യപങ്കാളിത്തം സി എസ് ആർ (CSR) വഴി നടത്തുവാൻ താല്പര്യമെടുക്കണം
- പൊതുകളിസ്ഥലങ്ങളിൽ ശൗചാലയം, കുടിവെള്ളം, എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണം
- പൊതുസ്ഥലങ്ങളിൽ കുട്ടികൾക്ക് സ്വതന്ത്രമായി കളിക്കുന്നതിനുള്ള സുരക്ഷിത അന്തരീക്ഷം ഉറപ്പു വരുത്തുകയും വേണം

തദ്ദേശഭരണസ്ഥാപനങ്ങളിലെ വിസ്തൃതമായ വലിയ കളിസ്ഥലങ്ങൾ

മിക്ക തദ്ദേശഭരണസ്ഥാപനങ്ങളിലും വിസ്തൃതമായ കളിസ്ഥലവും അതിനോട് ചേർന്ന് മിനി സ്റ്റേഡിയവും സ്വന്തമായി ഉണ്ടായിരിക്കും. ഈ കളിസ്ഥലങ്ങൾക്ക് മേൽപറഞ്ഞ സൗഹൃദാവസ്ഥയ്ക്കു പുറമേ താഴെ പറയുന്ന നിലവാരം കൂടി ഉറപ്പാക്കണം.

നിലവാരം

- കളിസ്ഥലങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും പ്രാദേശിക സാമൂഹ്യ പ്രവർത്തകരുടെ ഒരു കമ്മിറ്റി ഉണ്ടായിരിക്കണം
- പ്രസ്തുത കളിസ്ഥലങ്ങൾ പഞ്ചായത്തിന്റെ/നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ വരേണ്ടതും നോൺറോഡ് മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതുമാണ്
- പൊതുപൈപ്പുവെള്ളം കളിസ്ഥലങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം ശൗചാലയങ്ങളും ഉണ്ടായിരിക്കണം
- കളിസ്ഥലങ്ങളിലെ ശൗചാലയങ്ങൾ സംരക്ഷിക്കുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിന് സ്ഥിരസംവിധാനം ഉറപ്പാക്കണം
- കളിസ്ഥലങ്ങളിൽ മാലിന്യങ്ങൾ കൂട്ടിയിട്ട് മലീമസമാക്കാതെ വൃത്തിയായി സൂക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ/നഗരസഭയുടെ ശ്രദ്ധയിൽ വരേണ്ടതാണ്
- അലഞ്ഞുതിരിയുന്ന മൃഗങ്ങളാൽ കളിസ്ഥലം കേടുവരാതിരിക്കാൻ മതിൽ കെട്ടി ഗെയ്റ്റ് സ്ഥാപിക്കണം
- സ്റ്റേഡിയങ്ങൾ സ്റ്റേഡിയമാനദണ്ഡനിലവാരനിയമങ്ങൾക്ക് അനുസൃതമായിരിക്കണം
- കളിസ്ഥലങ്ങൾ പൊതുവായ യോഗങ്ങൾക്കോ, ഫെയറുകൾക്കോ വാടകക്ക് നൽകുമ്പോൾ കളിസ്ഥലം അപായരഹിതമായി കേടുപാടുകൾ നീക്കി നന്നാക്കി നൽകുന്നതിന് ബാധ്യസ്തരാണെന്ന് രേഖാമൂലം അറിയിക്കേണ്ടതാണ്. കൂടാതെ പരിപാടിക്ക് ശേഷം പാഴ്വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഇത് ബാധകമാണ്
- കളിസ്ഥലത്തിനുചുറ്റും തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതും പച്ചപ്പ് നിലനിർത്തുന്നതിനും പരിഗണന നൽകണം

വാർഡുതല കളിസ്ഥലങ്ങൾ

- പരമ്പരാഗതമായ കളിയിടങ്ങളും തുറസ്സായി കിടക്കുന്ന പൊതു സ്ഥലങ്ങളും കളിസ്ഥലങ്ങളാക്കി മാറ്റാവുന്നതാണ്
- മേൽപറഞ്ഞതരത്തിൽ കളിസ്ഥലം ലഭ്യമായില്ലെങ്കിൽ ഭൂമി വാങ്ങി പുതിയ കളിസ്ഥലം നിർമ്മിക്കേണ്ടതാണ്
- കളിസ്ഥലങ്ങൾ ചെറുതായാലും വലുതായാലും കളിസ്ഥലങ്ങൾക്കുള്ള പൊതുമാനദണ്ഡങ്ങൾ പാലിച്ചിരിക്കണം

കുട്ടികളുടെ പൊതുഇടങ്ങളുടെ ഉദാഹരണം : ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് കുട്ടികളുടെ പാർക്ക്

തികഞ്ഞ ഗാന്ധിയനും, സ്വതന്ത്ര സമരസേനാനിയും, അതിലുപരി കുട്ടികളെ ജീവനുതുല്യം സ്നേഹിക്കുന്ന ഒരദ്ധ്യാപകനും കൂടിയായ ഇച്ചാക്കൻ മാസ്റ്റർ അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 15 സെന്റ് ഭൂമി മരണശേഷം പഞ്ചായത്തിന് വിട്ടു കൊടുത്തു. അദ്ദേഹത്തിന്റെ ആകെയുള്ള ആഗ്രഹം മുഴുവൻ സ്ഥലവും കുട്ടികളുടെ വികസനത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നുള്ളതായിരുന്നു. 2014-15 കാലയളവിൽ ഏങ്ങണ്ടിയൂർ പഞ്ചായത്ത്, കുട്ടികളുടെ മാനസികോല്ലാസത്തിനും സാമൂഹിക/സാംസ്കാരിക ഇടപെടലിനും വേണ്ടി അവിടെ മനോഹരമായ പാർക്ക് നിർമ്മിച്ചു. ഈ പാർക്കിൽ കുട്ടികളുടെ ലൈബ്രറിയും കൂടിയുണ്ട്. ബാലസഭയും കൗമാരക്ലബ്ബ് മീറ്റിംഗും ഇവിടെയാണ് സംഘടിപ്പിക്കാറ്. പാർക്കിനടുത്തുള്ള സ്കൂളിലെ കുട്ടികളും സമീപപ്രദേശവീടുകളിലെ കുട്ടികളും ഇവിടുത്തെ നിത്യസന്ദർശകരാണ്. പഞ്ചായത്തധികൃതർ അവിടെ ഒരു മാതൃകാ അങ്കണവാടി പണിയണമെന്ന ചിന്തയിലാണ്.

മുതിർന്നവർക്ക് വേണ്ടി പകൽവീടും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇത് പെൺകുട്ടികൾക്ക് ഇവിടെ വന്ന് കളിക്കാനുള്ള ആത്മവിശ്വാസവും സുരക്ഷയും നൽകുന്നു. പാർക്കിന്റെ ദൈനംദിന പരിപാലനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കും വേണ്ടി ഒരു പരിപാലകനും ഉണ്ട്. ബാലസഭാ ലീഡറും, വാർഡ് മെമ്പറും, സ്കൂൾ അദ്ധ്യാപകരും, അവിടുത്തെ നേതാക്കളും അടക്കം ഏഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

13,83,000 രൂപയാണ് ഗ്രാമപഞ്ചായത്ത് പാർക്കിന് വേണ്ടി ചിലവഴിച്ചത്. ഇതിൽ 5 ലക്ഷം കെ.എൽ.ജി.എസ്.ഡി.പിയിൽ നിന്നും, ബാക്കി തുക പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നുമാണ് ചിലവാക്കിയിരിക്കുന്നത്.

പദസംഗ്രഹം

ADS	Area Development Society
AEFI	Adverse Events Following Immunization
AEO	Assistant Education Officer
AG CLUB	Adolescent Girls Club
AHEP	Adolescent Health Education Programme
AIC	Anti- Intoxicant Club
AIDS	Acquired Immune Deficiency Syndrome
ALMSC	Anganwadi Level Monitoring and Supporting Committee
ARSH	Adolescent Reproductive and Sexual Health
ARI	Acute Respiratory Infection
ASHA	Accredited Social Health Activist
AWC	Anganawadi Centers
AWW	Anganwadi Workers
BFHI	Baby Friendly Hospital Initiative
BMI	Body Mass Index
BMO	Block Medical Officer
BPL	Below Poverty Line
BRC	Block Resource Centre

CARA	Central Adoption Resource Authority
CBO	Community Based Organisation
CBSE	Central Board of Secondary Education
CCDP	Comprehensive Child Development Programme
CCT	Conditional Cash Transfer
CDPO	Child Development Project Officer
CDS	Community Development Society
CFLG	Child Friendly Local Governance
CGS	Children's Grama Sabha
CHC	Community Health Center
CHIS	Comprehensive Health Insurance Scheme
CICI	Children in Conflict with Law
CIF	Child Line India Foudation
CINOCAP	Children In Need Of Care And Protection
CNA	Certified Nursing Assistant
CNAS	Community Need Assessment Survey
COTPA	Cigarette and Other Tobacco Product Act
CPSU	Central Project Support Unit
CRC	Convention on the Rights of the Child
CRC	Child Resource Centre
CSR	Corporate Social Responsibility
CSSM	Child Survival and Safe Motherhood

CWC	Child Welfare Committee
CWRDM	Center for Water Resources Department and Management
CWSN	Children With Special Needs
DCPU	District Child Protection Unit
DDE	Deputy Director of Education
DEIC	District Early Intervention Centre
DIC	District Level Inspection Committee
DIET	District Institute of Education and Training
DISE	District Information System for Education
DLHS	District Level Health Service
DMO	District Medical Officer
D&O Act	Dangerous and Offensive and trade license Act
DORD	Daudnagar Organization for Rural Development
DPHN	District Public Health Nurse
EBF	Exclusive Breastfeeding
EC	Early Child
ECCE	Early Childhood Care and Development
ECD	Early Child Care and Stimulation for Development
ERP	Equivalency Key Resource Person

FBCDR	Facility Based Child Death Review
FNO	Facility Nodal Officer
GO	Govt. Order
HDI	Human Development Index
HI	Health Inspector
HMC	Hospital Management Committee
HMIS	Health Management Information System
HS	Health Supervisor
ICCONS	Institute for Communicative and Cognitive Neuro Sciences
ICDS	Integrated Child Development Service
ICPS	Integrated Child Protection Schemes
IDSP	Integrated Disease Surveillance Programme
IEC	Information ,Education and Communication
IEDC	Integrated Education for Disabled Children
IFA	Iron and Folic Acid
IMNCI	Integrated Management of Neonatal and Childhood Illness
IUCD	Intrauterine Contraceptive Device
IYCF	Infant and Young Child Feeding
JHI	Junior Health Inspector

JJ Act	Juvenile Justice Act
JJB	Juvenile Justice Board
JPHN	Junior Public Health Nurse
JSSK	Janani Sisu Suraksha Karyakram
JSY	Janani Suraksha Yojana
KER	Kerala Education Act and Rules
KELSA	Kerala State Legal Service Authority
KILA	Kerala Institute of Local Administration
KSLMA	Kerala State Literacy Mission Authority
KSSM	Kerala Social Security Mission
KSY	Kishori Shakthi Yojana
KWA	Kerala Water Authority
LHI	Lady Health Inspector
LHS	Lady Health Supervisor
LHV	Lady Health Visitor
LSG	Local Self Government
LSGD	Local Self Government Department
LSGI	Local Self Government Institution
MCHO	Meternal and Child Health Officer

MCPC	Mother and Child Protection Card
MDG	Millennium Development Goals
MGNREGS	Mahatma Gandhi National Rural Employment Guarantee Scheme
MIS	Management Information System
MLA	Member of Legislative Assembly
MMR	Maternal Mortality Rate
MOH	Medical Officer of Health
MP	Member of Parliament
MPTA	Mother Parent Teachers Association
MTP	Medical Termination of Pregnancy
MVD	Motor Vehicles Department
NCC	National Cadet Corps
NCPCR	National Commission for Protection of Child Right
NER	Net Enrolment Ratio
NFHS	National Family Health Survey
NGO	Non-Governmental Organisation
NHE	National Health Education
NHG	Neighborhood Group
NHM	National Health Mission

NIMHANS	National Institute of Mental Health and Neuro Sciences
NIOS	National Institute of Open Schooling
NIPCCD	National Institute for Public Cooperation and Child Development
NIPI	Norway India Partnership Initiative
NMS	Nutritional Management Service
NPAG	Nutritional Programme for Adolescent Girls
NRC	National Research Council
NSDP	National Skill Development Programme
NSS	National Service Scheme
OPD	Out Patient Department
ORS	Oral Rehydration Solution
OT	Operation Theater
PCPC	Panchayat Child Protection Committee
PCPNDT	Pre Conception And Prenatal Diagnostic Act
PHC	Primary Health Center
PLCPC	Panchayat Level Child Protection Committee
PMGY	Prime Ministers GramodayaYojna
POCSO	Protection Of Children From Sexual Offences
PPP	Public Private Partnership

PRI	Panchayat Raj Institution
PTA	Parent Teachers Association
PWD Act	Person With Disability Act
RBSK	Rashtriya Bal Swasthya Karyakram
RCH	Reproductive Child Health
RCT	Rehabilitation Council of India
RGSEAG	Rajeev Gandhi Scheme for empowerment Adolescent Girls
RMSA	Rashtriya Madhyamik Siksha Abhiyan
RTO	Regional Transport Officer
SABALA	Rajeev Gandhi Scheme for Empowerment of Adolescent Girls
SAM	Severe Acute Malnutrition
SAKSHAM	A scheme for Empowerment of Adolescent boys
SAT	Social Audit Team
SC	Scheduled Caste
SCP	Special Component Plan
SCPC	State Child Protection Committee
SCPCR	State Commissions for Protection of Child Rights
SCPS	State Child Protection Society
SDG	Sustainable Development Goals

SEN	Special Educational Need
SFCAC	Sponsorship Foster Care Approval Committee
SHN	School Health Nurse
SJPU	Special Juvenile Police Unit
SNP	Supplementary Nutrition Programme
SPSU	State Project Support Unit
SSA	Sarva Siksha Abhiyan
ST	Scheduled Tribes
TB	Tuberculosis
THRS	Take Home Ration Strategy
TSC	Total Sanitation Campaign
TSP	Tribal Sub Plan
TT	Tetanus Toxoid
UIP	Universal Immunization Programme
UNCRC	United Nation Convention on the Rights of the Child
UNDP	United Nation Development Programme
UNICEF	United Nations Children's Fund
VHND	Village Health Nutrition Day
WHNSC	Ward Health Nutrition And Sanitation Committee

VLBW	Very Low Birth weight
VVM	Vaccine Vial Monitor
WCD	Women and Child Development
WIFS	Weakly Iron – Folic Acid Supplementation

The CRC Team

Dr.P.P. Balan

Dr.Akila Radhakrishnan

Dr.Peter M.Raj

Dr.K.R.Antony

Sri.M.G.Kalidasan

Sri.M.P.Antony

Smt.Rismiya R.I

Sri.Bhaskaran Pallikkara

Mr.Muhammed Ismail C.M